# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 66

വാല്യം - 13 ലക്കം - 4 കർക്കിടകം - 1195 ആഗസ്റ്റ് 2020



**ഈ ലോക്ഡൗൺ കാലത്ത് ഒരു വയറൂട്ടാം ഒരു വിശപ്പടക്കാം പദ്ധതിയുടെ ഭാഗമായി എറണാകുളം കരയോഗം, നന്മ ഫൗണ്ടേഷൻ, സിറ്റി പോലീസ് തുടങ്ങിയവരും മറ്റ് അഭ്യുദയകാംക്ഷികളും ചേർന്ന് 75,000 ഭക്ഷണപൊതികളും 600 ൽ പരം ഭക്ഷണകിറ്റുകളും വിതരണം ചെയ്തു.**
**ഈ സംരംഭത്തിൽ എറണാകുളത്തെ ബഹുമാന്യരായ ഹൈക്കോടതി ജഡ്ജിമാർ, മേയർ, രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക നായകന്മാർ പോലീസ് മേധാവികൾ തുടങ്ങിയവർ പങ്കെടുത്തു.**





എഡിറ്റോറിയൽ

# ദേശീയ വിദ്യാഭ്യാസ നയം

നമ്മുടെ നാട്ടിലെ ദേശസ്നേഹികളായ, നാടിനേയും ഭാവി തലമുറകളേയും കുറിച്ച് ചിന്തയുള്ള മുഴുവൻ ആളുകളും പതിറ്റാണ്ടുകളായി ആഗ്രഹിച്ചിരുന്ന ഒന്നാണ് ദേശത്തിനും ദേശീയതയ്ക്കും ഭാരതീയ സംസ്കാരത്തിനും അനുയോജ്യമായ ഒരു പുതിയ വിദ്യാഭ്യാസ സമ്പ്രദായം നടപ്പിലാക്കി കാണുവാൻ. എന്നാൽ സ്വാതന്ത്ര്യം ലഭിച്ചശേഷം ഇത്രയുംം കാലവും കൊളോണിയൽ അടിമകൾക്കുവേണ്ടി മെക്കാളെ നടപ്പാക്കിയ വിദ്യാഭ്യാസരീതി തന്നെ പിന്തുടരുകയാണുണ്ടായിട്ടുള്ളത്. 1968 ലും 1986 ലും കേന്ദ്ര സർക്കാർ ഈ മേഖലയിൽ അല്പം ചില മാറ്റങ്ങളൊക്കെ വരുത്തിയിരുന്നു എന്ന വസ്തുത വിസ്മരിക്കുന്നില്ല. എന്നാൽ അതൊന്നും ദേശീയ താല്പര്യ വിരുദ്ധമായ കൊളോണിയൽ സമ്പ്രദായത്തിൽ നിന്നും വിദ്യാഭ്യാസ രംഗത്തെ മോചിപ്പിക്കുവാൻ പര്യാപ്തമായിരുന്നില്ല. നമ്മുടെ സംസ്കാരത്തെക്കുറിച്ചോ, സാംസ്കാരിക നായകന്മാരെക്കുറിച്ചോ, യഥാർത്ഥ സ്വാതന്ത്ര്യ സമരസേനാനികളെക്കുറിച്ചോ ഉള്ള ചരിത്രസത്യങ്ങളൊന്നും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുമായിരുന്നില്ല. നിക്ഷിപ്ത താല്പര്യക്കാരായ ചില കുടുംബങ്ങളുടെയും നേതാക്കളുടെയും ചരിത്രമായി മാറി സ്വാതന്ത്ര്യാനന്തര ഭാരതചരിത്രം. അതുപോലെ തന്നെ സ്വാതന്ത്ര്യത്തിന് മുമ്പുള്ള ചരിത്രം നമ്മെ ആക്രമിച്ച്, കൊള്ളയടിച്ച് നശിപ്പിച്ച കാപാലികരെ, നമ്മുടെ പൂർവ്വികരെ നിർദ്ദാക്ഷണ്യം കൊല ചെയ്ത കൊലയാളികളെ മഹത്വവത്ക്കരിച്ചു കൊണ്ടുള്ള പാഠങ്ങളായിരുന്നു വിദ്യാർത്ഥികളിലേക്ക് അടിച്ചേല്പിച്ചിരുന്നത്. ഫലമോ, സ്വാഭിമാനമില്ലാത്ത, നമ്മുടെ പൈതൃകത്തെക്കുറിച്ച് അജ്ഞരായ ദേശീയ സംസ്കാരത്തെ ഉൾക്കൊള്ളുകയോ, അതിൽ അഭിമാനം കൊള്ളുകയോ ചെയ്യാത്ത സമൂഹസൃഷ്ടിയാണ് നടന്നുകൊണ്ടിരുന്നത്. ഈ അവസരം മുതലെടുത്തുകൊണ്ട് പരദേശ ഭക്തന്മാരായ ചില So Called ബുദ്ധിജീവികൾ ദേശവിരുദ്ധതയ്ക്ക് വിപ്ലവത്തിന്റെ മൂടുപടമണിയിച്ച് വിദ്യാർത്ഥികൾക്ക് നല്കുവാനും മടിച്ചില്ല. ദേശവിരുദ്ധതയ്ക്ക് പേരുകേട്ട ഒരു എഴുത്തുകാരിയുടെ നിന്ദനീയമായ ഒരു ലേഖനം നമ്മുടെ ഒരു സർവ്വകലാശാലയിൽ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയത് ഓർക്കുക. ദേശവിരുദ്ധ ശക്തികളുടെ കടന്നു കയറ്റം എത്രത്തോളമായിരിക്കുന്നു എന്ന്

# ഉള്ളടക്കം

വാല്യം 13 | ലക്കം 4 | ആഗസ്റ്റ് 2020


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | 5 |
| എറണാകുളം കരയോഗം പ്രതിമാസ പരിപാടി | 6 |
| ബാലലോകം | 7 |
| വാസ്തു | 9 |
| രാഗപരിചയം | 10 |
| ക്ഷേത്രങ്ങളിലൂടെ | 11 |
| മഹാഭാരതം | 15 |
| പാതഞ്ജലയോഗദർശനം | 18 |
| ഗൃഹസ്ഥാനനിർണ്ണയം | 19 |
| മനുഷ്യനും സ്നേഹവും | 23 |
| മഴത്താളം | 24 |
| മാധവി | 25 |
| പാർവ്വതി | 28 |
| ആൽബെർട്ട് ഐൻസ്റ്റിൻ | 31 |
| ശാസ്ത്രത്തിന്റെ ചരിത്രം, ദർശനം-5 | |
| സാങ്കേതികതയുടെ സ്ഫുരണം ആദിമനുഷ്യനിൽ | 35 |
| ഉള്ളൂർ കവിത | 38 |
| അക്കിത്തത്തിനു മുന്നിൽ... | 39 |
| അഴിമതിക്ക് അറുതി വരുത്താൻ | |
| ആർട്ടിഷിഷ്യൽ ഇന്റലിജെൻസ്? | 41 |
| ഹരിസുധാലഹരി | 46 |
| ആണൊരുത്തൻ | 47 |
| അധികാരി | 51 |
| കോവിഡ് - 19 | 54 |
| മാസഫലം | 58 |
| മാട്രിമോണിയൽ | 59-64 |


## പത്രാധിപസമിതി

**കെ.പി. കൃഷ്ണമേനോൻ** (മാനേജിംഗ് എഡിറ്റർ)
**എം. ശ്രീവല്ലഭൻ നായർ** (എഡിറ്റർ)
**പി. രാമചന്ദ്രൻ (വേണു)**
**കെ.ടി. മോഹനൻ**
**എ. മുരളീധരൻ**
**കെ. പ്രസന്നകുമാർ**

ചിന്തിക്കുക. പുറമെയുള്ള ശത്രുക്കളെക്കാളും അപകടകാരികളായ ഈ വിപ്ളവമേലാളമ്മാരെ നാം ഏറെ സൂക്ഷിക്കേണ്ടിയിരിക്കുന്നു.

കേരളത്തിൽ നടപ്പാക്കിയ വിദ്യാഭ്യാസ പരിഷ്ക്കാരങ്ങൾ ഉന്നതവിദ്യാഭ്യാസ മേഖലയെ കച്ചവടവത്ക്കരിക്കുന്നതിനും ചില പ്രത്യേക വിഭാഗങ്ങൾക്ക് മുൻഗണന നല്കിക്കൊണ്ടുള്ളതുമായിരുന്നുവല്ലോ.

ഏതായാലും ഇങ്ങനെയുള്ള പിന്തിരിപ്പൻ ദേശവിരുദ്ധ ശക്തികളിൽ നിന്നും നാടിനെ മോചിപ്പിക്കാനും ആത്മബോധമുള്ള സ്വാഭിമാനികളായ പൗരന്മാരെ വാർത്തെടുക്കുവാനും പര്യാപ്തമായ ഒരു പുതിയ വിദ്യാഭ്യാസനയം ആവിഷ്ക്കരിച്ചിരിക്കുന്നു - ഭാരതീയമായ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് സ്വാശ്രയഭാരതം കെട്ടിപടുക്കുവാൻ ഉതകുന്ന വിദ്യാഭ്യസ നയം. പ്രശസ്ത വിദ്യാഭ്യാസ വിദഗ്ദ്ധനായ ഡോ. കസ്തൂരി രംഗൻ അദ്ധ്യക്ഷനായുള്ള വിദഗ്ദ്ധ സമിതിയാണ് ഈ പുതിയ വിദ്യഭ്യാസനയം രൂപപ്പെടുത്തിയത്. വിദ്യാർത്ഥികൾക്ക് ഏറെ പ്രയോജനപ്രദമാകുന്ന രീതിയിലാണ് മാറ്റങ്ങൾ വരുത്തിയിരിക്കുന്നതും. 18 വയസ്സു വരെ നിർബന്ധിത വിദ്യാഭ്യസവും ഇപ്പോഴത്തെ 10+2 സമ്പ്രദായത്തിന് പകരം 5+3+3+4 എന്ന രീതി കൊണ്ടു വന്നിരിക്കുന്നതും എല്ലാം ദീർഘവീക്ഷണത്തോടുകൂടിയുള്ള നയവ്യതിയാനമാണ്. ത്രിഭാഷാ സമ്പ്രദായം തന്നെ നിലനിർത്തിയിട്ടുണ്ടെന്നുള്ളതും ഭാരതീയ ഭാഷകൾക്ക് പ്രത്യേക പരിഗണന നല്കിയിട്ടുണ്ടുന്നുള്ളതും പ്രശംസനീയം തന്നെ. അതുപോലെ തന്നെ ഉന്നതവിദ്യാഭ്യാസരംഗത്തും വളരെയേറെ ശ്ലാഘനീയമായ മാറ്റങ്ങളാണ് വരുത്തിയിരിക്കുന്നത്. ഡിഗ്രി തലത്തിൽ പഠിക്കുന്ന ഒരാൾക്ക് ഏത് വർഷം വേണമെങ്കിലും പഠനം അവസാനിപ്പിക്കാം. അവസാനപ്പിക്കുമ്പോൾ യോഗ്യതാനുസരണമുള്ള സർട്ടിഫിക്കറ്റും ലഭിക്കും. എല്ലാ കോഴ്സുകൾക്കും പ്രവേശന പരീക്ഷയിലെ മികവിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം ലഭിക്കുന്നതും. ഇത് ഇന്ന് നടക്കുന്ന വിദ്യാഭ്യാസകച്ചവടമെന്ന കൊള്ളയടി ഇല്ലാതാക്കുവാൻ സഹായിക്കും. അതുകൊണ്ടു തന്നെ തല്പരകക്ഷികളിൽ നിന്നും എതിർപ്പും പ്രക്ഷോഭങ്ങളും ഒക്കെയുണ്ടാകുവാനുള്ള സാധ്യതയും ഉണ്ട്. എല്ലാ നല്ല കാര്യങ്ങളേയും എപ്പോഴും എതിർക്കുന്ന രാഷ്ട്രീയ തുക്ലക്കന്മാർ അവർക്ക് പിന്തുണയും നല്കിയേക്കാം.

ഏതെങ്കിലും കാരണവശാൽ പഠനം തുടരാൻ പറ്റാതെ വരുന്ന വിദ്യാർത്ഥിക്ക് പിന്നീട് ചേർന്ന് തുടർ പഠനം നടത്തുവാനുള്ള സൗകര്യവും പുതിയ നിയമത്തിൽ അനുശാസിക്കുന്നുണ്ട്. ഇത് ഏറെ പ്രയോജനം ചെയ്യുന്ന ഒരു നയമാണ് - പ്രത്യേകിച്ചും സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവർക്ക്.

ഇനി ഉന്നത പഠനത്തിനും ഗവേഷണത്തിനും ഏറെ പ്രാധാന്യമാണ് പുതിയ നയാനുസരണം ലഭിക്കുന്നത്. കെട്ടുറപ്പും കേന്ദ്രീകൃത സ്വഭാവമുള്ളതും നാടിന്റെ ആവശ്യങ്ങൾക്ക് പര്യാപ്തവുമായ ഗവേഷണങ്ങൾക്ക് വലിയ പ്രോത്സാഹനവുമാണ് ലഭിക്കുവാൻ പോകുന്നത്. എല്ലാ തലത്തിലുമുള്ള ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി നാഷണൽ റിസേർച്ച് ഫൗണ്ടേഷൻ സ്ഥാപിക്കുമെന്നാണ് പ്രഖ്യാപിച്ചിരിക്കുന്നത്. ഇത് നമ്മുടെ വിദ്യാർത്ഥികൾക്കും ശാസ്ത്രഞ്ജന്മാർക്കും ഗവേഷണത്തിനായി മറ്റ് രാജ്യങ്ങളെ ആശ്രയിക്കേണ്ട ഗതികേടിൽ നിന്ന് മോചനം നൽകാനും അഭിമാനത്തോടുകൂടി സ്വന്തം നാട്ടിൽ തന്നെ നാടിനുവേണ്ടി ഗവേഷണങ്ങളും കണ്ടുപിടുത്തങ്ങളും നടത്താനും സഹായകരമാവും. അതുപോലെ വിദ്യാഭ്യാസ മേഖല ഇന്നത്തേതുപോലെ കുത്തഴിഞ്ഞ് പോകാതിരിക്കാനായി കർക്കശമായ നിയന്ത്രണത്തിനുവേണ്ട സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്,.വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സൗകര്യങ്ങളും ലാബ് മുതലായവയുടെ നിലവാരങ്ങളും ഒക്കെ പരിശോധിച്ച് ഈ സ്ഥാപനങ്ങൾക്ക് യോഗ്യതാ സർട്ടിഫിക്കറ്റ് നല്കും. അതിനുവേണ്ടി നാഷണൽ അക്രിഡിറ്റേഷൻ കൗൺസിൽ സ്ഥാപിക്കും. അതുപോലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേൽ ഉണ്ടായിരിക്കേണ്ട നിയന്ത്രണങ്ങൾക്കായി ഉന്നതവിദ്യാഭ്യാസ റെഗുലേറ്ററി കൗൺസിലും നിലവിൽ വരും. ധനസഹായം നൽകുന്നത് വിദ്യാഭ്യാസ ഗ്രാന്റ് കൗൺസിലാണ്. ഇത് സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഏറെ ആശ്വാസപ്രദമാണ്. ഇനി മുതൽ നമ്മുടെ രാഷ്ട്രീക്കാർക്ക് ജാതിയും മതവും നോക്കി വിദ്യാഭ്യാസ സഹായം നല്കി പ്രീണനം നടത്താൻ സാധിക്കില്ല. മാനവവിഭവശേഷി മന്ത്രാലയത്തിന്റെ കീഴിൽ നിന്നും മാറ്റി വിദ്യാഭ്യാസത്തിനു മാത്രമായുള്ള വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ കീഴിലായിരിക്കും ഇനി മുതൽ വിദ്യാഭ്യാസ മേഖല നിലനില്ക്കുക. എല്ലാ വിധ വിദ്യാഭ്യാസങ്ങൾക്കും മാർഗ്ഗനിർദ്ദേശം നല്കുന്നതും വിദ്യാഭ്യാസ മേഖലയെ യോജിപ്പിച്ച് ഒരു കുടക്കീഴിൽ നിർത്തുന്നതും പ്രധാനമന്ത്രി അദ്ധ്യക്ഷനായുള്ള രാഷ്ട്രീയശിക്ഷാ ആയോഗ് ആയിരിക്കും.

എല്ലാംകൊണ്ടും സമഗ്രമായ ഒരു അഴിച്ചുപണിയാണ് വിദ്യാഭ്യാസ മേഖലയിൽ സർക്കാർ നടപ്പാക്കുവാൻ പോകുന്നത്. സ്വയം പര്യാപ്തമായ ആത്മനിർഭർഭാരത് കെട്ടിപ്പടുക്കുന്ന യജ്ഞത്തിന് ഉതകും വിധമുള്ള മറ്റ് വികസിത രാജ്യങ്ങളിലെ വിദ്യാഭ്യാസ സമ്പ്രദായത്തോട് കിടപിടിക്കുവാൻ തക്ക ഉന്നത നിലവാരം പുലർത്തുന്ന ഈ പുതിയ വിദ്യാഭ്യസ സമ്പ്രദായം ആവിഷ്ക്കരിച്ച് നിയമമാക്കിയ കേന്ദ്രസർക്കാരിന് അഭിനന്ദനത്തിന്റെ പൂച്ചെണ്ടുകൾ.







# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

പ്രീയ കരയോഗാംഗങ്ങളെ,

എല്ലാവർക്കും ഓണാശംസകൾ,

ഈ വർഷം ഈ മഹാമാരിയുടെ പശ്ചാതലത്തിൽ ആഘോഷങ്ങളും ആർഭാടങ്ങളും ഒഴിവാക്കി വരുന്ന വർഷം കൂടുതൽ ഐശ്വര്യവും സമാധാനവും ആരോഗ്യവും ലോകത്തുള്ള എല്ലാവർക്കും ഉണ്ടാവട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

കഴിഞ്ഞ നാലു മാസമായി നമുക്ക് കരയോഗം സൗഹൃദത്തിലുടെ സംവദിക്കാൻ കഴിഞ്ഞിരുനനില്ല. ഒരു ഇടവേളക്കുശേഷം ഈ ലക്കം മുതൽ ഓൺലൈൻ തല്ക്കാലം പുനരാംരഭിക്കുകയാണ്. നമുക്കറിയാം ഒന്നാം ലോകമഹായുദ്ധത്തിനുശേഷം ലോകം കണ്ട ഏറ്റവും വലിയ ദുരന്തമായി മാറിയിരിക്കുകയാണ് കോവിഡ് - 19 എന്ന വൈറസ്സ് രോഗം. കൊറോണ കാലം നമുക്കെങ്ങനെ ജീവിക്കണം, എന്തൊക്കെ ചെയ്യണം, ഏന്തൊക്കെ ചെയ്യാൻ പാടില്ല എന്ന് പഠിപ്പിച്ചിരിക്കുന്നു. തികച്ചും വ്യത്യസ്ഥമായ ഒരു ജീവിതശൈലിയായിരുന്നു ഈ കാലമത്രയും. കാരണം ഒരിക്കലും പ്രതീക്ഷിക്കാതെ, തിരക്കു പിടിച്ച ജീവിതത്തിനിടയിൽ ചെയ്തു തീർക്കേണ്ട കാര്യങ്ങൾ ബാക്കി വെക്കാതെ, സമയമില്ലാതെ മുന്നോട്ടു പൊയ്ക്കൊണ്ടിരുന്ന നമ്മൾ, ഇവിടെ ആരും ഒന്നും ചെയ്യരുത് എന്ന് പറഞ്ഞ് വ്യക്തികളേയും, സ്ഥാപനങ്ങളേയും പ്രസ്ഥാനങ്ങളേയും എന്തിന് ദേവിദേവന്മാരുടെ ഇരിപ്പിടമായ ക്ഷേത്രങ്ങളെപ്പോലും ബന്ധനസ്ഥമാക്കിയിരിക്കുന്നു. പകർച്ച വ്യാധി എന്ന മഹാവിപത്ത് ലോകത്തെ കീഴടക്കിയിരിക്കുന്നു. ഏഴു ലക്ഷത്തോളം ജനങ്ങൾ ലോകത്ത് ഈ മഹാമാരി മൂലം മരണപ്പെട്ടു. നമ്മുടെ കൊച്ചുകേരളത്തിലും ധാരാളം മരണങ്ങളും ലക്ഷക്കണക്കിനാൾക്കാർ ഇതിന്റെ ദുരിതത്തിലുമാണ്. ഇന്ത്യയുടെ തെക്കേ അറ്റത്ത് ഒരു കൊച്ചു സംസ്ഥാനമെന്ന നിലയിലും നൂറു ശതമാനം ഉപഭോക്തൃ സംസ്ഥാനം എന്ന നിലയിലും അന്യസംസ്ഥാന തൊഴിലാളികളുടെ സേവനം ഉപയോഗപ്പെടുത്തുന്ന സംസ്ഥാനം എന്ന നിലയിലും നമ്മുടെ വിദഗ്ദ്ധരും പ്രഗത്ഭരും, പ്രശസ്തരുമായ മലയാളികൾ ലോകത്തിന്റെ നാനാഭാഗത്തും സേവനം അനുഷ്ഠിക്കുന്നു എന്നതും ഈ രോഗം കേരളത്തെ എത്രത്തോളം ബാധിക്കും അല്ലെങ്കിൽ കേരളത്തിന്റെ സാമ്പത്തിക വ്യവസ്ഥിതിയെ എത്രത്തോളം ബാധിക്കും എന്നത് ചിന്തക്ക് വിഷയീഭവിക്കുന്നു. ഈ അവസ്ഥ ഒരു കുടുംബത്തെ എത്രത്തോളം ബാധിക്കും എന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. നമ്മളെ സംബന്ധിച്ചിടത്തോളം ഈ സമയത്ത് എന്താണ് ചെയ്യാൻ പാടില്ലാത്തത് എന്താണ് ചെയ്യേണ്ടത് എന്നുള്ളത് ഓരോ ദിവസവും ഓരോ മണിക്കൂറിലും സർക്കാരിന്റെയും അധികാരികളുടെയും നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണിരിക്കുന്നത്. നേരത്തെ സൂചിപ്പിച്ചപ്പോലെ ഈ കാലവും കടന്നുപോകും, നമുക്ക് ഇതിൽ നിന്നും മോചനം ലഭിക്കും എല്ലാം ഭഗവാന്റെ കാരുണ്യത്താൽ തിരിച്ചു വരും. നമുക്കതിനുവേണ്ടി പ്രാർത്ഥിക്കാം, പരിശ്രമിക്കാം.

എറണാകുളം കരയോഗത്തെ സംബന്ധിച്ചിടത്തോളം 2019-20 കാലഘട്ടം ഒരു വലിയ വളർച്ചയുടെ അല്ലെങ്കിൽ പുരോഗതിയുടെ, പ്രതീക്ഷയുടെ കാലഘട്ടമായിരുന്നു. കഴിഞ്ഞകാല പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ കരയോഗത്തിലെ 99.9 ശതമാനം അംഗങ്ങളും സജീവമായി മനസ്സുകൊണ്ടും ശാരീരകമായിട്ടും ബുദ്ധിപരമായും ഒക്കെ നമ്മളെ സഹായിച്ചിട്ടുമുണ്ട്. അതുകൊണ്ട് ഉദ്ദേശിച്ച കാര്യങ്ങളെല്ലാം സമയബന്ധിതമായി തീർക്കുവാൻ കഴിഞ്ഞി

ട്ടുണ്ട്. എറണാകുളം കരയോഗത്തെ സംബന്ധിച്ച് വലിയ ബാങ്ക് ബാലൻസോ, ഡെപ്പോസിറ്റുകളോ സൂക്ഷിച്ചു വെക്കുന്ന ശൈലിയല്ല ചെയ്തു പോന്നിട്ടുള്ളത്.

ഇരുപത്തഞ്ചു കൊല്ലം മുമ്പു വരെ, അതാതു മാസത്തെ ചിലവിനു വേണ്ട പണം കണ്ടെത്തുകയും അതാതു മാസം ആ പണം ചിലവു ചെയ്യുകയും കാര്യങ്ങൾ മുന്നോട്ടു കൊണ്ടു പോകുകയും വിവാഹം, മരണം എന്നീ കാര്യങ്ങൾ മാത്രം നടത്തുകയും ആണ് ചെയ്തിരുന്നത്. ടി.ഡി.എം ഹാളിന്റെ താഴത്തെ ഒരു ഹാൾ മാത്രം നിലനിർത്തിക്കൊണ്ടുമായിരുന്നു അന്നത്തെ പ്രവർത്തനം. അതു ഞാൻ നേരത്തെ സൂചിപ്പിച്ചു കഴിഞ്ഞ 25 കൊല്ലം കൊണ്ടു വന്ന മാറ്റം കാലത്തിനനുസരിച്ച് കൂടുതൽ മാറ്റങ്ങളും പുരോഗതികളും സേവനങ്ങളും ആന്തരിക സംവിധാനങ്ങളും ദൈനംദിന പ്രവർത്തനങ്ങളുടെ സജീവതയും തന്നെയായിരുന്നു. അതിൽ ഒരു പരിധി വരെ നമുക്ക് വിജയിക്കുവാനും ആ കാര്യങ്ങൾ പ്രാവർത്തികമാക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഇന്ന് ഏകദേശം 10 ഹാളുകൾ നമുക്കുണ്ട്. വിവാഹത്തിനും മറ്റും വരുന്നവർക്ക് താമസിക്കുവാൻ 19 ഗസ്റ്റ് റൂമുകൾ എറണാകുളത്തു തന്നെയുണ്ട്. ഒരു നല്ല മെഡിക്കൽ ഷോപ്പ്, പോളീക്ലിനിക്, (അതിൽ അലോപ്പതിയും), ഹോമിയോ ഡോക്ടർമാരുടെയും വേവനവും, അതു കൂടാതെ നമ്മുടെ പാലാരിവട്ടത്ത് പ്രശാന്തി വനിതാ ഹോസ്റ്റലിൽ 100 പേർക്ക് വളരെ പരിസരശുദ്ധിയോടുകൂടി താമസിക്കുവാനുള്ള നല്ല ഒരു വെജിറ്റേറിയൻ ഹോസ്റ്റൽ, അതോടൊപ്പം അമ്മമാർക്ക് താമസിക്കുവാനുള്ള ഓൾഡേജ് ഹോം തുടങ്ങിയ സേവനങ്ങളും നൽകി വരുന്നു. 2015 ലെ നവതിയുടെ സ്മാരക മന്ദിരം ആണ് രാധേയം ഗസ്റ്റ് ഹൗസ്. 36 മുറികൾ അത്യാവശ്യം വിവാഹമോ വിവാഹ നിശ്ചയങ്ങളോ നടത്തുവാനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. മുമ്പ് സൂചിപ്പിച്ചപ്പോലെ തന്നെ നമ്മുടെ പ്രവർത്തനങ്ങളെല്ലാം പുരോഗതിയിലേക്ക് വന്നുകൊണ്ടിരിക്കുകയായിരുന്നു. ജനുവരി -31 ന് ഗുരുവായൂരപ്പന്റെ കാരുണ്യംകൊണ്ടും എറണാകുളത്തപ്പന്റെ അനുഗ്രഹംകൊണ്ടും ഗുരുവായൂർ രാധേയം ഗസ്റ്റ് ഹൗസ് പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുവാൻ കഴിഞ്ഞു. ഉദ്ഘാടനവും കഴിഞ്ഞ് അതിന്റെ അവസാനത്തെ മിനുക്കു പണികളും സാങ്കേതികവും മറ്റുമായ മറ്റു കാര്യങ്ങളെല്ലാം ചെയ്തു വരുന്നതിനിടക്കാണ് മാർച്ച് അവസാനത്തോടുകൂടി പൂട്ടിയിടേണ്ടി വന്നത്. ഇന്നും നമുക്കറിയുന്നതുപോലെ മേൽപ്പറഞ്ഞ ഒരു സ്ഥാപനങ്ങളും നമുക്ക് തുറന്നു പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ല. ഏകദേശം അറുപതോളം ജീവനക്കാർ കരയോഗത്തിന്റെ വിവിധ സ്ഥാപനങ്ങളിൽ ജോലിയെടുത്തിരുന്നു. ആ 60 പേരിൽ നിന്ന് ഇന്ന് 20 പേരായി ചുരുക്കിക്കൊണ്ട് താല്ക്കാലികമായി കാര്യങ്ങൾ നടത്തിക്കൊണ്ടു പോവുകയാണ്. ഈ 60 പേരുടെ സേവനം 20 പേരിൽ ആക്കിയിട്ടും അവരുടെ എല്ലാവരുടെയും കാര്യങ്ങൾ സംതൃപ്തിയോടെ നിലനിർത്തിക്കൊണ്ടു പോകുവാൻ കഴിഞ്ഞോ എന്നു ചോദിച്ചാൽ തീർച്ചയായിട്ടും ഇല്ലായെന്നേ പറയുവാൻ കഴിയൂ. നൂറു ശതമാനവും എറണാകുളം കരയോഗത്തിലെ ജീവനക്കാർ ഈ മഹാമാരിയുടെ കാലത്ത് കരയോഗവുമായി സഹകരിക്കുന്നുവെന്നതിൽ അതിയായി അഭിമാനം കൊള്ളുകയും അവരോടുള്ള നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു. ജീവനക്കാർക്ക് കരയോഗത്തിന്റെ സാമ്പത്തിക സ്ഥിതി വ്യക്തമായി അറിയാവെന്നുള്ളതാണ്. അതുകൊണ്ടു തന്നെ അവരെല്ലാം ഈ കോവിഡ് കാലത്തും അവരെ കൊണ്ടാവുന്നതുപോലെ സഹായിക്കുന്നു എന്നു പറയുന്നതിൽ എനിക്ക് ചാരിതാർത്ഥ്യമുണ്ട്.

നമുക്കറിയാവുന്നതുപോലെ 2020 മാർച്ച് മുതൽ ഡിസംബർ വരെയുള്ള എല്ലാ പരിപാടികളും ക്യാൻസൽ ആയി പോയിരിക്കുന്നു. ഏകദേശം ഒരു കോടി രൂപയോളം വിവാഹം ബുക്ക് ചെയ്തവർക്ക് മടക്കി കൊടുക്കേണ്ട ഒരു സ്ഥിതിയും വന്നിരിക്കുന്നു. അത് എല്ലാവർക്കും അറിയാവുന്നതുപോലെ എറണാകുളം കരയോഗത്തിന്റെ ടി. ഡി. എം. ഹാൾ ബുക്ക് ചെയ്യാൻ വരുന്നവർക്ക് സാധാരണ കാലഘട്ടങ്ങളിൽ കോവിഡിനു മുമ്പാണെങ്കിലും ഹാൾ ബുക്ക് ചെയ്തു കഴിഞ്ഞാൽ ക്യാൻസൽ ചെയ്യുന്നതിന് നിബന്ധകൾക്ക് വിധേയമായാണ് പണം തിരികെ നല്കുക. ആരുടെയും കാരണം കൊണ്ടല്ലാത്തതുകൊണ്ടും ഈ പ്രത്യേകമായ സാഹചര്യം കണക്കിലെടുത്തും ആണ് കോവിഡ് കാലത്ത് കല്യാണം ബുക്ക് ചെയ്ത് ക്യാൻസൽ ചെയ്തു പോയവർക്ക് മുഴുവൻ പണവും നല്കുവാൻ നമ്മൾ നിർബന്ധിതരായത്. ഒരു കാരണവശാലും മാറ്റിവെക്കാൻ കഴിയാത്ത ഒരു സാഹചര്യമായതുകൊണ്ടാണ് ആ പണം മുഴുവൻ തിരിച്ച് കൊടുക്കേണ്ടി വരുന്നത്. ഗുരുവായൂർ നിർമ്മാണപ്രവർത്തനവുമായി ബന്ധപ്പെട്ട് അവസാന ബില്ലുകൾ പരിഗണിക്കുകയും അത് കൊടുക്കേണ്ട ബാധ്യതയും പ്രതിമാസം കരയോഗത്തിന്റെ വിവിധ ലോണുകൾക്കുള്ള പലിശ കൊ





ടുക്കേണ്ട ബാധ്യത, ശമ്പളം, ഇലക്ട്രിസിറ്റി, വാട്ടർ, ടെലിഫോൺ, ഇന്റർനെറ്റ് തുടങ്ങിയ ഒഴിവാക്കാൻ കഴിയാത്ത മാസാമാസം അടക്കേണ്ട തുകകൾ എല്ലാം അടക്കേണ്ടതായിട്ടുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ച മിനിമം ജീവനക്കാർക്ക് മിനിമം ശമ്പളമെങ്കിലും കൊടുക്കേണ്ടതുമുണ്ട്. നമ്മളെ സംബന്ധിച്ചിടത്തോളം രണ്ടു കോടിയുടെ ബാധ്യതയുംകൂടി ഇപ്പോ ഈ കൊറോണമൂലം വന്നു ചേർന്നിരിക്കുന്നു. ഇതെങ്ങനെ തരണം ചെയ്യണം, എങ്ങനെ കൈകാര്യം ചെയ്യണം എന്ന ചിന്തയിൽ കരയോഗത്തിലെ പ്രഗത്ഭരായ നിയമ വിദഗ്ദ്ധരും അതുപോലെ തന്നെ സാമ്പത്തിക വിദഗ്ദ്ധരുമായി ആലോചിച്ച് കരയോഗം ഭരണസമിതി നടപടികൾ സ്വീകരിച്ചു വരുന്നു. എന്തായാലും ഇതു തരണം ചെയ്തേ പറ്റൂ. ആരുടെയെങ്കിലും തീരുമാനത്തിന്റെയോ, നയത്തിന്റെയോ തെറ്റുകൊണ്ടല്ല, ഇത് ലോകം മുഴുവൻ സംഭവിച്ചിരിക്കുന്ന ദുരന്തവും സാമ്പത്തിക പ്രതിസന്ധിയുമാണ്. നമ്മളെ സംബന്ധിച്ച് നമുക്കുണ്ടായത് നമ്മുടെ തീരുമാനങ്ങൾ നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് സാമ്പത്തികമായി കൊടുക്കേണ്ടവർക്ക്, നീട്ടിവെക്കാമെന്നല്ലാതെ കൊടുക്കേണ്ട തുക കൊടുക്കാതിരിക്കാൻ കഴിയില്ലല്ലോ. അപ്പോ അത്രയും കാര്യങ്ങളിൽ കരയോഗത്തിലെ നിയമാവലിക്കു വിധേയമായും കരയോഗത്തിന്റെ 2019-20 ലെ ബഡ്ജറ്റും, ക്യാപിറ്റൽ ബഡ്ജറ്റും വ്യവസ്ഥകൾക്കും, പൊതുയോഗ തീരുമാനങ്ങൾക്കും വിധേയമായും കരയോഗം ഈ പ്രതിസന്ധിയെ മറിക്കടക്കുവാൻ ശ്രമിക്കണം. നിയന്ത്രണങ്ങൾക്ക് അപ്പുറം നിയമങ്ങൾ മാറി വരുന്ന കാലഘട്ടത്തിൽ കൂടുതൽ ആൾക്കാരുടെ വിവാഹങ്ങളും മറ്റു ചടങ്ങുകളും നടത്തുന്ന കാലഘട്ടം വരുമ്പോൾ തീർച്ചയായിട്ടും നമുക്ക് 5 കൊല്ലം കൊണ്ട് തീരേണ്ട കടം ചിലപ്പോ ഒരു 6 കൊല്ലം കൊണ്ട് തീർക്കാൻ കഴിയും എന്നു തന്നെയാണ് വിശ്വാസം. അതിന് നിങ്ങളുടെ എല്ലാവരുടെയും അകമഴിഞ്ഞ രീതിയിലുള്ള ബന്ധപ്പെടൽ ഉണ്ടാവണം. ഇത് നിങ്ങളുടെ ശ്രദ്ധയിൽകൊണ്ടു വരുന്നു എന്നു മാത്രം. നിങ്ങളുടെയെല്ലാം ഉപദേശങ്ങളും നിർദ്ദേശങ്ങളും നല്കണമെന്നും അഭ്യർത്ഥിക്കുന്നു.

നമുക്കറിയാം 2020 ജൂൺ മാസം അവസാനം എറണാകുളം കരയോഗത്തിന്റെ വാർഷിക പൊതുയോഗവും അടുത്ത നാലു വർഷത്തേക്ക് ഒഴിവു വരുന്ന സ്ഥാനങ്ങളിലേക്കുള്ള ഭരണസമിതി അംഗങ്ങളുടെയും ഔദ്യേഗിക ഭാരവാഹികളുടെയും തിരഞ്ഞെടുപ്പും നടത്തേണ്ടതുമായിരുന്നു. എന്നാൽ ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ അത് സാദ്ധ്യമല്ലല്ലോ. എനിക്കു തോന്നുന്നത് കരയോഗത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് നിയമാവലി പ്രകാരം പൊതുയോഗം നടത്താതെയും തിരഞ്ഞെടുപ്പു നടത്താതെയും ഭരണകാര്യങ്ങൾ ഈ പ്രത്യേക കാലഘട്ടത്തിൽ നിയമോപദേശത്തിന്റെയും ലോകത്തിന്റെ മറ്റുള്ള സ്ഥലങ്ങളിലും രാജ്യത്തിന്റെ മറ്റിടങ്ങളിലും നടത്തുന്നതുപോലെ കാര്യങ്ങൾ നാം മുന്നോട്ടു കൊണ്ടുപോകുന്നത്. കരയോഗത്തിന്റെ പൊതുയോഗവും തിരഞ്ഞെടുപ്പും സർക്കാരിന്റെ നിയമങ്ങൾക്ക് വിധേയമായി നടത്തുവാൻ കഴിയുന്ന ഒരു കാലത്ത് മാത്രമെ നടത്തുവാൻ കഴിയുകയുള്ളൂ. ഔൺലൈൻ രീതി നടത്താമെന്നു വെച്ചാൽ അത് 100 പേർക്കോ 200 പേർക്കോ 500 പേർക്കോ മാത്രമെ സാധ്യമാവുകുയുള്ളൂ. കരയോഗത്തിന് 4500 ൽ അധികം അംഗങ്ങൾ ഉള്ളപ്പോൾ അവരെ വിളിച്ച് ഒരു യോഗം കൂടണമെങ്കിൽ നിയമപരമായി നോട്ടീസ് കൊടുക്കുന്നത് പോലും ഇന്നത്തെ സാഹചര്യത്തിൽ തെറ്റായിട്ട് വരും. ലോക്ഡൗൺ നിയമങ്ങളുടെ പരിധിയിൽ നിന്നുകൊണ്ടാണ് നാമിന്ന് കാര്യങ്ങൾ ചെയ്യുന്നത്. നിങ്ങളുടെ എല്ലാവരുടെയും ശ്രദ്ധയും ഇതുപോലുള്ള അടിയിന്തിര ഘട്ടങ്ങളിൽ എല്ലാ സഹായ സഹകരണങ്ങളും കരയോഗത്തിനുണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു. സത്യത്തിൽ വ്യക്തി പരമായി ഒരു വാക്ക് ഞാൻ സൂചിപ്പിക്കുകയാണെങ്കിൽ ഏതു പദ്ധതി ഏറ്റെടുക്കുകയാണെങ്കിലും ഏതു പരിപാടി ഏറ്റെടുക്കുകയാണെങ്കിലും ഒരാത്മവിശ്വാസവും ഒരു ധൈര്യവും പൊതുവെ എനിക്ക് സഹജമായിട്ടുണ്ടായിരുന്നു. കാരണം ഇവിടെ പ്രവർത്തിക്കാനുള്ള ഒരു മേഖലയുണ്ട്, പ്രവർത്തിക്കാം, പ്രവർത്തിച്ചാൽ ഫലം കിട്ടും എന്ന പൂർണ്ണ വിശ്വാസവും നമ്മുടെ ഗുരുക്കന്മാടെയും മാതാപിതാക്കളുടെയും, ഈശ്വരന്റെയും എല്ലാം അനുഗ്രഹവും. പക്ഷേ ഇന്ന് സ്ഥിതി മാറി എല്ലാം നമുക്കു ചെയ്യാനുള്ള ആത്മവിശ്വാസമുണ്ടെങ്കിൽ പോലും അതിൽ നിന്ന് പ്രവർത്തിക്കാനുള്ള തലം നഷ്ടപ്പെട്ടിരിക്കുന്നു. തീർച്ചയായിട്ടും അതു മാറി വരും. അതു മാറി വരുമെന്നു തന്നെയാണ് വിശ്വാസം. ചിലപ്പോൾ കുറച്ചു സമയം എടുത്തേക്കാം. ആ സമയം നമുക്കുവേണ്ടി അല്ലെങ്കിൽ നമ്മുടെ പ്രാർത്ഥനയുടെ ഫലമായി എത്രയും പെട്ടെന്ന് തെളിഞ്ഞു വരട്ടെയെന്നുമാണ് ആഗ്രഹിക്കുന്നത്.

കരയോഗം പ്രതിമാസം 20-25 പരിപാടികൾ നടന്നുകൊണ്ടിരുന്ന ഒരു പ്രസ്ഥാനമാണ്. കല്യാ

ണമോ അതൊന്നുമല്ല ഞാനുദ്ദേശിച്ചത്. അല്ലാതെ സാംസ്കാരിക പരിപാടികൾ, കഥകളിയും മറ്റു കലാപരിപാടികളും അത്തരം മേഖലകളിൽ എല്ലാം നടന്നുകൊണ്ടിരുന്ന പരിപാടികളെല്ലാം കഴിഞ്ഞ നാലു മാസമായി മാറ്റി വെച്ചു. വിഷു വിപണന മേളയും നടന്നില്ല. ഓണത്തിന്റെ വിപണന മേളയും നടത്താൻ കഴിയില്ല. അതും കരയോഗത്തെ സംബന്ധിച്ച് സാമ്പത്തിക സേവന മേഖലയിലും ഒരു ബുദ്ധിമുട്ട് തന്നെയാണ് സൃഷ്ടിച്ചിരിക്കുന്നത്. കാരണം പൊതുജനങ്ങളെ വിളിച്ചു വരുത്തി ഒരു കൂട്ടായ്മ നടത്തുവാൻ കഴിയില്ല. കൊച്ചു കുട്ടികളെ എല്ലാം വിളിച്ചു വരുത്തി ഓഡിറ്റോറിയങ്ങളിൽ പരിപാടി നടത്തുവാൻ സാധിക്കുമെന്ന് വിശ്വാസമില്ലാത്തതുകൊണ്ട് നവരാത്രി പരിപാടികൾ മാറ്റി വെക്കുവാൻ തന്നെയായിരിക്കും സാധ്യത. ഡിസംബർ വരെയുള്ള എല്ലാ പരിപാടികളും മാറ്റി വെച്ചു കൊണ്ട് ഡിസംബറിലോ അതിനു ശേഷമോ കരയോഗത്തിന്റെ പൊതുയോഗവും തിരഞ്ഞെടുപ്പും നടത്തുവാനാണ് ഇപ്പോൾ ആലോചിക്കുന്നത്. അത് എത്രയും പെട്ടെന്ന് നടത്താൻ കഴിയണമെന്നുമാത്രം പ്രാർത്ഥിക്കുന്നു.

എറണാകുളം കരയോഗത്തിന്റെ ആരോഗ്യ മേഖലയിലെ പ്രവർത്തനത്തിൽ കഴിഞ്ഞ പൊതുയോഗത്തിൽ സൂചിപ്പിച്ചപോലെ, കരയോഗത്തിന്റെ ഫണ്ട് എടുക്കാതെ സ്പോൺസറെ കണ്ടെത്തി ഒരു മൊബൈൽ യൂണിറ്റ് അതായത് "Clinic On Wheels" (COW) എന്ന പദ്ധതിക്ക് ഏകദേശം 1 കോടി രൂപ ചിലവു വരുന്ന ഒരു പദ്ധതിയാണ്. അതിന് കേരളത്തിലെ ഏറ്റവും പ്രമുഖമായ ഒരു കമ്പിനിയാണ് കരയോഗത്തിന് സ്പോൺസർ ചെയ്തത്. ഏകദേശം 10 ശതമാനം തുക മാത്രമേ കരയോഗത്തിന്റെ ഫണ്ടായി എടുത്തിട്ടുള്ളൂ. അതിനൊരു മെഡിക്കൽ ടീം, ഒരു ഡോക്ടർ, കമ്പോണ്ടർ അങ്ങനെ എല്ലാ സൗകര്യങ്ങളും ഉണ്ടാവും. മാർച്ച് 24-ാം തീയതിയാണ് ബസ്സ് ചെയ്സ് കിട്ടിയത്. ബി. 6 പുതിയ മോഡൽ ബസ്സ് ആയതുകൊണ്ടാണ് കിട്ടാൻ വൈകിയത്. അതു കൊണ്ടുകൊടുത്ത അന്നു മുതൽ അത് ലോക്ഡൗണിൽ പെട്ടു കിടക്കുകയാണ്. ഇപ്പോഴും ലോക്ഡൗൺ ആയതു മൂലം ബസ്സിന്റെ പണി പുരോഗതിയിലെത്തിയിട്ടില്ല. അതു പണി പൂർത്തായാക്കി ഇറങ്ങിക്കഴിഞ്ഞാൽ അതും കരയോഗത്തിന്റെ സേവനമേഖലയിൽ വലിയ ഒരു പദ്ധതിയായിട്ടു മാറും. അതിന് ഒരു മെഡിക്കൽ പാർട്ണറുമായി സംസാരിച്ചിട്ടുണ്ട്. ഒരു ഹോസ്പിറ്റലിന്റെ സഹായത്തോടെ ഒരു മെഡിക്കൽ ടീം ക്യാമ്പുകൾ സംഘടിപ്പിക്കുകയും പാവപ്പെട്ടവർക്കും പ്രളയം മാതിരിയുള്ള മഹാമാരികൾ മുതലായ സാഹചര്യങ്ങളിലുമെല്ലാം സൗജന്യ മെഡിക്കൽ സേവനം നല്കിക്കൊണ്ട് ആതുരശുശ്രൂഷ രംഗത്തും കൂടുതൽ സേവനം എറണാകുളം കരയോഗത്തിന് നല്കാൻ കഴിയും. തീർച്ചയായിട്ടും ഈ പദ്ധതി വിജയിക്കുമെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടുള്ള ഈ കാലഘട്ടത്തിൽ അത്തരം ഒരു പരിപാടി കൂടി നടത്തിയെടുക്കുക എന്നതും വിഷമകരം തന്നെയാണ്. എങ്കിലും നമുക്കത് മുന്നോട്ടു കൊണ്ടു പോയേ കഴിയൂ. അതിന് നിങ്ങളുടെ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളേയും, വളർച്ചയേയും ദൈനംദിന പ്രവർത്തനങ്ങളേയും നിരന്തരം നിരീക്ഷിക്കുന്ന ധാരാളം മഹത്വ്യക്തികളുണ്ട്. സ്നേഹപൂർവ്വം അവരോടുള്ള നന്ദി രേഖപ്പെടുത്തുന്നു. ആദരപൂർവ്വം കൂടുതൽ ശ്രദ്ധയോടുകൂടി കരയോഗത്തിന്റെ പ്രവർത്തനങ്ങളിൽ നിസ്വാർത്ഥമായും സത്യസന്ധമായും ഉള്ള വിമർശനങ്ങൾ ആദരപൂർവ്വം ക്ഷണിക്കുന്നു. വിമർശനം എന്നത് പ്രവർത്തിക്കുമ്പോൾ ശരിയുണ്ടാകാം, തെറ്റുമുണ്ടാകാം. ശരിയായിട്ടുള്ളതിനെ അഭിനന്ദിച്ചില്ലായെങ്കിലും തെറ്റുകളെ ചൂണ്ടി കാണിക്കണം എന്നു മാത്രം ഓർമ്മിപ്പിച്ചുകൊണ്ട് നമ്മളു ചെയ്യുന്ന ഓരോ പ്രവൃത്തിയും ഒരാൾക്കു വേണ്ടി ഒരു പ്രവത്തി എന്നല്ല, എല്ലാവർക്കും വേണ്ടി ഒരുപോലെ ചെയ്യുക എന്നുള്ളതാണ്. അങ്ങനെ ആകുമ്പോൾ അതിൽ പക്ഷപാതപരമായി ഒരാൾക്കു മാത്രമായി അനുകൂലമായ ഇടപാടുകൾ സ്വീകരിക്കുവാൻ കഴിയില്ല. അങ്ങനെ സ്വീകരിക്കാതെ വരുമ്പോൾ പലർക്കും വിഷമമുണ്ടാവും. ചിലപ്പോൾ സാമ്പത്തികമായിരിക്കും, ചിലർക്ക് വ്യക്തിപരമായിരിക്കും, ചിലർക്ക് വേറെ എന്തെങ്കിലും, അവരുടെ മാനസികാവസ്ഥകൊണ്ട് ഉണ്ടാകുന്ന ബുദ്ധിമുട്ടായിരിക്കും. എനിക്കാരോടും പരിഭവമില്ല, ആരോടും വിരോധമില്ല, ആരോടും പ്രത്യേകിച്ച് ഇതിന്റെ പേരിൽ വിദ്വേഷമോ ഒന്നുമില്ല. വളരെ സ്നേഹത്തോടുകൂടി, സന്തോഷത്തോടുകൂടി വിമർശിക്കുന്നവരെയും പ്രോത്സാഹിപ്പിക്കുന്നവരെയും ഒരുപോലെ കണ്ടുകൊണ്ട് നിങ്ങളുടെ എല്ലാവരുടെയും അനുഗ്രഹം ഈ പ്രസ്ഥാനത്തിനുണ്ടാവണം എന്നു മാത്രം ഒരിക്കൽ കൂടി അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു. നന്ദി.

ജനറൽ സെക്രട്ടറി






# വാസ്തു



ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ (ഫോൺ: 9447032434)




എറണാകുളത്ത് നന്നായിട്ട് കഴിയുന്ന ഒരു വീട് പരിശോധിക്കേണ്ടി വന്നു. പ്രധാന പ്രശ്നം എന്നും അപകടങ്ങളാണ്. വീടിന്റെ അകത്ത് കടക്കും മുൻപ് പറമ്പിന്റെ എല്ലാ മൂലകളും കാണുക. (1) എന്ന് മാർക്ക് ചെയ്തിരിക്കുന്നത്. വടക്കു കിഴക്കു മൂലയാണ്. വടക്കു കിഴക്കു മൂല മുറിഞ്ഞ് പോയിരിക്കുന്നു. ഒരിക്കലും പറമ്പിന്റെ വടക്കു കിഴക്കു മൂല മുറിയരുത്. വീടിന്റെയും, മുറിയുടെയും വടക്ക് കിഴക്ക് മൂല മുറിയരുത്. സ്കെച്ചിൽ എ ബി, ബി സി ചെറിയ കുട്ടി മതിൽ കെട്ടി. പറമ്പ് ശരിയാക്കിയിരിക്കുന്നു.

'B' എന്ന മറ്റൊരു കെട്ടിടവും അതേ പറമ്പിലുണ്ട്, അതിന്റെ തെക്കു പടിഞ്ഞാറു വീടിന്റെ മദ്ധ്യം വരെ കുട്ടി മതിൽ കെട്ടി. (ചിത്രത്തിൽ 'E, D') തെക്കു പടിഞ്ഞാറ് ഗേറ്റിന്റെ ദോഷം തീർത്തിരിക്കുന്നു.

ഈ വീടിന്റെ വടക്കു കിഴക്ക് മൂലയിൽ വർക്ക് ഏരിയയാണ്. അവിടെ വിറക് അടുപ്പുണ്ട്. ധാരാളം വീടുകളിൽ വടക്കു കിഴക്ക് വർക്ക് ഏരിയ ഉണ്ട്.

ഇവിടെ വർക്ക് ഏരിയ അടുക്കളയുടെ കിഴക്കാണ്. അടുക്കളയുടെ കിഴക്ക് വർക്ക് ഏരിയ കൊടുക്കുമ്പോൾ അടുക്കളയ്ക്കും, വർക്ക് ഏരിയയ്ക്കും ഇടയിലുള്ള ചുമരിൽ ഒരു ജനാല കൊടുക്കണം. 'Fixed Glass' ആയാലും മതി. ഏറ്റവും നല്ലത് അടുക്കളയുടെ വടക്കു വശത്ത് വർക്ക് ഏരിയ കൊടുക്കുന്നതാണ്.

അടുക്കള തെക്കു കിഴക്കാണെങ്കിൽ അടുക്കളയുടെ തെക്ക് വശത്ത് വർക്ക് ഏരിയ കൊടുക്കാം.

ഇവിടെ വടക്കു കിഴക്ക് രണ്ട് മതിലും മുട്ടി അലക്കു കല്ലുണ്ട്. അലക്കു കല്ല് , വടക്കു കിഴക്ക് കൊടുക്കുമ്പോൾ വടക്കും കിഴക്കും മതിലിൽ മുട്ടരുത്. വടക്കു കിഴക്ക് അലക്കു കല്ല്, കിണർ എന്നിവ വരുമ്പോൾ വടക്കും കിഴക്കും ഏറ്റവും ചുരുക്കിയത് 6 വിരൽ അഥവാ 18 സെ.മി ഒഴിഞ്ഞ സ്ഥലം വേണം. വടക്കു കിഴക്ക് വളരെ പ്രധാനപ്പെട്ട സ്ഥലമാണ് എന്ന് മറക്കരുത്.

അതുപോലെ തെക്കു പടിഞ്ഞാറ് മൂലയിൽ കിണർ, കുളം, ഗേറ്റ് ഒഴിവാക്കണം. ഈ മൂലയിൽ കൂടി മഴവെള്ളം പുറത്തേയ്ക്ക് ഒഴുകരുത്. കന്നിമൂല എന്ന് പറയുന്നത് തെക്കു പടിഞ്ഞാറ് മൂലയാണ്.

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

രാഗപരിചയം

# ഗൗരീ മനോഹരി

ഡോ. ജയലക്ഷ്മി നന്ദകുമാർ

ഗൗരീയെ (പാർവ്വതീ ദേവി) പോലെ സന്തുഷ്ടവും സൗന്ദര്യവതിയുമാണ് എന്ന അർത്ഥത്തിൽ ആണെത്രെ ഈ രാഗത്തിനു 'ഗൗരീമനോഹരി' എന്ന പേര്. 'ഗൗരീയെ പോലെ മനം കവരുന്ന' എന്നും പലരും ഈ രാഗത്തെ വിശേഷിപ്പിക്കുന്നു. പേരിനെ അന്വർത്ഥമാക്കും വിധം വളരെ ആനന്ദപ്രദമായ ഒരു രാഗമാണ് ഗൗരീ മനോഹരി.

23–ാ മത്തെ മേളകർത്താ രാഗമാണിത്. മുത്തുസ്വാമി ദീക്ഷിതരുടെ അസമ്പൂർണ്ണ മേള പദ്ധതിയിൽ ഈ രാഗം 'ഗൗരീവേലാവലി' എന്നാകുന്നു. ഗൗരീമനോഹരിയുടെ പ്രതിമദ്ധ്യമ രാഗമാണ് ധർമ്മവതി .

ആരോഹണം ഃ സ രി ഗ മ പ ധ നി സ

അവരോഹണം ഃ സ നി ധ പ മ ഗ രി സ

സ്വരസ്ഥാനങ്ങൾ ഃ ഷഡ്ജം, ചതുഃശ്രുതി രിഷഭം,സാധാരണഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം,ചതുഃശ്രുതി ധൈവതം, കാകളി നിഷാദം. ഹിന്ദുസ്ഥാനി സംഗീതത്തിൽ പഡ്ദീപ് എന്ന രാഗം ഗൗരീമനോഹരിയോടു സാമ്യത പുലർത്തുന്നു. ഭക്തി, സ്നേഹം, എന്നീ ഭാവങ്ങൾ ഉളവാക്കുന്ന ഗൗരീമനോഹരി ഒരു സർവ്വകാലിക രാഗമാണ്. ഏതു സമയത്ത് ഈ രാഗം ആലപിച്ചാലും ശോഭനീയമാണ്. മൂന്നു സ്ഥായികളിലും സഞ്ചാരമുള്ളതിനാൽ ഇത് ഒരു ത്രിസ്ഥായി രാഗമാണ്.

മാനസികപിരിമുറക്കം അകറ്റി മനസ്സിനു ശാന്തത പ്രദാനം ചെയ്യുന്ന രാഗമാണിത്. തമിഴ് സംഗീതത്തിൽ തേവാരം എന്ന സംഗീതരൂപം കൈകാര്യം ചെയ്യുന്ന 'ഓടുവർ' എന്ന സംഗീതജ്ഞർ ഗൗരീമനോഹരി രാഗം കൂടുതലായി ഉപയോഗിച്ചിരുന്നതായി പല ഗ്രന്ഥങ്ങളിലും പരാമർശിച്ചിട്ടുണ്ട്.

## ഈ രാഗത്തിലുള്ള കൃതികൾ

| | | | |
|---|---|---|---|
| 1. | ഗുരുലേക | ഖണ്ഡചാപ്പ് | ത്യാഗരാജസ്വാമി |
| 2. | കൗമാരി ഗൗരിവേലാവലി | ആദി | മുത്തുസ്വാമി ദീക്ഷിതർ |
| 3. | ദേവി ഗൗരി നിന്നു | ഝംപ | മുത്തയ്യാഭാഗവതർ |
| 4. | സാരസ സമ മൃദുപാദ | ആദി | സ്വാതി തിരുനാൾ |
| 5. | ഒരിടം തരായോ | ആദി | ശുദ്ധാനന്ദ ഭാരതിയാർ |


## ചലച്ചിത്രഗാനങ്ങൾ

| | | |
|---|---|---|
| 1. | ഗൗരീ മനോഹരി | വേനൽക്കിനാവുകൾ |
| 2. | പഞ്ചവർണ്ണ തത്തപോലെ | കറുത്ത കൈ |
| 3. | നക്ഷത്രദീപങ്ങൾ | നിറകുടം |
| 4. | വീണപാടുമീണമായി | വാർദ്ധക്യപുരാണം |
| 5. | ഇത്ര മധുരിക്കുമോ | ഫൈവ്സ്റ്റാർ ഹോസ്പിറ്റൽ |
| 6. | സ്വർണ്ണമീനിന്റെ ചേലൊത്ത | സർപ്പം |
| 7. | രാക്കുയിൽ പാടീ | കസ്തൂരിമാൻ |
| 8. | കണ്ണുനട്ട് കാത്തിരുന്നിട്ടും | കഥാവശേഷൻ |
| 9. | തിരികെ ഞാൻ വരുമെന്ന | അറബിക്കഥ |
| 10. | മറന്നുവോ പൂമകളെ | ചക്കരമുത്ത് |
| 11. | തൂബഡി മാഷാ അള്ളാ | ഹിസ് ഹൈനസ് അബ്ദുള്ള |
| 12. | പാട്ടും താനെ | തിരുവിളൈയാടൽ (തമിഴ്) |
| 13. | ഇന്നലെയെന്റെ നെഞ്ചിലെ | ബാലേട്ടൻ |





ക്ഷേത്രങ്ങളിലൂടെ - തുടർച്ച



# വെട്ടിക്കോട് ശ്രീ നാഗരാജക്ഷേത്രം

ഇന്ദിരാഭായി ഫോൺ : 8078552892



ഭാരതം ദേവനിർമ്മിതമായ പുണ്യഭൂമിയാണ്. ഈശ്വരതുല്യം ഈ ഭൂമിയെ സ്നേഹിച്ചാരാധിച്ച് ഇവിടെ നിലനിന്നിരുന്ന ആചാരവിശ്വാസസങ്കല്പങ്ങൾക്കനുസരിച്ച് ജീവിച്ചിരുന്ന ഒരു ജനതയുടെ സംസ്കാരമാണ് ഹിന്ദു സംസ്കാരം. ക്ഷേത്രാരാധനയ്ക്ക് വളരെയധികം പ്രാധാന്യം കല്പിക്കുന്ന ഒരു സംസ്കാരമാണിത്. എത്ര പറഞ്ഞാലും തീരാത്തത്ര വ്യത്യസ്തങ്ങളായ കഥകളും ചരിത്രങ്ങളുമാണ് ഭാരതീയ ക്ഷേത്രങ്ങൾക്കുള്ളത്. ഭാരതത്തിൽ നാഗാരാധനയ്ക്ക് പണ്ടുകാലം മുതൽ തന്നെ പ്രാധാന്യം കല്പിച്ചിരുന്നു. പുരാതനമായ പലരാഷ്ട്രങ്ങളിലും സർപ്പാരാധന നിലനിന്നിരുന്നതായി ചരിത്രരേഖകളിൽ കാണുന്നുണ്ട്. നാഗന്മാരെന്ന ഒരു ജനസമൂഹത്തിന്റെ കൂടിനാടായിരുന്ന ഭാരതത്തിൽ നാഗാരാധനയ്ക്ക് വളരെയധികം പ്രാധാന്യം കല്പിച്ചിരുന്നു. ദൈവീകത്വം, രാജാധികാരം, പ്രത്യുല്പാദനം, രോഗചികിത്സ എന്നിങ്ങനെ പലതിന്റേയും പ്രതീകങ്ങളായി പലപുരാതന സംസ്കാരങ്ങളിലും സർപ്പങ്ങൾക്ക് പ്രധാന സ്ഥാനം നൽകിയിരുന്നു. പൗരാണികകാലം മുതൽ തന്നെ വ്യാപകമായിരുന്ന നാഗാരാധന പൂർവ്വാധികം ശക്തിയോടെ പലമത വിഭാഗങ്ങളിലും ഇന്നും തുടർന്നു പോരുന്നു. വൈഷ്ണവസിദ്ധാന്തമനുസരിച്ച് അഞ്ചുതലയുള്ള ആദിശേഷനെന്ന അനന്തന്റെ പുറത്താണ് ഭഗവാൻ ശ്രീ. മഹാവിഷ്ണു ശയിക്കുന്നത്. ശൈവസിദ്ധാന്ത പ്രകാരം വാസുകിയെ ഭഗവാൻ പരമശിവൻ തന്റെ കഴുത്തിൽ ആഭരണമായി അണിഞ്ഞിരിക്കുന്നു. ഹിന്ദുമതത്തിൽ നിന്നും വിഘടിച്ചു രൂപപ്പെട്ട ജൈനമതത്തിലും ബുദ്ധമതത്തിലും നാഗാരാധനയ്ക്ക് വളരെയധികം പ്രാധാന്യം കല്പിച്ചിരുന്നതായി കാണാം. നാഗാരാധനയുടെ പ്രതീകങ്ങളായി ദക്ഷിണേന്ത്യയിലെ മിക്ക ക്ഷേത്രങ്ങളിലും വീടുകളോടനുബന്ധിച്ചുള്ള കാവുകളിലും ധാരാളം നാഗവിഗ്രഹങ്ങളും കാണാറുണ്ട്. നാഗാരാധനയ്ക്ക് ഇത്രയേറെ പ്രധാന്യം കല്പിച്ചിരുന്നു എങ്കിലും പ്രധാന മൂർത്തിയായി നാഗപ്രതിഷ്ഠയുള്ള ക്ഷേത്രങ്ങൾ വളരെകുറവാണ്. ആദ്ധ്യാത്മികമായി പല പ്രത്യേകതകളുമുള്ള സ്ഥലങ്ങളിലാണ് ക്ഷേത്രങ്ങൾ സ്ഥാപിച്ചിട്ടുള്ളത് എന്നു സൂചിപ്പിക്കുന്ന പല ഐതിഹ്യങ്ങളും ക്ഷേത്രങ്ങളെക്കുറിച്ച് കേൾക്കാറുണ്ട്. മനുഷ്യരുടെയും പ്രപഞ്ചത്തിന്റെയും നന്മയെക്കരുതി സ്ഥാപിതമായിട്ടുള്ള ക്ഷേത്രങ്ങളെ വേണ്ടരീതിയിൽ ആചാരമര്യാദകളോടെ കാത്തുസൂക്ഷിക്കേണ്ടത് നമ്മുടേയും നമ്മുടെ വരും തലമുറകളുടേയും നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. നാഗാരാധനയ്ക്ക് പ്രാധാന്യം കല്പിക്കുന്ന കേരളത്തിലെ നാഗരാജക്ഷേത്രങ്ങളുടെ മൂലക്ഷേത്രമാണ് വെട്ടിക്കോട് ശ്രീ നാഗരാജക്ഷേത്രം. സർപ്പങ്ങളാൽ സംരക്ഷിക്കപ്പെടുമെന്നും സർപ്പങ്ങളെ സംരക്ഷിക്കുമെന്നുമുള്ള പരസ്പര ധാരണയിലുറച്ച ഒരു വിശ്വാസമാണ് നാഗാരാധനയ്ക്കു പിന്നിൽ നിലനിൽക്കുന്നത്. നാഗാരാധനയുള്ള ക്ഷേത്രങ്ങ

ളിലായാലും കാവുകളിലായാലും നാഗങ്ങളെ വിരളമായി മാത്രമേ കാണാറുള്ളു എങ്കിലും അവയുടെ അദൃശ്യമായ സാന്നിദ്ധ്യം സ്പഷ്ടമാണ്. സംഹരിക്കാനും സംരക്ഷിക്കുവാനുമുള്ള നാഗങ്ങളുടെ ശക്തിയെപ്പറ്റി പലകഥകളും കേൾക്കാറുണ്ട്. സാധാരണഗതിയിൽ മനുഷ്യർക്കു മുന്നിൽ നാഗങ്ങൾ പ്രത്യക്ഷപ്പെടാറില്ല.

മനുഷ്യന്റെ പ്രതിരോധ ശക്തിയാണ് പ്രകൃതി. പ്രകൃതിയോടു ക്രൂരതകാട്ടിയാൽ ഭൂമിയുടെ സന്തുലിതാവസ്ഥതന്നെ തകിടം മറിയും. മനുഷ്യന് ജീവിക്കണമെങ്കിൽ സംശുദ്ധമായ അന്തരീക്ഷവും ശുദ്ധവായുവും വേണം. നമുക്കാവശ്യമുള്ളതൊക്കെ നൽകി നമ്മെ സംരക്ഷിച്ചു നിർത്തുന്ന കാവുകൾ, കുന്നുകൾ, മരങ്ങൾ, കുളങ്ങൾ, നദികൾ ജീവജാലങ്ങൾ എന്നിവയെല്ലാം സംരക്ഷിക്കപ്പെടണം. എങ്കിൽ മാത്രമേ നമുക്കിവിടെ സുഗമമായ ജീവിതം സാദ്ധ്യമാവുകയുള്ളു. കാവുകളിലും മറ്റും ജീവിക്കുന്ന ജീവജാലങ്ങൾ മനുഷ്യരുടെ ശത്രുക്കളല്ല മറിച്ച് അവ മനുഷ്യന്റെ മിത്രങ്ങളാണ്. ഏതെങ്കിലും തരത്തിൽ അവയ്ക്കൊക്കെ മനുഷ്യരുമായി ബന്ധമുണ്ട്. ഔഷധസസ്യങ്ങളുടെ കലവറകളാണ് കാവുകൾ. കാവുകൾ മനുഷ്യജീവിതവുമായി കെട്ടുപിണഞ്ഞു കിടക്കുന്നു. സ്ഥലനാമങ്ങളിൽ പോലും കാവുകൾ നിറഞ്ഞു നിൽക്കുന്നു. കാവുകൾ എവിടെയുണ്ടോ അവിടെയെല്ലാം കുളങ്ങളുമുണ്ടാകും. കാവും കുളവും തമ്മിൽ മഴയും പുഴയും പോലെ ബന്ധപ്പെട്ടിരിക്കുന്നു. ദുഷിച്ച് അന്തരീക്ഷത്തെ ശുദ്ധീകരിക്കുവാനുള്ള കഴിവ് കാവിനും കാവിലെ ജീവജാലങ്ങൾക്കുമുണ്ട്.

കേരളഭൂമിയെ ജീവജാലങ്ങൾക്കു വേണ്ടി വാസയോഗ്യമാക്കി നൽകിയ നാഗാധിനാഥൻ കുടികൊള്ളുന്ന പുണ്യഗ്രാമമാണ് വെട്ടിക്കോട്. ഗ്രാമീണഭംഗി ഒട്ടും മാഞ്ഞുപോയിട്ടില്ലാത്ത വെട്ടിക്കോടു ഗ്രാമത്തിൽ സ്ഥിതി ചെയ്യുന്ന അതിപുരാതനമായ ക്ഷേത്രമാണ് വെട്ടിക്കോട് നാഗരാജക്ഷേത്രം. ധർമ്മദൈവമായി നാഗദേവതകളെ ആരാധിക്കുന്ന പാരമ്പര്യമാണ് ഹൈന്ദവ വിശ്വാസികൾക്കുള്ളത്. കേരളത്തിൽ നാഗാരാധനക്ക് തുടക്കം കുറിച്ച സ്ഥലമാണ് വെട്ടിക്കോട്. ആലപ്പുഴ ജില്ലയിലെ അതിപ്രശസ്തമായ ഒരു ക്ഷേത്രമാണിത്. കായംകുളം പുനലൂർ പാതയിൽ കറ്റാനം എന്ന സ്ഥലത്തിനടുത്താണ് വെട്ടിക്കോടു നാഗരാജക്ഷേത്രം സ്ഥിതി ചെയ്യുന്നത്. അതിവിശാലമായ നെൽപ്പാടങ്ങളുടെ നടുവിലൂടെ പ്രകൃതി ഭംഗി ആസ്വദിച്ചുകൊണ്ടു പോകുമ്പോൾ പ്രധാനപാതയിൽ തന്നെ വെട്ടിക്കോടു നാഗരാജക്ഷേത്രത്തിലേക്കുള്ള പ്രവേശന ഗോപുരം കാണാം. അവിടെനിന്ന് ഈ ഗോപുരം കടന്ന് പാടത്തിനു നടുവിലൂള്ള പാതയിലൂടെ തന്നെ ഏകദേശം ഒരു കിലോ മീറ്റർ ദൂരം സഞ്ചരിച്ചാൽ ക്ഷേത്രത്തിലെത്താം. പരശുരാമക്ഷേത്രം എന്ന പേരിനോടു ചേർത്തു നിർത്തേണ്ട ഒരു ഗ്രാമമാണ് വെട്ടിക്കോട്. ഇവിടെ പരശുരാമൻ തന്റെ മഴുകൊണ്ട് മണ്ണു വെട്ടിക്കൂട്ടി അതിനു മുകളിൽ നാഗരാജപ്രതിഷ്ഠ നടത്തി എന്നു വിശ്വസിക്കുന്നു. മണ്ണുവെട്ടിക്കൂട്ടി പ്രതിഷ്ഠ നടത്തിയ സ്ഥലം വെട്ടിക്കോടെന്നും അറിയപ്പെട്ടു. ആരാധനയിലും പൂജകളിലും തികച്ചും വ്യത്യസ്തത പുലർത്തുന്ന ക്ഷേത്രങ്ങളാണ് നാഗരാജക്ഷേത്രങ്ങൾ. കേരളക്കരയിലെ ആദ്യത്തെ നാഗദേവതാക്ഷേത്രമാണ് വെട്ടിക്കോടു നാഗരാജക്ഷേത്രം. പരശുരാമനാണ് നാഗാരാധനയ്ക്കു തുടക്കം കുറിച്ചത് എന്നും വിശ്വസിക്കുന്നു. കലിയുഗത്തിലെ കാണപ്പെട്ട ദൈവമാണ് നാഗരാജാവായ അനന്തമൂർത്തി. മഹാവിഷ്ണുവിന്റെ ശയ്യയും വിഷ്ണുസർപ്പവുമായ അനന്തഭഗവാനെ ആദിയും അന്തവുമില്ലാത്ത പ്രപഞ്ചത്തിന്റെ പ്രതീകമായി വിശ്വസിക്കുന്നു. പരശുരാമൻ സൃഷ്ടിച്ച കേരളക്കര നാഗാധിക്യവും മണ്ണിലെ ലവണാംശവും കാരണംജീവജാലങ്ങൾക്കു വാസയോഗ്യമായിരുന്നില്ല. ഇതു മനസിലാക്കിയ പരശുരാമൻ മഹാദേവന്റെ നിർദ്ദേശപ്രകാരം ഗന്ധമാദനപർവ്വതത്തിൽ വെച്ച് തപസുചെയ്തു. അനന്തഭഗവാൻ പ്രത്യക്ഷപ്പെട്ടു വേണ്ട പരിഹാരം നൽകി അനുഗ്രഹിക്കുകയും ചെയ്തു. പരശുരാമൻ നാഗങ്ങൾക്ക് പ്രത്യേക സ്ഥാനം നൽകി ആരാധിച്ചു. നാഗരാജാവിന്റെ അനുഗ്രഹത്താൽ ഭൂമിയിലെ ലവണാംശവും നാഗാധികവും കുറയുകയും ഭൂമി മനുഷ്യവാസയോഗ്യമായി തീരുകയും ചെയ്തു. പിന്നീട് പരശുരാമൻ അസുരശില്പിയായ മയനെക്കൊണ്ട് വിഗ്രഹം നിർമ്മിച്ച് ആ വിഗ്രഹത്തിൽ അനന്തതേജസ്സിനെ ആവാഹിച്ച് തന്റെ മഴുകൊണ്ട് മണ്ണുവെട്ടിക്കൂട്ടി അവിടെ പ്രതിഷ്ഠിച്ചു പൂജിച്ചു. അങ്ങനെ കശ്യപ പ്രജാപതിക്ക് കദ്രുവിലുണ്ടായ എട്ടുപുത്രന്മാരിൽ ജ്യേഷ്ഠനും ശ്രേഷ്ഠനുമായ അനന്തഭഗവാൻ വെട്ടിക്കോടു നാഗരാജക്ഷേത്രത്തിലെ പ്രധാന ആരാധാനമൂർത്തിയായി. വിഷ്ണുഭഗവാൻ ദേവാധിദേവനാണെങ്കിൽ അനന്തഭഗവാൻ നാഗാധിനാഥനാണ്. വെട്ടിക്കോട് നാഗരാജക്ഷേത്രം ആദ്യത്തെ നാഗാരാധനാക്ഷേത്രമായതിനാൽ നാഗക്ഷേത്രങ്ങളുടെ ആദിമൂലക്ഷേത്രമെന്നറിയപ്പെടുന്നു. പുള്ളുവൻ പാട്ടിലും വെട്ടിക്കോടു നാഗരാജക്ഷേത്രത്തെ ആദിമൂല ക്ഷേത്രമായി പ്രകീർത്തിക്കുന്നുണ്ട്.





സാധാരണയായി നാം ഒരു ക്ഷേത്രത്തിലേക്കു കടന്നു ചെല്ലുമ്പോൾ ദേവസ്തുതികളോ നാമജപധ്വനികളോ കർപ്പൂരം ചന്ദനം എന്നിവയുടെ ഗന്ധമോ ഒക്കെയായിരിക്കും നമുക്കനുഭവപ്പെടുക. എന്നാൽ വെട്ടിക്കോടു നാഗരാജക്ഷേത്രാങ്കണത്തിലെത്തുമ്പോൾ വീണമീട്ടി പാടുന്ന പുള്ളുവൻ പാട്ടിന്റെ ഈണവും മഞ്ഞളിന്റെ സുഗന്ധവുമാണ് നമ്മെ സ്വാഗതം ചെയ്യുന്നത്. വിശാലമായ കാവും കുളവും വൃക്ഷലതാദികളും നിറഞ്ഞു നിൽക്കുന്ന ഇവിടെ പ്രധാന ശ്രീകോവിലിൽ നാഗരാജാവും നാഗയക്ഷിയമ്മയും കുടികൊള്ളുന്നു. ആയിരക്കണക്കിനു ഭക്തരാണ് ഐശ്വര്യവും സമ്പൽ സമൃദ്ധിയും സർവ്വദോഷ നിവാരണവും തേടി നിത്യേന ഈ ക്ഷേത്രത്തിലെത്തുന്നത്. നാഗരാജാവും നാഗയക്ഷിയമ്മയുമാണ് ഈ ക്ഷേത്രത്തിലെ പ്രധാന ആരാധനാമൂർത്തികൾ എങ്കിലും അല്പം മാറി ശ്രീകോവിലിനു പിന്നിലായി സ്ഥിതി ചെയ്യുന്ന തേവാരപ്പുരയും നിലവറയും കൂടി ദർശിച്ചാൽ മാത്രമേ ക്ഷേത്രദർശനം പൂർണ്ണമാവുകയുള്ളു. ഭൂമിയിലും വായുവിലും സർപ്പാംശം നിറഞ്ഞു നിൽക്കുന്നു. ഭൂമിക്കടിയിലുള്ള സർപ്പങ്ങളെ ഉദ്ദേശിച്ചാണ് നിലവറയിൽ ആരാധിക്കുന്നത്. നിലവറയെ മൂലസ്ഥാനമായി കരുതുന്നു. സാധാരണ ക്ഷേത്രങ്ങിലേതു പോലെ ദീപാരാധനയും അത്താഴപൂജയും നാഗക്ഷേങ്ങളിൽ പതിവില്ല. കേരളത്തിലെ ക്ഷേത്രങ്ങളെപ്പറ്റിയുള്ള വ്യത്യസ്തങ്ങളായ കഥകൾ പലതും ഇന്നും ശരിയായ അർത്ഥത്തിൽ നാം മനസിലാക്കിയിട്ടില്ല എന്നത് ഒരു വസ്തുതയാണ്. കന്നിമാസത്തിലേയും തുലാമാസത്തിലേയും പൂയം നാളുകളിൽ മാത്രമേ ഈ ക്ഷേത്രത്തിൽ ദീപാരാധന നടത്താറുള്ളൂ. ആയില്യം നാളിലെ നാഗരാജാവിന്റെ എഴുന്നള്ളത്ത് ദർശിക്കുന്നത് അതിവിശേഷമാണ്. ആയില്യം എഴുന്നള്ളത്തു കണ്ടു തൊഴുതാൽ അടുത്ത ഒരു വർഷത്തേക്ക് സർപ്പദംശനം ഉണ്ടാകില്ല എന്നാണ് വിശ്വാസം. നാഗദേവതകളുടെ അനുഗ്രഹം കൂടാതെ ഭൂമിയിൽ മനുഷ്യർക്ക് സ്വസ്ഥജീവിതം അസാദ്ധ്യമാണ്.

നാഗദേവതകൾക്ക് നൂറും പാലുമാണ് പ്രധാനവഴിപാട്. ഇടവമാസത്തിലെ ആയില്യം മുതൽ കന്നിമാസത്തിലെ ആയില്യം വരെ പുറ്റടവുകാലമായതിനാൽ നൂറും പാലും വഴിപാടു നടത്താറില്ല. കന്നിമാസആയില്യമാണ് ഈ ക്ഷേത്രത്തിലെ പ്രധാന ഉത്സവം. ആയില്യം ദിവസങ്ങളിൽ മാത്രമേ നൂറും പാലും വഴിപാടു നടത്താറുള്ളു. സർവ്വദുരിതമോചനത്തിന് പാൽപ്പായസ ഹോമവും പതിവുണ്ട്. അപ്പം, പായസം, മഞ്ഞൾപ്പൊടി എന്നിവയും പ്രധാന വഴിപാടുകളാണ്. പണ്ടു കാലം മുതൽ തന്നെ നൂറും പാലും നാഗദേവതകൾക്കുള്ള പ്രധാനവഴിപാടായി നടത്തിയിരുന്നു. സന്താനദുരിതം, രാഹുദോഷം, സർപ്പദോഷം, കുടുംബഛിദ്രം, ത്വക്ക്രോഗങ്ങൾ എന്നിവയിൽ നിന്നും മുക്തി നേടുന്നതിനും സന്താന ലബ്ധിക്കും കുടുംബ ഐശ്വര്യത്തിനും നൂറും പാലും വഴിപാടു നടത്തി പ്രാർത്ഥിച്ചാൽ നാഗദേവതകളുടെ അനുഗ്രഹമുണ്ടാകുമെന്ന് ഭക്തജനങ്ങൾ ഉറച്ചു വിശ്വസിക്കുന്നു. അരിപ്പൊടി, മഞ്ഞൾപ്പൊടി, കദളിപ്പഴം, ഇളനീർ എന്നിവ ചേർത്തുള്ള നൂറും പാലും ഉരുളികളിലോ ഇലകൾ കൊണ്ടു തുന്നിയുണ്ടാക്കിയ കുമ്പിളുകളിലോ വച്ച് നാഗങ്ങൾക്കു നിവേദിക്കുന്നു. കേരളത്തിലെ സർപ്പക്കാവുകളുള്ള തറവാടുകളിൽ വർഷത്തിലൊരിക്കൽ നൂറും പാലും വഴിപാടു പതിവുണ്ടായിരുന്നു. നാഗങ്ങളെ നൂറും പാലും നൽകി പ്രീതിപ്പെടുത്തുമ്പോൾ തറവാട്ടിലെ സന്തതി പരമ്പരകൾക്കെല്ലാം ഐശ്വര്യവും സമൃദ്ധിയും കൈവരും എന്നാണ് വിശ്വാസം.

നൂറുംപാലും നാഗങ്ങൾക്കു പ്രിയ വഴിപാടായതിനു പിന്നിൽ ഒരു ഐതിഹ്യമുണ്ട്. ഇത് ജനമേജയ രാജാവിന്റെ സർപ്പയജ്ഞവുമായി ബന്ധപ്പെട്ടു കിടക്കുന്നു. ജനമേജയ രാജാവ് തന്റെ പിതാവായ പരീക്ഷിത്തു മഹാരാജാവിനെ തക്ഷകൻ കൊന്നതിലുള്ള പ്രതികാരം തീർക്കുവാൻ വേണ്ടി സർപ്പയജ്ഞം നടത്തി. പുരോഹിതർ നാഗങ്ങളെ ഓരോന്നായി വിളിച്ചു വരുത്തി യാഗാഗ്നിയിൽ ഹോമിച്ചു. തക്ഷകനെ ഹോമിക്കുവാനായിരു ആ രാജാവു ലക്ഷ്യമിട്ടിരുന്നത്. എന്നാൽ തക്ഷകൻ തന്റെ ഉറ്റ മിത്രമായ ദേവേന്ദ്രന്റെ സംരക്ഷണയിലാ യിരുന്നതിനാൽ തക്ഷകനെ കിട്ടിയില്ല. നിരപരാധികളായ നാഗങ്ങളായിരുന്നു യാഗാഗ്നിയിലെരിഞ്ഞത്. ഒരു തെറ്റും ചെയ്യാത്ത നിരവധി നാഗങ്ങൾ പൊള്ളലേറ്റു ദുരിതമനുഭവിക്കുകയും ചെയ്തു. നാഗങ്ങളുടെ ദുരവസ്ഥ കണ്ട ദേവന്മാർ ജനമേജയ രാജാവിനെ സമീപിച്ച് നിർബ്ബന്ധപൂർവ്വം യാഗം അവസാനിപ്പിച്ചു. പൊള്ളലേറ്റു ദുരിതമനുഭവി ക്കുന്നതും മൃതപ്രായവുമായ നാഗങ്ങളെ രക്ഷിക്കുവാൻ ആദിശേഷൻ

ഭഗവാൻ മഹാവിഷ്ണു വിനോടപേക്ഷിച്ചു. ഭഗവാൻ നാഗങ്ങളുടെ ശരീരത്തിൽ മഞ്ഞൾപൊടി ചേർത്ത കരിക്കിൻ വെള്ളം അടക്കാമരത്തിന്റെ പൂങ്കുലയിൽ മുക്കി തളിച്ചു. അതിനുശേഷം നാഗങ്ങൾ ആരോഗ്യം വീണ്ടെടുത്തു. ഭഗവാൻ നാഗങ്ങളെ ദുരിതത്തിൽ നിന്നും രക്ഷിച്ചത് ഒരു ആയില്യം നാളിലായിരുന്നു എന്നും അതിനാലാണ് ആയില്യം നാൾ സർപ്പങ്ങൾക്ക് വിശേഷദിനമായി മാറിയത് എന്നും വിശ്വസിക്കുന്നു. അങ്ങനെ നൂറും പാലും നാഗപ്രീതിക്കുള്ള മുഖ്യവഴിപാടായി തീർന്നു. എല്ലാ നാഗദേവതാപ്രതിഷ്ഠകളുള്ള ക്ഷേത്രങ്ങളിലും കാവുകളിലും ഇന്നും ആയില്യം നാളിൽ അതീവപ്രധാന്യത്തോടെ നൂറും പാലും വഴിപാട് നടത്തപ്പെടുന്നു.

നാഗാരാധനയിൽ പുള്ളുവൻ പാട്ടിനു വലിയ പ്രാധാന്യമുണ്ട്. നാഗാരാധ നയുമായി ബന്ധപ്പെട്ടു ജീവിക്കുന്ന ഒരു ജനവിഭാഗമാണ് പുള്ളുവർ. നാഗദേവതകൾ അനുഗ്രഹിച്ചു നൽകിയ ഒരു കലാരൂപമായി അവർ പുള്ളുവൻ പാട്ടിനെ കരുതുന്നു. പുള്ളുവർ പാട്ടിലൂടെ നാഗദോഷങ്ങളിൽ നിന്നും ഭക്തരെ രക്ഷിക്കേണമേ, സന്തതികളെ നാഗദോഷവിമുക്ത രാക്കണേ എന്ന് അവർ നാഗദേവതകളോടപേക്ഷിക്കുന്നു.

പണ്ടൊക്കെ വീടുകൾ തോറുമെത്തുന്ന പുള്ളുവരെക്കൊണ്ട് ചെറിയ കുട്ടികൾക്കു ദൃഷ്ടിദോഷങ്ങൾ ഉണ്ടാകാതെയിരിക്കുവാൻ നാവേറുപാടുന്ന രീതി നിലനിന്നിരുന്നു. ഒരു പ്രത്യേക സമുദായക്കാരുടെ പരമ്പരാഗതകലാരൂപമായ പുള്ളുവർ പാട്ട് വീടുകളിലും നാഗക്ഷേത്രങ്ങളിലും കാവുകളിലും പുള്ളോർകുടം, വീണ, ഇലത്താളം എന്നിവ ഉപയോഗിച്ചാണ് നാഗസ്തുതികളായി അവർ പാടുന്നത്. സർപ്പം പാട്ടിനും പുള്ളുവർ വീണയെന്ന വാദ്യോപകരണമുപയോഗിച്ച് അവർ പാടാറുണ്ട്. കുരുത്തോലകൾ കൊണ്ടലങ്കരിച്ച പന്തലിനുനടുവിൽ സർപ്പത്തിന്റെ കളമെഴുതിയാണ് സർപ്പം പാട്ട് നടത്തി വരുന്നത്. നാഗങ്ങളുടെ രൂപമാണ് കളത്തിൽ വരക്കുക.നാഗങ്ങളെ കളത്തിൽ വരക്കാൻ തുടങ്ങിയാൽ പൂർത്തിയാക്കാതെ നിർത്താൻ പാടില്ല.

വെട്ടിക്കോടു നാഗരാജ ക്ഷേത്രസന്നിധിയിൽ വളരെ പരിപാവനമായി സൂക്ഷിക്കുന്ന ഒരു സ്ഥാനമാണ് ഇവിടുത്തെ ആഗമസർപ്പക്കാവ്. പല വലുപ്പത്തിലുള്ള അനേകം നാഗവിഗ്രഹങ്ങൾ ഇവിടെ കാണാം. സർപ്പക്കാവുകളോടു ചേർന്ന് മനുഷ്യർ വസിക്കുമ്പോൾ അത് സർപ്പങ്ങളുടെ സ്വൈരജീവിതത്തിനു ഭംഗം വരുത്തുന്നു. പരിപാവനമായി സൂക്ഷിക്കേണ്ട കാവുകൾ മലിനമാകാതെ നോക്കുവാനും സംരക്ഷിക്കുവാനും സാധിക്കാതെ വരുമ്പോൾ നാഗദേവതകളുടെ അനുവാദത്തോടും സമ്മതത്തോടും കൂടി അവരെ മറ്റൊരു സ്ഥലത്തേക്കു മാറ്റി പാർപ്പിക്കുന്നു. അങ്ങനെ പഴയ തറവാടുകളിൽ നിന്നും കാവുകളിൽ നിന്നും വേണ്ട പൂജകൾ നടത്തി നാഗങ്ങളുടെ അനുവാദത്തോടുകൂടി നാഗദേവതകളെ ആവാഹിച്ച് ക്ഷേത്രാന്തരീക്ഷത്തിൽ പ്രത്യേക സ്ഥലത്തു കൂടിയിരുത്തിയിട്ടുള്ളസ്ഥാനമാണ്. ആഗമസർപ്പക്കാവ് . നാഗങ്ങൾ അവരുടെ വാസസ്ഥാനം മനുഷ്യവാസത്തിനായി നൽകിയതിന്റെ പ്രത്യുപകാരമെന്നോണം വർഷത്തിലൊരിക്കലെങ്കിലും കുടുംബാംഗങ്ങൾ ഈ ക്ഷേത്രസ്ഥാനത്തെത്തി പൂജകളും വഴിപാടുകളും നൽകി ഈ നാഗദേവതകളുടെ അനുഗ്രഹം നേടേണ്ടതാണ്. അങ്ങനെ ചെയ്യാതിരുന്നാൽ സർപ്പകോപത്തിനും അതുമൂലം പല അനർത്ഥങ്ങൾക്കും ഇടവരാം. അതിനാൽ തന്നെ നാഗദേവതകളെ ഇവിടത്തെ കാവിൽ കുടിയിരുത്തിയിട്ടുള്ളവരെല്ലാം വേണ്ട പ്രാധാന്യത്തോടുകൂടി വഴിപാടുകൾ നടത്തി പ്രാർത്ഥിക്കുകയും ചെയ്യാറുണ്ട്. സർപ്പങ്ങൾ അനുഗ്രഹിച്ചു നൽകിയാൽ തിരിച്ചെടുക്കില്ല എന്നും വിശ്വസിക്കുന്നുണ്ട്.

പരശുരാമക്ഷേത്രമെന്ന കേരളക്കരയെ നാഗാധിനാഥനായ അനന്തഭഗവാൻ സർവ്വൈശ്വര്യങ്ങളും നൽകി അനുഗ്രഹിച്ചുകൊണ്ട് വെട്ടിക്കോട് നാഗരാജാക്ഷേത്രത്തിൽ കുടികൊള്ളുന്നു. വെട്ടിക്കോടെന്ന പ്രശാന്ത സുന്ദരമായ സ്ഥലത്തു കുടികൊള്ളുന്ന ബ്രഹ്മവിഷ്ണുമഹേശ്വര ചൈതന്യ സമന്വയമായ, നാഗാധിനാഥനായ അനന്തഭഗവാനെ കണ്ടു തൊഴുത് നമുക്ക് ദുരിതമോചനം നേടാം.

ഭഗവാന്റെ അനുഗ്രഹത്താൽ മനസ്സിലാക്കാൻ സാധിച്ച അറിവുകൾ ചേർത്തൊരുക്കിയ ഈ വിവരണത്തെ അനന്തഭഗവാന്റെ കരുണകടാക്ഷങ്ങൾക്കായി പ്രാർത്ഥിച്ചു കൊണ്ട് ഒരു പിടി മഞ്ഞൾപ്പൊടിയായി സങ്കല്പിച്ച് ആ തൃപ്പാദങ്ങളിൽ സമർപ്പിക്കുന്നു.

ശ്രീ നാഗരാജനെന്നും വാഴ്ക

ശ്രീ നാഗയക്ഷിയമ്മേ വാഴ്ക

ആദിമൂല നാമം വാഴ്ക

വേദവേദ്യ രൂപനാഗം വാഴ്ക





(തുടർച്ച)



# മഹാഭാരതം ഖാണ്ഡവ ദഹനം

**ഡോഃ രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009**

രാജസൂയയാഗം ഭംഗിയായി നടന്നു. എല്ലാ രാജാക്കന്മാരും മഹർഷിമാരും ശ്രീകൃഷ്ണനും മടങ്ങി. പക്ഷെ ദുര്യോധനനും ശകുനിയും കുറച്ചു ദിവസംകൂടി യുധിഷ്ഠിരന്റെ മനോഹരമായ കൊട്ടാരം കാണുന്നതിനുവേണ്ടി അവിടെ താമസിക്കാൻ തീരുമാനിച്ചു. ദുര്യോധനൻ കൊട്ടാരത്തിന്റെ ഓരോ ഭാഗങ്ങളും നോക്കിക്കാണുവാനിറങ്ങി. പുരാതനമായ ഹസ്തിനപുരം കൊട്ടാരത്തിൽ കാണാൻ കഴിയാത്ത പലതും ഇവിടെ കണ്ടു. ഒരു ദിവസത്തെ യാത്രയിൽ സ്ഫടിക നിർമ്മിതമായ ഒരു സ്ഥലത്തുകൂടി നടന്ന അദ്ദേഹത്തിനവിടം ജലമാണോയെന്ന് ഭ്രമം തോന്നി വസ്ത്രങ്ങൾ ഉയർത്തിപ്പിടിച്ചു. തന്റെ വിഡ്ഢിത്തം മനസിലാക്കി ഇളിഭ്യനായി തിരികെ നടന്നു. വേറെ ഒരിടത്ത് സ്ഫടികനിർമ്മിതമായ കുളത്തിൽ അതേ പുഷ്പങ്ങൾ കണ്ട് ഭ്രമിച്ച് തറയാണെന്നു കരുതി നടന്നു. കുളത്തിൽ വീണ് ആകെ നനഞ്ഞു. ഇതു കണ്ടുനിന്ന ഭീമസേനനും പരിവാരങ്ങളും പൊട്ടിച്ചിരിച്ചു. ഉണങ്ങിയ മനോഹരമായ വസ്ത്രങ്ങൾ കൊടുക്കാൻ യുധിഷ്ഠിരൻ ആജ്ഞാപിച്ചു. പക്ഷെ അർജ്ജുനനും മറ്റു രണ്ടുപേരും ഉറക്കെ പൊട്ടിച്ചിരിച്ചു. ഒരിക്കലും കുറ്റപ്പെടുത്തൽ സഹിക്കാൻ പറ്റാത്ത ദുര്യോധനന് അത് അസഹനീയമായി തോന്നി. ഇതുകൂടാതെ വീണ്ടും സ്ഫടികത്തറ വെള്ളമാണെന്നും, അടഞ്ഞുകിടന്ന വാതിൽ തുറന്നുകിടക്കുകയാണെന്നും കരുതി മുട്ടിയതും മറ്റും കണ്ടു മറ്റുള്ളവർ പരിഹസിച്ചു ചിരിച്ചു. ഇങ്ങനെ സ്ഥലജലവിഭ്രാന്തി മൂലം പലയിടത്തും ആക്ഷേപങ്ങൾ കിട്ടി. യുധിഷ്ഠിരന്റെ അളവറ്റ സാമ്പത്തിക നിലയും ആക്ഷേപ ഹാസ്യ ചിരിയും മറ്റും ദുര്യോധനനെ വേദനിപ്പിച്ചു. അദ്ദേഹം തിരികെ പോകാനുറച്ചു.

തിരികെ ഹസ്തിനപുരത്തെത്തുംവരെയും എത്തിയിട്ടും ഇന്ദ്രപ്രസ്ഥത്തിൽ സംഭവിച്ചതെല്ലാം വ്യക്തമായി ദുര്യോധനന്റെ മനോമുകുരത്തിൽ തെളിഞ്ഞുവന്നു. വഴിനീളെ ശകുനിയുടെ ഒരു ചോദ്യത്തിനുപോലും ദുര്യോധനൻ മറുപടി പറഞ്ഞില്ല. ശകുനി കാരണമാരാഞ്ഞു. അർജ്ജുനന്റെ യുദ്ധവൈഭവവും ഇന്ദ്രൻ തുടങ്ങിയവരുടെ അളവില്ലാത്ത സഹായവും യുധിഷ്ഠിരന്റെ ഐശ്വര്യത്തിനു കാരണമായി. അതുപോലെ തന്നെ ശിശുപാലന്റെ വധം കൃഷ്ണനു സാധിച്ചതും പാണ്ഡവരുടെ സഹായത്താലാണെന്നും മറ്റും പറഞ്ഞ് ദുര്യോധനൻ വിലപിച്ചു. കൃഷ്ണന്റെ ശിശുപാലവധവിവരണത്തിലൂടെ വൈശമ്പായൻ ഇവിടെ ദുര്യോധനന്റെ മനോവ്യഥ വ്യക്തമാക്കുകയാണ്. താൻ ഒന്നുകിൽ തീയിൽ ചാടിയോ വിഷം കഴിച്ചോ വെള്ളത്തിൽ ചാടിയോ ജീവിതമവസാനിപ്പിക്കുമെന്നും ഇത്രയും ഐശ്വര്യവും ശക്തിയുമുള്ള പാണ്ഡവരുടെ അടുത്ത് തനിക്ക് സ്ഥാനമെന്താണ്. എനിക്കു തന്നെ ഒന്നും ചെയ്യാനും സിധിക്കില്ല, ആരും എന്നെ സഹായിക്കാനുമില്ല. വിധിയാണ് വലുതെന്ന് എനിക്കിപ്പോൾ തോന്നുന്നുവെന്നുമുള്ള ദുര്യോധനന്റെ രോദനവും ധൃതരാഷ്ട്രരുടെ മക്കൾ നശിക്കുകയും പാണ്ഡവപുത്രർ ഐശ്വര്യത്തിലാറാടുകയും ചെയ്യുന്നുവെന്ന തോന്നലും കൂടിവന്നു.അതുകൊണ്ട് ധൃതരാഷ്ട്രരോട് ഈ വിവരങ്ങളെല്ലാം ധരിപ്പിക്കുവാനും തന്റെ മനോവീര്യത്തെ വീണ്ടെടുക്കുവാനുള്ള പദ്ധതിക്കു രൂപം നൽകുവാനും ദുര്യോധനൻ ശകുനിയോടു പറഞ്ഞു. ശകുനി ദുര്യോധനനെ സാന്ത്വനപ്പെടുത്താൻ ശ്രമിച്ചു. അവരുടെ ഭാഗ്യവും നന്മയും കൊണ്ട് അവർ അഭിവൃദ്ധിപ്പെടുന്നു. ഇതുവരെ നമ്മളുപയോഗിച്ച ഒരു കുടിലതന്ത്രവും ഫലിച്ചില്ല. അവർ ദ്രൗപതിയെ വിവാഹം ചെയ്തതിലൂടെ ദ്രുപദബന്ധുത്വവും ശ്രീകൃഷ്ണന്റെ സഹായവും അവർക്കുണ്ട്. അർജ്ജുനന് ഗാണ്ഡീവം തുടങ്ങി ദിവ്യായുധങ്ങൾ ഒരുപാടുണ്ട്. അതുകൊണ്ട് ഭൂമിയിലുള്ള രാജാക്കന്മാരെയെല്ലാം അദ്ദേഹം സ്വന്തം വരുതിക്കു കൊണ്ടുവന്നു. രാജശില്പി മായനാണ് അവരുടെ രാജസഭാമന്ദിരം പണിതത്. മയന്റെ ഉത്തരവനുസരിച്ച് കിങ്കരന്മാർ കാവൽക്കാരായി. നിന്നെ സഹായിക്കാൻ കർണ്ണനുണ്ട്, ദ്രോണപുത്രരുണ്ട്, ഞാ

നും എന്റെ ആളുകളുമുണ്ട്. ഇതുകേട്ട ദുര്യോധനൻ ധൈര്യപൂർവ്വം പറഞ്ഞു, എനിക്ക് പാണ്ഡവരെ തോൽപ്പിക്കാൻ സാധിച്ചാൽ ഞാനായിരിക്കും ലോകനായകൻ. അതുപോലെ രത്നാങ്കിതമായ രാജസഭാമന്ദിരവും എന്റേതായിത്തീരും. ശകുനി പറഞ്ഞു, അർജ്ജുനൻ തുടങ്ങിയ പാണ്ഡവരേയും ദ്രുപദനേയും മറ്റും തോൽപ്പിക്കാനെളുപ്പമല്ല. അവർ യുദ്ധത്തിൽ അഗ്രഗണ്യരാണ്. എന്നാൽ യുധിഷ്ഠിരന്റെ കാര്യം ഞാനേറ്റു. കാരണം കുന്തീപുത്രനായ യുധിഷ്ഠിരൻ ചൂതുകളിയിൽ പ്രത്യേകം താല്പര്യമുള്ളവനാണ്. ധർമ്മിഷ്ഠനായ യുധിഷ്ഠിരന് കളി ശരിക്കറിയില്ല. പക്ഷെ ചൂതിനു വിളിച്ചാൽ നിഷേധിക്കാനും ധൈര്യമില്ല. എന്നാൽ ഞാൻ ചൂതുകളിയിൽ സമർത്ഥനാണ്. ആർക്കും എന്നെ തോൽപ്പിക്കാൻ സാധിക്കില്ല. അതുകൊണ്ട് ചൂതുകളി നടത്താനുള്ള കാര്യങ്ങളേക്കുറിച്ചാലോചിക്കൂ. ഞാൻ നിന്നെ ജയിപ്പിക്കാം. ധൃതരാഷ്ട്രരുടെ സമ്മതം വാങ്ങി നമുക്കു കളി ആരംഭിക്കാനുള്ള ഏർപ്പാടുകൾ ഉടൻ ചെയ്യണമെന്നു കൂടി ആവശ്യപ്പെട്ടു. എന്നാൽ തനിക്കിതു ധൃതരാഷ്ട്രരോടു പറയാൻ കഴിയില്ലെന്നും ശകുനി തന്നെ വേണ്ടതു ചെയ്യണമെന്നും ദുര്യോധനൻ പറഞ്ഞു.

ശകുനിയും ദുര്യോധനനും കൂടി ധൃതരാഷ്ട്രരുടെ സമീപമെത്തി. ശകുനി ദുര്യോധനന്റെ അവസ്ഥയെ ധൃതരാഷ്ട്രരെ വേദനിപ്പിക്കും വിധം വിവരിച്ചു. ഇതു കേട്ട ധൃതരാഷ്ട്രർ വേദനയുടെ കാരണമന്വേഷിച്ചു കൊണ്ടിങ്ങനെ പറഞ്ഞു:

ഐശ്വര്യ ഹി മഹത് പുത്ര ത്വയി സർവ്വ പ്രതിഷ്ഠിതം

ഭ്രാതരഃ സുഹൃദശ്ചൈവ നാചരന്തി തവാപ്രിയം

പ്രിയപ്പെട്ട മകനെ, ഈ സമ്പത്തു മുഴുവൻ നിനക്കാണ്. നിന്റെ സഹോദരങ്ങളോ ബന്ധുക്കളോ സുഹൃത്തുക്കളോ നിനക്കെതിരായി ഒന്നും ചെയ്യുകയില്ല. ദുര്യോധനന്റെ സമ്പന്നമായ ജീവിതശൈലി വിവരിച്ചുകൊണ്ട് ദുഃഖകാരണത്തേക്കുറിച്ചന്വേഷിച്ചു. ആഹാരമോ വസ്ത്രമോ ഒന്നുമല്ല:

ന മാം പ്രീണാതി മദ്ഭുക്തം ശ്രിയം ദുഷ്ഠവാ യുധിഷ്ഠിരേ

അതി ജ്വലന്തീം കൗന്തേയേ വിവർണ്ണകരണീം മമ

യുധിഷ്ഠിരന്റെ അഭിവൃദ്ധി കണ്ടപ്പോൾ എനിക്കിപ്പോൾ ലഭിക്കുന്നതൊന്നും എന്നെ സന്തോഷിപ്പിക്കുന്നില്ലായെന്നു തോന്നുന്നു. കുന്തിയുടെ മകന്റെ ഐശ്വര്യസമ്പൂർണ്ണമായ ജീവിതമാണ് എന്നെ വിവർണ്ണനാക്കുന്നത്.

യുധിഷ്ഠിരനു ലഭിച്ച വർണ്ണശബളമായ സമ്മാനങ്ങളും അലങ്കാരവസ്തുക്കളും അതുപോലെതന്നെ യാഗശേഷം ആയിരക്കണക്കിനു സ്വർണ്ണ പാത്രങ്ങളിൽ കൊണ്ടുവന്ന പുണ്യജലം കൊണ്ട് കൃഷ്ണൻ യുധിഷ്ഠിരനെ സ്നാനം ചെയ്യിച്ചതും തുടങ്ങി, നിർമ്മലമായ ആകാശത്ത് പ്രകാശിക്കുന്ന നക്ഷത്രങ്ങളേപ്പോലെ രത്നഭൂഷിതരായ രാജാക്കന്മാർ ഇരുന്നത് ഇതെല്ലാം എന്നെ ജ്വര ബാധിച്ച രോഗിയേപ്പോലെയാക്കി. തനിക്കു മാനസികമായി സ്വസ്ഥത കിട്ടുന്നില്ലായെന്നും ഹൃദയം നുറുങ്ങുകയാണെന്നും പറഞ്ഞു. ഇതുകേട്ട ശകുനി തനിക്കു പറ്റാവുന്ന ചൂതുകളിക്ക് യുധിഷ്ഠിരനെ വിളിച്ചുവരുത്തിയാൽ പാണ്ഡവരുടെ സ്വത്തു മുഴുവൻ കൈക്കലാക്കാമെന്നുമുള്ള തന്ത്രം അവതരിപ്പിച്ചു. ഒരു നിമിഷം കളയാതെ ദുര്യോധനൻ ധൃതരാഷ്ട്രരോടീ വിവരം പറഞ്ഞു. തന്റെ മന്ത്രിയായ വിദുരരോടാലോചിച്ച് വേണ്ടതു ചെയ്യാമെന്നുള്ള ധൃതരാഷ്ട്രരുടെ മറുപടിയിൽ ദുര്യോധനൻ വിദുരരോട് ചോദിക്കേണ്ടയെന്നും താൻ ജീവിതം അവസാനിപ്പിക്കാൻ പോകുകയാണെന്നും പറഞ്ഞു. ഇതിൽ വേദന തോന്നിയ ധൃതരാഷ്ട്രർ ദുര്യോധനന്റെ ഇഛപോലെ ചെയ്യാനുള്ള അനുവാദം കൊടുത്തു. വിദുരർ ഇതിനെ എതിർത്തെങ്കിലും പുത്രവത്സലനായ ധൃതരാഷ്ട്രർ കുലുങ്ങിയില്ല. അവസാനം യുധിഷ്ഠിരനെ കൂട്ടിക്കൊണ്ടു വരാൻ ധൃതരാഷ്ട്രർ വിദുരരെ നിയോഗിച്ചു.

ഇന്ദ്രപ്രസ്ഥത്തിലെത്തിയ വിദുരരെ യഥാവിധി പാണ്ഡവർ സല്ക്കരിച്ചു. കുശലാന്വേഷണങ്ങൾക്കു ശേഷം വിദുരരരുടെ ആഗമനോദ്ദേശം വെളിപ്പെടുത്തി. ഇതു കേട്ട യുധിഷ്ഠിരൻ ചൂതുകളി സർവ്വ നശമല്ലേയെന്നും വിദുരരുടെ സ്വന്തം അഭിപ്രായമെന്താണെന്നും ചോദിച്ചു. ചൂതുകളി നാശമുണ്ടാക്കുമെന്നു തനിക്കു വ്യക്തമായി അറിയാം. പക്ഷെ ഇത് മഹാരാജാവിന്റെ അറിയിപ്പാണ്. യുധിഷ്ഠിരന്റെ യുക്തമനുസരിച്ച് പ്രവർത്തിക്കാമെന്ന് വിദുരർ പറഞ്ഞു. ആരൊക്കെയാണ് കളിക്കുന്നതെന്ന യുധിഷ്ഠിരന്റെ ചോദ്യത്തിനു മറുപടിയായി ശകുനി, ചന്ദ്രസേനൻ, സത്യവൃതൻ തുടങ്ങിയവർ അവിടെയുണ്ട് എന്ന മറുപടിയാണ് വിദുരർ പറഞ്ഞത്. ഈ ചതിയന്മാരെല്ലാം തന്നെ അവരവരുടെ കാര്യങ്ങളിൽ സമർത്ഥരാണ്. വിദുരരുടെ സ്വന്തം അഭിപ്രായം എന്താണെന്ന് ഒന്നുകൂടി യുധിഷ്ഠിരൻ ആരാഞ്ഞു. തനിക്ക് ചൂതുകളി ഇഷ്ടമില്ലായെങ്കിലും ശകുനി പോർ വിളിച്ചാൽ താൻ കളിക്കുമെന്നുകൂടി യുധിഷ്ഠിരൻ പറഞ്ഞു. വൈശമ്പായൻ പറയുന്നത് ഇത്രയും പറഞ്ഞ് യുധിഷ്ഠിരൻ തനിക്കു പറപ്പെടാനുള്ള തയ്യാറെടുപ്പു നടത്താൻ ഏർപ്പാടുചെയ്തു. അടുത്ത ദിവസം തന്നെ ദ്രൗപതിയും പരിവാരങ്ങളുമായി യാത്ര പുറപ്പെട്ടു.

ചൂതുകളിക്കായി യുധിഷ്ഠിരൻ കൗരവസഭയിലെത്തി. കൊട്ടാരത്തിലെത്തി എല്ലാരേയും വന്ദിച്ചു. ധൃതരാഷ്ട്രരുടെ ഉത്തരവുപ്രകാരം അവർക്കു താമസിക്കുവാനുള്ള മന്ദിരം ഒരുക്കി. ധൃതരാഷ്ട്രരുടെ





മരുമക്കൾ ദ്രൗപതിയുടെ സൗന്ദര്യത്തിൽ അസൂയാലുക്കളായി, ദുഃഖിതരുമായി. ആ ദിവസമങ്ങനെ കഴിഞ്ഞു. രാവിലെ പ്രഭാതകർമ്മങ്ങൾക്കുശേഷം അവർ രാജസഭയിലെത്തി. അവർ അവിടെ കൂടിയിരുന്ന എല്ലാ രാജാക്കന്മാരേയും പൗരമുഖ്യന്മാരേയും യഥാവിധി അഭിവാദ്യം ചെയ്തു. അവർക്കനുവദിച്ച ഇടങ്ങളിൽ ആസനസ്ഥരായി. അവരിരുന്നശേഷം ശകുനി എഴുന്നേറ്റ് ഇങ്ങനെ പറഞ്ഞു, സഭാമന്ദിരം അതിഥികളെക്കൊണ്ടു നിറഞ്ഞിരിക്കുകയാണ്. ചൂതുകളിയുടെ നിയമങ്ങൾ നിശ്ചയിക്കാം. ചതിയിലൂടെയുള്ള ചൂതുകളി പാപമാണ്. അതിൽ യാതൊരു ധാർമ്മികതയുമില്ല. പിന്നെയെന്തിനാണിത്രക്കും ശകുനി പറയുന്നതെന്നു യുധിഷ്ഠിരൻ ചോദിച്ചു. ഭയക്കാതെ ജയതോൽവിയേക്കുറിച്ചു പറയാതെ ചൂതുകളി തുടങ്ങാൻ ശകുനി ആവശ്യപ്പെട്ടു. ധർമ്മത്തേക്കുറിച്ചു പലതും പറഞ്ഞു യുധിഷ്ഠിരനും ശകുനിയും. അവസാനം ശകുനി ദുര്യോധനനുവേണ്ടി കളിക്കുമെന്നു ദുര്യോധനൻ പ്രഖ്യാപിച്ചു. എല്ലാവരും അവരവരുടെ സ്ഥാനത്തിരുന്നു. ആദ്യത്തെ കളിയിൽ അക്ഷങ്ങൾ കയ്യിലിട്ടിളക്കി ശകുനി കളിച്ചു. കളി കാണാൻ ഭീഷ്മർ, ദ്രോണർ, ശല്യർ, കൃപർ ഇങ്ങനെയുള്ള മഹാരഥന്മാരെല്ലാം ആസനസ്ഥരായിരുന്നു. കള്ളക്കളിയിൽ സമർത്ഥനായ ശകുനി കളിയാരംഭിച്ചു. വിജയവും തുടർന്നു. യുധിഷ്ഠിരൻ തന്റെ വിലപിടിച്ച രത്നങ്ങളും വാഹനങ്ങളും തുടങ്ങി പലതും ശകുനിക്കടിയറവ് വെച്ചു. ശകുനി ചതിപ്രയോഗത്തിലൂടെ കളിയിൽ ജയിച്ചുകൊണ്ടേയിരുന്നു. ഇതെല്ലാം കണ്ട് വേദന തോന്നിയ വിദുരർ ധൃതരാഷ്ട്രരോടിങ്ങനെ പറഞ്ഞു:

മഹാരാജ വിജാനീഹി യത് ത്വം വക്ഷ്യാമി ഭാരത

മുമുർഷോരൗഷധമിവ ന രോചേതാപി തേ ശ്രുതം

അല്ലയോ മഹാരാജാവേ അങ്ങെക്കിഷ്ടപ്പെട്ടില്ലെങ്കിലും ഞാൻ പറയുന്നത് ശ്രദ്ധിക്കണം. മരിക്കാൻ സമയത്ത് മരുന്നു കൊടുക്കുന്നതുപോലെയാണിതെന്നുമറിയാം. സർവ്വ നാശത്തിനും വഴി തെളിക്കുന്ന ഈ കളിയും പന്തയവും നിർത്താൻ ധൃതരാഷ്ട്രർ ആജ്ഞാപിക്കണമെന്ന് വിദുരർ പറഞ്ഞു.

ഗൃഹേ വസന്തം ഗോമായും ത്വം വേ മോഹാന്ന ബുധ്യസേ

ദുര്യോധനസ്യ രൂപേണാ ശൃണു കാവ്യാം ഗിരം മമ

ദുര്യോധനന്റെ വേഷത്തിലുള്ള ഒരു കുറുക്കനുണ്ടിവിടെ. താങ്കൾക്കിപ്പോൾ അതു മനസിലാകില്ല. ശുക്രാചാര്യർ പറഞ്ഞതോർക്കുക.

ഒരു പടികൂടി കടന്നു പറഞ്ഞു, വംശത്തിന് അപായമായി നിൽക്കുന്നത് മകനാണെങ്കിലും അവനെ ജനനന്മക്കുവേണ്ടി ഉപേക്ഷിക്കണമെന്നത് രാജധർമ്മമാണ്. ഈ കാക്കയെ നശിപ്പിച്ച് പാണ്ഡവരാകുന്ന മയിലിനെ രക്ഷിക്കൂ. കുറുക്കനെ കളഞ്ഞ് പുലിയെ വാങ്ങൂ. ഇങ്ങനെ ധൃതരാഷ്ട്രരോടു കരഞ്ഞ് അപേക്ഷിച്ചു. ധൃതരാഷ്ട്രർക്ക് ഭാവിയിൽ കുറ്റബോധത്തിനടിമപ്പെടേണ്ടി വരുമെന്നും പറഞ്ഞു.

ത്യജേത് കുലാർഥേ പുരുഷം ഗ്രാമസ്യാർഥേ കുലം ത്യജേത്

ഗ്രാമം ുനപദസ്യാർഥേ ആത്മാർഥേ പ്രധിവീം ത്യജേത്

കുടുംബരക്ഷക്ക് ഒരു അംഗത്തിനെ ത്യാഗം ചെയ്യാം, ഒരു ഗ്രാമത്തിന് ഒരു കുടുംബവും നഗരത്തിനുവേണ്ടി ഒരു ചെറിയ ഗ്രാമവും. ആത്മസംതൃപ്തിക്കുവേണ്ടി മറ്റെല്ലാം ത്യജിക്കാം. പാണ്ഡവർ ഒരുമിച്ചുനിന്നാൽ അവരെ പരാജയപ്പെടുത്താൻ മറ്റാർക്കും കഴിയില്ലെന്നുള്ള സത്യം വിദുരർ പറഞ്ഞു. ധൃതരാഷ്ട്രപുത്രന്മാർ ഈ ചൂതുകളിയിലൂടെ വംശനാശമാണ് വരുത്തുന്നത് എന്നുമുള്ള സത്യം വിദുരർ ധൃതരാഷ്ട്രരോടു പറഞ്ഞു. ഇതുകേട്ട ദുര്യോധനൻ വിദുരർ പാണ്ഡവരുടെ പക്ഷം പിടിക്കുന്നയാളാണെന്നും ഞങ്ങളെ ചെറുപ്പം മുതൽ കരുതിയില്ലായിരുന്നുവെന്നും പറഞ്ഞു. ഇപ്പോൾ മനസിലുള്ളതു പുറത്തു വന്നുവെന്നേയുള്ളൂ. ഞങ്ങൾ ഒരു വിഷസർപ്പത്തേയാണ് മടിയിലിരുത്തി വളർത്തിയത്. എപ്പോഴും പാണ്ഡവരെ പുകഴ്ത്തും, ഞങ്ങളെ ഇകഴ്ത്തും. ശത്രുക്കളെ പുകഴ്ത്തുന്നവർ ശിക്ഷ അർഹിക്കുന്നുവെന്നും, തങ്ങളുടെ കാര്യത്തിലിടപെടണ്ടയെന്നൊക്കെയുള്ള കടുത്ത ഭാഷ ഇവിടെ ദുര്യോധനൻ ഉപയോഗിക്കുന്നു. ശത്രുക്കളെ ആരാധിക്കുന്നവർക്കിവിടെ സ്ഥാനമില്ലായെന്നും കടന്നുപോകാനും ദുര്യോധനൻ വിദുരരോടു പറഞ്ഞു. വിദുരർ വേദനയോടെ മറുപടി പറഞ്ഞു:

ന ശ്രേയസേ നീയതേ മന്ദബുദ്ധിഃ സ്ത്രീ ശ്രോന്നിയസ്യേവ ഗൃഹേ പ്രദുഷ്ഠാ

ധ്രുവം ന രോചേദ് ഭരതഷഭസ്യ പതിഃ കുമാര്യാ ഇവ ഷഷ്ഠിവർഷ

അധാർമ്മികതയുള്ള ഒരു ഭാര്യയെ ഒരു കുലീനനായ മനുഷ്യനെങ്ങനെയോ അതുപോലെ അധാർമ്മികനായ മനുഷ്യന്റെ കൂടെ ഒരിക്കലും സത്യസന്ധനായ മനുഷ്യന് പാതയുണ്ടാക്കാൻ കഴിയില്ല. 60 വയസായ ഒരാളെ ചെറുപ്പക്കാരിയായ ഒരു സ്ത്രീക്ക് സ്വീകരിക്കാൻ കഴിയില്ല. അതുകൊണ്ടിവിടെ ഉപദേശം സ്വീകാര്യമല്ല.

പക്ഷെ ഞാൻ ഒരു മന്ത്രിയായതുകൊണ്ട് തനിക്കു രാജാവിന്റെ പ്രവർത്തിയുടെ നന്മതിന്മകൾ ചൂണ്ടിക്കാണിക്കേണ്ടതായിട്ടുണ്ട്. താൻ കുരുവംശത്തിന്റെ അഭിവൃദ്ധിയാഗ്രഹിക്കുന്ന വ്യക്തിയാണെന്നൊക്കെ വിദുരർ പറഞ്ഞു. വീണ്ടും കളി തുടർന്നു.

(തുടരും)

# പാതഞ്ജലയോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി ഫോൺ : 9447077203

സൂത്രം : - 42

തത്ര ശബ്ദാർഥ ജ്ഞാനവികല്പൈ : സങ്കീർണാ സവിതർക്കാ സമാപത്തി :

ശബ്ദം, അർഥം, ജ്ഞാനം എന്നീ വികല്പങ്ങളാൽ സങ്കീർണമായത് സവിതർക്ക സമാപത്തി.

ഈ ലോകം നാമരൂപങ്ങളാണ്. അതായത് നാം ഇന്ദ്രിയങ്ങളിലൂടെ അറിയുന്ന വസ്തുവിനെ തിരിച്ചറിയാൻ അതിന് പേരു കൊടുക്കുന്നു. ശബ്ദം കൊണ്ടുള്ള അടയാളം നല്കുന്നു. ക്രമേണ ആ ശബ്ദം കേൾക്കുമ്പോൾ അതിനാധാരമായ വസ്തുവിന്റെ രൂപം മനസ്സിലുദിക്കുന്നു. വസ്തുവുമായുള്ള ചേർച്ചയുടെ അനുഭവങ്ങൾ ഓർമയായി അറിവായി മനസ്സിൽ കുറിച്ചു വെക്കുന്നു. ഇങ്ങിനെ ശബ്ദം, അർഥം, ജ്ഞാനം എന്നിങ്ങനെ മൂന്നു തലങ്ങൾ അനുഭവങ്ങൾക്കുണ്ട്.

പശു എന്ന ഒരു ശബ്ദം പശുവിനെപ്പറ്റി കേട്ടുകേൾവി ഇല്ലാത്തവന് വെറും ശബ്ദമാണ്. ശ്വാസകോശത്തിലെ വായു പുറത്തു വരുമ്പോൾ വായയുടെയും നാക്കിന്റെയും ചില വിന്യാസത്താൽ ഉണ്ടാകുന്ന ശബ്ദവിശേഷം, മറ്റൊരു ഉദാഹരണമെടുക്കാം. ജർമൻ ഭാഷയിൽ ഡേബ് എന്ന ഒരു വാക്കുണ്ട്. എന്തെങ്കിലും മനസ്സിലായോ ? ഹലോ, ഡേബ് എന്നു വിളിച്ചാൽ അസ്വ്യത തോന്നില്ല. ഡേബ് എന്നാൽ കള്ളൻ എന്നാണർഥം. ഇപ്പഴോ ?

വാസ്തവത്തിൽ പശുവെന്ന നാല്കാലിയുടെ രൂപത്തിന് 'പ' 'ശു' എന്നീ ശബ്ദങ്ങളുമായി ബന്ധമില്ല. സംസ്കൃതത്തിൽ 'ഗോ' എന്നു പറഞ്ഞാൽ മതി. ഡേബ് എന്ന ശബ്ദത്തിന് കള്ളനുമായും ബന്ധമില്ല. നാലുകാലും കൊമ്പുമുള്ള ജന്തുവിശേഷം, അതായത് ശബ്ദത്തിന്റെ അർഥം മാത്രമാണ് യാഥാർഥ്യം. പശു, ഗോ മുതലായവ ശബ്ദം മാത്രം. മറ്റുള്ളവന്റെ വസ്തുക്കൾ അവരുടെ സമ്മതമില്ലാതെ കൈവശപ്പെടുത്തുന്ന മനുഷ്യരൂപമാണ് യാഥാർഥ്യം. ഡേബും കള്ളനും ശബ്ദങ്ങൾ മാത്രം. 'സൺ' എന്ന ശബ്ദം കേൾക്കുമ്പോൾ ഇംഗ്ലീഷ് അറിയുന്നവന് തന്നെ മകനാണോ സൂര്യനാണോ എന്ന സംശയമുണ്ടാകും. ശരിയായ അർഥബോധം ഉണ്ടാകില്ലെന്നർഥം.

ഇതു രണ്ടും അല്ലാതെ ശബ്ദവും അർഥവും നമ്മിലുണ്ടാക്കുന്ന അനുഭവം അഥവാ ജ്ഞാനം മറ്റൊന്നാണ്. പല തരം പശുക്കളെക്കണ്ട് അവയിൽ നിന്ന് ഒരു പശുവെന്ന സങ്കല്പമുണ്ടാവും. അതിനുണ്ടാകേണ്ട ഏറ്റവും ചുരുങ്ങിയ ലക്ഷണങ്ങളെപ്പറ്റി മനസ്സിലാക്കും. അത് തന്റെ ബന്ധുവോ ശത്രുവോ? അത് തനിക്ക് എന്തു ഗുണം ചെയ്യുമോ? അതുമായുണ്ടായ ഏറ്റുമുട്ടലിന്റെയോ സ്നേഹത്തിന്റെയോ ഓർമ ഇതൊക്കെ ശ്രദ്ധയിൽ വരും. ഇതാണ് ജ്ഞാനവികല്പങ്ങൾ, വ്യത്യസ്തമായ പലതരം അറിവുകൾ. ഒരേ വസ്തുവിനെപ്പറ്റി ശബ്ദം, അർഥം, ജ്ഞാനം എന്നീ വിവിധ അനുഭൂതികൾ തന്നെ വികല്പങ്ങളാണ്. ഈ വികല്പങ്ങൾ അവസാനിക്കുമ്പോഴാണ് നിർവികല്പ സമാധി അനുഭൂതമാകുന്നത്.

അപ്പോൾ ശബ്ദം, അർഥം ജ്ഞാനവികല്പം എന്നിങ്ങനെ മൂന്നു കാര്യങ്ങൾ ഇന്ദ്രിയ പ്രത്യക്ഷങ്ങളായ, ഭൗതികമായ സ്ഥൂല വസ്തുക്കളെപ്പറ്റി ഉണ്ടാവും. ധ്യാനാവസ്ഥയിൽ ഇത്തരം ചിത്തവൃത്തികൾ നമ്മെ എങ്ങിനെ ബാധിക്കുന്നു എന്നതാണ് യഥാർഥ വിഷയം.

ഉന്നത തലങ്ങളിൽ, ധ്യാനാവസ്ഥയിൽ ഉള്ള സാധനയും സിദ്ധിയും ആണ് ചർച്ചാ വിഷയം. ധ്യാനിക്കപ്പെടുന്ന വസ്തു ശബ്ദം, അർഥം, ജ്ഞാനം ഇവ മൂന്നും കൂടിക്കുഴഞ്ഞ് (സങ്കീർണ്ണം) ഉള്ള ഒരു വരുവത്തിലാണ് ഇരിക്കുന്നത്. അവയുടെ വേർതിരിവ് അറിയാമെങ്കിലും തരം തിരിച്ചിട്ടില്ല. ഇതാണ് സവിതർക്ക സമാപത്തി. ധ്യേയ വസ്തു തർക്കത്തിന്റെ സ്ഥൂലതയുടെ പരിധിയിൽ ഇരിക്കുന്നതേയുള്ളൂ. നിർവിതർക്ക സമാധിയുടെ അടുത്ത സൂത്രം കണ്ടാലേ സവിതർക്കത്തിന്റെ അർഥം പൂർത്തിയാകൂ.

ഒരു ഗ്ലാസ്സിൽ കുറച്ചു വെളിച്ചെണ്ണ ഒഴിക്കുന്നു. പിന്നെ കുറെ വെള്ളം. പിന്നീട് കുറച്ചു മണ്ണെണ്ണ. അവ ഒന്നു കുലുക്കിച്ചേർത്താൽ ഒരു കലങ്ങിയ അവസ്ഥയാവും. മൂന്നിനെയും വേർതിരിച്ചറിയാനാവില്ല. ഇതാണ് സവിതർക്ക സമാധിയുടെ അവസ്ഥ. അത് തെളിയാൻ അല്പസമയം അനക്കാതെ വെക്കണം. അപ്പോൾ വെള്ളവും വെളിച്ചെണ്ണയും വേർതിരിഞ്ഞു നില്ക്കും. വേണ്ടതെടുക്കാം.

ചിത്തത്തിൽ വിവിധ വൃത്തികൾ നിരോധിക്കപ്പെട്ടു. ഒരു വൃത്തി മാത്രം ശേഷിച്ചു. പക്ഷെ അത് തന്നെ കലങ്ങിയതാണ്. ഇത് ഉന്നതാവസ്ഥ തന്നെ. പക്ഷെ പരമോന്നതമല്ല. ഈ വിതർക്കത്തെ മറികടക്കണം. അഭ്യാസ വൈരാഗ്യങ്ങളെ തീവ്രതരമാക്കണം.





തുടർച്ച

# ഗൃഹസ്ഥാന നിർണ്ണയം



ഡോ. കെ. ഹരിഹരൻ ഫോൺ : 9847313322

### തെക്കു പടിഞ്ഞാറ് ദിക്ക് അഥവ കന്നിമൂല - തൃതിദേവൻ

ഏറ്റവും ശക്തിയേറിയതും പ്രധാനപ്പെട്ടതുമായ ദിക്കാണിത്. മറ്റ് ഏഴു ദിക്കുകൾക്കും അധിപന്മാരായി ദേവന്മാരെ നിയോഗിച്ച വാസ്തുശാസ്ത്രം ഈ ദിക്കിനു മാത്രം ഒരു രാക്ഷസനെയാണ് അധിപനാക്കിയിരിക്കുന്നത്. മറ്റ് ദിക്കുകളെ അപേക്ഷിച്ച് ഈ ദിക്കിന് ബുദ്ധിമുട്ടുണ്ടായാൽ കഠിനമായ ദുഷ്ഫലങ്ങൾ വേഗത്തിൽ ഉണ്ടാകും. ക്ഷിപ്രകോപിയായി തൃതിദേവൻ താമസക്കാർക്ക് ഗുണമുണ്ടായാലും ദോഷമുണ്ടായാലും അവരുടെ ജീവിതത്തെ ബാധിക്കുന്ന കടുത്ത ഫലങ്ങൾ നൽകും. ഈ ദിക്കിൽ നീളം കൂടിയുള്ള നിർമ്മാണങ്ങൾ നടത്തുകയോ സ്ഥലം തുറസ്സായി ഇടുകയോ ചെയ്യാൻ പാടില്ല. കിണറോ കുഴിയോ പോലും ഈ ദിക്കിലുണ്ടാകരുത്. ഇതൊക്കെ അന്തേവാസികൾക്ക് കടുത്ത നാശം വരുത്തും. അവരുടെ മാന്യത, ധനം എന്നിവയൊക്കെ നശിക്കാനിടവരും. അവരെ ആത്മഹത്യയിലേക്ക് വരെ നയിച്ചേക്കാം. തെക്കു പടിഞ്ഞാറു ദിക്കിലെ ദോഷം കൊണ്ടാണ് ആളുകൾ മദ്യ - മയക്കുമരുന്ന് ലഹരിയ്ക്കടിമപ്പെടുന്നതും, ചൂതുകളിയിൽ തല്പരരാകുന്നതും. കുടുംബത്തകർച്ച നേരിടുന്നതും, പുരുഷന്മാർക്ക് സ്വഭാവദൂഷ്യം വന്ന് നശിച്ചു പോകുന്നതും, കാൻസർ പോലെയുള്ള കർമ്മരോഗങ്ങൾ ഉണ്ടാകാൻ ഇടവരുന്നതും. ഈ ദിക്ക് അധികം വിപുലീകരിച്ചാൽ അവിടുത്തെ പെൺകുട്ടികൾ എല്ലാ പരിധിയും അവഗണിച്ച് വീടുവിട്ടിറങ്ങും, അവരുടെ ചാരിത്ര്യം നശിക്കാനിടവരും. ഈ ദിക്കിൽ സെപ്റ്റിക് ടാങ്കുകളോ ജലസംഭരണികളോ ഉണ്ടാകരുത്. ഈ ദിക്കിൽ നിന്നുള്ള കാറ്റ് താമസക്കാർക്ക് പല അസുഖങ്ങളും വരുത്തും.

### പടിഞ്ഞാറ് ദിക്ക് - വരുണൻ

ഈ ദിക്കിന്റെ ദേവൻ വരുണനാണ്. പടിഞ്ഞാറ് ദർശനമായ വീടുകളിൽ താമസിക്കുന്നവർക്ക് അവരുടെ പ്രവർത്തനങ്ങളിൽ ഉറച്ച അഭിപ്രായമുണ്ടായിരിക്കും. ജോലി ചെയ്യാനും ആസൂത്രണം ചെയ്യാനും ഈ ദിക്ക് നല്ലതാണ്. ഈ ദിക്കിന് ദോഷം വന്നാൽ താമസക്കാർക്ക് കുപ്രസിദ്ധിയുണ്ടാകും. അവരുടെ വീട്ടിലോ വ്യാപാരത്തിലോ സ്വസ്ഥത ഉണ്ടാവുകയില്ല. പടിഞ്ഞാറു ദിശയിൽ സൂര്യൻ എത്തുമ്പോഴാണ് പ്രസരണം വഴി ഏറ്റവും കൂടുതൽ ഇൻഫ്രാറെഡ് റേഡിയേഷൻ ഭൂമിയിലേക്ക് പ്രവഹിക്കുന്നത്. ഇത് വീട്ടിൽ താമസിക്കുന്നവർക്ക് ഏറെ ദുരിതങ്ങൾ ഉണ്ടാക്കും. അതിനാൽ പടിഞ്ഞാറു ദർശനമായിട്ടുള്ള വീടുകൾ ഉത്തമമായി കാണുന്നില്ല. ഈ ദിശയിൽ നിന്നു വരുന്ന കാറ്റിന് അധിക ചൂടുണ്ടായിരിക്കും. അതിനാൽ ശരീരത്തിലെ ഊഷ്മാവ് വർദ്ധിക്കുകയും ഉഷ്ണ സംബന്ധമായ രോഗങ്ങൾ വരാനിടയാക്കുകയും ചെയ്യും.

### വടക്കു പടിഞ്ഞാറ് ദിക്ക് - വായു ദേവൻ

വായു ഭഗവാനാണ് ഈ ദിക്കിന്റെ നാഥൻ. ഈ ദിക്കിൽ സ്ത്രീകൾക്ക് പ്രസക്തി കൂടുതലാണ്. സ്ത്രീകളുടെ ജീവിതവും കുഞ്ഞുങ്ങൾക്ക് ജന്മം കൊടുക്കുന്നതും അവരെ വളർത്തുന്നതുമൊക്കെ ഈ ദിക്കിന്റെ ഗുണദോഷങ്ങൾക്കനുസൃതം ആയിരിക്കും. ശരിയായ രീതിയിൽ വടക്കു പടിഞ്ഞാറുദിക്കിൽ നിർമ്മാണം നടത്തിയിട്ടുള്ള വീട്ടിൽ താമസിക്കുന്നവർ ശാസ്ത്രവിഷയത്തിൽ തല്പരരും പ്രശസ്തരുമായിതീരും. സ്ത്രീകളിലെ ഭ്രൂണരൂപാന്തരം, അതിന്റെ വളർച്ച, സുഖപ്രസവം തുടങ്ങിയ കാര്യങ്ങളിൽ വായു ഭഗവാന്റെ സഹായമുണ്ടാകും. എന്നാൽ ഇവിടെ നിർമ്മാണങ്ങൾ ക്രമവിരുദ്ധമെങ്കിൽ അബോർഷനുകൾ മുതലായ ദുരിതങ്ങൾ ഉണ്ടാകും. വിദ്യാഭ്യാസവും സന്തോഷവും അന്തേവാസികൾക്കു തരുന്നത് വായു ഭഗവാനാണ്. കെട്ടിടത്തിന്റെ ഈ ഭാഗം ദീർഘിപ്പിക്കുകയാണെങ്കിൽ അവിടുത്തെ താമസക്കാർ യാത്രാപ്രിയരും നിരന്തരം ചലിച്ചുകൊണ്ടിരിക്കുന്നവരും ആയിരിക്കും. സ്ത്രീകൾ കലഹപ്രിയരും ധാരാളം വ്യവഹാര നടപടികളുണ്ടാകാനും ഇടവരും. ഈ ദിക്ക് വെട്ടിച്ചുരുക്കി യഥായോഗ്യം ഉപയോഗപ്പെടുത്തണം.

## വടക്കു ദിക്ക് - കുബേരൻ


ഒരു വിശുദ്ധ ദിക്കായ വടക്കിന്റെ അധിപൻ കുബേരദേവനാണ്. അദ്ദേഹം പണത്തിന്റേയും സമ്പത്തിന്റേയും ദേവൻ കൂടിയാണ്. ഈ ഭാഗം ഐശ്വര്യത്തിന്റെ ദിശയാണ്. ഈ ദിക്കിലെ നിർമ്മാണം വടക്കു കിഴക്കിനൊപ്പം കൂടുതൽ ദീർഘിപ്പിക്കുകയാണെങ്കിൽ ധാരാളം സമ്പത്തും സന്തോഷവും കുടുംബത്തിൽ ഉണ്ടാകും. വടക്കേ ദിശയിലേക്ക് ദർശനമുള്ള വീടുകളിൽ താമസിക്കുന്നവർ പൊതുവെ നിയമം അനുസരിക്കുന്നവരും അന്തസും അഭിമാനവും നിലനിർത്തുന്നവരുമായിരിക്കും. അവരുടെ പ്രവർത്തനങ്ങൾ ഉടനീളം ക്ഷമയും സഹനശക്തിയും ഉണ്ടായിരിക്കും. വടക്കേഭാഗം നന്നായി നിർമ്മിച്ചിട്ടുള്ള വീടുകൾ അവിടുത്തെ സ്ത്രീകൾക്കും കുടുംബത്തിലെ അവരുടെ നേതൃത്വത്തിനും കൂടുതൽ നേട്ടങ്ങൾ ഉണ്ടാകും. എന്നാൽ വടക്കുകിഴക്ക് ദിക്കിന് നിർമ്മാണ ഭംഗം സംഭവിച്ചിട്ടുണ്ടെങ്കിൽ അവിടുത്തെ സ്ത്രീകൾക്ക് നിരന്തരം ആരോഗ്യ പ്രശ്നങ്ങളുണ്ടാകും.

## വടക്കുകിഴക്ക് ദിക്ക് - ഈശാനൻ

ഈശാനൻ അഥവ ഈശ്വരനാണ് ഈ ദിക്കിന്റെ അധിപൻ. അഷ്ടദിക്കുകളിൽ ഏറ്റവും വിശുദ്ധമായ ദിക്കാണ് ഇത്. ഈ ദിക്ക് തുറസ്സായി ഇട്ടിരിക്കേണ്ടതും യാതൊന്നും അവിടെ നിറയ്ക്കാൻ പാടില്ലാത്തതുമാണ്. ഈ ദിക്കിലൂടെയാണ് പ്രാപഞ്ചിക ഊർജ്ജം സ്വീകരിക്കപ്പെടുന്നത്. കേരളത്തിൽ പൊതുവെ വടക്കു കിഴക്കു ഭാഗത്താണ് അടുക്കള സ്ഥാപിക്കാറുള്ളത്. വാസ്തു പുരുഷൻ ഈ ദിക്കിൽ തല വെച്ചാണ് ശയിക്കുന്നതും. ശ്വാസം എടുക്കുന്നതും ഈ ദിക്കിൽ നിന്നും ലഭിക്കുന്ന ഊർജ്ജം തെക്കു പടിഞ്ഞാറെ മൂലയിൽ ചെന്നെത്തി മറ്റു ശക്തികളുടെ പ്രതിപ്രവർത്തനത്തിൽ വീടിനുള്ളിൽ മുഴുവൻ നിറയുന്നു. അതുകൊണ്ട് മറ്റു ദിക്കുകളെ അപേക്ഷിച്ച് ഈ ദിക്ക് താഴ്ന്നിരിക്കുകയും കൂടുതൽ ജനലുകളും വാതിലും ഇവിടെ ഉണ്ടായിരിക്കുകയും വേണം. ഭവനം നിർമ്മിക്കുവാനുള്ള വസ്തുവിന്റെ ദിക്കുകളും അതിനു യോജിച്ച ദിശയും തീരുമാനിച്ചു കഴിഞ്ഞാൽ ആ ഭൂമിയിൽ കിട്ടാവുന്ന ഏറ്റവും വലിയ സമചതുരം അതിരിട്ടു തിരിക്കണം. സമചതുരപ്പെടുത്തിയ സ്ഥലത്തു വേണം ഗൃഹത്തിന് വേണ്ട സ്ഥാനം നിർണ്ണയം ചെയ്യേണ്ടത്. പലതരം ഭൂമികളിൽ സ്ഥാന നിർണയം ചെയ്യേണ്ടിവരും. ഭൂമിയുടെ അളവിനെ അടിസ്ഥാനപ്പെടുത്തിയാണ് അത് സാദ്ധ്യമാക്കുന്നത്. അത്യല്പക്ഷേത്രം, അല്പക്ഷേത്രം, ബൃഹത്ക്ഷേത്രം, അതിബൃഹത് ക്ഷേത്രം എന്നിങ്ങനെ ഓരോ ഭൂമിയിലും സ്ഥാന നിർണ്ണയം നടത്തുന്ന ശ്രമം വ്യത്യസ്തമാണ്.

## അത്യുല്പക്ഷേത്രം

സമചതുരപ്പെടുത്തുമ്പോൾ നാലുദണ്ഡിൽ കുറവായി വീതിയുള്ള ഭൂമിയെ (16 ഹസ്തം അഥവാ 1152 സെമി) അത്യുല്പ ക്ഷേത്രമായി കണക്കാക്കുന്നു. ഇതിന്റെ വിസ്ത്രീർണ്ണം ഏകദേശം മുന്നേകാൽ സെന്റ് വരും. വാങ്ങിയ ഭൂമി പത്തു സെന്റുണ്ടെങ്കിലും ദിക്കനുസരിച്ച് സമചതുരപ്പെടുത്തുമ്പോൾ അതിന്റെ വീതി കുറയാം.



അത്യുല്പക്ഷേത്രത്തിൽ സമചതുരപ്പെടുത്തിയ ഭൂമിയുടെ മദ്ധ്യഭാഗത്തു നിന്നും (ബ്രഹ്മനാഭി) ഗൃഹമത്സ്യം അല്പം വടക്കു കിഴക്കു ഭാഗത്തേക്കോ തെക്കുപടിഞ്ഞാറു ഭാഗത്തേക്കോ മാറ്റി ഗൃഹത്തിന് സ്ഥാന നിർണ്ണയം ചെയ്യണം. ചിത്രം 2 കാണുക. ഇങ്ങനെ നീക്കുന്നതിന് പ്രായോഗികമായി ചില കാര്യങ്ങൾ കൂടി അനുവർത്തിക്കേണ്ടതുണ്ട്. ഓരോ ഭൂമിയുടെയും കിടപ്പും ദർശനവും ഗൃഹം സ്ഥാപിക്കുന്നതിന്റെ പരിസരവും എല്ലാമായി ഇതിന് അഭേദ്യമായ ബന്ധമുണ്ട്.

## അല്പക്ഷേത്രം


സമചതുരപ്പെടുത്തിയ ഭൂമിയുടെ വീതി നാലു ദണ്ഡു മുതൽ (1152 സെ.മി) 8 ദണ്ഡുവരെ (2304 സെമി) ആണെങ്കിൽ ആ പുരയിടത്തെ അല്പക്ഷേത്രമായി കണക്കാക്കാം. (വിസ്തീർണ്ണം 3 1/4 സെന്റ് മുതൽ ഏകദേശം 13 സെന്റുവരെ) അല്പക്ഷേത്രങ്ങളിലും വാസ്തുക്ഷേത്രം തന്നെ ഗൃഹമണ്ഡലം. ഇന്ന് ഏറ്റവും കൂടുതൽ സ്ഥാന നിർണ്ണയം ചെയ്യേണ്ടി വരുന്നത് അല്പക്ഷേത്രങ്ങളിലാണ്. ദിശക്കനുസരിച്ച് സമചതുരപ്പെടുത്തിയ ഭൂമിയിൽ പദവ്യത്യാസം ചെയ്ത് മഹാമർമ്മങ്ങളിൽ ഭിത്തികളോ സ്തംഭങ്ങളോ വരാതെ വാസ്തുമദ്ധ്യത്തിൽ നിന്നും വടക്കു കിഴക്കു ഭാഗത്തിലോ തെക്കു പടിഞ്ഞാറു ഭാഗത്തിലോ അധികരിച്ചു വരുന്ന രീതിയിൽ അങ്കണ മദ്ധ്യം സ്വീകരിച്ച് അതിൽ നിന്ന് ശാലാഗമനം നിർണ്ണയിച്ച് ഗൃഹസ്ഥാന നിർണ്ണയം നടത്തണം. ഇങ്ങനെ സ്ഥാന നിർണ്ണയം നടത്തുമ്പോൾ ശാല പുറത്തെ ആവൃതിയിലേക്ക് (പിശാച വീഥി) കയറി വരാതെ സൂക്ഷിക്കേണ്ടതാണ്.





## ബൃഹദ്ക്ഷേത്രം

സമചതുരപ്പെടുത്തിയ പുരയിടത്തിന്റെ വീതി 8 ദണ്ഡിന് (32 ഹസ്തം അഥവാ 2304 സെ.മി) മുകളിൽ 32 ദണ്ഡളവ് (128 ഹസ്തം അഥവ 9216 സെമി) വരെയുള്ളവയെ ബൃഹദ്ക്ഷേത്രമായി വിശേഷിപ്പിക്കാം. അവയുടെ വിസ്തീർണ്ണം ഏകദേശം 13 സെന്റുമുതൽ 2 ഏക്കർ വരെയാക്കാം. ബൃഹദ്ക്ഷേത്രങ്ങളിൽ ഭൂമിയുടെ ബ്രഹ്മനാഭിയിലൂടെ തെക്കുവടക്കും, കിഴക്കു പടിഞ്ഞാറുമായി യമസൂത്രവും ബ്രഹ്മസൂത്രവും വരച്ച് നാലു ഖണ്ഡങ്ങളായി തിരിക്കുന്നു. ബ്രഹ്മനാഭിയുടെ വടക്കുകിഴക്ക് ഖണ്ഡത്തിന് ഈശാനഖണ്ഡം അഥവ മനുഷ്യഖണ്ഡമെന്നും തെക്കു പടിഞ്ഞാറുള്ള ഖണ്ഡത്തിന് നിരൃതിഖണ്ഡം അഥവ ദേവഖണ്ഡമെന്നും വടക്കു പടിഞ്ഞാറ് ഖണ്ഡത്തിന് വായു ഖണ്ഡമെന്നും തെക്കു കിഴക്കു ഖണ്ഡത്തിന് അഗ്നിഖണ്ഡമെന്ന് നാമങ്ങൾ.




ഇവയിൽ ബ്രഹ്മനാഭിയുടെ വടക്കുകിഴക്കുള്ള മനുഷ്യഖണ്ഡത്തിലോ തെക്കുപടിഞ്ഞാറുള്ള ദേവഖണ്ഡത്തിലോ ആണ് ഗൃഹത്തിന് സ്ഥാനം നിശ്ചയിക്കേണ്ടത്. വടക്കുകിഴക്കുള്ള ഖണ്ഡത്തിന് ആവശ്യത്തിലധികം വലിപ്പമുണ്ടെങ്കിൽ ആ ഖണ്ഡത്തെ വീണ്ടും നാലായി വിഭജിച്ച് അതിലെ നിരൃതിഖണ്ഡം വാസയോഗ്യമാക്കാം. അതേപോലെ നിരൃതിഖണ്ഡത്തിന് വലിപ്പമേറെയുണ്ടെങ്കിൽ അതിനെ നാലായി വിഭജിച്ച് അതിലെ ഈശാനഖണ്ഡം വീടു വെയ്ക്കാൻ സ്വീകരിക്കാം. ഗൃഹത്തിന് സ്വീകരിച്ച ഖണ്ഡത്തിൽ പദവിന്യാസം നടത്തി ഗൃഹത്തിന് സ്ഥാനം നിർണ്ണയിക്കണം.

## അതിബൃഹദ്ക്ഷേത്രം

രണ്ടേക്കറിനും മുകളിൽ അതിരുകൾ തിരിക്കാതെ കിടക്കുന്ന ഭൂമിയെ പൊതുവെ അതിബൃഹദ് ക്ഷേത്രമായി കണക്കാക്കുന്നു. അത്തരം ഭൂമികളിൽ വീഥികല്പന നടത്തിവേണം ഗൃഹമണ്ഡലം നിശ്ചയിക്കാൻ. ഇവിടെ വാസ്തു ക്ഷേത്രത്തിൽ ബ്രഹ്മനാഭി കേന്ദ്രമാക്കി ഒമ്പതു വീഥികൾ അടയാളപ്പെടുത്തുന്നു. ബ്രഹ്മനാഭിയിൽ നിന്നും പുറത്തേക്കുള്ള ഈ വീഥികൾക്ക് യഥാക്രമം ബ്രഹ്മനീഥി, ഗണേശവീഥി, അഗ്നിവീഥി, ജലവീഥി, നാഗവീഥി, യമവീഥി, കുബേരവീഥി, ദേവവീഥി, പിശാചവീഥി എന്നിങ്ങനെയാണ് നാമകരണം ചെയ്തിരിക്കുന്നത്. ഇവയിൽ ബ്രഹ്മഗണേയ വീഥികളിൽ വീടുവരുന്നത് ഉത്തമം. ഇതിൽസ്ഥലം മതിയാകാതെ വന്നാൽ അഗ്നിവീഥിയും ജലവീഥിയും കൂടിചേർത്ത് ഗൃഹക്ഷേത്രമായി സ്വീകരിക്കാം. ഒരു കാരണവശാലും നാഗവീഥി, യമവീഥി, പിശാചവീഥി എന്നിവയിൽ നിർമ്മാണം പാടില്ല. തൊഴുത്ത് മുതലായ ഉപനിർമ്മിതികൾ ദേവവീഥിയിലോ കുബേര വീഥിയിലോ ഒതുക്കി നിറുത്താം. വീഥികല്പന പ്രകാരം ഒമ്പതു വീഥികളിലെ നാലു വീഥികൾ മാത്രമേ ഗൃഹക്ഷേത്രമായി ഉപയോഗപ്പെടുത്താൻ സാധിക്കൂ.

## പദവിന്യാസം

ഗൃഹനിർമ്മാണത്തിന് ഉചിതമായ ഖണ്ഡം സ്വീകരിച്ചു കഴിഞ്ഞാൽ ആ ഖണ്ഡത്തിൽ പദവിന്യാസം ചെയ്യണം. പദവിന്യാസത്തിൽ വാസ്തുമണ്ഡലത്തെ അഷ്ടവർഗ്ഗത്തിലോ (8X8), നവവർഗ്ഗത്തിലോ (9X9), ദശവർഗ്ഗത്തിലോ (10 X 10) ഏതെങ്കിലും ഒരു വിഭാഗത്തിൽ പദങ്ങളായി വിഭജിക്കണം. ചിത്രം 4 ഇങ്ങനെ തിരിക്കപ്പെടുന്ന ഓരോ പദങ്ങളിലും ഓരോ ദേവതകളെ സങ്കല്പിക്കുന്നു. പദകല്പനയും വാസ്തുപുരുഷ സങ്കല്പവും അതിൽ ദേവന്മാരുടെ സ്ഥാനവും ആത്മീയമായ ചിന്താഗതിയിൽ ഉദാത്തമാണ്.



ഗൃഹവേദികാ നിർണയം നവർഗപദവിന്യാസത്തിൽ വാസ്തു മദ്ധ്യത്തിനു ചുറ്റുമുള്ള അകത്തെ പദങ്ങൾ ബ്രഹ്മസ്ഥാനമാണ്. ജഗനിയന്ത്രാവായ ബ്രഹ്മാവിന്റെ സ്ഥാനമായി ഇതിനെ പരിഗണിക്കുന്നു. ഇതിനു പുറമെയുള്ള പന്ത്രണ്ടുസ്ഥാനങ്ങൾ ദ്വാദശ സുര്യന്മാരുടേയും പന്ത്രണ്ടുരാശികളുടേയും പ്രതീകമാണ്. ആപൽ, ആപവത്സൻ, ആര്യകൽ, സവിതൽ, സവിത്രൽ, വിവസ്വാൻ, ഇന്ദ്രൻ, ഇന്ദ്രജിത്, മിത്രകൽ, രുദ്രൻ, രുദ്രജിത്, ഭൂഭ്രത് എന്നിവരാണ് സൗരമയൂഥത്തിന്റെ പ്രതീകങ്ങളായ ദ്വാദശ സൂര്യന്മാർ. ഏറ്റവും പുറത്തെ മുപ്പത്തി രണ്ട് പദങ്ങളുടെ നാഥന്മാർ നക്ഷത്രയൂഥത്തിന്റെ സംരക്ഷകരായ ദേവതകളാണ്. കിഴക്കു വശത്തുള്ള എട്ടുപേർ പ്രകാശദാതാക്കളായ വസ്തുക്കളാണ് അവർ യഥാക്രമം ഈശാനൻ, പർജ്ജന്യൻ, ജയനൂൽ, ഇന്ദ്രൻ, ആദിത്യൻ, സത്യകൻ, ഭൃശൻ, അനൂരീക്ഷൻ എന്നിവരാണ്. തെക്കുള്ളവർ മരണത്തിന്റെ എട്ട് അധിദേവതകൾ. അവരുടെ പേരുകൾ യഥാക്രമം അഗ്നി, പുഷാവ്, വിതാഥൻ, ഗൃഹക്ഷതൻ, യമൻ, ഗന്ധർവ്വൻ, ഭൃംഗൻ, മൃഗൻ. പടിഞ്ഞാറു വശത്തുള്ളവർ ഇരുട്ടിന്റെ ദേവതകളാണ്. അവർ യഥാക്രമം നിര്.തി, ദ്വാരപാലൻ, സുഗ്രീവൻ, പുഷ്പദന്തൻ, വരുണൻ, അസുരൻ, ശോഷൻ, രോഗൻ. വടക്കു വശത്ത് ജനനത്തിന്റെ എട്ട് അദിദേവതകൾ. അവർ യഥാക്രമം വായു. നാഗൻ, മുഖ്യൻ, ഭല്ലാടൻ, സോമൻ, അർഗൻ, അദീതി, ദീതി. പ്രകാശവും, ഇരുട്ടും, മരണവും, ജനനവും എല്ലാം സമതുലതാവസ്ഥയിൽ നിലനിർത്തുന്ന പ്രപഞ്ചത്തെ വാസ്തു മണ്ഡലത്തിനുള്ളിൽ ഒതുക്കി നിർത്തിയിരിക്കുന്നതായി ഇവിടെ നമുക്കു ദർശിക്കാം.

എല്ലാ സൗഭാഗ്യങ്ങളോടും കൂടി കുടുംബവുമൊത്ത് സമൂഹത്തിൽ അന്തസ്സോടെ ജീവിക്കാൻ ഇഷ്ടപ്പെടുന്നവരാണ് സർവ്വരും. അതുകൊണ്ട് തന്റെ വീട്ടിലും ജോലി സ്ഥലത്തും വാസ്തുശാസ്ത്രം ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്ന് ഏവരും ഉറപ്പ് വരുത്തേണ്ടതാണ്. അങ്ങനെയെങ്കിൽ ആഹാരം, വസ്ത്രം, ധനം തുടങ്ങിയ സർവ്വതും ആ വീട്ടിലേയ്ക്ക് നിർല്ലോഭം എത്തിക്കൊണ്ടിരിക്കും. വീടിന്റെ വാസ്തുനില അവിടെ താമസിക്കുന്ന മനുഷ്യരുടെ സ്വഭാവത്തെ പോലും സ്വാധീനിക്കും. പ്രധാന ദിക്കുകളിൽ വാസ്തുശാസ്ത്ര വിധി ലംഘിച്ചിട്ടുണ്ടെങ്കിൽ അവിടെ വസിക്കുന്നവർ പരുക്കൻ സ്വഭാവക്കാരും സമൂഹത്തിനും നിരക്കാത്തവരുമായി മാറും. വീടിന്റെ വാസ്തു ലാഭം, നഷ്ടം, സന്തോഷം, ദുഃഖം, പ്രസിദ്ധി, കുപ്രസിദ്ധി, സമ്പത്ത്, ദാരിദ്ര്യം തുടങ്ങിയവയെല്ലാം നിശ്ചയിക്കുന്നു. അതിനാൽ മനുഷ്യന്റെ ഈ ഭൂമിയിലെ ജീവിതത്തിന് വാസ്തുശാസ്ത്രം ഒരു അടിസ്ഥാനഘടകം തന്നെയാണ്.

# വിദൂഷകൻ

തിരുമേനി : രാമാ

രാമൻ : റാൻ തിരുമേനി

തിരുമേനി : ആ കൊളാമ്പി ങ്ങട് നീട്ടാ കൊശവാ

രാമൻ : (കോളാമ്പി നീട്ടിക്കൊണ്ട്) തിരുമേനി ...

തിരുമേനി : (തുപ്പിക്കൊണ്ട്) ന്താടോ

രാമൻ : ദേ ആ തോമസ് സാറ് വരണ് ണ്ട്

തിരുമേനി : (നേരെ നോക്കിക്കൊണ്ട്) ഓ

അടുത്തെത്തിയ തോമസ് : ഹലോ തിരുമേനി, എവിടേക്കാ

തിരുമേനി : ഹേയ് ആ കോലോത്തെക്കൊന്ന്, എളേമ്പ്രാനെ ഒന്ന് കാണണം. താനെങ്ങടാ ?

തോമസ് : എന്റെ വൈഫിനെ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തേക്ക് ആണ്. അവിടുത്തെ ഡോക്ടറെ ഒന്ന് വിസിറ്റ് ചെയ്ത് കൺസൽട് ചെയ്യണം. ലിറ്റിൽ കോപ്ലിക്കേറ്റഡാണ് ന്നാ ഡോക്ടറുടെ ഒപിനിയൻ. ഡീറ്റെയിൽഡായ ചെക്കപ്പ് റിക്വയേഡാണ് അത്രെ.

തിരുമേനി : അതെയോ ! ഞാനും സ്മാൾ തമ്പുരാനെ വിസിറ്റ് ഡൂവണത് ഒരു കോപ്ലിക്കേറ്റഡ് മാറ്റർ ഡിസ്കസ് ഡൂവാനാ. ഹീ ദേറിന്ന് സംവേറിലിക്ക് ടെൻ ഓ ക്ലോക്കിന് ലീവ് ഡൂവും എന്ന് സേ ചെയ്തു. ദേർഫോർ ദേറിലിക്ക് ദാറ്റിന് മുമ്പ് റീച് ചെയ്യണം. ഗോ ചെയ്യട്ടെ ?

അമ്പരന്ന് നിന്ന തോമസിനെ വിട്ട് രാമനെ ഒന്ന് കടാക്ഷിച്ച തിരുമേനീടെ നേരെ നീട്ടിയ കോളാമ്പീലിക്ക്

ഥൂ.... എന്ന് നീട്ടി തുപ്പീട്ട് തിരുമേനി നടന്നു. രാമൻ പിറകേം.





# മനുഷ്യനും സ്നേഹവും

വി.കെ. വേണുഗോപാൽ, 9287349876

ചില ദേവന്മാരുടെയും ചില ദേവിമാരുടെയും ചുറ്റും ഒരു പ്രകാശവലയം ചിത്രീകരിച്ചിരിക്കുന്നത് നാം കാണാറുണ്ട്. അതുപോലെയുള്ള ചെറിയ ഒരു അദൃശ്യമായ പ്രകാശവലയം എല്ലാ മനുഷ്യരുടെയും ചുറ്റും ഉണ്ടെന്നും ദിവ്യന്മാരായ മനുഷ്യരുടെ ചുറ്റുമുള്ള ഈ പ്രകാശ വലയം വളരെ വലുതും ശക്തവുമാണെന്നും ശാസ്ത്രീയമായി കണ്ടെത്തിയിട്ടുണ്ട്. റെയ്ക്കിയിൽ ഈ പ്രകാശവലയത്തെ ഓറ എന്നു പറയുന്നു. ഒരാളിൽ സ്നേഹം എന്ന വികാരം വർദ്ധിക്കുന്നതിനനുസരിച്ച് അയാൾ മനസ്സു കൊണ്ടും, വാക്കു കൊണ്ടും പ്രവൃത്തി കൊണ്ടും മറ്റു മനുഷ്യർക്കും ജീവികൾക്കും, സസ്യങ്ങൾക്കും പ്രകൃതിയിലെ മറ്റു ജീവനില്ലാത്ത വസ്തുക്കൾക്കും സ്നേഹം കൊടുത്തു കൊണ്ടിരിക്കും. ജീവനില്ലാത്തവയെ സ്നേഹിക്കാൻ കാരണം ജീവനില്ലാത്ത ഭക്ഷണം, വീട്, വാഹനം മുതലായ എണ്ണമറ്റ വസ്തുക്കൾ ആ ആളെ ജീവിക്കാൻ ഒരു പാട് സഹായിക്കുന്നു എന്ന അറിവാണ്. അതിന്റെ എല്ലാം ഫലമായി ആ ആളിന് ചുറ്റും രൂപപ്പെടുന്ന ഈ പ്രകാശവലയം Electromagneticfield ആണെന്നും ഈ പ്രകാശവലയത്തിന് തങ്ങൾ ആഗ്രഹിക്കുന്നവയെ തങ്ങളിലേക്ക് ആകർഷിക്കുന്നതിനുള്ള മാഗ്നറ്റിക്ക് പവ്വർ ഉണ്ട് എന്നും കണ്ടെത്തിയിട്ടുണ്ട്. ഇങ്ങനെയുള്ള ആൾ ആ ആളിന്റെ ലക്ഷ്യങ്ങളെ വ്യക്തമായി സങ്കല്പിക്കുകയും അതിനെ സ്നേഹിക്കുകയും അതിനു വേണ്ടി പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ആ ലക്ഷ്യത്തിലേക്ക് വളരെ വേഗത്തിൽ അടുക്കുന്നു. ഒരാളിലെ ഈ രീതിയിലുള്ള സ്നേഹം കൂടുന്നതിനനുസരിച്ച് ആ ആളിലെ ഓറ ശക്തിപ്പെട്ടു കൊണ്ടിരിക്കുമെന്നും കണ്ടെത്തിയിട്ടുണ്ട്. ഇങ്ങനെയുള്ള ആൾ പോകുന്നിടത്തെല്ലാം ഈ അദൃശ്യ പ്രകാശവലയവും ആളിനു ചുറ്റും ഉണ്ടായിരിക്കുകയും ചെയ്യും. പല സാധാരണക്കാരും അറിഞ്ഞോ അറിയാതെയോ ഈ രീതിയിൽ ഐശ്വര്യവും, സമ്പത്തും ഉന്നത സ്ഥനങ്ങളും നേടുന്നുണ്ട്. ഈ പ്രപഞ്ചത്തിലെ ഏറ്റവും ശക്തമായതും വിലപ്പെട്ടതുമായ ഊർജ്ജം സ്നേഹമാണെന്നും അതുപയോഗിച്ച് നമുക്കു വേണ്ടതെല്ലാം നമുക്കു നേടാമെന്നും നാം അറിയണം. നമ്മൾ അറിഞ്ഞോ അറിയാതെയോ പ്രയോഗിക്കുന്ന നെഗറ്റീവ് എനർജി നമ്മളിലേക്ക് വരേണ്ട നന്മകളെ ബ്ലോക്ക് ചെയ്യാറുണ്ട്. ഈ പ്രപഞ്ചത്തിലെ എല്ലാ എനർജിയും പ്രവഹിക്കുന്നവയാണ്. സ്നേഹത്തിന്റെ പ്രവാഹം ശക്തമാകുമ്പോൾ നെഗറ്റീവ് എനർജി ഉണ്ടാക്കാനിടയുള്ള ബോക്ക്സ ഇല്ലാതാവുകയും ചെയ്യുന്നു. വിമർശനം, കുറ്റപ്പെടുത്തൽ, മുതലായവയും നമ്മളിലേക്കു വരേണ്ട നന്മകളെ തടയുന്നവ തന്നെയാണ്. നമ്മുടെ സങ്കല്പങ്ങളെ യാഥാർത്ഥ്യമാക്കുന്ന ഈ ലോകത്ത് നമുക്ക് വേണ്ടതെല്ലാം ഉണ്ട്. നമ്മുടെ പ്രവൃത്തിയുടെ എല്ലാം ലക്ഷ്യം സന്തോഷം ആയിരിക്കണം.

സന്തോഷത്തിലേക്കുള്ള ഗെയിറ്റിന്റെ താക്കോൽ സ്നേഹം ആണ്. നമ്മളിലെ സ്നേഹം വർദ്ധിക്കുന്നതിനനുസരിച്ച് നമ്മുടെ സന്തോഷവും വർദ്ധിക്കും. നമുക്കു ചുറ്റുമുള്ള വസ്തുക്കളെയും, മനുഷ്യരെയും നാം അറിയുകയും സ്നേഹിക്കുകയും ചെയ്യുന്ന ശീലം നമുക്കു വേണം. മറ്റുള്ളവർക്കുവേണ്ടി ചെയ്യുന്ന ത്യാഗം സ്നേഹത്തിന്റെ മറ്റൊരു പ്രകടനമാണ്. അതേ സമയം നമ്മുടെ മനസ്സിനെ നമ്മുടെ ലക്ഷ്യത്തിലേക്കു നയിക്കാതിരുന്നാൽ നമ്മുടെ മനസ്സ് തന്നെ നമ്മെ ദോഷകരമായ ദിശയിലേക്ക് കൊണ്ടു പോകും. ഓരോ ദിവസവും നമുക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ഓരോന്നിനും നന്ദി പറയും തോറും അവ ധാരാളമായി കിട്ടിക്കൊണ്ടിരിക്കും. നന്ദി പ്രകടനം സ്നേഹപ്രടനത്തിന്റെ മറ്റൊരു രീതിയാണ്. രോഗത്തെ പറ്റി പറയാതെ ആരോഗ്യത്തെ പറ്റി പറയും തോറും ആരോഗ്യം വർദ്ധിച്ചു കൊണ്ടിരിക്കും.

നമ്മുടെ ജീവിതത്തിൽ നാം കൊടുക്കുന്നതിനേക്കാൾ കൂടുതലാണ് നമുക്ക് കിട്ടിക്കൊണ്ടിരിക്കുന്നത്. ഉദാഹരണത്തിന് ഒരു മാങ്ങയുടെ അണ്ടി നമ്മൾ നട്ടു വെള്ളമൊഴിച്ചു കൊണ്ടിരുന്നാൽ കുറച്ചു നാൾ കൊണ്ട് അത് വളർന്ന് വലുതായി മരമായി തണലും ഓരോ വർഷവും എണ്ണമറ്റ മാമ്പഴങ്ങളും തന്നു കൊണ്ടേയിരിക്കും. ചിലപ്പോൾ പലതലമുറകളോളം തന്നെ മാമ്പഴം കിട്ടിക്കൊണ്ടിരിക്കും. പക്ഷികൾക്കോ മനുഷ്യർക്കോ എത്ര വേണമെങ്കിലും ഭക്ഷിക്കാം. കൃഷിയുടെ മഹത്വം അതാണ്. നാം ചെയ്യുന്ന എല്ലാ പ്രവർത്തിയുടെയും ഫലം ഇതു പോലെയാണ്. മറ്റുള്ളവരോട് ദയ കാണിക്കുകയും മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതും, മറ്റുള്ളവരെ സഹായിക്കുന്നതും സ്നേഹപ്രകടനം തന്നെയാണ്. ഈ രീതിയിൽ നമ്മുടെ വ്യക്തിത്വത്തെ വികസിപ്പിച്ചെടുത്ത് നമുക്ക് ഒരു മാഗ്നേറ്റിക്ക് പെഴ്സൺ ആകാൻ സാധിക്കുംയ നമുക്കു പറയാനുള്ളത് പറയുന്ന ശീലവും നമുക്കു വേണം. നമ്മൾ നമ്മളിൽ ജീവിക്ക

ണം. പല ആളുകൾക്കും കുടുംബത്തിനും കഷ്ടതകളും ദുരിതങ്ങളും ഉണ്ടാകുന്നത് സ്വാർത്ഥത സങ്കുചിത മനോഭാവം എന്നു തുടങ്ങുന്ന അനവധി നെഗറ്റീവ് എനർജി സ്വഭാവത്തിലും പ്രവർത്തിയിലും വർദ്ധിക്കുന്നത് കൊണ്ടാണ്. ഇങ്ങനെയുള്ള ചിലർ ധാരാളം പണം മുടക്കി പൂജകളും വഴിപാടുകളും നടത്തി അവരുടെ കഷ്ടതകൾ മാറ്റാൻ ശ്രമിക്കാറുണ്ട്. അത് കൊണ്ട് ഒന്നും അവരിലെ ദോഷം മാറാനിടയില്ല. മറ്റു ചിലർ സ്വന്തം ജീവിതത്തിൽ സന്തോഷിക്കാൻ ഒന്നുമില്ലെങ്കിലും വളരെയധികം സന്തോഷവും സ്നേഹവും പ്രകടിപ്പിച്ച് നടക്കാറുണ്ട്. നെഗറ്റീവ്നെയും പോസിറ്റീവ് ആയി എടുക്കുന്നത് കൊണ്ടാണ് അവർക്ക് അത് സാധിക്കുന്നത്. നേട്ടങ്ങൾ ഉണ്ടാക്കുന്നതും ഇങ്ങനെ ഉള്ളവരാണ്. കാരണം നെഗറ്റീവിന്റെ ബ്ലോക്കുകൾ അവർക്കുണ്ടാകാറില്ല.

നമ്മൾ ഈ പ്രപഞ്ചത്തിലെ പല വസ്തുക്കളുടെയും കൈവശക്കാർ മാത്രമാണ്. നമുക്ക് സങ്കല്പിക്കാൻ പോലും പറ്റാത്ത വിധത്തിലുള്ള മാറ്റങ്ങളാണ് നമ്മുടെ നാട്ടിൽ നടന്നു കൊണ്ടിരിക്കുന്നത്. ആമ പ്രതികൂല സാഹചര്യങ്ങൾ വരുമ്പോൾ തലയും കൈകളും കാലുകളും ഉള്ളിലേക്ക് വലിച്ച് സുരക്ഷിതമാകുന്നത് പോലെ നമ്മളും സ്വയം സുരക്ഷിതരാകേണ്ട സമയമായിരിക്കയാണ്. പരമാത്മാവായ ഈശ്വരൻ ഈ പ്രപഞ്ചത്തിൽ വെറും പൂജ്യമായി നിലകൊള്ളുന്നതു പോലെ ശരീരധാരികളായ ആത്മാക്കളായ നമ്മളും പൂജ്യമായി തീരേണ്ട സമയമായിരികയാണ്. സന്യാസിമാർ ഈ രീതിയിൽ ആത്മാവിനെയും പരമാത്മാവിനെയും ഒന്നാക്കുകയാണ് ചെയ്യുന്നത്. അപ്പോൾ ഈശ്വരന്റെ സംരക്ഷണം ശക്തമാക്കുന്നു. മനുഷ്യന് ഈശ്വരനോടുള്ള സ്നേഹമാണ് ഏറ്റവും വലിയ സ്നേഹം. നമ്മുടെ നല്ല ജീവിതത്തിനാവശ്യമായ അറിവുകൾ നമ്മളിലേക്കു വരാതിരിക്കുകയും നമ്മുടെ സ്വന്തം ജീവിതത്തിലും ജോലി സ്ഥലത്തും ആവശ്യമില്ലാത്തതും മനസ്സിനെ വഴി തെറ്റിക്കുന്നതും മാനസിക സംഘർഷം ഉണ്ടാക്കുന്നതുമായ അറിവുകൾ നമ്മളിലേക്ക് ധാരാളമായി വന്നു കൊണ്ടിരിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ നമുക്കാവശ്യമുള്ള അറിവിനെ മാത്രം നാം സ്വീകരിക്കുന്ന ഒരു ശീലം നമുക്കുണ്ടായിരി ക്കേണ്ടതുണ്ട്.

കവിത

# മഴത്താളം

പറവൂർ ബാബു - 9961252195

അഞ്ചാനകൾ നിരന്ന
അമ്പലമുറ്റം ജനസാഗരം
നെയ്ത്തിരിനാളത്തിൻ
നിറമുള്ള സന്ധ്യയിൽ
മേഘസ്പന്ദനം പോലെ
വെടിയൊച്ചയുയരുന്നു.
പഞ്ചവാദ്യമേളം തുടങ്ങുന്നു
പഞ്ചവർണ്ണക്കുടകൾ നിവരുന്നു.
ഇടിവെട്ടിപ്പെയ്യും
തുലാമഴപോലെ
കൊട്ടിക്കയറുന്നു, ചേന്ദമംഗലം
രഘുമാരാരും ശിഷ്യരും
കൊമ്പും കുഴലുമുയരുന്നു,
താഴുന്നു, ആരോഹണത്തിൽ
ഒരു കൊടുങ്കാറ്റ്
അഗ്നിവേഗത്തിൽ കുന്നുകയറുന്നു
ദാരികനിഗ്രഹം നിർവഹിപ്പാൻ
അവതാരമെടുത്തൊരു
ഭദ്രകാളിയിറങ്ങുന്നു
വാളും പരിചയും ശൂലവുമേന്തി.
അസുരവാദ്യം മുഴങ്ങുന്നു
ആവേശത്തിരയിളകുന്നു.
ധർമ്മവും അധർമ്മവും
തമ്മിലടരാടുമടൽക്കളമായി
മാറുകയായെൻ മനവും....
യുദ്ധകാഹളം മുഴങ്ങുന്നു
മണ്ണിലും വിണ്ണിലും മനസ്സിലും
വെടിക്കെട്ടുപോൽ
കൊട്ടിക്കലാശമുയരവെ
ദാരികനിഗ്രഹം ചെയ്ത്
ഭദ്രകാളി, ചടുല നൃത്തമാടുന്നു.
ഒരായിരം ചിലമ്പുകൾ
ഒന്നിച്ചു കിലുങ്ങുന്നു
കൊട്ടിക്കയറുന്നു രഘുമാരാർ
ചിരിക്കുന്നുദേവി, ഭദ്രകാളി
അന്ധകാരം മറയുന്നു
ഒരായിരം നെയ്ത്തിരികൾ
ഒന്നിച്ചു മിഴി തുറക്കുന്നു
അധർമ്മമെരിയുന്നു ചുടലയിൽ
ആൾക്കൂട്ടത്തിൽ വിജയാരവം
ഉയരുന്നപോൽ,പഞ്ചവാദ്യം തുടരുന്നു
തിരമാല പോലുയർന്നും താഴ്ന്നും
കൊട്ടിക്കയറുന്നു രഘുമാരാർ.





# മാധവി

പ്രൊഫസർ അംബുജാക്ഷി ഫോൺ : 9447577652

ഗാലവമുനിയുടെ നിഴലായി ഞാൻ നീങ്ങി സർവംസഹയായ ഭൂമിയുടെ പെൺമക്കൾക്ക് എന്നും ഈ ഗതി തന്നെയൊ? ആശയോ ആശ്രയമോ ഇല്ലാതെ അലയുന്നവർ വിധിയുടെ കളിപ്പാട്ടങ്ങൾ.

ദുഃഖവും നിരാശയും ഉള്ളിലൊതുക്കി ഞാൻ മുനിയെ പിന്തുടർന്നു... കൊട്ടാരത്തിൽ എത്തിയപ്പോൾ എന്നെ അച്ഛന് നൽകിയിട്ട് മുനി പറഞ്ഞു.

'മഹാരാജാവേ, എനിക്ക് അങ്ങയോട് ഏറെ നന്ദിയുണ്ട്.'

ഞാൻ ചിന്തിച്ചു, അതിന്റെ നൂറിലൊരംശമെങ്കിലും എന്നോട് തോന്നിയോ.

മുനി തുടർന്നു, എന്റെ ഗുരുദക്ഷിണ വീട്ടാൻ അങ്ങെന്നെ സഹായിച്ചുവല്ലോ. ഇതാ അങ്ങയുടെ ഈ ഐശ്വര്യലക്ഷ്മിയെ ഞാൻ തിരിച്ചേൽപ്പിക്കുന്നു.

ഇത് അച്ഛൻ പ്രതീക്ഷിച്ചിട്ടുണ്ടാകുമോ? അദ്ദേഹം തെല്ലിട ചിന്താജഡനായി. ഒന്നു ദീർഘമായി വീർപ്പിട്ട് രാജാവ് പറഞ്ഞു.

'മുനികുമാര, മാധവി എന്റെ നിധിയാണ് എന്നും എന്റെ മകളെ ഞാൻ സന്തോഷപൂർവ്വം സ്വീകരിക്കുന്നു. അത്യപൂർവ്വവും അസാധാരണവുമായ ഒരു ഗുരുദക്ഷിണ വീട്ടാൻ അവൾ അങ്ങയോടൊപ്പം ഉണ്ടായല്ലോ... ഞാൻ ധന്യനായി ഇതെന്റെ പുണ്യം'.

ഞാനൊരു നിസ്സാരജീവിയാണെന്ന് എനിക്ക് തോന്നി. എന്റെ ശരീരവും മനസ്സും ബുദ്ധിയുമൊന്നും ആരുടേയും ചിന്താവിഷയങ്ങളേ അല്ല.

ഗാലവമുനി യാത്രയായി. ഞാൻ അന്തഃപുരത്തിലേക്ക് പോയി. അമ്മ എന്നെ ആലിംഗനം ചെയ്തു. ഒരു നെടുവീർപ്പും തേങ്ങലും ഞാൻ കേട്ടു. ഞങ്ങൾ രണ്ടു പേരുടെയും ചുമലുകൾ നനഞ്ഞു. ഞാൻ തേങ്ങലൊതുക്കി.

വീണ്ടും അന്തഃപുരം ജീവിതം പതിവുപോലെ ഒഴുകി. അലമാലകൾ ഒതുങ്ങി ശാന്തതയിലേക്ക് വരികയായിരുന്നു. എന്നിലൊരു മാറ്റം കണ്ടിട്ടായിരിക്കാം ഒരു ദിവസം അച്ഛൻ പറഞ്ഞു.

'വത്സേ, ഗംഗായമുനാ സംഗമ ഭൂമിയിൽ പ്രകൃതിരമണീയമായ ഒരു പ്രദേശമുണ്ട്. അവിടെ കുറെ പുണ്യാശ്രമങ്ങളും. ആ സ്ഥലം നിനക്കും ഇഷ്ടപ്പെടും. നിന്റെ സഹോദരനായ പുരുവിനേയും കൂട്ടി നമുക്ക് കുറച്ചുദിവസം അവിടെപ്പോയി താമസിക്കാം. മനസ്സും ശരീരവും ഒന്നു തണുക്കട്ടെ.'

അച്ഛൻ എന്റെ മനസ്സ് അറിഞ്ഞിരിക്കുന്നു.

എനിക്ക് സന്തോഷമേയുള്ളൂ. പുരുവും വരുന്നുണ്ടെന്നു കേട്ടപ്പോൾ സന്തോഷം ഇരട്ടിച്ചു. ഞങ്ങൾ വനഭൂമിയിലെത്തി. എന്നും കൊട്ടാരത്തേക്കാൾ എനിക്കേറെയിഷ്ടം കാടുതന്നെ. രാജധാനി ഒരു തീപിടിച്ച വീടാണെന്നേ എനിക്ക് തോന്നിയിട്ടുള്ളൂ. എന്നാൽ കാട് പ്രകൃതിദേവിയുടെ പാട്ടരങ്ങാണ്. ഇളംകാറ്റിന്റെ തളിരിലകളുടെ, പക്ഷികളുടെ, കാട്ടരുവികളുടെ പാട്ടരങ്ങ്. പ്രകൃതിയുമായുള്ള സമ്പർക്കം എനിക്കൊരാവശ്യമായിരുന്നു. ഉപവാസവും ദീക്ഷയുമൊക്കെ ഏറെ ആശ്വാസവും. എന്റെ ഈ മാറ്റവും അച്ഛൻ മനസ്സിലാക്കിയോ?

ഒരു ദിവസം അദ്ദേഹം പറഞ്ഞു, 'കുമാരി, രാജ്യകാര്യങ്ങൾക്ക് തടസ്സമുണ്ടാകുന്നു. ഇനി നമുക്ക് കൊട്ടാരത്തിലേക്ക് മടങ്ങാം'.

പാകപ്പെട്ട മനസ്സോടെ ഞങ്ങൾ കൊട്ടാരത്തിലേക്ക് തിരിച്ചു. കുറച്ചുദിവസങ്ങൾ കഴിഞ്ഞപ്പോൾ കൊട്ടാരത്തിലും എന്തൊക്കെയൊ ഒരുക്കങ്ങൾ നടക്കുന്നു. എന്തോ ഉത്സവത്തിനുള്ള തയ്യാറെടുപ്പാണ്.

കുമാരിയുടെ സ്വയംവരമഹോത്സവമാണ് ദാസിമാർക്ക് ആഹ്ലാദം.

എന്റെ മനസ്സ് വീണ്ടും അസ്വസ്ഥമായി. നാലു പുരുഷന്മാർ നാലുമക്കൾ, വെറുതേ നെയ്തുകൂട്ടിയ

സ്വപ്നങ്ങൾ.... അന്നെനിക്ക് ഉറങ്ങാൻ സാധിച്ചില്ല. ഒടുവിൽ.... ചിന്തകളെ ആറ്റിക്കുറുക്കി ഞാൻ ഒരു തീരുമാനത്തിലെത്തി.

എന്നും ഈ ഗതി തന്നെയൊ? ആശയോ ആശ്രയമോ ഇല്ലാതെ അലയുന്നവർ വിധിയുടെ കളിപ്പാട്ടങ്ങൾ.

സ്വയംവരം അതെന്റെ സ്വന്തം മാത്രം. ഞാൻ വരിക്കുന്നു. കാടിനെ, പ്രകൃതിമാതാവിനെ, ഇനിയൊരു തിരിച്ചുവരവില്ല. രാജകുമാരിയുടെ വേഷഭൂഷകളെല്ലാം അഴിച്ചുമാറ്റി, ഒരു താപസിയുടെ വേഷത്തിൽ മാതാപിതാക്കളോടും തോഴിമാരോടും യാത്രചൊല്ലി നടന്നു. പ്രകൃതിയുടെ മടിത്തട്ടിലേക്ക്. പിൻവിളികൾ കേൾക്കാതെ, തേങ്ങലുകൾ ശ്രദ്ധിക്കാതെ.

വനത്തിൽ എന്നെ എതിരേൽക്കാൻ കുളിരരുവികളുണ്ട്, മൃഗങ്ങളുണ്ട്, ഇലകളും പൂക്കളും കായും കനികളും നിറഞ്ഞ പച്ചപ്പുമുണ്ട്. എനിക്കൊന്നിനും ഒരു കുറവുമുണ്ടായില്ല. ഈ പക്ഷികളും മൃഗങ്ങളും എന്നെ അവരിൽ ഒന്നായി കാണുന്നു. എനിക്കിപ്പോള് വാശിയില്ല, വൈരാഗ്യമില്ല. ഞാനൊരു മനുഷ്യനാണെന്നോ, സർവ്വോപരി ഒരു സ്ത്രീയാണെന്നോ ഒരു ചിന്തപോലുമില്ല. എല്ലാ ചരാചങ്ങളോടും സ്നേഹം മാത്രം വാത്സല്യം മാത്രം.

ഋതുക്കൾ വർഷങ്ങൾക്കു പിന്മാറി. പുറംലോകവുമായി ബന്ധമില്ലാതായി. ഇപ്പോൾ എനിക്ക് കാടിന്റെ ഭാഷയറിയാം. കാറ്റിന്റെ ചലനമറിയാം. സസ്യലതാദികളുടെ സ്നേഹമറിയാം. കിളികളുടെ പാട്ടറിയാം, മൃഗങ്ങളുടെ ശബ്ദങ്ങൾ പരിഭാഷപ്പെടുത്താം. ഞാൻ കാടിന്റെ ഒരംശമായിക്കഴിഞ്ഞു.

അച്ഛൻ ഉടലോടെ സ്വർഗം പൂകിയെന്ന് ആശ്രമത്തിലെ ഒരു കിളിമൊഴിയിൽ നിന്നറിഞ്ഞു. പുണ്യവാനാണ് അദ്ദേഹം. പുരു എന്ന സൽപ്പുത്രന്റെ അച്ഛൻ. ധനവാൻ, ദയാലു സുഖഭോഗങ്ങൾ ആസക്തി കുറച്ചു കൂടുതലാണ് അതാണ് അദ്ദേഹത്തിന്റെ ശാപവും.

ശുക്രാചാര്യന്റെ ശാപത്തെപ്പറ്റി കേട്ടിട്ടുണ്ടല്ലോ, മുൻകോപിയും പിടിവാശിക്കാരിയുമായ ദേവയാനിയമ്മയുടെ പിതാവ്. എന്റെ മുത്തച്ഛസ്ഥാനീയനാണ് ശുക്രമുനി. പക്ഷെ മകളുടെ കയ്യിൽ ഒരു കളിപ്പാട്ടം മാത്രം. ചില സ്ത്രീകൾ അങ്ങനെയുമുണ്ട്. ദേവയാനിയമ്മയുടെ കോപവും അസൂയയുമാണല്ലോ അച്ഛന് വാർധക്യം എന്ന ശാപം നൽകിയത്. അന്നു പുരുവിന്റെ ത്യാഗമാണ് അച്ഛനെ രക്ഷിച്ചത്. അവന് നന്മവരട്ടെ.

ഈയിടയായി ചിലപ്പോഴൊക്കെ ഞാൻ അസ്വസ്ഥയാകാറുണ്ട്. എന്താണ് കാരണം? അച്ഛന്റെ സ്വർഗ്ഗയാത്രയോ? എന്റെ മാതൃത്വത്തിന്റെ വിലാപമോ? അതോ ഇടക്കിടക്ക് കാട്ടുകിളികളും മൈനകളും അസാധാരണമായി ചിലയ്ക്കാറുണ്ടായിരുന്നു. ആരോ അപരിചിതർ കാട്ടിലെത്തിയിട്ടുണ്ട്. ഒരു ശാരിക പറഞ്ഞു.

നാലു കുമാരന്മാർ കാട്ടിലെത്തിയിരിക്കുന്നു, തേജസ്വികൾ. അവർ വാജപേയയാഗം ചെയ്ത് അവഭൃഥത്തിന് വന്നിരിക്കുകയാണ്. അവർ ഈ നൈമിശാരണ്യത്തിൽ എത്തിയിട്ടുണ്ട്.

അപ്പോൾ .... ഇതാണ് ആ പുണ്യ ഭൂമി. നൈമിശാരണ്യം. ഇവിടെയെത്തിയ ആ കുമാരന്മാർ. ആ നാലുപേർ ആരായിരിക്കും? അവരുടെ സാമീപ്യമാണോ എന്നെ അസ്വസ്ഥമാക്കുന്നത്? ഒരു ഇന്ദ്രീയാതീതസന്ദേശം എനിക്ക് കിട്ടുന്നുണ്ടോ? മനസ്സിന്നൊരു ചാഞ്ചല്യം. മക്കളെ കാണാൻ ഒരു മോഹം... കഷ്ടിച്ചൊരു മാസം കഴിഞ്ഞിരിക്കും. മനസ്സിനെ വരുതിയിലാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

'രക്ഷിക്കണേ... ഞാനിതാ തലകുത്തി വീഴുന്നേ... ഭൂമിയിലേക്ക് പതിക്കുന്ന എന്നെ രക്ഷിക്കണേ...'

ഈ ശബ്ദം എനിക്ക് പരിചിതമാണല്ലോ... ആ മനുഷ്യവിലാപം കേട്ട ഇടത്തേക്ക് ഞാനോടിച്ചെന്നു. അവിടെ കണ്ട കാഴ്ച...

യയാതി മഹാരാജാവിനെ... എന്റെ അച്ഛനെ... നാലുകുമാരന്മാർ താങ്ങിയെടുത്തു നിർത്തിയിരിക്കുന്നു.

'അച്ഛാ, ഞാൻ മാധവി. അങ്ങേക്ക് എന്തുപറ്റി? ഈ പതനം അങ്ങ് അർഹിക്കുന്നില്ലല്ലോ', അച്ഛനെ വന്ദിച്ചുകൊണ്ട് ഞാൻ ചോദിച്ചു.

മകളേ രാജാവ് അദ്ഭുതത്തോടെ എന്നെ നോക്കി 'കുമാരി ഇത് എന്റെ പുണ്യമല്ല, എന്റെ പുരുവിന്റെ, എന്റെ മാധവിയുടെ ദയയാണ്. നിങ്ങളുടെ പുണ്യാംശമാണ് എന്റെ ജീവിതം'.

ഒന്നു നിശ്വസിച്ചുകൊണ്ട് രാജാവ് തുടർന്നു.

'നിങ്ങളുടെ പുണ്യം പിടിച്ചു വാങ്ങി ഞാൻ ഉടലോടെ സ്വർഗ്ഗത്തിലെത്തി. പക്ഷെ, അവിടെയും എന്റെ ആസക്തി കൂടിയതേയുള്ളൂ. എന്റെ അഹങ്കാരവും അതിന് ആക്കം കൂട്ടി. സഹിക്കാനാവാതെ ദേവന്മാർ എന്നെ സ്വർഗത്തിൽ നിന്ന് തള്ളിയിട്ടു.





ഭാഗ്യം കൊണ്ട് ഈ നാലു യുവാക്കളുടെ കയ്യിലാണ് ഞാൻ വന്നു വീണത്.'

അച്ഛൻ അവരെ നന്ദിയോടെ നോക്കി.

'മുത്തച്ഛാ' ആ നാലുകുമാരന്മാരും ഒന്നിച്ചു വിളിച്ചു. ഞാനവരെ നോക്കി. ഞങ്ങൾ പരസ്പരം തിരിച്ചറിഞ്ഞിരിക്കുന്നു. അതെ, ഇന്ദ്രിയതീതജ്ഞാനം!

ആ ചെറുപ്പക്കാർ തുടർന്നു. 'ഞങ്ങൾ അങ്ങയുടെ ദൗഹിത്രന്മാർ ആണ്. ഈ നില്ക്കുന്ന മാധവീദേവിയാണ് ഞങ്ങളുടെ അമ്മ.'

'ഞാൻ പ്രതർദ്ദനൻ, കാശിരാജാവായ ദിവോദാസനാണ് എന്റെ അച്ഛൻ കുമാരൻ തുടർന്നു. ഇതാണെന്റെ ജേഷ്ഠസഹോദരൻ വസുമനസ്സ്. ഇദ്ദേഹം അയോധ്യാരാജാവായ ഹര്യശ്വന്റെ പുത്രനാണ്.'

'ഞാൻ ശിബി, ബോജപുരത്തിലെ ഇശീനര രാജാവിന്റെ മകൻ.' സൗമ്യമായ മുഖഭാവത്തോട കൂടി മൂന്നാമത്തെ കുട്ടി അറിയിച്ചു. ഇത് വിശ്വാമിത്രമഹർഷിയുടെ പുത്രൻ അഷ്ടകനും.

'അമ്മേ ഞങ്ങൾ നമസ്ക്കരിക്കുന്നു,' നാലു പേരും ഒരേ ശബ്ദത്തിൽ പറഞ്ഞു.

മക്കളേ, വാത്സല്യത്തോടെ ഞാൻ അവരെ ചേർത്തുപിടിച്ചു. 'നിങ്ങൾക്ക് എല്ലാ നന്മകളും'.

എന്തൊരു സംഗമം! എന്റെ മനസ്സിൽ അടച്ചു സൂക്ഷിച്ചിരുന്ന ഒരു പാഴ്ക്കിനാവിന്റെ സാഫല്യം.

അച്ഛൻ തന്റെ പുതിയ പതനത്തിൻ കഥ പറഞ്ഞു.

അച്ഛാ ഞാൻ അദ്ദേഹത്തെ ആശ്വസിപ്പിച്ചു, 'ഇവർ അങ്ങയുടെ പേരക്കുട്ടികളാണ്. മനസാ വാചാ കർമ്മണ സന്മാർഗചാരികൾ. ഞാനും ഈ കാട്ടിൽ മൃഗചര്യയോടെ തപസ്സുചെയ്യുകയാണ്. ഞങ്ങളുടെ പുണ്യത്തിലെ ഫലം ഏറ്റു വാങ്ങിക്കൊണ്ട് അങ്ങ് ദേവലോകത്തേക്ക് തിരിച്ചു പോയാലും'.

അപ്പോഴാണ് ഗാലവമുനി അവിടെ എത്തിയത്. ഒരു ദിവ്യദർശനം തന്നെ!

'എന്തൊരത്ഭുതം' എല്ലാം ജ്ഞാനദൃഷ്ടിയിലൂടെ മഹർഷി മനസ്സിലാക്കിയിരിക്കുന്നു.! അദ്ദേഹം അപേക്ഷിച്ചു.

മഹാരാജാവേ, പ്രത്യുപകാരം ചെയ്യാൻ എനിക്കൊരവസരം തരൂ. എന്റെ തപോഫലത്തിൽ നിന്ന് ഒരംശം അങ്ങു സ്വീകരിക്കണേ. അങ്ങേക്കെന്നെന്നും സ്വർഗ്ഗത്തിൽ അനശ്വരസ്ഥാനം ഉണ്ടാകട്ടെ. ഭൂമിയിൽ അങ്ങയുടെ യശസ്സും വർധിക്കട്ടെ.

അച്ഛൻ എന്നെ നോക്കി. കുറ്റബോധം ഉണ്ടോ? ഞാൻ മുഖം തരിച്ചു.

'മകളേ, ഇതെന്റെ പുണ്യമല്ല. സുഖലോലുപനായ ഞാൻ തട്ടിയെടുക്കുന്നത് നിങ്ങളുടെയൊക്കെ പുണ്യമാണ്. എന്റെ പുരു... എന്റെ മാധവി. അവളുടെ മക്കൾ... കുറ്റബോധം കൊണ്ട് അച്ഛന്റെ ശിരസ്സു കുനിഞ്ഞുവോ?'

അച്ഛൻ ദുഃഖിക്കരുത്. മുൻഗാമികളുടെ സദ്ഗതിയാണ് പിൻതലമുറയുടെ ലക്ഷ്യം. ഞങ്ങൾ അതു നിർവഹിച്ചു എന്നു മാത്രം. അങ്ങ് സ്വർഗ്ഗത്തിലേക്ക്, ആ അനശ്വര പദവിനേടാൻ തിരിച്ചുപോകൂ. ഞങ്ങളുടെ സൽക്കർമ്മങ്ങൾ അങ്ങയ്ക്കു രക്ഷാകവചം ഒരുക്കും.'

ഞാൻ പതുക്കെ പിൻതിരിഞ്ഞു നടന്നു. അമ്മേ... മകളേ... രാജകുമാരി... എന്നൊക്കെയുള്ള തേങ്ങലുകൾ എന്നെ പിൻതുടർന്നു. ഇനി ഒരു മടക്കം ഇല്ല. എന്റെ മക്കൾ പ്രസിദ്ധരാവട്ടെ. എന്റെ സഹോദരൻ പുരു ഒരും വംശകർത്താവാകട്ടെ.

പക്ഷെ... ഞാൻ മാധവി ആരുടെയും ഓർമ്മിയിൽ ഒരിടം കൊടുക്കാതെ നടന്നകലട്ടെ. വനഗഹ്വരതയിലേക്ക്!

എറണാകുളം
കരയോഗാംഗത്വം എടുക്കൂ
ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളിയാവൂ...

94 വർഷത്തെ സേവനപാരമ്പര്യമുള്ള
എറണാകുളം കരയോഗത്തിൽ കൊച്ചി
കോർപ്പറേഷൻ പരിധിയിൽ സ്ഥിരതാമസമുള്ള
എല്ലാ നായർ സമുദായാംഗങ്ങൾക്കും
കരയോഗം നിയമാവലിയ്ക്ക് വിധേയമായി
അംഗത്വം ലഭിക്കുന്നതാണ്.
ഈ അവസരം പ്രയോജനപ്പെടുത്തുക.
*കൂടുതൽ വിവരങ്ങൾക്ക്: 0484 2361160*
Email: ekmkgm@gmail.com

# പാർവ്വതി

എം.ജി തങ്കമ്മ, ഇടപ്പള്ളി, 9746598522



ശ്രീ പരമേശ്വരന്റെ ഭാര്യ പാർവ്വതി ദേവിയെ വിവിധ നാമങ്ങളിൽ വിവിധ രൂപങ്ങളിൽ ജനങ്ങൾ ആരാധിച്ചു വരുന്നു. ഉമ, കാർത്ത്യായനി, ഗൗരി, കാളി, ഹൈമാവതി, ഈശ്വരി, ശിവ, ഭവാനി, രുദ്രാണി, സർവ്വാണി, സർവ്വമംഗല, അപർണ, പാർവ്വതി, ദുർഗ, മൃഡാനി, ചണ്ഡിക, അംബിക, ആര്യ, ദാക്ഷായണി, ഗിരിജ, മേനാത്മജ, ചാമുണ്ഡി, കർണ്ണമൗടി, ചർച്ചിക, ഭൈരവി എന്നീ നാമങ്ങൾ പാർവ്വതിയുടെ പര്യായപദങ്ങളായി അമരകോശത്തിൽ കാണുന്നു. ഇവയിൽ പലപേരുകളും പാർവ്വതിയുടെ വിവിധ ഭാവങ്ങളിൽ ഉണ്ടായിട്ടുള്ളതാണ്. ശേഷിച്ചവ വിവിധ ജന്മങ്ങളിൽ ജനിച്ചിട്ടുള്ള പേരുകളാണ്. അതിനാൽ ഈ ദേവിയുടെ ഉത്ഭവവും പ്രധാന ജന്മങ്ങളും താഴെക്കൊടുക്കുന്നു.

സതിയുടെ അവതാരം – ബ്രഹ്മാവിന്റെ തിരുനാമത്തിൽ നിന്നാണ് ശിവന്റെ ഉത്ഭവം. ശിവൻ പ്രവർത്തന നിരതനാകാൻ വേണ്ടി മഹാമായയുടെ ഒരംശം പ്രജാപതികളിൽ ഒരുവനായ ദക്ഷന്റെ പുത്രിയായി സതി എന്ന പേരിൽ അവതരിച്ചു. സതിയുടെ അവതാരത്തെ സംബന്ധിച്ച ഒരു കഥ ദേവീഭാഗവതം നവമസ്കന്ധത്തിൽ ഇങ്ങനെ കാണുന്നു.

ബ്രഹ്മാവ് സൃഷ്ടി നടത്തിക്കൊണ്ടിരുന്ന കാലത്ത് ഒരിക്കൽ ഹാലാഹലന്മാർ എന്ന പേരോടു കൂടിയ ചില ദൈത്യന്മാർ ജനിച്ചു. മഹാപരാക്രമികളും ഘോരന്മാരും ആയിത്തീർന്ന അവർ ബ്രഹ്മാവിനെ തപസ്സ് ചെയ്തു പ്രത്യക്ഷമാക്കി. വേണ്ട വരങ്ങളെല്ലാം വാങ്ങിയ ശേഷം കൈയൂക്കുകൊണ്ട് മൂന്നുലോകങ്ങളും കൈയടക്കി. ത്രിമൂർത്തികളെ നിരോധിച്ചു. വിഷ്ണുവും ശിവനും കുഴങ്ങി. ഗത്യന്തരമില്ലാതെ അവർ ആ ദൈത്യന്മാരോടു യുദ്ധത്തിനു പുറപ്പെട്ടു. അറുപതിനായിരം വർഷം അതിഭയങ്കരമായ യുദ്ധം നടന്നു. ദൈന്യന്മാരും ദേവന്മാരും വിവശരായി. വിഷ്ണുവും ശിവനും കർമ്മവിമുഖരായിത്തീർന്നു. ബ്രഹ്മാവ് വിവരമറിഞ്ഞു. സൃഷ്ടി സ്ഥിതിസംഹാരങ്ങൾ സ്വയം ഏറ്റെടത്ത ശേഷം പുത്രന്മാരായ സൗകാദികളെ വിളിച്ച് ഇങ്ങനെ പറഞ്ഞു. അല്ലയോ സൗകാദികളേ, ഹരിഹരന്മാർ സ്ഥിതിസംഹാര കർമ്മങ്ങൾ നിർവ്വഹിക്കാൻ സമർത്ഥന്മാരല്ലാതെ ആയിത്തീർന്നിരിക്കുന്നു. ഇപ്പോൾ പ്രപഞ്ചവ്യാപാര ങ്ങളെല്ലാം നടത്തുന്നത് ഞാൻ തനിച്ചാണ്. അതിനാൽ എനിക്കു തപസ്സു ചെയ്യാൻ സമയം ലഭിക്കുന്നില്ല. മഹാമായയെ തപസ്സു ചെയ്ത് പ്രസാദിപ്പിക്കണം. ആ പരാശക്തി പ്രസാദിക്കത്തക്കവിധം തപസ്സ് ചെയ്യുക. ദേവി അവതരിപ്പിക്കുന്ന കാലം ലോകത്തിൽ പ്രസിദ്ധമാകും.

ബ്രഹ്മാവിന്റെ ആജ്ഞ കേട്ടയുടനെ ദക്ഷൻ തുടങ്ങി. പ്രജാപതികൾ ഹിമവൽ പാർശ്വത്തിലുള്ള വനാന്തരത്തിലേയ്ക്ക് പുറപ്പെട്ടു. അവർ മായാബീജ ജപത്തോടുകൂടി ദേവിയെ തപസ്സു ചെയ്യാൻ തുടങ്ങി. തപസ്സ് ഒരു ലക്ഷം സംവത്സരം നീണ്ടു നിന്നു. ഒടുവിൽ മഹാദേവി പ്രസാദിച്ച് പാശാങ്കുശവരദീതിധാരങ്ങളായ നാലുതൃക്കൈകളോടും മൂന്നു നേത്രങ്ങളോടും കൂടി പ്രത്യക്ഷ ദർശനം കൊടുത്തു. ദക്ഷാദികൾ ദേവിയെ സ്തുതിച്ചു. പ്രത്യക്ഷ ദർശനം കൊടുത്തു. ദേവിവരങ്ങൾ കൊടുത്തു. ദക്ഷപുത്രിയായി ജനിക്കാമെന്ന് വാഗ്ദാനവും ചെയ്തു. അവർ തിരികെപ്പോന്നു.

ദക്ഷഭവനത്തിൽ മഹാമായ, സതി എന്ന പേരിൽ അവതരിച്ചു. സതി വളർന്ന് യൗവനയുക്തയായി. പ്രജാപതികൾ ഒരുമിച്ചു കൂടി ശിവനെക്കൊണ്ട് സതിയെ വിവാഹം കഴിപ്പിച്ചു. വധൂവരന്മാർ ദക്ഷന്റെ ഗൃഹത്തിൽത്തന്നെ താമസിച്ചു.

ആയിടയ്ക്ക് ഒരിക്കൽ ദുർവാസാവു മഹർഷി ജാംബുനദത്തിൽ ചെന്ന് അവിടെ സ്ഥിതി ചെയ്യുന്ന ജഗദംബികയെ മായാബീജ മന്ത്രം കൊണ്ട് ധ്യാനിച്ചു പൂജിച്ചു. ദേവിപ്രസന്നയായി തന്റെ കണ്ഠത്തിൽ കിടന്നിരുന്നതും പൂന്തേൻ പ്രവഹിച്ചു കൊണ്ടിരുന്നതുമായ ദിവ്യമാല മുനിക്ക് പ്രസാദമായി കൊടുത്തു. ആ മാല ശിരസ്സിൽ ചൂടിക്കൊണ്ട് ദുർവാസാവ് ആകാശമാർഗ്ഗേണ പോയി. സതീദേവിയുടെ പിതാവായ ദക്ഷപ്രജാപതി വസിക്കുന്ന കൊട്ടാരത്തിലെത്തി. ദുർവാസാവ് ആ പൂമാല ദക്ഷനു കൊടുത്തു. വളരെ സന്തോഷത്തോടുകൂടി ആ പൂമാല സ്വീകരിച്ച് തന്റെ ശയനമുറിയിൽ വച്ചു. അതിന്റെ സുഗന്ധം ആസ്വദിച്ചു കൊണ്ട് ഭാര്യയുമായി ബന്ധപ്പെട്ടു. പരിപാവനമായ ആ മാല അശുദ്ധമായി. അതുമൂലമുണ്ടായ പാപത്താൽ ദക്ഷന് സതിയിലും ശിവനിലും വിരോധം ജനിച്ചു. അവരെ കൊട്ടാരത്തിൽ നിന്നു പുറത്താക്കി.

അതിനു ശേഷം ദക്ഷൻ ഒരു യാഗം അനുഷ്ഠിക്കുകയും ആ യാഗത്തിന് ക്ഷണിക്കാതെ ശിവനെ അപമാനിക്കുകയും ചെയ്തു. യാഗത്തിൽ സംബന്ധിച്ച സതീദേവിയും അപമാനിക്കപ്പെട്ടു. അസഹനീയമായ താപത്താൽ സതിദേവീ അഗ്നിയിൽ ചാടി ആത്മാഹൂതി ചെയ്തു. അന്നു മുതൽ ശിവൻ സതീ, സതി എന്നു വിളിച്ചു കൊണ്ട് ലോകം ചുറ്റി നടന്നു.സതി, പാർവ്വതി (കാളി, ഉമ) യായി ജനിക്കുന്നത്.

ആയിടയ്ക്ക് കശ്യപന്റെയും ദീതിയുടേയും പുത്രനായി വജ്രാംഗൻ എന്ന ഒരു അസുരൻ ജനിച്ചു. ധാർമ്മികനായ ഈ അസുരൻ ആയിരം വർഷം തപസ്സനുഷ്ഠിച്ചു. സമാധി കഴിഞ്ഞ് വജ്രാംഗൻ കണ്ണു തുറന്ന സമയത്ത് ഭാര്യയായ വരാംഗിയെ സമീപത്തു കണ്ടില്ല. വജ്രാംഗൻ ഭാര്യയെ അന്വേഷിച്ചും ഫലമൂലാദികൾ സമ്പാദിച്ചും വനത്തിൽ നടക്കവേ വരാംഗി ഒരു മരച്ചുവട്ടിൽ കരഞ്ഞു നിൽക്കുന്നതും കണ്ടു. വരാംഗി ഇങ്ങനെ പറഞ്ഞു. അങ്ങ് സമാധിയിൽ കഴിഞ്ഞ കാലമത്രയും ഇന്ദ്രൻ എന്നെ പലപ്രകാരത്തിൽ ക്ലേശിപ്പിച്ചു. അങ്ങ് ജലത്തിൽ വസിക്കവേ ഞാൻ നിരാഹാരയായി മൗനവ്രതത്തിൽ നദീതീരത്തു താമസിക്കുകയായിരുന്നു. ഇന്ദ്രൻ അവിടെ വാനരരൂപത്തിൽ വന്ന് പൂജാപാത്രം എടുത്തെറിഞ്ഞു. സിംഹരൂപത്തിൽ വന്ന് എന്നെ ഭയപ്പെടുത്തി. സർപ്പരൂപത്തിൽ വന്ന് എന്റെ കാലുകളിൽ കടിച്ചു. പ്രഭോ, അങ്ങയുടെ ഭാര്യയായ ഞാൻ ഒരനാഥയോ! മരിക്കാൻ തീരുമാനിച്ചു ഞാൻ ഇവിടെ നിൽക്കുകയായിരുന്നു. വജ്രാംഗൻ കോപിച്ചു. ഇന്ദ്രൻ ചെയ്ത അനീതികൾക്ക് പരിഹാരമുണ്ടാകാതെ, കൃത്യാന്തരമില്ലെന്നു നിശ്ചയിച്ച് വീണ്ടും തപസ്സിനൊരുങ്ങി.

ഈ നിശ്ചയമറിഞ്ഞ് ബ്രഹ്മാവ് പ്രത്യക്ഷപ്പെട്ട് ഇപ്രകാരം പറഞ്ഞു. അങ്ങ് എന്തിനാണ് വീണ്ടും തപസ്സിനൊരുങ്ങുന്നത്. വരം ചോദിച്ചു കൊള്ളൂ, വജ്രാംഗൻ പറഞ്ഞു. പ്രഭോ, ആസുരഭാവം എന്നിലുണ്ടാകരുതെന്ന ആഗ്രഹത്തോടു കൂടിയാണ് ആയിരം വർഷം തപസ്സു ചെയ്തത്. എന്നാൽ ഞാൻ സമാധിയിൽ ഇരിക്കവേ ഇന്ദ്രൻ യാതൊരു കാരണവും കൂടാതെ വരാംഗിയെ പലപ്രകാരത്തിൽ പീഡിപ്പിച്ചു. അങ്ങ് പ്രസാദിക്കുന്നുവെങ്കിൽ എനിക്ക് ഇന്ദ്രൻ ഉൾപ്പെടെയുള്ള സകലദേവന്മാരെയും തോല്പിക്കാത്തക്ക പ്രഭാവത്തോടു കൂടി താരകൻ എന്ന പുത്രൻ ജനിക്കണം. ബ്രഹ്മാവ് അത് അനുവദിച്ചു.

വരാംഗി ഗർഭവതിയായി. പന്ത്രണ്ടു മാസങ്ങൾ കഴിഞ്ഞ് താരകാസുരൻ ജനിച്ചു. താരകൻ ദീർഘകാലം പഞ്ചാഗ്നി മദ്ധ്യത്തിൽ തപസ്സനുഷ്ഠിച്ചു. ബ്രഹ്മാവ് പ്രത്യക്ഷപ്പെട്ടു. താരകൻ പറഞ്ഞു എനിക്കു മരണം ഉണ്ടാകുമെങ്കിൽ ഏഴുനാൾ മാത്രം പ്രായമായ കുട്ടിയുടെ കൈകൾ കൊണ്ടാവണം. ആ വരം കൊടുത്തതിനു ശേഷം ബ്രഹ്മാവ് അപ്രത്യക്ഷനായി. വരലാഭം കൊണ്ട് അഹങ്കാരിയായ താരകാസുരൻ, പ്രസേനൻ, ജംഭൻ, കാലനേമി മുതലായ അസുരന്മാരോടു ചേർന്ന് സ്വർഗ്ഗ ഭുമിപാതാളങ്ങളെ രോധിച്ചു. ശിവൻ സതീചിന്തയിൽ ആകുലനായി നടക്കുന്ന കാലമായിരുന്നു അത്. താരകാസുരൻ സർവ്വലോകങ്ങളെയും ദിക്പാലകന്മാരെയും ജയിച്ച് ദുഷ്ടന്മാരെ അനുഗ്രഹിച്ച് ശിഷ്യന്മാരെ നിഗ്രഹിച്ച് ഭൂലോകപ്പെരുമാളായി പലയുഗങ്ങൾ വാണു.

ഇന്ദ്രൻ തുടങ്ങിയ ദേവതകളെല്ലാം ബ്രഹ്മാവിനെ സമീപിച്ച് സങ്കടം പറഞ്ഞു. ബ്രഹ്മാവ് സന്തുഷ്ടനായി ഇങ്ങനെ അരുളി ചെയ്തു. ഈ ആപത്ത് പ്രതിവിധിയില്ലാത്തതല്ല. ഞാൻ താരകനു കൊടുത്ത വരത്തിനുള്ളിൽ അവനെ വധിക്കുന്നതിനുള്ള ഒരു ഉപാധികൂടി ഒളിഞ്ഞു കിടക്കുന്നുണ്ട്. ഏഴുനാളില

ധികം പ്രായമാകാത്ത ശിശുതന്നെ കൊന്നുകൊള്ളട്ടെ എന്ന് വരലാഭവേളയിൽ താരകൻ തന്നെ സമ്മതിച്ചിട്ടുള്ളതാണ്. എന്നാൽ ഏഴുനാൾ മാത്രം പ്രായം ചെന്ന ശിശു താരകാസുരവധം നടത്തണമെങ്കിൽ ആ ശിശുപരമശിവന്റെ വീര്യത്തിൽ നിന്ന് ജനിച്ചവനായിരിക്കണം. സതിയുടെ അകാലനിര്യാണം നിമിത്തം ബ്രഹ്മചര്യം അനുഷ്ഠിച്ച് കഴിഞ്ഞുകൂടുന്ന പരമശിവന് പുത്രൻ ജനിക്കാനിടയില്ല എന്ന ധാരണ കൊണ്ടാണ്, താരകൻ അങ്ങനെ സമ്മതിച്ചത്. അതിൻ ഞാനൊരുപരിഹാരം പറയാം. സതി തന്നെ ഹിമാവാന്റേയും മേനയുടേയും പുത്രിയായി കാളി എന്ന പേരിലവതരിക്കും. കാളി കഠിനമായി തപസ്സനുഷ്ഠിക്കും. പരമശിവൻ വ്രതഭംഗം ചെയ്തു കാളിയെ ഭാര്യയായി സ്വീകരിക്കുകയും ഉണ്ണി പിറക്കുകയും ചെയ്യുമെങ്കിൽ അനുഗൃഹീതരായി.

ഈ ഘട്ടത്തിൽ ശിവൻ സതീചിന്തയാൽ കാലം കഴിക്കുകയാണ്. ഒരിക്കൽ വിരഹാതുരനായ ശിവൻ കാളിന്ദിയിൽ കുളിക്കുകയും അന്നു മുതൽ കാളിന്ദീ ജലം കറുത്ത നിറമുള്ളതായിത്തീരുകയും ചെയ്തു.

ബ്രഹ്മാവിന്റെ അടുക്കൽ നിന്നു പിരിഞ്ഞു പോയ ഇന്ദ്രാദികൾ കാര്യനിർവഹണത്തിനുള്ള ഉപാധികളെപ്പറ്റി ആലോചിക്കുന്നതിന് ദേവഗുരുവായ ബൃഹസ്പതിയെ സമീപിച്ചു. ബൃഹസ്പതി ഇങ്ങനെ പറഞ്ഞു. ദേവകാര്യത്തിന് ഒരു കാലത്തും വിഘ്നം സംഭവിക്കില്ല. പുത്രിയെ ലഭിക്കണമെന്ന് ഹിമവാൻ വളരെക്കാലം തപസ്സു ചെയ്തതിന്റെ ഫലമായി പരമശിവന്റെ അനുഗ്രഹം നിമിത്തം സതീദേവി തന്നെ ഹിമവാന്റെ പുത്രിയായി ജനിച്ചു കഴിഞ്ഞിരിക്കുന്നു. ശിശുദേവാവതാരമാണെന്ന് താരകൻ ഊഹിക്കാതിരിക്കാൻ ബ്രഹ്മാവ് നിശയെ നിയോഗിക്കുകയും നിശയുടെ അന്തർപ്രവേശം കൊണ്ട് ശിശു കറുത്തനിറത്തിൽ പിറക്കുകയും ചെയ്തിരിക്കുന്നു. ആ രൂപം കണ്ട് ഹിമവാൻ അത്ഭുതപരതന്ത്രനായി. ശിശു വളർന്ന് പരമദുഷ്കരമായ തപസ്സനുഷ്ഠിച്ച് പരമശിവനെ ഭർത്താവായി സമ്പാദിക്കും.സതിയും ശിവനും ഒരു ജന്മത്തിലും പിരിഞ്ഞിരിക്കുന്ന വരല്ല. അല്ലയോ ഇന്ദ്രാ, അങ്ങ് ശിവനെ ഗാർഹസ്ഥ്യ ജീവിതത്തിൽ താല്പര്യമുള്ളവനാകുന്നതിനു വേണ്ട ഉപായങ്ങൾ ചെയ്യുക.

കറുത്ത നിറമായതു കൊണ്ട് കാളി എന്ന് അവൾ അറിയപ്പെട്ടു. ഹിമവൽസാനു പ്രദേശത്തുള്ള മഹാവനാന്തരത്തിലുള്ള നദീതീരത്തിൽ ചെന്ന് രണ്ടു തോഴിമാരോടു കൂടി കേവലം ബാലികയായ കാളി, പരമഘോരമായ തപസ്സു തുടങ്ങി വർഷകാലത്തിൽ ജലത്തിലും വേനൽക്കാലത്ത് പഞ്ചാഗ്നി മദ്ധ്യത്തിലും കഠിനമായ തപസ്സാരംഭിച്ചു. പല ആയിരം വർഷങ്ങൾ ഇങ്ങനെ കടന്നു. സതീചിന്തയിൽ നാടു ചുറ്റിനടന്ന ശിവൻ ഒരിക്കൽ ഹിമവാന്റെ സൗധത്തിൽ ചെല്ലുകയുണ്ടായി. ഹിമവാന്റെ നിർബന്ധം മൂലം ശിവൻ കുറെക്കാലം അവിടെ താമസിച്ചു. ഹിമവാന്റെ പുത്രി വ്രതാനുഷ്ഠാനങ്ങളിൽ മുഴുകി വനത്തിൽ കഴിയുകയാണെന്ന് മനസ്സിലാക്കിയ ശിവൻ കാളിയുടെ ആശ്രമത്തിൽ ചെന്നു. കാളിതൊഴുകൈയോടെ എഴുന്നേറ്റു നിന്നു. കാളിയെ ഹൃദയം കൊണ്ട് അഭിനന്ദിച്ചു. പക്ഷെ ശിവൻ പെട്ടെന്ന് അപ്രത്യക്ഷനായി.

ഒരു ദിവസം ആശ്രമത്തിൽ ശിവൻ ഒരു ബ്രഹ്മത്തെ (വടു) ബാലനായി കടന്നു ചെന്നു. കാളിയും സഖികളും ആദരവോടെ സ്വീകരിച്ചു. തപസ്സിന്റെ ഉദ്ദേശ്യം എന്തെന്ന് ആരാഞ്ഞു. വിവരങ്ങളെല്ലാം വടുവിനെ ധരിപ്പിച്ചു. അതെല്ലാം കേട്ടിട്ട്, അഭികാമ്യമായ പ്രായം, സമ്പന്നനായഅച്ഛന്റെ മകൾ, അസുലഭമായ സൗന്ദര്യധോരണി ഇവയെല്ലാം അവഗണിച്ച് കേവലം ഒരു മുതു കാളയുടെ പുറത്ത് സഞ്ചരിക്കുന്നതിന്റെ അർത്ഥമെന്തെന്ന് വടു ചോദിച്ചു. വടു ശിവനെ പുച്ഛിച്ചത് അവൾക്കിഷ്ടപ്പെട്ടില്ല. സന്തുഷ്ടനായ ശിവൻ സ്വന്തം രൂപത്തിൽ പ്രത്യക്ഷനായി. ദേവന്താരുടെയും മഹർഷിമാരുടെയും സാന്നിദ്ധ്യത്തിൽ ശിവൻ പാർവ്വതിയെ വിവാഹം കഴിച്ചു.

ശിവനും കാളിയും മധുവിധു ആഘോഷിച്ച് ചുറ്റിത്തിരിയുന്ന സമയത്ത് , ശിവൻ പാർവ്വതിയെ പ്രേമപുരസ്സരം കാളി, കാളി എന്നു കണ്ടു പ്രാവശ്യം വിളിച്ചത് നിന്ദാസൂചകമായി പാർവ്വതിക്കു തോന്നി. കറുത്തിരുണ്ട ശരീരം ശിവന് അനിഷ്ടമാണെന്ന് വിശ്വസിച്ച്, സങ്കടപ്പെട്ട് ഞാൻ ഇതാ പോകുന്നു എന്നു പറഞ്ഞ് ആകാശമാർഗ്ഗം സഞ്ചരിച്ച് മഹാകാനനത്തിലെത്തി ചേർന്നു. അവിടെ തപസ്സു ചെയ്തു. ഒറ്റക്കാലിൽ നിന്ന് നൂറുവർഷം തപസ്സു ചെയ്തു. പരമേശ്വരപത്നിയായ പാർവ്വതി ഇത്ര തീവ്രമായ തപസ്സു ചെയ്യുന്നതിൻരെ കാരണം ബ്രഹ്മാവ് ആരാഞ്ഞു. പാർവ്വതി എല്ലാം വിശദമായി പറഞ്ഞു. ബ്രഹ്മാവ് ഇങ്ങനെ അരുളി ചെയ്തു, ഇന്നു മുതൽ നിന്റെ നീലനിറം നീങ്ങി താമരപ്പൂവിന്റെ അല്ലിയുടെ നിറം വന്നു ചേരും. ആ ഗൗരവർണ്ണം നിമിത്തം നിന്നെ ലോകം ഗൗരി എന്നു വിളിക്കും. ബ്രഹ്മാവ് ഇതു പറഞ്ഞു കഴിഞ്ഞപ്പോൾ കാളിയുടെ കറുത്തപുറം പൊലി അഴിഞ്ഞു നീങ്ങി. അങ്ങനെ കാളി ഗൗരിയായി അറിയപ്പെട്ടു.






# ആൽബെർട്ട് ഐൻസ്റ്റിൻ
## (1879 - 1955)

**യു.എസ്. രവീന്ദ്രൻ . ഫോൺ : 9496120978**

**(ഏപ്രിൽ രണ്ടാം തീയതി ലോക ഓട്ടിസദിനമായി ആചരിക്കപ്പെടുന്നു. ഓട്ടിസം രോഗമല്ല, ഒരു സ്വഭാവ വിശേഷമാണ്. ഓട്ടിസം ബാധിച്ചവർക്കു വേണ്ടത് സഹതാപമല്ല അംഗീകാരമാണ്. ഓട്ടിസം സ്പെക്ട്രത്തിന്റെ പരിധിയിൽ വരുന്ന സംസാരവൈകല്യം ബാധിച്ചിരുന്ന ആൽബർട്ട് ഐൻസ്റ്റിൻ എന്ന ബാലൻ വലുതായപ്പോൾ നോബൽ സമ്മാന ജേതാവായി. ഓട്ടിസം മൂലം അന്തർമുഖരായി പിൻവലിയുന്ന കുട്ടികൾക്ക് വേണ്ടി സമർപ്പിക്കുന്നു)**



ലോകത്തിലെ മഹാന്മാരായ ശാസ്ത്രജ്ഞന്മാരിൽ ഏറ്റവും മഹാനായ ആൽബർട്ട് ഐൻസ്റ്റിനെപ്പറ്റി ഒറ്റവാക്കിൽ പറഞ്ഞാൽ മൂന്നക്ഷരത്തിൽ ഒതുങ്ങും 'ലാളിത്യം' . ഒരിക്കൽ അദ്ദേഹം നടന്നു പോകുമ്പോൾ മഴപെയ്യാൻ തുടങ്ങി. ഉടൻ തന്നെ തലയിലെ തൊപ്പിയെടുത്ത് അദ്ദേഹം കോട്ടിനുള്ളിൽ ഒളിപ്പിച്ചു. എന്താണ് അങ്ങനെ ചെയ്തതെന്ന് കൂട്ടുകാരൻ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞതിന്റെ ന്യായം ഇങ്ങനെയായിരുന്നു. മഴ കൊണ്ടാൽ തൊപ്പി നനഞ്ഞ് കേടു വന്നു പോകും. തലയിലെ മുടിക്ക് ഒന്നും സംഭവിക്കുകയില്ല. എത്ര പ്രാവശ്യം നനഞ്ഞിട്ടുള്ളതാണ്. ഒരു വസ്തുതയുടെ യഥാർത്ഥ ഹൃദയഭാഗത്തേയ്ക്ക് ഇറങ്ങിചെല്ലാനുള്ള അദ്ദേഹത്തിന്റെ ഈ കഴിവാണ് പല കണ്ടുപിടുത്തങ്ങളിലേക്കും നയിച്ചത്.

ന്യൂജർസിയിലെ പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റിയിൽ ജോലിയിൽ പ്രവേശിപ്പിച്ചപ്പോൾ അദ്ദേഹത്തിന് ഇഷ്ടമുള്ള ശമ്പളം എഴുതിയെടുക്കുവാൻ അനുവദിക്കുന്ന ചെക്ക് കൊടുത്തിരുന്നു. അദ്ദേഹം കേവലം സ്വന്തം ചിലവുകൾക്കു വേണ്ടിമാത്രം തികയുന്ന ഏറ്റവും കുറഞ്ഞ തുക ചെക്കിൽ എഴുതി. യോഗ്യതക്ക് അനുസൃതമായ ഉയർന്ന ശമ്പളം കൈപ്പറ്റുവാൻ അധികാരികൾക്ക് അദ്ദേഹത്തെ നിർബന്ധിക്കേണ്ടിവന്നു.

ഒരു ദിവസം ഒരു ഗവേഷണ വിദ്യാർത്ഥിക്ക് പ്രോജക്ടുമായി ബന്ധപ്പെട്ട് ഐൻസ്റ്റിനെ കാണേണ്ടതുണ്ടായിരുന്നു. പ്രശസ്തനും മഹാനുമായ അദ്ദേഹത്തിന്റെ മനോഭാവം എന്തായിരിക്കും എന്ന് സംശയിച്ച് സംശയിച്ച് പതുക്കെ അദ്ദേഹത്തിന്റെ ഓഫീസ് വാതിലിൽ മുട്ടി, വരൂ..... അദ്ദേഹം ക്ഷണിച്ചു. സ്വാഗതവും എന്താണ് ആഗമനോദ്ദേശ്യവും എന്ന രണ്ട് ആശയങ്ങളെ പുഞ്ചിരിച്ചു കൊണ്ടുള്ള ആ ഒറ്റവാക്കിൽ അദ്ദേഹം ഒളിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ നിയന്ത്രണമില്ലാതെ പാറി എഴുന്നേറ്റ് നിൽക്കുന്ന മുടിയും, അലസമായ വസ്ത്രധാരണവും സന്തതസഹചാരിയായ പുകവലി കുഴലിൽ നിന്നുള്ള പുകയും കൊണ്ട് തികച്ചും ഒരനൗപചാരികമായ അന്തരീക്ഷമായിരുന്നു ഓഫീസിൽ. എല്ലാം കണ്ടപ്പോൾ വിദ്യാർത്ഥിയുടെ ഭയമെല്ലാം മാറി. സംശയനിവൃത്തി എളുപ്പമായി. വിദ്യാർത്ഥി തന്റെ ആശയങ്ങൾ അവതരിപ്പിക്കുകയായിരുന്നു. സങ്കീർണമായ സമവാക്യങ്ങൾ ബോർഡിൽ എഴുതി വിശദീകരിച്ചു കൊണ്ടേയിരുന്നു വിദ്യാർത്ഥി. സൗമ്യനായി ഐൻസ്റ്റീൻ പറഞ്ഞു, ദയവു ചെയ്ത് സാവധാനം വിവരിക്കുക. ഇത്രവേഗത്തിൽ പറഞ്ഞാൽ എനിക്ക് മനസ്സിലാകുകയില്ല. പുഞ്ചിരിച്ചു കൊണ്ട് വിദ്യാർത്ഥി സാവധാനം വിശദീകരണം തുടർന്നു. ഭയമെല്ലാ പമ്പകടന്നു.

ജർമ്മനിയിലെ ഉലും എന്ന സ്ഥലത്ത് 1879ൽ

ആണ് ഐൻസ്റ്റിൻ ജനിച്ചത്. കുട്ടിക്കാലത്ത് അത്ഭുത ശിശു എന്ന വിശേഷണത്തിനിണങ്ങിയ പ്രത്യേകതകൾ ഒന്നും ഉണ്ടായിരുന്നില്ല. മാത്രവുമല്ല സംസാരിക്കാൻ ബുദ്ധിമുട്ടുകളുമുണ്ടായിരുന്നു. അച്ഛനമ്മമാർ പുത്രൻ ഒരു മണ്ടശിരോമണി ആയിപ്പോകുമോ എന്ന് സങ്കടപ്പെട്ടിരുന്നു. എന്നാൽ സ്കൂൾ ടീച്ചർമാർക്ക് ഈ കുട്ടിയിൽ എന്തോ പ്രത്യേകതയുണ്ടെന്ന് തോന്നിയിരുന്നു. ഗണിതശാസ്ത്രത്തിലെ ഒരു വിഭാഗമായ കാൽകുലസ് ഐൻസ്റ്റിൻ തന്നത്താൻ പഠിച്ചെടുത്തു. പലപ്പോഴും ഉടനെ ഉത്തരം നൽകാൻ പറ്റാത്ത ചോദ്യങ്ങൾ ചോദിക്കുന്നത് കൊണ്ട് ഐൻസ്റ്റിനെ അധ്യാപകർക്ക് പേടിയായിരുന്നു. ഒരിക്കൽ ഒരു സംശയം ഉന്നയിച്ചു, പ്രകാശതരംഗങ്ങൾക്ക് ഒപ്പം ഒരാൾക്ക് സഞ്ചരിക്കുവാൻ സാധിക്കുകയാണെങ്കിൽ പ്രകാശതരംഗങ്ങൾ നിശ്ചലമാണെന്ന് അയാൾക്ക് തോന്നുകയില്ലേ? പതിനാറുവയസ്സുകാരന്റെ നിഷ്കളങ്കമായ ഒരു ചോദ്യമാണെന്ന് തോന്നുമെങ്കിലും ഒരു പ്രശ്നത്തിന്റെ ഹൃദയത്തിലേയ്ക്കുള്ള യാത്രയുടെ തുടക്കമായിരുന്നു അത്. അടുത്ത പത്തുവർഷം കൊണ്ട് ആപേക്ഷിക സിദ്ധാന്തം എന്ന തത്ത്വം അദ്ദേഹത്തിന് സ്ഥാപിച്ചെടുക്കാൻ കഴിഞ്ഞു.

സൂറിച്ചിലുള്ള സ്വിസ്ഫെഡറൽ സ്കൂളിലേക്ക് പ്രവേശനത്തിനുള്ള എൻട്രൻസ് പരീക്ഷയിൽ ആദ്യത്തെ ശ്രമത്തിൽ വിജയിച്ചില്ലെങ്കിലും അടുത്ത കൊല്ലം പ്രവേശനം ലഭിച്ചു. സിലബസ് പ്രകാരമുള്ള പഠനത്തിനുപുറമേ സ്വന്തം നിലയിൽ ഐൻസ്റ്റിൻ ഭൗതികശാസ്ത്രത്തിലെ പുതിയ പ്രവണതകളെപ്പറ്റിയും പഠിച്ചുകൊണ്ടിരുന്നു. വിദ്യാഭ്യാസസ്ഥാപനങ്ങളിൽ അധ്യാപന ജോലിക്കുള്ള ഐൻസ്റ്റിന്റെ അപേക്ഷകൾ നിരസിക്കപ്പെട്ടു കൊണ്ടിരുന്നു. അവസാനം 1902ൽ ഒരു പേറ്റന്റ് പരിശോധകനായി ബേണിൽ ജോലികിട്ടി. അപ്പോൾ മുതൽ ഈ ബുദ്ധിരാക്ഷസനിൽ മൊട്ടിട്ടിരുന്ന ശാസ്ത്രാശയങ്ങൾ ഓരോന്നായി വിരിയാൻ തുടങ്ങി. 1905 കാലഘട്ടങ്ങളിലാണ് അദ്ദേഹത്തിന്റെ ഏറ്റവും ഉദാത്തമായ ആശയങ്ങൾ ഊർജ്ജമെന്നാൽ പിണ്ഡത്തിന്റേയും വേഗതയുടെ വർഗത്തിന്റേയും ഗുണിതമാണ് ($E=mc^2$) എന്ന തത്ത്വവും രാശിതത്വവും സ്ഥാപിക്കപ്പെട്ടത്. ശാസ്ത്രലോകത്തെ വിപ്ലവാത്മകമായ ഈ തത്ത്വങ്ങൾ പരസ്പരം വിപരീതാശയങ്ങൾ ഉൾക്കൊള്ളുന്നവയാണെന്ന് തോന്നിയേക്കാം. ആദ്യത്തേത് പ്രകാശതരംഗങ്ങളെക്കുറിച്ചായിരുന്നെങ്കിൽ രണ്ടാമത്തേത് പ്രകാശകണികയെ കുറിച്ചായിരുന്നു. എന്നാൽ ഐൻസ്റ്റിൻ എന്ന ചെറുപ്പക്കാരൻ ഈ രണ്ടു തത്ത്വങ്ങൾ ധൈര്യപൂർവ്വം അവതരിപ്പിക്കുകയും സ്ഥാപിച്ചെടുക്കുകയും ചെയ്തു. സ്വന്തം ശ്രദ്ധയെ പഠനസമയത്ത് പഠനവിഷയങ്ങളിലേക്ക് മാത്രം കേന്ദ്രീകരിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവ് അപാരമായിരുന്നു.

ഒരു ശാസ്ത്ര പ്രശ്ന പരിഹാരത്തിനായി മാനസിക യുദ്ധം നടത്തുമ്പോൾ ഒരു മൃഗം ഇരയെ പിടിക്കാൻ ശ്രമിക്കുന്ന പോലെയായിരുന്നു അദ്ദേഹത്തിന്റെ പ്രകൃതി. അത്യന്തം ബുദ്ധിമുട്ടുള്ള ഘട്ടങ്ങളിൽ എഴുന്നേറ്റ് നിന്ന് പൈപ്പിൽ നിന്നും പുക വലിച്ചു കൊണ്ടു പറയും, “I will littel tink” (Think എന്ന വാക്കിലെ ത അദ്ദേഹത്തിനു വഴങ്ങുകയില്ലായിരുന്നു.) പിന്നെ അദ്ദേഹത്തിന്റെ ചറപറ മുടിയിൽ കൂടെ വിരൽ ഓടിച്ചുകൊണ്ട് മേലോട്ടും താഴോട്ടും കൂടെ കൂടെ നോക്കി കൊണ്ടിരിക്കും. കാണുന്നവർക്ക് അദ്ദേഹം സ്വപ്നലോകത്താണെന്ന് തോന്നും. ചിലപ്പോൾ അനന്തതയിലേക്ക് യാത്ര ചെയ്തുകൊണ്ടിരിക്കുകയാണെന്ന് തോന്നും. എന്നാൽ എപ്പോഴും സ്വന്തം ഉള്ളിലേക്ക് നോക്കിക്കൊണ്ടിരുന്ന ഒരു മുഖമാണ് അദ്ദേഹത്തിന്റേത്. ഒരിക്കലും നെറ്റി ചുളിക്കാറില്ല. ബാഹ്യലക്ഷണങ്ങൾ കൊണ്ട് അതീവശ്രദ്ധ കേന്ദ്രീകരിച്ച അവസ്ഥയിലാണെന്ന് മനസ്സിലാക്കാൻ ബുദ്ധിമുട്ടാണ്. എപ്പോഴും അന്തരാത്മാവുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നു. കുറേ നിമിഷങ്ങൾക്കു ശേഷം ഒരു പുഞ്ചിരിയോടു കൂടിയുള്ള ദീർഘനിശ്വാസം. ഒരു പ്രശ്നത്തിനുള്ള ഉത്തരം കണ്ടുപിടിച്ചിരിക്കുന്നു. ചിലപ്പോൾ ഉത്തരം വളരെ ലളിതമായിരുന്നേക്കാം. എന്നാൽ ആ വഴിക്ക് ചിന്തിക്കാനുള്ള മനസ്സിന്റെ ഇന്ദ്രജാലവിദ്യ ഐൻസ്റ്റിനു മാത്രമുള്ളതാണ്.

ഐൻസ്റ്റിന്റെ ഭാര്യ മരിച്ചപ്പോൾ അദ്ദേഹം അതീവദുഃഖിതനായിരുന്നു. ആ ദുഃഖത്തെ മുഴുവനും നേരിട്ടത് കൂടുതൽ സമയം തന്റെ ഗവേഷണ മേഖലയിൽ കഠിനാദ്ധ്വാനം ചെയ്തുകൊണ്ടായിരുന്നു. മണിക്കൂറുകൾ നേരത്തെ കഠിനാദ്ധ്വാനത്തിനു ശേഷം അല്പവിരാമമിടുമ്പോൾ അദ്ദേഹം പറയും ‘നല്ലൊരു വിനോദം തീർന്നു പോയി.’

പ്രത്യക്ഷമായി പ്രാർത്ഥനകളിലോ മതചടങ്ങുകളിലോ അദ്ദേഹം പങ്കെടുക്കാറില്ല. എന്നാൽ അദ്ദേഹം അതിരറ്റ ദൈവവിശ്വാസിയായിരുന്നു. അദ്ദേഹം പറയാറുണ്ട് ആശയങ്ങൾ ദൈവത്തിൽ നിന്നും വരുന്നു. (Ideas come from God). God എന്ന പദത്തിന്റെ G ഉച്ചരിക്കുന്നത് കേൾക്കുമ്പോൾ കേൾക്കുന്നവർക്ക് മനസ്സിലാകും അത് ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നും വരുന്നതാണെന്ന്. പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റിയിലെ തീകായുന്ന മുറിയിലെ ഒരു മാർബിൾ ഫലകത്തിൽ ഐൻസ്റ്റിന്റെ നിർദ്ദേശ പ്രകാരം ഇങ്ങനെ എഴുതിവച്ചിട്ടുണ്ട് “God is subtle. He is not malicious” ദൈവം സൂക്ഷ്മദർശിയാണ്. ഒരിക്കലും വിദ്വേഷമതിയല്ല. ഇതുകൊണ്ട് അദ്ദേഹം ഉദ്ദേശിച്ചത് ശാസ്ത്രജ്ഞന്മാർ അവരുടെ ജോലി വളരെ ബുദ്ധിമുട്ടുള്ളതാണെന്ന് മനസ്സിലാക്കണം; എന്നാൽ ഒരിക്കലും ആശ കൈവിടരുത് എന്നുമാണ്. പ്രപഞ്ചം ഒരു നിയമമാണ്. ദൈവം മനുഷ്യനെ മനഃപ്പൂർവ്വം വിരോധാഭാസങ്ങൾകൊണ്ട് തെറ്റിദ്ധരിപ്പിക്കുന്നില്ല.



ഐൻസ്റ്റിൻ നല്ല സംഗീതപ്രേമിയാണ്. വയലിൻ അനായാസം കൈകാര്യം ചെയ്യാൻ കഴിയുമായിരുന്നു. അദ്ദേഹം പറയാറുണ്ട് മൊസാർട്ടാണ് ലോകത്തിലെ ഏറ്റവും നല്ല സംഗീതജ്ഞൻ എന്ന്. ബിഥോവൻ നല്ല സംഗീതം സൃഷ്ടിച്ചു. എന്നാൽ മൊസാർട്ട് പ്രപഞ്ചത്തിൽ അലിഞ്ഞു ചേർന്നിട്ടുള്ള, മറ്റുള്ളവർക്ക് കണ്ടെത്താനാവാത്ത സംഗീതത്തെ കണ്ടെത്തി.

മൊസാർട്ടിന്റെ സംഗീതത്തിന്റെ ലാളിത്യം പോലെയാണ് ഐൻസ്റ്റിന്റെ കണ്ടുപിടുത്തങ്ങളുടെ രീതിയും. 1905ൽ സ്ഥാപിക്കപ്പെട്ട ആപേക്ഷികസിദ്ധാന്തം (Theory of Relativity) കേവലം ലളിതമായ രണ്ടു അനുമാനങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്നു. ഒന്ന് ആപേക്ഷികതത്ത്വം ഉദാഹരണമായി പറഞ്ഞാൽ നമ്മൾ സ്ഥിരമായി ഒരിടത്താണോ അതോ വളരെ സാവധാനം ചലിച്ചു കൊണ്ടിരിക്കുകയാണോ എന്നു നമുക്ക് പറയാൻ സാധിക്കുകയില്ല. രണ്ടാമത്തെ അനുമാനം പ്രകാശത്തിന്റെ വേഗത എപ്പോഴും ഒന്നുതന്നെയാണ്; അത് ഉണ്ടാക്കുന്ന ശ്രോതസ്സിന്റെ വേഗതയെ ആശ്രയിച്ചിരിക്കുന്നില്ല.

മേൽപറഞ്ഞ അനുമാനങ്ങളെ പ്രത്യക്ഷത്തിൽ ശരിവയ്ക്കുന്ന ഉദാഹരണമുണ്ട്. ഒരു തടാകത്തിൽ കല്ല് ഇടുകയാണെങ്കിൽ വെള്ളത്തിൽ തരംഗങ്ങൾ ഉണ്ടാകും. ചലിക്കാത്ത ഒരു തൂണിന്റെ മുകളിൽ നിന്ന് കല്ലെറിഞ്ഞാലും ഓടിക്കൊണ്ടിരിക്കുന്ന ഒരു ബോട്ടിൽ നിന്ന് കല്ലെറിഞ്ഞാലും തരംഗം ഉണ്ടായിക്കഴിഞ്ഞാൽ തരംഗത്തിന് അതിന്റേതായ വേഗതയുണ്ട്. കല്ലിന്റെ വേഗതയെ ആശ്രയിച്ചല്ല തരംഗത്തിന്റെ വേഗത നിലനിൽക്കുന്നത്.

ശാസ്ത്രം സമയവും സ്ഥലവും (Time and space) അടിസ്ഥാനപരമായി കൂട്ടിയിണക്കിയ ഒരു ചീട്ടുകൊട്ടാരം പോലെയാണ്. സമയത്തെ ശല്യപ്പെടുത്തിയാൽ കൊട്ടാരം തകരും. അതുതന്നെയാണ് ഐൻസ്റ്റിന്റെ കണ്ടുപിടുത്തങ്ങൾ അത്ര പ്രധാനമായതും പല വിവാദങ്ങൾ സൃഷ്ടിച്ചതും. പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റിയിൽ സംഘടിപ്പിച്ച അദ്ദേഹത്തിന്റെ 70-ാം ജന്മദിനാഘോഷത്തിൽ ഈ നോബൽ സമ്മാനജേതാവിന്റെ കഴിവുകളെ പ്രശംസിച്ച് പലരും സംസാരിച്ചു. മറുപടി പ്രസംഗം പറയാൻ അദ്ദേഹം വാക്കുകൾക്കു വേണ്ടി ബുദ്ധിമുട്ടുകയായിരുന്നു. അവസാനം സ്വന്തം വാച്ചിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് അദ്ദേഹം പറഞ്ഞു, ‘എല്ലാം വന്നത് ഇവിടെ നിന്നാണ്’, സമയത്തെപ്പറ്റിപറഞ്ഞ ആ ഒറ്റ വാചകം മതിയായിരുന്നു എല്ലാവരുടെയും ആശംസയ്ക്കുള്ള മറുപടി. പ്രശസ്തി ഒരിക്കലും അദ്ദേഹത്തെ അഹങ്കാരിയാക്കിയിരുന്നില്ല.

ശാസ്ത്രത്തിന്റെ ഗഹനമായ മേഖലയിൽ മാത്രമേ ഐൻസറ്റിൻ വിഹരിച്ചിരുന്നുള്ളൂ എന്ന് കരുതരുത്. ദൈനംദിന ജീവിതത്തിലെ ചെറിയ ചെറിയ കാര്യങ്ങളുടെ ശാസ്ത്രപ്രസക്തി പോലും അദ്ദേഹത്തിന് വിഷയമായിരുന്നു.

ഒരിക്കൽ ബീച്ചിൽക്കൂടെ നടന്നു പോകുമ്പോൾ അദ്ദേഹം കൂട്ടുകാരനോട് ചോദിച്ചു ‘സുഹൃത്തേ ഈ മണൽ പൂഴിയിൽക്കൂടെ നടന്നു പോകുമ്പോഴും വെള്ളം മൂടിക്കിടക്കുന്ന കടലിലെ മണലിൽക്കൂടെ നടന്നു പോകുമ്പോഴും കാൽതാണ് മണലിൽ പൂതഞ്ഞു പോകുന്നു. എന്നാൽ കുറച്ചു വെള്ളം തളിച്ച മണലിൽ കാൽപുതഞ്ഞു പോകുന്നില്ല എന്താണെന്നറിയാമോ?’ കൃത്യമായ ഒരു മറുപടി പറയാൻ സുഹൃത്തിനറിയില്ലായിരുന്നു. ഐൻസ്റ്റിൻ വിവരിച്ചു കുറച്ചു വെള്ളം തളിക്കുമ്പോൾ മണലിനു പുറത്ത് ജലത്തിന്റെ നേരിയ ചർമ്മം രൂപപ്പെടുന്നു. ഈ ചർമ്മത്തിന്റെ പ്രതലവലിവ് (surface teusian) കാൽ താഴ്ന്നു പോകാതെ പിടിച്ചു നിർത്തുന്നു. എല്ലാ ദ്രാവകങ്ങൾക്കുമുള്ള ഒരു ഗുണവിശേഷമാണ് പ്രതലവലിവ് (Surface teusian) ഇക്കാരണം കൊ



കരയോഗ സൗഹൃദം 1195 കർക്കിടകം

ണ്ടാണ് മഴത്തുള്ളികൾ ഗോളരൂപത്തിൽ വീഴുന്നത്. രണ്ടു മഴത്തുള്ളികൾ ജനൽ ഗ്ലാസ്സിൽ അടുത്തടുത്ത് സ്ഥിതിചെയ്യുമ്പോൾ വലിയതുള്ളി ചെറിയതുള്ളിയെ വലിച്ചെടുക്കുന്നതും ഈ ഗുണ വിശേഷം കൊണ്ടാണ്. നനഞ്ഞ മണൽ തരികൾക്കിടയിലുള്ള ജലം രണ്ടു മണൽതരികളെ വലിച്ചുപിടിക്കുന്നു. മണൽ തരികൾക്കിടയിലുള്ള ഘർഷണം അവയെ ചിന്നിച്ചിതറി പോകാതെ നിറുത്തുന്നു. നനയാത്ത മണൽപൂഴിയിൽ ഇങ്ങനെ സംഭവിക്കുന്നില്ല. മുങ്ങിക്കിടക്കുന്ന മണലിലാണെങ്കിൽ മണൽ തരികൾക്കിടയിൽ അവയെ വലിച്ചു പിടിക്കാനുള്ള ഒരു ജലപ്രതലമില്ല. ഈ രണ്ടു സന്ദർഭങ്ങളിലും മണലിൽ നടക്കുമ്പോൾ കാൽ മണലിൽ പുതഞ്ഞ് പോകുന്നു. ഇതിന് ആപേക്ഷിത സിദ്ധാന്തവുമായി ബന്ധമില്ല. എങ്കിലും പതിനാറു വയസ്സുള്ളപ്പോൾ തന്നെ പ്രകാശവേഗത്തിൽ ഓടുന്നതിനെപ്പറ്റി ആലോചിച്ച മനസ്സിന്റെ സൗന്ദര്യം, മണലും, ജലവും പ്രതലവലിവും തമ്മിൽ ബന്ധപ്പെടുത്തി ഒരു പ്രശ്ന പരിഹാരം കണ്ടെത്താനുള്ള ആ ചിന്താവിശേഷവും പ്രതിഫലിപ്പിക്കുന്നു.

ദൈനം ദിന ജീവിതത്തിലെ കോലാഹലങ്ങളിൽപ്പെടാതെ ശാന്തമായി കടലാസും പേനയും മാത്രം ഉപയോഗിച്ചു കൊണ്ടുള്ളതായിരുന്നു ഐൻസ്റ്റിന്റെ അദ്ധ്വാനങ്ങൾ എന്നാൽ ശാസ്ത്രലോകത്ത് വിപ്ലവകരമായ ആശയങ്ങൾ അവതരിപ്പിച്ച ഐൻസ്റ്റിന് ശക്തിയായ വിവാദങ്ങളേയും രോഷാകുലമായ വിമർശനങ്ങളേയും നേരിടേണ്ടി വന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ ആപേക്ഷിത സിദ്ധാന്തത്തെ (Theory of relativity) പരിഗണിക്കാതെ രാശികണികതത്വത്തെ (quantian theory) പരിഗണിച്ചാണ് വൈകിയാണെങ്കിലും നോബൽ സമ്മാനം നൽകി ആദരിച്ചത്. രാഷ്ട്രീയ സംഭവങ്ങൾ പലപ്പോഴും അദ്ദേഹത്തിന്റെ സ്വച്ഛതയെ തകിടം മറിച്ചു. ജർമ്മനിയിൽ നാസികൾ അധികാരത്തിൽ വന്നപ്പോൾ ഐൻസ്റ്റിന്റെ ആശയങ്ങൾ തികച്ചും തെറ്റാണെന്നുവരെ പറഞ്ഞു. എന്തുകൊണ്ടെന്നാൽ ഇതെല്ലാം ഒരു ജൂതന്റെ കണക്കുകൾ മാത്രമാണത്രേ! അദ്ദേഹത്തിന്റെ സ്വത്തുക്കൾ കണ്ടുകെട്ടി. ഐൻസ്റ്റിന്റെ തലയ്ക്ക് വിലവരെ നിശ്ചയിച്ചിട്ടുള്ളതായി പറയുന്നു.

നാസികൾ ആറ്റംബോബുണ്ടാക്കുമെന്നും അമേരിക്കൻ ശാസ്ത്രജ്ഞരുടെ ആശങ്ക അമേരിക്കൻ ഭരണാധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഭയത്തോടു കൂടി ശ്രമിച്ചു. ഗത്യന്തരമില്ലാതെ അന്നത്തെ അമേരിക്കൻ പ്രസിഡന്റ് റൂസ്വെൽട്ടിന് ആശങ്കകൾ അറിയിച്ചു കൊണ്ട് ഐൻസ്റ്റിന്റെ കയ്യൊപ്പോടുകൂടി കത്ത് എഴുതി. ഈ സംഭവമാണ് ആറ്റംബോബ് ഉണ്ടാക്കാനുള്ള അമേരിക്കയുടെ തീരുമാനത്തിന് വഴി തെളിയിച്ചത്. എന്നാൽ ബോംബ് നിർമ്മാണത്തിൽ ഒരുവിധത്തിലും ഐൻസ്റ്റിൻ പങ്കുവഹിച്ചില്ല. എന്നാൽ അദ്ദേഹത്തിന്റെ ഊർജ്ജ സമവാക്യം $e = mc^2$ എന്ന തത്വമാണ് ആറ്റംബോബിന്റെ തത്വത്തിന്റെ അടിസ്ഥാനം എന്ന് തിരിച്ചറിഞ്ഞ് ഐൻസ്റ്റിൻ ദുഃഖിതനായി തീർന്നു. അദ്ദേഹത്തിന്റെ കണ്ണുകളിലെ പ്രകാശം മങ്ങി. ഒരു ദിവസം ക്രിസ്തുമസ് കരോൾ പാടി നടന്നിരുന്ന കുട്ടികൾ ഐൻസ്റ്റിന്റെ വാതിലിലും മുട്ടി. തലയിൽ ഒരു ടവൽകെട്ടി വലിയ ഒരു കോട്ടും ധരിച്ച് വയലിനും എടുത്തുകൊണ്ട് ഐൻസ്റ്റിനും അവരുടെ കൂടെ തെരുവിലിറങ്ങി. അദ്ദേഹത്തിന്റെ വയലിനിൽ നിന്നും silent night എന്ന ക്രിസ്തുമസ് ഗാനത്തിന്റെ ധ്വനി പുറത്തുവന്നു.

നോബൽ സമ്മാന ജേതാവായതിന്റെ ആശംസാപ്രസംഗങ്ങൾക്ക് മറുപടിയായി സമയത്തെ സൂചിപ്പിച്ചു കൊണ്ട് ഐൻസ്റ്റിൻ സ്വന്തം വാച്ചിലേക്ക് ചൂണ്ടിയ പോലെ നമ്മൾ എല്ലാവരും സമയത്തിന്റെ സൗന്ദര്യത്തിൽ സഞ്ചരിച്ചു കൊണ്ടിരിക്കുന്നു. ഐൻസ്റ്റിന് ആയിരം പ്രണാമങ്ങൾ.

*(മിനിക്കഥ)*

# വാക്കുകൾ

**ഉണ്ണി വാരിയത്ത്**
**ഫോൺ: 09867179480**

അയാൾ എഴുതാനിരുന്നപ്പോൾ പുഴപോലെ, മഴപോലെ, നിലാവുപോലെ, വാക്കുകൾ ഒഴുകി വന്നു പതിവുപോലെ.

പിന്നെ, എഴുതിക്കഴിഞ്ഞതിൽ കണ്ണോടിച്ച് ഒട്ടേറെ വാക്കുകൾ അയാൾ വെട്ടി നിരത്തി. അതും പതിവുപോലെ.

എങ്കിലും വാക്കുകൾ അയാളോടു പിണങ്ങിയില്ല. തല കാണിക്കാൻ മറ്റൊരിക്കൽ അവസരം കിട്ടുമല്ലോ എന്ന് വിശ്വസിച്ച് , ആശ്വസിച്ച്, ചെറിയ തോതിൽ ഒരു വീഴ്ചയോ, പരിക്കോ, കാഴ്ചയോ ഒതുക്കപ്പെടലോ ഉണ്ടായാൽപ്പോലും മനസ്സു തളരുന്ന വിഡ്ഢികളായ മനുഷ്യരെപ്പോലെയല്ലല്ലോ വാക്കുകൾ.





# ശാസ്ത്രത്തിന്റെ ചരിത്രം, ദർശനം-5

## സാങ്കേതികതയുടെ kഫുരണം ആദിമനുഷ്യനിൽ

**സി. രാമചന്ദ്രൻ**

പദാർത്ഥങ്ങളെ ഫലപ്രദമായി രൂപപ്പെടുത്തി പ്രയോജനകരമാം വിധം കൈകാര്യം ചെയ്യുവാനുള്ള ആദിമ മനുഷ്യന്റെ ത്വരയിൽ നിന്നാണ് സാങ്കേതിക വിദ്യയും അതിലൂടെ ശാസ്ത്രവും അങ്കുരിച്ചത്. കണ്ടും അനുകരിച്ചും പുരോഗമിച്ച പ്രായോഗിക സൂത്രങ്ങൾ, വാമൊഴിയിലൂടെയും പിന്നീട് കാലങ്ങൾക്കു ശേഷം വരമൊഴിയിലൂടെയും വികാസം പ്രാപിച്ചു. ഒന്നാലോചിച്ചാൽ ഇന്നത്തെ നാഗരികതയും വിപുലീകരിക്കപ്പെട്ട സാങ്കേതികതയും നമ്മുടെ പഴയകാരണവന്മാരിൽ നിന്നും തുടങ്ങുന്നതാണ്. അതിനിടയിൽ മണ്ണിൽ മറഞ്ഞും പുതഞ്ഞും പോയ ആദിമകണ്ണികളെ ചികഞ്ഞെടുക്കുവാനുള്ള ദൗത്യം പുരാവസ്തു, നരവംശ ഭാഷാ, ശാസ്ത്രജ്ഞന്മാരുടേതാണ്. ചരിത്രകാരന്മാരും അവരോടൊപ്പമുണ്ട്. അവശിഷ്ടങ്ങളും ലിഖിതങ്ങളും പരിശോധിച്ചും പൗരാണികമായ ആചാരങ്ങളെ അപഗ്രഥിച്ചുമാണ് തള്ളാനുള്ളത് തള്ളുകയും കൊള്ളാനുള്ളതു കൊള്ളുകയും ചെയ്യുന്നത്. അറ്റുപോയ കണ്ണികളെ കൂട്ടിമുട്ടിക്കുവാനും വിളക്കിച്ചേർക്കുവാനും വിളക്കിയെടുക്കുവാനുമുള്ള സജ്ജീകരണങ്ങളുമുണ്ട്. എന്നാൽ വ്യവസ്ഥാപിത ചരിത്രകാരന്മാരിൽ ശാസ്ത്രബോധത്തേക്കാളധികം സാമൂഹ്യബോധമാണ് സ്ഫുരിച്ചു നിൽക്കുക. രണ്ടിന്റെയും സമന്വയമാണ് വേണ്ടത്.

ചിലതെല്ലാം ഊഹിക്കേണ്ടിവരും. എന്നാൽ ഊഹം പോലും വസ്തുനിഷ്ഠവും യാഥാർത്ഥ്യബോധവുമുൾക്കൊള്ളുന്നതുമാകണം. പ്രപഞ്ചത്തെ എങ്ങിനെയായിരിക്കാം ആദിമമനുഷ്യൻ നോക്കിക്കണ്ടു വിലയിരുത്തിക്കാണുക എന്ന് നമുക്ക് ഊഹിക്കാനേ കഴിയൂ. പുർവ്വ ജൈവജീവികളിൽ നിന്നു പരിണമിച്ചുണ്ടായ മനുഷ്യന് ശാരീരികവും മാനസികവുമായ പല സിദ്ധികളും പരമ്പരകളിലൂടെ തുടർന്നു വന്നു ലഭിച്ചതാണ്. വസ്തുക്കളെ കയ്യിലെടുത്തു പെരുമാറുവാനും അതിലൂടെ പഠിക്കുവാനുള്ള സവിശേഷ സാമർത്ഥ്യം മറ്റുജന്തുക്കളെ അപേക്ഷിച്ച് മനുഷ്യനു കൂടുതലായുണ്ട്. കയ്യിന്റെയും കണ്ണിന്റെയും മെയ്യിന്റെയും സമയപ്പൊരുത്തത്തോടെയുള്ള ഏകീകൃത പ്രവർത്തനമാണ് കരുക്കളുടെ ഉപയോഗം സാധ്യമാക്കിയത്. പദാർത്ഥങ്ങൾ ഓരോരോ ആവശ്യങ്ങൾക്കായി തരംതിരിച്ചെടുത്തു രൂപപ്പെടുത്തി ഉപയോഗിക്കുവാനും പഠിച്ചു. ഇതിന്റെയെല്ലാം തുടർച്ചതന്നെയാണ് ഇന്നത്തെ ആ സാങ്കേതികവിദ്യകളിൽ കാണുന്നത്.

ഉരുത്തിരിഞ്ഞുവരുന്ന മറ്റൊന്നാണ് സാമൂഹ്യ നിർമ്മിതി, സാമൂഹമായി സംയോജിച്ചു നിന്ന് കൂട്ടായി ആശയങ്ങൾ കൈമാറിയിരുന്നില്ലെങ്കിൽ ഇതൊന്നും തന്നെ സാധ്യമാകുമായിരുന്നില്ല. സാങ്കേതിക ഉപകരണങ്ങളിൽ പരിഷ്കരണമുണ്ടാകുന്നത് പോലെ സാമൂഹ്യ സൂത്രങ്ങളിലും പരീക്ഷണങ്ങളും പരിഷ്ക്കാരങ്ങളുമുണ്ടായി. പ്രത്യേക ഇണകളോ, കുടുംബസംവിധാനങ്ങളോ ഇല്ലാതെയിരുന്ന അവസ്ഥയിൽ നിന്ന് ബഹുഭാര്യാത്വം, ബഹുഭർത്തൃത്വം തുടങ്ങിയ പരീക്ഷണങ്ങളിലൂടെ കടന്നു കടന്ന് കുടുംബവ്യവസ്ഥിതിയിൽ എത്തി നിൽക്കുന്നു. അതു തന്നെ കൂട്ടുകുടുംബമായും അണുകുടുംബമായും മറ്റു പരീക്ഷിക്കപ്പെട്ടു. സ്ത്രീകൾക്ക് സാമ്പത്തിക ഭദ്രതയും സ്വാതന്ത്ര്യവും ലഭിക്കുന്നതിനനുസരിച്ച് ഇന്ന് യോജിച്ചജീവിതം എന്നോ സഹവാസം എന്നോ പറയാവുന്ന ലിവിംഗ് ടുഗതർ എന്ന സ്ഥിതിയിലേക്കും എത്തി നിൽക്കുന്നു. വികസിത രാജ്യങ്ങളിൽ ഇത് ഇന്ന് അസാധാരണമല്ല. പുരുഷനോടൊപ്പം സ്ത്രീക്കും തൊഴിൽ സുരക്ഷയും ഉള്ളത് കൊണ്ടാണത്.

മാതൃകകൾ സ്വീകരിക്കുക എന്നത് പ്രാകൃതമനുഷ്യന്റെയും ശീലമായിരുന്നു. മാതൃകകളെ അനുഭവത്തിലൂടെ അംഗീകരിക്കുക എന്ന മനുഷ്യന്റെ സഹജസ്വഭാവവുമാണ് സാങ്കേതിക വിജ്ഞാനവിനിമയത്തെ ഇടമുറിക്കാതെ സൂക്ഷിക്കുവാൻ സഹായിക്കുന്നത്. അകന്നു കിടക്കുന്ന ഭൂവിഭാഗങ്ങളിൽ ഉപയോഗിക്കുന്ന ഉപകരണങ്ങൾ പോലും സാദൃശ്യമുണ്ടാകുവാനും ഇത് കാരണമാകുന്നുണ്ട്. ഉണ്ടാക്കാൻ ഉദ്ദേശിക്കുന്ന ഉപകരണത്തിന്റെ മാതൃക ഭാവനയിൽ തെളിയിച്ചെടുക്കേണ്ടതിന്റെ ആവശ്യവും രൂപകൽപ്പനാകാരനുണ്ട്. ആദിമമനുഷ്യൻ ഉപകരണമാതൃകകൾ നിർമ്മിച്ചു പരീക്ഷിച്ചതിന്റെ പല അവശിഷ്ടങ്ങളും തെളിവുകളായി പുരാവസ്തു ഗവേഷകർ കുഴിച്ചെടുത്തിട്ടുണ്ട്. ദീർഘവീക്ഷണത്തിനും, ഭാവനയ്ക്കും ആസൂത്രണത്തിനും, വരപലകകൾക്കും ഇന്നുള്ള പ്രാധാന്യം അന്നേ തുടങ്ങിയതാണ്.

കല്ലുകളാണ് ആയുധങ്ങൾ രൂപപ്പെടുത്തിയെടുക്കുവാൻ ഉപയോഗിച്ച ആദിമ അസംസ്കൃത

വസ്തു. അത് ആയുധമായും ആയുധമുണ്ടാക്കുവാനുള്ള കരുവായും ഉപയോഗിക്കപ്പെട്ടു. കല്ലുകൾ ഓരോ ആവശ്യങ്ങൾക്കനുസരിച്ചുള്ള കടുപ്പമനുസരിച്ച് തിരഞ്ഞെടുക്കുവാനും ഉരച്ച് രൂപാന്തരപ്പെടുത്തുവാനും പഠിച്ചതിനോടൊപ്പം അത് എറിയുന്നതിനപ്പുറം ചതയ്ക്കാനും പൊടിയ്ക്കാനുമുപയോഗിച്ചു. പിന്നീട് കീറാനും മുറിക്കാനും തുളയ്ക്കാനുമെല്ലാം അതുകൊണ്ട് സാധിക്കുമെന്ന് ക്രമേണ തിരിച്ചറിഞ്ഞു.

പിന്നീടാണ് എഴുതാനും മറ്റു കാര്യങ്ങൾക്കായി ഉപയോഗിച്ചു തുടങ്ങിയത് അതോടെ തുന്നിക്കെട്ടുവാനും, കൂട്ടികെട്ടുവാനും, പിരിക്കുവാനും തുടങ്ങി. സ്വാഭാവികമായും അത് നെയ്തിലേക്കും തുകൽ കൊണ്ടുള്ള ജലവാകങ്ങളുണ്ടാക്കുന്നതിലേക്കും തിരിഞ്ഞു. സ്ത്രീകളാണ് കരകൗശലവിദഗ്ദ്ധരായി മാറിയത്.

വസ്ത്രധാരണ ശീലം വമ്പിച്ച ഒരു സംസ്കാരിക വിപ്ലവത്തിന് കാരണമായി. കാലാവസ്ഥയെ നേരിടുന്നതിന് മാത്രമല്ല ലൈഗീംകതയെ നിയന്ത്രിക്കുന്നതിനും അത് ഉപകരിച്ചു. തുകലും ഇലയും മറ്റുമാണ് തുടക്കത്തിലെ അസംസ്കൃത വസ്തുവായത്. വസ്ത്രത്തെ തൊടുക്കുവാനും പിടുത്തത്തിനും കഴുത്തും, തോളും അരക്കെട്ടും പ്രയോജനപ്പെടുത്തി. പിന്നീട് അലങ്കാരങ്ങളിലേക്ക് കടക്കുമ്പോൾ മുടി, കണങ്കാൽ, മണിബന്ധം, ഭുജങ്ങൾ തുടങ്ങിയ ഭാഗങ്ങളും ഉതകി.

രോമമുള്ള ചർമ്മം ധരിക്കുമ്പോൾ തണുപ്പിനെ തടുക്കാമെന്ന് മനസ്സിലാക്കി. അതു പരിഷ്ക്കരിക്കപ്പെട്ടതോടെ തുന്നിക്കൂട്ടിയതിന്റെയും വെട്ടിക്കൂട്ടിയതിന്റെയും ഒക്കെയായവയും അടിവസ്ത്രങ്ങളും രൂപപ്പെട്ടു. എസ്കിമോകൾ ഇന്നും അത്തരം വസ്ത്രങ്ങളുണ്ടാക്കി ധരിച്ചു വരുന്നുണ്ട്.

തോലുകൊണ്ടുള്ള പാദരക്ഷകളും കൂടിയായപ്പോൾ സഞ്ചാരങ്ങളും കുറേക്കൂടി സുഗമമായി. മുള്ളുകളും കൂർത്തകല്ലുകളും ചലനവേഗതയെ തടസ്സപ്പെടുത്തുന്നില്ല എന്നായി. മരക്കൊമ്പുകളും ചില്ലകളും ഇലകളും ഇലപ്പടർപ്പുകളും പുല്ലും മറ്റും ഉപയോഗിച്ചുള്ള അഭയസങ്കേതങ്ങളുടെ നിർമ്മാണങ്ങളിലേക്കും അത് വഴിവെച്ചു.


പ്രാകൃതസമൂഹത്തിൽ കരകൗശലത്തിനു വൈദഗ്ദ്ധ്യം നേടാൻ സ്ത്രീകളെ ഇതെല്ലാം സഹായിക്കുകയും ഉയർന്ന പദവി കരസ്ഥമാക്കുവാൻ ഇടയാക്കുകയും ചെയ്തു. ഭാവിയിൽ കർഷക ജീവിതത്തിലേക്കു കടക്കുമ്പോൾ വേണ്ടി വന്ന കുടിപ്പാർപ്പുകളുടെ മുന്നോടിയായി അഭയസങ്കേതങ്ങളായി പുൽകുടിലുകളും അതിലെ ജീവിതവും ഭാവിയുടെ സൂചകങ്ങളുമായി.

## എറണാകുളം കരയോഗത്തിന്റെ നവതി സമർപ്പണം - രാധേയം

എറണാകുളം കരയോഗത്തിൻ ഖ്യാതി ഇതാ പെരുകുന്നു,
അതിർവരമ്പുകളില്ലാതെ മറ്റുദേശങ്ങളിലേക്കും...
സമൂഹനന്മയ്ക്കായി സമർഥരാം നേതൃത്വങ്ങൾ
സ്വാർധത വെടിഞ്ഞനവരതായത്നിച്ചീടുന്നു.
കർമ്മകുശലത, തഥാ ക്രാന്തദർശനത്താലും
കാരുണ്യം, സേവനം, സാംസ്കാരികം, ആരോഗ്യം, ആത്മീയം
ഇത്യാദി ബ്രഹത് പദ്ധതികൾക്കൊപ്പം തന്നെ
കരയോഗത്തിൻ കരസ്പർശം ഗുരുവായൂരെത്തി...
നവതി സ്മാരകം അതിഥിമന്ദിരം രാധേയം
ഗുരുവായൂരപ്പൻ തൻ തിരുസന്നിധിയിങ്കൽ...
പരിസ്ഥിതി സൗഹൃദ നിർമ്മിതികൾ വീക്ഷിച്ച
പ്രശ്സ്തരുടെ പ്രശംസകൾ ഉത്തമ അംഗീകാരം.
ഭക്തർക്കനുയോജ്യമായൊരീ സുന്ദരമന്ദിരം
ഗുരുപവനപുരി സങ്കേതത്തിൽ തിലകക്കുറിയായി.
ശ്രീ ഗുരുവായൂരേശന്റെ കരുണയാലിനിയും
വരുമനവധി നേട്ടങ്ങൾ മേൽക്കുമേലിൽ
'സേവനം ജീവിതസാഫല്യം' മുഖമുദ്രയാക്കിയോരീ
കരയോഗം ശോഭിച്ചിടട്ടെ നാടിതിനൈശ്യരമായ്
ഋഷിനാഗകുളത്തപ്പൻ തന്നുനുഗ്രഹത്താൽ.







# ഉള്ളൂർ കവിത
## ഒരാസ്വാദനം

**വിദ്വൽപ്രഭ. ജെ.എസ്**

ആശാന്റെയും വള്ളത്തോളിന്റെയും ഒപ്പം പ്രശസ്തനും അവരുടെ സമകാലികനുമായ ഒരു കവിയായിരുന്നു. ഉള്ളൂർ എസ്. പരമേശ്വരയ്യർ. വലിയകോയിത്തമ്പുരാന്റെ സരണിയെ അവലംബിച്ചായിരുന്നു ആദ്യകാല കവിതകൾ. ദ്വിതീയാക്ഷരപ്രാസം ഉള്ളൂരിന്റെ കവിതയിൽ ആദ്യഘട്ടത്തിൽ ധാരാളം പ്രതിഫലിച്ചിരുന്നു. ഉമാകേരളം അതിന്റെ ഒരു സാക്ഷാത്കാരമായിരുന്നു.

റോമാന്റിസത്തിന്റെ സ്വാധീനവലയത്തിൽ നിന്നും മാറിനിൽക്കാൻ ഉള്ളൂരിനും കഴിഞ്ഞില്ല. കാലത്തിന്റെ ഒഴുക്കിനനുസരിച്ച് കവിതാസരണി രൂപപ്പെടുത്താനുള്ള സവിശേഷമായ പാടവം ഉള്ളൂരിനുണ്ടായിരുന്നു. ദ്വിതീയാക്ഷരപ്രാസം സഹൃദയർക്കിടയിൽ താല്പര്യക്കുറവുണ്ടായതും പരിഗണിച്ച് ആ രീതി ഉപേക്ഷിച്ചു. ദ്രാവിഡവൃത്തത്തിനോടുള്ള സഹൃദയരുടെ ഇഷ്ടാനുസരണം ആ സരണിയിലേക്ക് ചുവടുമാറ്റി അരുണോദയം, കർണ്ണഭൂഷണം, പിംഗള, ഭക്തിദീപിക എന്നീ കൃതികൾ രൂപപ്പെട്ടു. പുരാണവും, ഇതിഹാസവും ആണ് ഇതിവൃത്തമാക്കിയിട്ടുള്ളത്.

ജീവിതധർമ്മങ്ങളുടെ ദർപ്പണങ്ങളും വ്യാഖ്യാനങ്ങളുമായി രൂപാന്തരം പ്രാപിയ്ക്കുന്ന. പെരിയാറ്റിനോട്, മഴത്തുള്ളി ഇവയൊക്കെ പുതിയ ശൈലിയിൽ വാർത്തെടുത്തവയാണ്. വിസ്തരണമാണ് അദ്ദേഹത്തിന്റെ പ്രതിപാദനത്തിനുള്ള മുഖ്യസ്വഭാവം. ഒരു നദിയെ അഭിസംബോധന ചെയ്തു കൊണ്ട് അതിന്റെ മഹാത്മ്യം വിസ്തരിച്ച് വർണ്ണിച്ചിരിയ്ക്കാനും പെരിയാറ്റിനോട് എന്ന കവിതയിൽ. നദിയിലൂടെ പ്രകൃതി, സ്ഥലപുരാണം, ചരിത്ര വസ്തുക്കൾ ഇവയെ അവർണ്ണനീയമാം വിധം വരച്ചുകാട്ടുന്നു.

മഴത്തുള്ളി ഉള്ളൂരിന്റെ ഉല്ലേഖ പ്രയോഗത്തിലുള്ള പാടവം എടുത്തുകാട്ടുന്നു. നിസ്സാരമെന്ന് ആരും തള്ളിക്കളയുന്ന ഒരു ക്ഷണിക വസ്തുവിന്റെ അഗാധഹൃദങ്ങളിലേയ്ക്ക് അനുവാചകർക്ക് ഉൾക്കാഴ്ച നൽകാനും ഉതകുന്നു. ആകാശതളത്തിൽ നിന്നും താഴേയ്ക്കുപതിക്കുന്ന മഴത്തുള്ളിയുടെ വരവിനെ എത്രയെത്ര സൗന്ദര്യ പ്രതീകങ്ങളുമായാണ് ഉപമിക്കുകയും ഉൽപ്രേക്ഷിക്കുകയും ചെയ്യുന്നത്. മഴത്തുളിയിലൂടെ മനുഷ്യജീവിതത്തെ ചിത്രീകരിയ്ക്കുന്നു.

തലോടുവാനുണ്ടമർഷിമാർക്കും
താരാട്ടുപാടാൻ സുരനാരിമാർക്കും
അമ്മിഞ്ഞ നൽകാൻ സുരഭിക്കുമാശ
ഹാ! നിങ്ങളത്രയ്ക്കഭിജാതരൂപർ

സ്വർഗ്ഗത്തിന് ഒരു നഷ്ടമായിരുന്നെങ്കിലും ഭൂമിയ്ക്ക് ആ മഴത്തുള്ളി ഒരു നേട്ടമാണെന്നാണ് പറയുന്നത്. ലോകം ആ തുള്ളിയെ ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു. പരാർത്ഥ ജീവിതത്തിന്റെ പ്രതീകം. വെള്ളം കിട്ടാതെ വലഞ്ഞിരുന്ന വേഴാമ്പലിന് അത് ഒരനുഗ്രഹമാകും. വെയിലത്തുവാടി നിൽക്കുന്ന പനിനീർപൂവിന് നവചൈതന്യമേകും എത്രധന്യമാണാതുള്ളികൾ. കവിയെന്നതിനേക്കാൾ തത്വോപദേഷ്ഠാവാണ് അദ്ദേഹം.

മഹാഭാരതത്തിലൂടെയാണ് ഉള്ളൂർ ഇന്ത്യയെ കണ്ടതെന്ന് നിസ്സംശയം പറയാം 'അന്നും ഇന്നും' വനിതാരത്നങ്ങളെയും ധർമ്മവ്രതന്മാരെയും അവർക്കെല്ലാം നടുവിൽ നായകനായി വിലസിയ കവിതയിൽ മഹാഭാരതത്തിലെ വീരപുരുഷന്മാരെയും ഗീതോപദേഷ്ടാവായ ശ്രീകൃഷ്ണനേയും ചലചിത്രത്തിലെന്ന പോലെ നമ്മുടെ മുമ്പിൽ പ്രദർശിപ്പിക്കുന്നു. അതുപോലെയുള്ള ഒരു കാലത്തിന് ഭാരതം എന്ന് അമ്മയാകുമെന്ന് വിലപിക്കുന്നുവെങ്കിലും നൈരാശ്യവാനാകുന്നില്ല. ആ ലക്ഷ്യപ്രാപ്തിയിലെത്താനുള്ള മാർഗ്ഗവും നിർദ്ദേശിയ്ക്കുന്നു.

ബാഹ്യാന്തശ്ശുദ്ധർ നാം നമ്മെ
പ്രയത്നം പൂണ്ടുയർത്തുകിൽ
പണ്ടത്തെ സ്വർഗ്ഗമാം വീണ്ടും
ഭാരതം ഭാരതീയരെ

ബാഹ്യാന്തഃശുദ്ധിയും, പ്രയത്നവും ഉള്ളൂരിന്റെ ജീവിതതത്ത്വ സംഹിതയിലെ ഏറ്റവും പ്രധാന ഘടകങ്ങളാണ്. അന്തശ്ശുദ്ധിയിലടങ്ങാത്ത ധാർമ്മിക മൂല്യങ്ങൾ ഒന്നുമില്ല. സർവ്വസാഹോദര്യവും സമഭാവനയും, ചരാചരസ്നേഹവും ഇവ ഉൾക്കൊണ്ടു പ്രവർത്തിക്കാൻ അദ്ദേഹം നിഷ്കർഷിയ്ക്കുന്നു.

'സുഖം സുഖം' എന്ന കവിതയിൽ മനുഷ്യന്റെ സുഖം കൈവരിയ്ക്കാനുള്ള ഓട്ടപ്പാച്ചിലാണ് പ്രമേയം. കൈവശമുള്ളതിനെ അവർ കാന്തരമെങ്ങും തിരയുകയാണ്. എന്നാൽ സ്നേഹവും, പരോപകാര പ്രവണതയുമെപ്പോഴാണോ അവന്റെയുള്ളിൽ പ്രകാശിയ്ക്കുന്നത് അപ്പോൾ അവൻ സുഖം അനുഭവിക്കുന്നു.

പ്രേമസംഗീതം ആ സ്നേഹസാഹോദര്യങ്ങളുടെ പ്രോജ്ജ്വലവും മധുരകോമളവുമായ ഒരു സങ്കീർത്തനമാണ്.

വിളക്കു കൈവശമുള്ളവനെങ്ങും വിശ്വംദീപമയം

വെണ്മ മനസ്സിൽ വിളങ്ങിന ഭദ്രനുമേന്മേലമൃതമയം

കവിതയുടെ സ്വരവും തത്വചിന്തയും പ്രൗഢഗംഭീരമാണ്.

കർണ്ണഭൂഷണം ഉള്ളൂർകവിതയുടെ താഴികക്കുടമാണ്. മഹാഭാരതത്തിലെ കർണ്ണനെ ആത്മത്യാഗാത്മകമായ ദാനധർമ്മത്തിന്റെ വീരയോദ്ധാവായി ശാശ്വതീകരിച്ചിരിയ്ക്കുന്നു. ദാനവീരനായ കർണ്ണനോടും ആ പുരാണപുരുഷന്റെ സാഹചര്യങ്ങളോടും താതാത്മ്യം പ്രാപിച്ചാണ് കവി അതെഴുതിയിരിക്കുന്നത്. ഭാരതയുദ്ധം ആരംഭിക്കാനിരിയ്ക്കേ അർജ്ജുനനും കർണ്ണനും യുദ്ധം ചെയ്താൽ അർജ്ജുനനനുഭവിക്കാവുന്ന തിക്തഫലം മനസ്സിലാക്കി അർജ്ജുന പിതാവായ ദേവേന്ദ്രൻ ബ്രാഹ്മണ വേഷത്തിൽ കർണ്ണനെ സമീപിക്കുന്നു. കർണ്ണൻ കുണ്ഡലധാരിയായിരിയ്ക്കുവോളം ആർക്കും കർണ്ണനെ തോല്പിയ്ക്കാനാവില്ലായെന്ന നഗ്നസത്യം ദേവേന്ദ്രനെ അസ്വസ്ഥനാക്കുന്നു. അർജ്ജുനന്റെ രക്ഷയ്ക്കായി കർണ്ണന്റെ ദൗർബ്ബല്യമായ ദാനശീലത്തെ ദേവേന്ദ്രൻ കരുവാക്കുന്നു. കർണ്ണന്റെ കുണ്ഡലം ദേവേന്ദ്രൻ കൈയ്ക്കലാക്കുമെന്ന് ഭയന്ന് കർണ്ണ പിതാവായ ആദിത്യൻ മനുഷ്യരൂപത്തിൽ കർണ്ണന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ട് വേണ്ട ഉപദേശം നൽകുന്നു. എന്നാൽ ദാനം ജീവിത ധർമ്മമെന്ന് ഉറച്ച് വിശ്വസിക്കുന്ന കർണ്ണനെ അതിൽ നിന്നു പിൻതിരിപ്പിക്കാൻ ഒരു ശക്തിക്കും സാദ്ധ്യമല്ല. ദേവേന്ദ്രനെന്നല്ല ആരു ചോദിച്ചാലും എന്തുംദാനമായി കൊടുക്കുന്ന കർണ്ണന്റെ അചഞ്ചലമായ ദാർഢ്യത്തിനുമുമ്പിൽ പിതാവിന്റെ ഉപദേശ നിർഗുണമാണ്. പ്രൗഢോജ്ജ്വലവും വാചാലവുമായ കവിത സഹൃദയന്റെ ഹൃദയത്തിൽ ചേക്കേറുന്നു. ദാനധീരതക്കു മുന്നിൽ പുത്രസ്നേഹം നിഷ്പ്രഭമാകുന്നു. പുത്രനു മാനസാന്തരം വരുത്താൻ പുറപ്പെട്ട അച്ഛൻ സ്വയം മാനസാന്തരപ്പെട്ട് മടങ്ങുന്നു.

പിന്നെയും പുത്രനെയാലിംഗനം ചെയ്തു
ധന്യരിൽ ധന്യനായ്ത്തന്നെയെണ്ണി
അച്ഛനാമാദിത്യനാകാശമെത്തിനാൻ
പശ്ചാദ്വിലോകന ലോലനേത്രൻ

കുണ്ഡലം ഉപേക്ഷിച്ച് മരണത്തിലേയ്ക്ക് നീങ്ങുന്ന പുത്രനെ വീണ്ടും വീണ്ടും തിരിഞ്ഞു നോക്കി മറയുന്ന അച്ഛൻ എല്ലാ മനസ്സിലും ഒരിറ്റു കണ്ണീർ വീഴ്ത്തുന്നു.

മലയാളത്തിലെ ആശയസമ്പന്നരും, ചിന്താശ്രേഷ്ഠരുമായ മഹാകവികളുടെ കൂട്ടത്തിൽ ഉള്ളൂർ മുൻപന്തിയിൽ തന്നെ നിലകൊള്ളുന്നു.





# അക്കിത്തത്തിനു മുന്നിൽ......

**ഡോ. സി. ശാന്തകുമാരി**



ഏഴു വയസ്സു മുതൽ പതിമൂന്ന് പതിനാല് വയസ്സു വരെ ഋഗ്വേദം പഠിച്ചിരുന്ന കുട്ടി. ആർക്കും ഒരു ബ്രാൻഡും ചെയ്യാനാവാത്ത ഒരു പാർട്ടിയും ഇല്ലാത്ത വ്യക്തി. അദ്ദേഹത്തിന് ഭാരതീയരുടെ ധർമ്മത്തോടാണ് വിശ്വാസം. മനുഷ്യനെ അതുകൊണ്ടു തന്നെ മതങ്ങളിലൂടെ അദ്ദേഹത്തിനു വേർതിരിച്ചു കാണാനായില്ല. അപ്പോൾ അദ്ദേഹം പാക് - ഇൻഡ്യ സംയോഗത്തെ ഒരു മോഹമായി കണ്ടെങ്കിൽ അതിൽ അസാധാരണമായിട്ടൊന്നുമില്ല- അതാണ് അക്കിത്തം.......

വെളിച്ചം ദു:ഖമാണുണ്ണി
തമസ്സല്ലോ സുഖപ്രദം

മരണം മാത്രമേ ശക്തമായിട്ടുള്ളൂ എന്ന കാളിദാസന്റെ സങ്കല്പമാകാം കവിയെ ഇങ്ങനെ എഴുതിച്ചത്. ലോകം മായയാണ് എന്ന് ശ്രീ ശങ്കരനും. അക്കിത്തത്തിന്റെ മനസ്സിൽ ഹ്യൂമനിസം ഉണ്ടാക്കിയത് വി. ടി ഭട്ടതിരിപ്പാടാണ്. ഏതായാലും അദ്ദേഹം ഭാരതത്തിന്റെ ആത്മീയതയെ അങ്ങേയറ്റം സ്നേഹിക്കുന്നു. കലയുടെയും സൗന്ദര്യത്തിന്റെയും നിരന്തരമായ ഒരവസ്ഥയിൽ എത്തുമ്പോൾ മനുഷ്യനും മൃഗവും ഒന്നായി പരിണമിക്കുന്ന ഒരു ചിത്രം 'സഹ്യനിൽ ഒരു രാത്രി' എന്ന കവിതയിൽ അദ്ദേഹം ചിത്രീകരിക്കുന്നു.

'പഴയ യുഗത്തിൻ സംസ്കാരങ്ങളി -
ലിഴുകിയ ഹൃദയം പറിയാതെ
കാലാ കാലമുയിർപ്പൂ മണ്ണിൽ
കലയുടെ കമ്ര പ്രതിഭാസം'

അക്കിത്തത്തിന്റെ വിശ്വദർശനം ഈ വരികളിൽ കാണാം. മനുഷ്യന്റെ യഥാർത്ഥ മായരൂപഭാവമാണ് കവിതയിലുടനീളം. ചെറിയ ചെറിയ കണ്ണീർച്ചാലുകളിൽ കൂടി ഒഴുകി ഒഴുകി ആ കവിത ശാന്തിയുടെ കടലന്വേഷിച്ചു പോകുന്നു. ജീവിത മൂല്യങ്ങളുടെ ഗാഥയാണ് കവിത ഉണർത്തുന്നത്. ധ്യാനത്തിൽ നിന്നുയരുന്ന ഗീതികൾ. അത് നന്മയുടെ ദർശനവും ക്രമേണ സാക്ഷാത്ക്കാരവുമായി മാറുന്നു.

അക്കിത്തത്തിന്റെ ജീവിതാന്വേഷണത്തിനുള്ള ആസക്തി ആത്മാന്വേഷണത്തിന്റേതു തന്നെയാണ്. ലോകമാനവികതയുടെ ദർശനം. വിശുദ്ധമായ ഈ വഴിയിലൂടെ പോകാൻ അദ്ദേഹത്തിനെന്നും കൂട്ട് ധർമ്മം തന്നെയാണ്. ഈ ലോകത്തെ, മനുഷ്യനെ, സമൂഹത്തെ ഒക്കെ ഉയർത്താനും അദ്ദേഹത്തിന് കവിത തന്നെ വഴി കാട്ടി. ഭാരതീയ സൗഹൃദത്തിന്റെ വെണ്മയെ കവി വല്ലാതെ സ്നേഹിക്കുന്നു. ഈ സംസ്കാര പൂജയുടെ കുളിരും ഗന്ധവുമാണ്, അക്ഷരധ്വനിയാണ്, അക്കിത്തത്തിന്റെ വാക്കുകൾ. ഭാരതീയ പദാവലി ഊറി ഊറി വരുമ്പോൾ ആധുനിക കവിതയുടെ രൂപഭാവ മാറ്റത്തെ അക്കിത്തത്തിന് മാറ്റാനും കഴിയുന്നു. അതുവഴി സമരങ്ങളുടെ നിസ്സഹായതയും വിപ്ലവവും കടന്ന് പോകുന്ന അദ്ദേഹത്തിന്റെ പദങ്ങളും വായനക്കാരനെ തലോടുന്നു. ആത്മാവിൻ നിന്നൊഴുകുന്ന അക്ഷരധർമ്മം വായനക്കാരന്റെ ആത്മാവിൻ സാന്ത്വനം നിറയ്ക്കുന്നു. കേവലം ജ്ഞേയമല്ലാത്തതിന്റെ ആദരത്തിനുപ്പുറം ജീവിതത്തിന്റെ ശക്തിയും ആത്മബലിയും കവി മുറുകിപ്പിടിക്കുന്നു. അപ്പോൾ നിരുപാധികമായി ആ കാവ്യ ഗംഗയിൽ സ്നേഹം നിറയുന്നു. ആ നിറവാണ് 20-ാം നൂറ്റാണ്ടിന്റെ ഇതിഹാസത്തിൽ

'നിരത്തിൽ കാക്കകൊത്തുന്നു
ചത്തപെണ്ണിന്റെ കണ്ണുകൾ
മുലചപ്പി വലിക്കുന്നു
നരവർഗ്ഗ നവാതിഥി'

നൂറ്റാണ്ടിന്റെ പേടിപ്പിക്കുന്ന ചിത്രം വരയ്ക്കാൻ കവിക്കു സാധിച്ചതിങ്ങനെയാണ്. മനുഷ്യൻ കണ്ടെത്തിയ എല്ലാ ശാസ്ത്രങ്ങളും തോറ്റു പോകുമ്പോൾ അവന്റെ ആത്മാവിന്റെ വെണ്മ, സ്നേഹം, അതു മാത്രം ഔഷധമായി നില കൊള്ളുന്ന അവസ്ഥയാണ് കവിക്കെന്നും കാണിച്ചു തരാനുള്ളത്. കവി ദു:ഖത്തെ വെളിച്ചമാക്കുന്നതുമിങ്ങനെയാണ്.

അക്കിത്തത്തിന്റെ കവിതയുടെ മൗലികത എന്നു പറയുന്നത് ഭക്തി ചിന്തയും സൗന്ദര്യദർശനവുമാണ്. കവി ലോകത്തെ കാണുന്നത് സുഖ ദു:ഖസമ്മിശ്രമായ കണ്ണുകൾ കൊണ്ടാണ്. നാനാത്വത്തിൽ ഏകത്വം. ധർമ്മം ഈ വീക്ഷണത്തെ ശക്തമാക്കുന്നു. വെണ്ണക്കല്ലിന്റ കഥ, മഹാബലി, ഇടിഞ്ഞു പൊളിഞ്ഞ ലോകം, നിമിഷ ക്ഷേത്രം - ഈ സമാഹാരങ്ങളിലെ കവിതകൾ തികഞ്ഞ മനുഷ്യനെ - അവന്റെ അപൂർണ്ണതകളെ കാണിച്ചു തരുന്നു. ഇവിടെ വലിപ്പചെറുപ്പമില്ല. ആധുനികതയെ ഉറ്റുനോക്കുമ്പോഴും അതിന്റെ പിന്നിൽ ഒരു യോഗിയുടെ കണ്ണും കരളും കാണാം. സ്നേഹമുള്ളിടത്തേ ഈ കവിയ്ക്ക് നന്മ കാണാനും പറ്റുന്നുള്ളു.

'എൻ ദു:ഖമീ നാരായ വേ-
രറ്റ ലോകത്തിൻ സത്യം
കർമ്മശക്തികൾ കൈ-
മുടങ്ങിത്തെണ്ടും കാല-
ധർമ്മസങ്കടസത്യം തന്നെ നേദിക്കട്ടെ.'

ഇത് കവിയുടെ കണ്ണീർക്കവിതയാണ്. സ്നേഹമാണല്ലോ മനുഷ്യന്റെ ശക്തി. പക്ഷെ പലപ്പോഴും അക്കിത്തത്തിന്റെ കവിതകൾ പുറം കഠോരമാർന്നതാണ്. അകത്ത് തെളി നീരും. ഇതുകൊണ്ടാണിതിനെ വായനക്കാരൻ അകന്നു നിന്ന് വന്ദിക്കുന്നത്.

മനുഷ്യന്റെ ധർമ്മസങ്കടവും ദൈന്യവും കവിക്കറിയാം. ജീവിതത്തോട് മല്ലിട്ട് മുന്നോട്ടു പോകുന്നവരെ കവി ഏറെ സ്നേഹിക്കുന്നു.

ഒരു കണ്ണീർക്കണം മറ്റു -
ള്ളവർക്കായ് ഞാൻ പൊഴിയ്ക്കവേ
ഉദിയ്ക്കയാണെന്നാത്മാവി-
ലായിരം സൗരമണ്ഡലം

ആത്മാവിൽ നിന്നുള്ള ആലാപനമാണിത്. ഇരുമ്പിനേയും സ്വർണ്ണമാക്കുന്ന ആത്മനിഷ്ഠ സ്പർശം. അതിൽ വിലയിക്കുന്ന കവി, ആശയങ്ങൾ പല കവിതകളിൽ നിറയുമ്പോൾ അവയിലെ ദർശനം സമന്വയത്തിന്റെ ചാരുത ചാർത്തുന്നു.

അജയ്യ സ്നേഹമാ മണ്ഡലം
വിരിഞ്ഞുണ്ടാം പ്രകാശമേ
സമാധാനപ്പിറാവേ നിൻ
ചിറകൊച്ച ജയിക്കുക

ആ കവിയുടെ, കവിതയുടെ തേജസ്സ് എന്നും ശാന്തിയോടൊപ്പം സമാധാനത്തോടൊപ്പം - ഈ കവിയല്ലേ ക്രാന്തദർശി.

**കഷ്ടം ! സ്ഥാനവലിപ്പമോ പ്രഭുതയോ**
**സജ്ജാതിയോ വംശമോ**
**ദുഷ്ടശ്രീ തനുധാടിയോ ചെറുതുമി-**
**ങ്ങോരില്ല ഘോരാനലൻ**
**സ്പഷ്ടം മാനുഷഗർവ്വമൊക്കെയിവിടെ-**
**പ്പക്കസ്തമിക്കുന്നിതി-**
**ങ്ങിഷ്ടന്മാർ പിരിയുന്നു ഹാ ! ഇവിടമാ-**
**ണദ്ധ്യാത്മവിദ്യാലയം.**

***കുമാരനാശാൻ, പ്രരോദനം. പദ്യം 35***

മനുഷ്യന്റെ വലിപ്പങ്ങളൊന്നും, മരണം വകവയ്ക്കുന്നില്ലെന്ന് കുമാരനാശാൻ പരിതാപപൂർവ്വം ചൂണ്ടിക്കാണിക്കുകയാണ്. സ്ഥാനവലിപ്പമോ പ്രഭുത്വമോ വളരെ ഐശ്വര്യം നിറഞ്ഞ ശരീരശോഭയോ ഒന്നും ചിതയിലെ ഘോരമായ അഗ്നി ഓർക്കുകയില്ല. മനുഷ്യന്റെ അഹങ്കാരമെല്ലാം ഇവിടെ വന്ന് അസ്തമിക്കുന്നു. സ്നേഹിതരെല്ലാം ഇവിടെവച്ചു പിരിയുന്നു - ഈ ചിത അഥവാ ശ്മശാനമാണ് യഥാർത്ഥ അദ്ധ്യാത്മ വിദ്യാലയം.



കരയോഗ സൗഹൃദം
1195 കർക്കിടകം

# അഴിമതിക്ക് അറുതി വരുത്താൻ ആർട്ടിഫിഷ്യൽ ഇന്റലിജെൻസ്?

**ഡോ.പത്മനാഭൻ : ഫോൺ : 9072015115**

ജനാധിപത്യത്തിന്റെ വിജയം അളക്കാൻ രാജ്യാന്തര ചട്ടക്കുടുകളുണ്ട് .അഴിമതി എത്ര മാത്രം ഒരു രാജ്യത്ത് നിലനിൽക്കുന്നുവെന്നറിയാൻ 'Transparency''International (ട്രാൻപേരൻസി ഇന്റർനാഷണൽ) എന്നൊരു ഓർഗനൈസേഷൻ നിലവിലുണ്ട്. ആ സംഘടനയിൽ വിദഗ്ദ്ധരും അഴിമതി /സുതാര്യത അളക്കാനുള്ള ചട്ടക്കൂടും (Frame Work) രാജ്യങ്ങൾ തമ്മിലുള്ള താരതമ്യപഠനം നടത്താനുള്ള രേഖകളും ഡേറ്റയും അവർ ഉപയോഗിക്കുന്നു സിംഗപ്പൂർ ഒട്ടും അഴിമതിയില്ലാത്ത (Least Corrupt) രാജ്യം അതുകൊണ്ട് ഒന്നാം സ്ഥാനം. കാനഡക്കും നല്ല സ്ഥാനം. പാകിസ്ഥാൻ, ഫിലിപ്പെൻസ് ഇന്ത്യ, എല്ലാ ആഫ്രിക്കൻ രാജ്യങ്ങളും, മെക്സിക്കോ കൊളമ്പിയ, ലാറ്റിനമേരിക്കൻ രാജ്യങ്ങൾ ഇങ്ങനെയുള്ള മറ്റുരാജ്യങ്ങൾ 100+ സ്ഥാനങ്ങളിൽ ആണ്. ഇതിന്റെ അർത്ഥം അഴിമതി ഒരു അലങ്കാരമാക്കിയിരിക്കുന്നു പല രാജ്യങ്ങളും ഇന്ത്യയുടെ ശാപം അതിന്റെ സങ്കിർണതയാണ് !

ഇന്ത്യയിൽ നിയമസഭകളിലും പാർലമെന്റിലും അഴിമതിയുണ്ടെങ്കിൽ അത് ഭരണത്തിന്റെ സിരാകേന്ദ്രങ്ങളെത്തന്നെ ബാധിക്കും. തുടർന്ന് സുഗമമായ ഭരണത്തേയും ഭരണസ്ഥിരതയേയും അലങ്കോലപ്പെടുത്തും ഭരണം ലഭിക്കുന്ന രാഷ്ട്രിയപാർട്ടിക്ക് മൃഗീയ ഭൂരിപക്ഷം ലഭിക്കുന്നത് നല്ലതല്ലെന്ന് വാദിക്കുന്നവരുണ്ട്. പക്ഷെ കൂടിയ ഭൂരിപക്ഷം ജനങ്ങൾ നൽകിയതാണല്ലോ. തിരഞ്ഞെടുപ്പിലെ മത്സരങ്ങളിൽ പ്രകടന പത്രികയെ ആശ്രയിച്ചാണല്ലോ ഭൂരിപക്ഷം നേടിയെടുക്കുന്നത്. പ്രകടന പത്രികയിൽ മുന്നോട്ടു വച്ചിരിക്കുന്ന ജനപ്രിയകാര്യങ്ങളും പദ്ധതികളും, നിയമനിർമ്മാണങ്ങളും ജനങ്ങൾ കൈനീട്ടി സ്വികരിക്കുന്നതുകൊണ്ടാണല്ലോ ഭൂരിപക്ഷം നേടി ഒരു പാർട്ടി അധികാരത്തിൽ വരുന്നത്. ഭൂരിപക്ഷമുള്ളവർ നല്ലകാര്യങ്ങൾ ചെയ്താൽ അതിനെ എതിർക്കേണ്ട ആവശ്യമില്ലല്ലോ. അപ്പോൾ പ്രതിപക്ഷം ചെറുതായാലും കുഴപ്പമില്ല. ഏതാണ്ട് ഭരണകക്ഷി എന്തു നല്ല കാര്യം ചെയ്താലും ശരി അവരെ താഴെയിറക്കാൻ വേണ്ടിയാണല്ലോ പ്രതിപക്ഷം എന്നാണ് ചിലർ ധരിച്ചിരിക്കുന്നത് . അവസാനം എന്ത് സംഭവിക്കും? ചെയ്യുകയുമില്ല ചെയ്യിക്കയുമില്ല എന്ന Stagnant ഭരണ സ്തംഭനം. ഭരണകക്ഷി തെറ്റായ കാര്യങ്ങൾ ചെയ്താൽ അടുത്ത തിരഞ്ഞെടുപ്പിൽ അവർ തോൽക്കും, ജനങ്ങൾ ഭരണകക്ഷിക്കെതിരായ വിധിയെഴുത്തു നടത്തും. പ്രതിപക്ഷത്തിന് അധികാരത്തിൽ വരാം .ചാക്കിട്ട് പിടിത്തം എല്ലാം കാലങ്ങളിലും ഉണ്ടാകാറുണ്ട്.അത് നടക്കുന്നത് അഴിമതിയിൽ കൂടിയാണ്, അഴിമതിയുടെ ഏറ്റവും നല്ല ഉദാഹരണം. അഴിമതി രാജ്യത്തിന്റെ ധനശേഷിയെ നശിപ്പിക്കുന്നു ഭരണസ്തംഭനം സംഭവിച്ചാൽ അന്താരാഷട്രതലത്തിൽ രാജ്യത്തെപ്പറ്റിയുള്ള മതിപ്പിനും സ്വീകാര്യതയ്ക്കും കോട്ടം തട്ടും. രാജ്യത്തിന്റെ നാണ്യത്തിന്റെ (Currency) വിലയിടിയും.

## ലോകത്തിലെ അഴിമതി ഏതെല്ലാം വിധത്തിൽ, ഏതെല്ലാം തലത്തിൽ?

കാലാകാലങ്ങളായി പണമിടപാടുകൾ ശുപാർശകൾ, പ്രൊമോഷനുകൾ, വരവിൽ കവിഞ്ഞ വരുമാനങ്ങൾ, നിയമവിരുദ്ധമായ റിക്കാർഡുകൾ, രേഖകൾ, നിയമപരമല്ലാത്ത ഉത്തരവുകൾ, ബാങ്കു വഴിയല്ലാത്ത പണമിടപാടുകൾ, നിയമവിരുദ്ധമായ കണക്കിൽ കൊള്ളിക്കാത്ത പണത്തിന്റെ ശ്രോതസ്സുകൾ അഥവാ കള്ളപ്പണമുപയോഗിച്ചു കൊണ്ടുള്ള ക്രയവിക്രയങ്ങൾ, അർഹരല്ലാത്തവർക്കുവേണ്ടിയുള്ള നിയമനങ്ങൾ, എന്നിങ്ങനെ അഡ്മിനിസ്ട്രേറ്റീവ്, ഫൈനാൻഷ്യൽ, ലെജിസ്ലേറ്റിവ്, സോഷ്യൽ വെൽഫെയർ പബ്ലിക് സർവ്വീസ്, സ്കൂൾ, കോളേജ് സർവകലാശാല തുടങ്ങിയ വിദ്യാഭ്യാസമേഖലകൾ എന്നിവയിലെല്ലാം അഴിമതി അനുദിനം നടന്നുപോരുന്നു.

## സകല വിഭാഗങ്ങളിലേയും അഴിമതിക്ക് എങ്ങനെ അറുതി വരുത്താം?

സയൻസ്, ടെക്നോളജി,ഗണിതശാസ്ത്രം ഇൻഫർമേഷൻ ടെക്നോളജി അഥവാ കമ്പ്യൂട്ടറുകളുടെ ഉപയോഗാധിക്യം എന്നി മേഖലകളിൽ ഇൻഡ്യ കൈവരിച്ച പുരോഗതി നമ്മുടെ രാജ്യത്തെ അഴിമതിക്കു അറുതി വരുത്താൻ സഹായകമാകുമെന്നതിൽ സംശയമില്ല. സോവിയറ്റുയുണിയൻ (USSR)

ലോകത്തിൽ ഇൻഫർമേഷൻ ടെക്നോളജിയിൽ ഒന്നാം സ്ഥാനത്തുനിൽക്കുമ്പോഴാണ് ആ രാജ്യം വിഘടിച്ച് പല ചെറുരാജ്യങ്ങളായിത്തിർന്നത്. അതിലൊന്ന് റഷ്യ എന്ന രാജ്യമായിത്തിർന്നെങ്കിലും ലോകശക്തിയായിത്തന്നെ ഇന്നും നിലനിൽക്കുന്നു. പക്ഷെ വിഘടനത്തോട് കുടി ഇൻഫർമേഷൻ ടെക്നോളജിയിൽ ഒന്നാം സ്ഥാനം നഷ്ടപ്പെട്ടു.ആ സ്ഥാനം ക്രമേണ ഇന്ത്യയ്ക്ക് ലഭ്യമായി.എങ്കിലും എല്ലാ സെക്ടറുകളിലും ഇന്ത്യക്കും പൂർണ്ണമായി കമ്പ്യുട്ടർവൽകരിക്കാൻ സാധിച്ചിട്ടില്ല.എന്നിരുന്നാലും ഡിജിറ്റലൈസേഷൻ കൂടാതെ ആധുനികലോകത്ത് ഒരു രാജ്യത്തിനു പൂരോഗതി കൈവരിക്കാൻ കഴിയില്ലയെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടു കൊണ്ടു ഇന്ത്യയും 100% കമ്പ്യൂട്ടർ വല്കരണം ലക്ഷ്യമിട്ടു കൊണ്ട് ഓരോ മേഖലയും ഡിജിറ്റലൈസേഷൻ അഥവാ കമ്പ്യുട്ടർ വൽക്കരണം സാധ്യമാക്കിക്കൊണ്ടിരിക്കുകയാണ് .ഇക്കാര്യത്തിൽ അമേരിക്ക ,ചൈന,റഷ്യ,ജർമനി, ജപ്പാൻ ,സ്വീഡൻ,ബ്രിട്ടൻ,ഫ്രാൻസ്, ഇസ്രയേൽ എന്നി രാജ്യങ്ങൾ ഇന്ത്യയേക്കാൾ ബഹുദൂരം മുന്നോട്ടുപോയിരിക്കുന്നു. നമ്മുടെ സ്മാർട്ട് സിറ്റി, ഇൻഫോപാർക്ക് ,ടെക്നോപാർക്ക് എന്നി ഇൻഫർമേഷൻ ടെക്നോളജിസെന്ററുകൾ മറ്റുരാജ്യങ്ങൾക്കുവേണ്ടി ഹ്യുമൻ റിസോർസ് ഡെവലപ്പ്മെന്റ് (എച്ച് ആർ ഡി) സെന്ററുകളായി പ്രവർത്തിച്ച് വിദേശനാണ്യം നേടിത്തരുന്നു. ഇതിനു നമുക്ക് തുണയായത് ഇൻഫർമേഷൻ ടെക്നോളജി (ഐറ്റി) കേന്ദ്രികരിച്ചുള്ള വിദ്യാഭ്യാസരംഗം ശക്തിപ്പെടുത്താൻ സാധിച്ചതുകൊണ്ടാണ്. മറ്റു രാജ്യങ്ങൾ ഉറങ്ങുന്ന സമയത്ത് ഇൻഫോപാർക്കിലെ ഐ.ടി പ്രൊഫഷനുകൾ ആ രാജ്യക്കാരുടെ സ്ഥാപനങ്ങളിലെ ശമ്പളവും വരുമാനത്തിന്റെയും ചിലവിന്റെയും കണക്കുകൾ പരിശോധിച്ച് ഓൺലൈനായി സേവനം നൽകിക്കൊണ്ടിരിക്കുന്നു.അതോടൊപ്പം ആ രാജ്യങ്ങളിലെ ജീവനക്കാരുടെ വർഷം തോറും നടത്തേണ്ടതായ പെർഫോർമൻസ് ഇവാലുവേഷൻ അഥവാ വാർഷിക പ്രവർത്തന പ്രാവിണ്യത്തിനുള്ള സ്കോർ മുതലായ സേവനങ്ങൾ ഇൻഫോ പാർക്കിലും, ടെക്നോപാർക്കിലും ഒക്കെയിരുന്നുകൊണ്ട് ഓൺലൈനായി ചെയ്തു കൊടുക്കുന്നു.

## നാലാം വ്യവസായിക വിപ്ലവം അഥവാ 4th Industrial Revolution (4 IR)

യന്ത്രവൽകൃത വിപ്ലവങ്ങൾ മൂന്നെണ്ണം പിന്നിട്ട് നാലാമത്തെ വ്യവസായിക വിപ്ലവത്തിന്റെ നടുവിലാണ് നാമിന്ന് .നീരാവിയന്ത്രം, വൈദ്യുതി, ടെലികമ്മ്യുണിക്കേഷൻ എന്നി കണ്ടുപിടിത്തങ്ങളുടെ ഉത്ഭവത്തോടുകുടി കഴിഞ്ഞ മൂന്നു വ്യവസായിക വിപ്ലവങ്ങൾ നമ്മൾ അനുഭവിച്ചു കഴിഞ്ഞു.

നാലാമത്തെ വ്യാവസായിക വിപ്ലവത്തിൽ കൂടിയാണ് ലോകമിന്ന് കടന്നു പോകുന്നത് ഡിജിറ്റലൈസേഷൻ, കമ്പ്യുട്ടർ മെഷിൻ ലേണിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജെൻസ് (എ വൺ), റോബോട്ടിക്സ് എന്നി മേഖലകളിലാണ് നാലാമത്തെ ഇൻഡസ്ട്രിയൽ റെവലൂഷൻ നടന്നുകെണ്ടിരിക്കുന്നത്. ഈ മേഖലകളിലെ പുരോഗതി മറ്റെല്ലാ മേഖലകളിലുമുള്ള പുരോഗതിക്ക് വേഗം കൂട്ടും. ഡിജിറ്റലൈസേഷനും,മെഷിൻ ലേണിങ്ങും അതുവഴി ആർട്ടിഫിഷ്യൽ ഇന്റലിജെൻസും എല്ലാ മേഖലകളിലെയും പ്രവർത്തനങ്ങളെ വേഗത കൂട്ടാൻ സഹായിക്കും അതെങ്ങിനെയാണെന്ന് പരിശോധിക്കാം.

പടങ്ങളും നമ്പറുകളും ഉപയോഗിച്ച് വിവരിക്കാനുള്ള കാര്യങ്ങൾ വാക്കുകളാക്കി പ്രതിനിധികരിക്കാൻ സാധിക്കുന്ന പ്രക്രിയയെ ആണല്ലോ കമ്പ്യുട്ടർ പ്രോഗാമിങ്ങ് എന്നു പറയുന്നത്. ഈ പ്രക്രിയ ക്രമപ്പെടുത്താൻ ചില നിയമങ്ങൾ ശരിയായ ക്രമത്തിൽ യുക്തിയും കണക്കുമുപയോഗിച്ച് (Logic and Maths) ക്രമപ്പെടുത്തന്നതിനെ അൽഗോരിതം എന്നു പേരിട്ടിരിക്കുന്നു.

മേൽപറഞ്ഞ നിയമങ്ങളും ക്രമപ്പെടുത്തലുമുപയോഗിച്ച് ഏതു വിവരവും (ഡേറ്റ) വിശകലനം ചെയ്യാൻ ശരിയായ ക്രമത്തിൽ നൽകിയാൽ കമ്പ്യുട്ടർ ഏതു കാഠിന്യമേറിയ വിവരങ്ങളും ലളിതമാക്കി വിശകലനം ചെയ്ത് ഗ്രാഫാക്കിയോ നമ്പറാക്കിയോ,തുകയാക്കിയോ തരുന്ന പ്രക്രിയയെ മെഷിൻ ലേണിങ്ങ് അഥവാ ആർട്ടിഫിഷ്യൽ ഇന്റലിജെൻസ് എന്നു വിളിക്കപ്പെടുന്നു. ചുരുക്കിപറഞ്ഞാൽ കിട്ടുന്ന വിവരശേഖരം ഉപയോഗിച്ച് കമ്പ്യുട്ടറിന് തന്നെത്താൻ ഡേറ്റ വിശകലനം ചെയ്യാൻ സാധിക്കുകയും ആ ഡേറ്റ പിന്നീട് (ഭാവിയിൽ) നമുക്ക് ലഭ്യമാക്കിത്തരാനും വിശകലനം ചെയ്തു തരാനും കഴിവുള്ള കമ്പ്യുട്ടർ പ്രോഗാമുകളെ നമ്മൾ നിർമ്മിതബുദ്ധി അഥവാ ആർട്ടിഫിഷൽ ഇന്റലിജെൻസ് എന്നും വിളിക്കപ്പെടുന്നു. എത്ര വിപുലമായ ഡേറ്റാ വിവരം ആയാൽ പോലും മനുഷ്യന്റെ ചെറിയ തോതിലുള്ള ഇടപെടൽ മാത്രം മതി കമ്പ്യുട്ടർ അത് ലളിതമാക്കി നമുക്ക് ഉപയോഗിക്കാൻ പാകത്തിനു സ്ക്രീനിൽ കാണിച്ചുതരും, പ്രിന്റ ചെയ്ത് റെഡിയാക്കി വയ്ക്കും. മനുഷ്യന് ചെയ്യാൻ പറ്റുന്നതിനെക്കാൾ വേഗത്തിൽ ആയിരക്കണക്കിനുള്ള ഡേറ്റ വിശകലനം ചെയ്തു ലളിതമാക്കി തരുന്ന മെഷിനുകളെ ഹ്യൂമനോയ്ഡ് എന്നു വിളിക്കുന്നു. ഇന്ത്യയുടെ വരാൻ പോകുന്ന ഗഗൻയാൻ പദ്ധതിക്ക് വേണ്ടി വ്യോമമിത്ര എന്നു പേരിട്ടിരിക്കുന്ന ഒരു വനിത റോബട്ടിനെ ബഹിരാകാശത്തേക്ക് അയക്കാൻ (ISRO) തീരുമാനിച്ചിരിക്കുന്നു

മനുഷ്യൻ ഗോളാന്തരയാത്ര നടത്തുന്നതിന് മുന്നോടിയായി റോബട്ടിനെ ബഹിരാകാശത്ത് അയച്ച് ഒരു പരീക്ഷണം നടത്തിയതിനുശേഷം അതിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ ഉപയോഗിച്ച് മനുഷ്യനെ ബഹിരാകാശത്തേക്ക് ഇൻഡ്യക്ക് അയച്ച് തിരിച്ചു ഭൂമിയിലെത്തിക്കാൻ സാധിക്കും മനുഷ്യൻ കേൾപ്പിക്കുന്ന പാട്ടിനനുസരിച്ച് നൃത്തം ചെയ്യുന്ന റോബോട്ടുകളെ നമ്മൾ പ്രദർശനങ്ങൾക്കൊക്കെ കണ്ടിട്ടുണ്ടാവും. മനുഷ്യനു പകരം ടെലിവിഷനിൽ ന്യുസ് റീഡറായി രണ്ടുവർഷം മുമ്പ് ചൈന റോബട്ടിനെ ഉപയോഗിച്ച് അത്ഭുതം സൃഷ്ടിച്ചു. ഇങ്ങനെയുള്ള മെഷിൻ ലേണിങ്ങിനും ആർട്ടിഫിഷ്യൽ ഇന്റലിജെൻസിനും മറ്റും ഉപയോഗിക്കുന്ന പ്രോഗ്രാമുകളാണ്. Python, Java, Lisp, Prolog, Deep learning തുടങ്ങിയ കമ്പ്യുട്ടർ പ്രോഗാമുകൾ അഥവാ മെഷിൻ. (കമ്പ്യുട്ടർ) Language -കൾ പല മേഖലകളില്ലും ധാരാളമായി ഉപയോഗിച്ച് തുടങ്ങിയിരിക്കുന്നു. പല ഭാവികാര്യങ്ങളും പ്രവചിക്കാൻ കെൽപ്പുള്ള പ്രോഗാമുകൾ അനുദിനം വികസിപ്പിച്ചെടുത്തു കൊണ്ടിരിക്കുന്നു,

ഗുഗിൾ അസിസ്റ്റന്റ് (Google assistant) SIRI (സിരി) എന്ന പ്രോഗ്രാം ഉപയോഗിച്ചാണ് നമ്മൾ ഗൂഗിളിനോടു ചോദിക്കുന്ന കാര്യങ്ങൾക്ക് (സംശയങ്ങൾക്ക്) ഗൂഗിൾ മറുപടി തരുന്നത്. ചില രാജ്യങ്ങളിലെ പേരുകളും ഭാഷകളും സിരിക്ക് ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്തു ഉത്തരം തരാൻ ചിലപ്പോൾ ബുദ്ധിമുട്ടുണ്ടാകുന്നതൊഴിച്ചാൽ എന്തു കാര്യം ചോദിച്ചാലും സിരി വഴി ഗൂഗിൾ നമുക്ക് ഉത്തരം

തരും ആമസോൺ എക്കോ , ഗൂഗിൾ കോം, ഗുഗിൾ ALEXA,VECTOR എന്നി പ്രോഗ്രാമുകളും നിർമ്മിതബുദ്ധിയിൽ പ്രവർത്തിക്കുന്നവയാണ്.

Sleep Tracker (സ്ലീപ് ട്രാക്കർ) എന്ന പ്രോഗ്രാം ഉപയോഗിച്ചാൽ ലൈറ്റുകൾ സ്വീച്ച് ഓഫ് ചെയ്തിട്ട് ഉറങ്ങു എന്നു നമ്മളെ ആ പ്രോഗ്രാം ഓർമ്മിപ്പിക്കും TAPIA എന്ന റോബോട്ട് നമ്മളൊരു പാട്ടുപാടിയാൽ അത് ഏറ്റു പിടിച്ച് അതുപോലെ പാടും. അതുപോലെ SIRI ക്ക് നമ്മൾ എന്തെങ്കിലും തെറ്റായ വിവരം നൽകുകയോ തെറ്റായ ചോദ്യം ചോദിക്കുകയോ ചെയ്താൽ SIRI ഉടനെ മറുപടി പറയും 'I cant do that'(എനിക്കതു ചെയ്യാൻ പറ്റില്ലായെന്ന്) ചുരുക്കി പറഞ്ഞാൽ കമ്പ്യുട്ടറുകൾക്കും AI പ്രോഗാമുകൾക്കും കള്ളത്തരം ചെയ്യാനറിയില്ല. ഇതു തന്നെയാണ് അഴിമതി തുടച്ചുനിക്കാൻ ആർട്ടിഫിഷ്യൽ ഇന്റലിജെൻസ് ഉപയോഗിച്ച് സാധിക്കുമെന്ന് ഈ ലേഖനത്തിന്റെ തുടക്കത്തിലെ പറയാൻ കാരണം. നാമെല്ലാവരെയും ഞെട്ടിക്കുന്ന അഴിമതി വാർത്തകൾ അനുദിനം നമ്മൾ കേട്ടുകൊണ്ടേയിരിക്കുന്നു 2020 ജനുവരി 14, ന്യുസ്പേപ്പറിൽ കണ്ട വാർത്ത ജലസേചന വകുപ്പിലെ 653 ഫയലുകൾ കാണാനില്ല. മരടുഫ്ളാറ്റ് നിർമ്മാണങ്ങൾക്ക് നഗരസഭാ പഞ്ചായത്ത് എന്നീ അധികാരകേന്ദ്രങ്ങൾ അനുമതി കൊടുത്തത് ആരാണെന്ന് വ്യക്തതയില്ല. പാലം പണിയാൻ റവന്യു സെക്രട്ടറിക്ക് നിർദ്ദേശം കൊടുത്തത് മന്ത്രിയാണെന്നും അതല്ല റവന്യൂ സെക്രട്ടറി തന്നെയാണെന്നും മറ്റുമുള്ള അഴിമതിയുടെ വഴിയെപ്പറ്റിയുള്ള ആരോപണ പ്രത്യാരോപണങ്ങൾ AI എല്ലാം തലത്തിലും നിലവിലുണ്ടായിരുന്നെങ്കിൽ സംഭവിക്കുമായിരുന്നില്ലായെന്നുള്ളത് സത്യമാണ്.ഇനി വരാൻ പോകുന്ന ദശകം ശാസ്ത്ര സാങ്കേതിക വിദ്യകളിലെ കുതിപ്പിനുസരിച്ച് AI യുടെ ഉപയോഗം എല്ലാ മേഖലകളിലേക്കും വ്യാപിക്കും. ഉദാഹരണത്തിന് ഒരു രാജ്യത്തിന്റെ പ്രസിഡണ്ടാകാൻ ഏറ്റവും യോഗ്യതയുള്ളയാളെ AI തിരഞ്ഞെടുപ്പിലൂടെ കണ്ടുപിടിക്കാനും എല്ലാ സ്ഥാനർത്ഥികളുടെയും മേന്മയും, പോരായ്മകളും വിശകലനം ചെയ്ത് കുറ്റമറ്റ സ്ഥാനാർത്ഥിയെ ജനങ്ങൾക്കുവേണ്ടി അവതരിപ്പിക്കാൻ സാധിക്കും. ഏറ്റവും കുറഞ്ഞചിലവിൽ സങ്കിർണത നിറഞ്ഞ പ്രക്രിയകൾ എളുപ്പത്തിൽ പൂർത്തീകരിക്കാൻ സാധിക്കും.

2019 ൽ ഓക്സ്ഫോർഡ് യുണിവേഴ്സിറ്റി നടത്തിയ പ്രവർത്തന സമയ വിവരം അനുസരിച്ച് സൗത്ത് ആഫ്രിക്ക ആണ് ഏറ്റവും കുടുതൽ സമയം ജോലി ചെയ്യുന്നത് (2209 മണിക്കുർ ഒരു വർഷം) തൊട്ടു പിന്നിൽ ചൈന (2174 മണിക്കൂർ) ഇൻഡ്യ മൂന്നാം സ്ഥാനത്ത് (2117 മണിക്കുർ) സൗത്ത് കൊറിയ നാലാം സ്ഥാനത്ത് (2063 മണിക്കുർ).ഈ കണക്കുകൾ ഉപയോഗിച്ച് ഉൽപാദനക്ഷമതയെ അളക്കാനൊക്കില്ല. കാരണം ജോലിയുടെ സ്വഭാവം പ്രവർത്തന രീതി കാര്യക്ഷമത പലരാജ്യങ്ങളിലും ഒരുപോലെയല്ല. അതേ സമയം ഐ ടി യും (Information Technology), മെഷിൻ ലേണിങ്ങും ആർട്ടിഫിഷ്യൽ ഇന്റലിജെൻസും കുടിച്ചേരുമ്പോൾ പ്രവർത്തന ക്ഷമത വർദ്ധിക്കും സമയം ലാഭിക്കാം കള്ളത്തരങ്ങളും അഴിമതിയും നടക്കാതെ ഉൽപാദനക്ഷമത വർദ്ധിപ്പിച്ച് രാജ്യത്തെ ഉന്നത ശ്രേണിയിലാക്കിയെടുക്കാം അഴിമതി നിർമ്മാർജ്ജനം സാദ്ധ്യമാക്കുന്നതെങ്ങിനെയെന്ന് പരിശോധിക്കാം.

ശാസ്ത്രസാങ്കേതിക, ഐടി മേഖലകളിൽ അത്ഭുതം സൃഷ്ടിക്കുന്ന ചുവടു വയ്പുകൾ എന്തൊക്കെയാണെന്ന് പരിശോധിക്കാം.ക്വാണ്ഡം കമ്പ്യുട്ടിങ്ങ് അഥവാ സൂപ്പർ ഫിസിക്സ് അഥവാ ഭൗതിക ശാസാത്രത്തിലെ ക്വാണ്ഡം മെക്കാനിക്കസ് എന്ന ശാഖ ഉപയോഗിച്ച് ഗൂഗിൾ വികസിപ്പിച്ചെടുത്ത

കമ്പ്യൂട്ടിങ്ങ് രീതിയാണ് ക്വാണ്ടം കമ്പ്യൂട്ടിങ്ങ് ഈ രീതി ഉപയോഗിച്ചാൽ ഇന്ന് നാസയിലും ഐ എസ് ആർ ഒ യിലും നിലവിലുള്ള കമ്പ്യൂട്ടറുകളെക്കാൾ പതിനായിരം മടങ്ങ് വേഗതയിൽ ഡേറ്റ (വിവരങ്ങൾ) വിശകലനം ചെയ്യാൻ സാധിക്കും. അങ്ങനെ വന്നാൽ നമ്മുടെ ദൈനം ദിന ജീവിതത്തിലെ നിഷ്ക്രിയനിമിഷങ്ങൾക്ക് ഒരു സ്ഥാനവുമില്ലാതെ വേഗതയേറിയ ജീവിത രീതി അവലംബിച്ച പെൻഷനും ബാങ്ക് സംബന്ധിച്ച് കാര്യങ്ങളും സർക്കാർ ഓഫിസുകളിൽ കയറിയിറങ്ങി കൈക്കൂലി കൊടുത്ത് കാര്യങ്ങൾ സാധിച്ചെടുക്കുന്ന രീതികളുമൊക്കെ മാറി മറിഞ്ഞ് എല്ലാ സേവനങ്ങളും വിരൽത്തുമ്പിൽ ലഭിക്കുന്ന സ്ഥിതി വിശേഷം സംജാതമാകും.ഇപ്പോൾ തന്നെ എല്ലാ ഓഫീസുകളിലും Finger Print Identified Automation System അനുസരിച്ച് ഓരോ ഉദ്യോഗസ്ഥനും ഏതു ജോലി ഏതു കമ്പ്യൂട്ടറിൽ ചെയ്തുവെന്ന് കൃത്യമായി ദൈനം ദിന റെക്കോർഡായി നിലനിൽക്കുന്ന സാഹചര്യം വന്നുകെണ്ടിരിക്കുന്നു. ആര് എപ്പോൾ, ഏതു ജോലി ആരുടെ നിർദ്ദേശപ്രകാരം ചെയ്തു വെന്നു automated രേഖയുണ്ടാകുന്നു ഡേറ്റ ഉണ്ടാകുന്നു എല്ലാവരുടെയും പ്രവർത്തികൾ ഓരോ സെക്കന്റിലും സദാസമയവും നിരിക്ഷണത്തിലാകുന്നു. അതി വേഗ ഇന്റർനെറ്റ് (ഫിഫ്ത്ത് ജനറേഷൻ 5 ജി) മിന്നൽ വേഗത്തിൽ പ്രവർത്തിക്കും 5 ജി ആദ്യം വികസിപ്പിച്ചെടുത്തത് ചൈനയാണ്. കമ്പ്യൂട്ടറിൽകൂടി ആവശ്യപ്പെടുന്ന ഒരു ചോദ്യത്തിന് അടുത്ത സെക്കന്റിൽ ഉത്തരം ലഭിക്കും മാസാവസാനദിവസം ശമ്പളം കിറുകൃത്യമായി ബാങ്കിലെത്തും തട്ടുകടകളിലും 5 ജി കാരണം ഡെബിറ്റ്, ക്രെഡിറ്റ് കാർഡുപയോഗിച്ചോ, ഫോണുപയോഗിച്ചോ പേമെന്റ് നടത്താം. ബാങ്കുവഴിയല്ലാതെ ചാക്കുകണക്കിന് നോട്ടുകൾ ഉപയോഗിച്ച് ബിസ്നസ്സ് നടത്തിയവർ, കണക്കോ രേഖകളോ ഇല്ലാത്ത ക്രയവിക്രയം നടത്തി സർക്കാരിനു കിട്ടേണ്ട ടാക്സ് കൊടുക്കാതെ ജനപ്രിയ പദ്ധതികൾക്കു ടാക്സിൽ നിന്നുള്ള പണം ഇല്ലാതെ സർക്കാർ വലയുന്നത് തടയാൻ നോട്ടുനിരോധനം കൊണ്ടുവന്നപ്പോൾ അതിനെ നഖശിഖാന്തം എതിർത്തവർക്കും സമരം ചെയ്തവർക്കും കാത്തിരിക്കുന്ന സർപ്രൈസ് മറ്റൊന്നുമല്ല. Crypto currency (ക്രിപ്റ്റോ കറൻസി) എന്ന ഡിജിറ്റൽകറൻസികളുടെ അവതാരം ബിറ്റ് കോയിൻ റിപ്പിൾ, ഇതേറിയം എന്നി പേരുകളിൽ ഇവ ഡിജിറ്റലായി ക്രയവിക്രയങ്ങളും സ്റ്റോക്കു മാർക്കറ്റുകളിലും താരമാകുന്നു.

കഴിഞ്ഞ 10 വർഷങ്ങളായിട്ട് കമ്പ്യൂട്ടർ ഉപയോഗിക്കാൻ പാസ്വേർഡ് Finger Print, face recognisation (മുഖംതിരിച്ചറിയൽ) മുതലായ സെക്യൂരിറ്റി നിബന്ധനകൾ ഉപയോഗിച്ചു പോരുന്നു. ചുരുങ്ങിയ സമയം ഉപയോഗിക്കാതിരിക്കുമ്പോൾ തന്നെ കമ്പ്യൂട്ടർ ഓഫായിട്ട് വീണ്ടും ഉപയോഗിക്കുന്ന ആളുടെ മുഖം തിരിച്ചറിഞ്ഞില്ലെങ്കിൽ പ്രവർത്തനവുമായി മുന്നോട്ട് പോകാൻ സാധിക്കുകയില്ല. ഈ പറഞ്ഞ നിബന്ധനകളെല്ലാം ആൾമാറാട്ടവും അഴിമതി നടത്തലും തടയാൻ വേണ്ടി ആവിഷ്കരിച്ച സുരക്ഷ നടപടികളാണ്. ML, AI മുഖംതിരിച്ചറിയൽ, ഫിങ്കർ പ്രിന്റ് തിരിച്ചറിയൽ എന്നീ സാങ്കേതികൾ നിലവിലുണ്ടായിരുന്നെങ്കിൽ പാലം അഴിമതിയോ, ഫ്ളാറ്റ് അഴിമതിയോ സംഭവിക്കാൻ സാധ്യതകൾ ഏതാണ്ട് പൂജ്യത്തിൽ തന്നെ നിന്നേനേം.

ഓരോ പ്രവർത്തി ദിവസങ്ങളിലും ഏതു സമയത്ത് കൃത്യമായി ജോലി തുടങ്ങി , എത്ര മണിക്കൂർ പ്രവർത്തി സമയത്തിനകത്ത് ജോലി ചെയ്യാതെ സമയം പാഴാക്കി. എത്ര മണിക്കൂർ, എത്ര ദിവസങ്ങൾ അന്യായമായി അനുമതി കൊടുക്കാതെ ഉത്തരവ് വച്ചുതാമസിപ്പിച്ചു, എത്ര റിമൈൻഡറുകൾ അവഗണിച്ചു ,നിരുത്തരവാദപരമായ ഈ കാലതാമസങ്ങൾ സാമ്പത്തികമായി എത്ര നഷ്ടമുണ്ടാക്കി തുടങ്ങിയ കാര്യങ്ങൾ ഓരോ ഉദ്യോഗസ്ഥന്റെയും മേലാധികാരിക്കും വിരൽത്തുമ്പിൽ നിമിഷങ്ങൾക്കുള്ളിൽ ലഭ്യമാകും.

മേൽപ്പറഞ്ഞ കാര്യങ്ങൾക്കുമപ്പുറം പെർഫോർമൻസ് മാനേജ്മെന്റ് സിസ്റ്റം എല്ലാ സ്ഥാപനങ്ങളിലും സർക്കാർ ആഫീസുകളിലും, പ്രൈവറ്റ് മേഖലയിലും നിർബന്ധമാക്കാതെ മുന്നോട്ടു പോകാൻ പറ്റാതെ വരും. കാരണം പ്രൊമോഷനോ, വർഷാവസാന ബോണസ്സോ കൊടുക്കണമെങ്കിൽ ശരിയായ നിബന്ധനകളും പ്രവർത്തന റിപ്പോർട്ടുകളും അഴിമതി കൂടാതെ മേലധികാരികൾക്കും ജീവനക്കാരനും ഒരുപോലെ തെളിഞ്ഞ, വെള്ളംപോലെ കാണാൻ സാധിക്കുന്ന സമ്മറി കമ്പ്യൂട്ടർ കീ പ്രസ്സു ചെയ്താൽ കിട്ടാവുന്നതേയുള്ളൂ. വ്യക്തി താൽപ്പര്യം പരിഗണിച്ചോ, രാഷ്ട്രീയ താത്പര്യം പരിഗണിച്ചോ, പ്രൊമോഷനോ, ആനുകൂല്യങ്ങൾക്കോ, മേലധികാരിക്കോ, മന്ത്രിക്കോ കൃത്രിമം നടത്താൻ എ. ഐ സമ്മതിക്കുകയില്ല. അഴിമതിപരമായ ആനുകൂല്യങ്ങളോ പ്രൊമോഷനോ നൽകാൻ ശ്രമിച്ചാൽ കമ്പ്യൂട്ടറിൽ നിന്നു കിട്ടുന്ന മറുപടി ഇതായിരിക്കും. I can't do this' (എനിക്കിതു ചെയ്യാൻ പറ്റില്ല)

**വരാനിരിക്കുന്ന അതിശയങ്ങൾ ഇവയായിരിക്കും.**

Ai Banking, Cashless transactions, Paperless അനുമതികൾ, സുതാര്യത നിറഞ്ഞ നടപടികൾ എല്ലാം സസൂക്ഷ്മം വീക്ഷിക്കുകയും അനുവദിക്കുകയോ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയു





കയോ നിരാകരിക്കുകയോ ചെയ്യുന്ന എം.എൽ, എ.ഐ സിസ്റ്റം കാലതാമസം വരുത്തിയാൽ താക്കീതു നൽകുന്ന റെക്കോർഡിങ്ങ്, അനധികൃതമായ കമ്പ്യൂട്ടർ ഫയൽ തുറക്കാൻ പറ്റാത്ത സെക്യൂരിറ്റി എന്നിങ്ങനെ മാനവരാശിയുടെ പുരോഗതിക്കും സമ്മർദ്ദമില്ലാത്ത (Tensionless) ജീവിതരീതിക്കും കള്ളപ്രചരണങ്ങൾ, കുറ്റകൃത്യങ്ങൾ , അക്രമങ്ങൾ എന്നിങ്ങനെ മനുഷ്യരാശിയുടെ പുരോഗതിക്കും വിലങ്ങു തടിയാകുന്ന സംഭവവികാസങ്ങൾ അഴിമതി നിറഞ്ഞ രാഷ്ട്രീയം ശുദ്ധീകരിച്ച് സംശുദ്ധരാഷ്ട്രീയം പ്രദാനം ചെയ്യൽ തുടങ്ങിയവക്കെല്ലാം വേണ്ടി മനുഷ്യരാശിക്കു രണ്ടു കൈയും നീട്ടി സ്വീകരിക്കാം.

**A1 യുടെ ഉപയോഗംമൂലം ഓട്ടോമെറ്റ് ചെയ്യാൻ പോകുന്ന മേഖലകൾ**

1. കഠിനാദ്ധ്വാനത്തിൽ കൂടി കഷ്ടപ്പെട്ടു പഠിച്ചു മാസ്റ്റേർസ്, ഡോക്ടറൽ മുതലായ ഡിഗ്രികൾ എ.ഐ ഉപയോഗിച്ച് കോപ്പിയടി നടന്നിട്ടുണ്ടോയെന്ന് അറിയാൻ ടേൺ ഇറ്റ് ഇൻ പ്രോഗ്രാം ഉപയോഗിച്ചാൽ നിഷ്പ്രയാസം കണ്ടു പിടിക്കാൻ സാധിക്കും.
2. കമ്പിനികളിലേയും, സ്ഥാപനങ്ങളിലേയും കസ്റ്റമർ സർവ്വീസ് അന്വേഷണങ്ങളും മറുപടികളും വിവരങ്ങളും.
3. കസ്റ്റമറുടെ ഇ- മെയിലുകൾക്ക് മറുപടി
4. വരവ് ചിലവ് ബില്ല് കളക്ഷൻ, പെയ്മെന്റ്
5. നിയമവിരുദ്ധവും കണക്കിൽ പെടാത്തതുമായ വില്പനകളും കണക്കു വെട്ടിക്കലും കണ്ടു പിടിക്കുക
6. ഒരു സെക്രട്ടറി ചെയ്യുന്ന ജോലികളെല്ലാം സിരി (ആപ്പിൾ കമ്പനി) കൊർട്ടാന(മൈക്രോസോഫ്റ്റ്) Bixby, Alexa (ആമസോൺ) എന്നീ വെർചൽ പേർസണൽ അസിസ്റ്റന്റ്സ് ഓട്ടോമാറ്റിക് ആയി ചെയ്തു തരും.
7. ഫേയ്ക് ന്യൂസ് അഥവാ തെറ്റായ വാർത്തകൾ തടയൽ ഫേയ്ക് ന്യൂസ് hate speech ന്റെ ശൈലിയിലായിരിക്കും. (കഴിഞ്ഞ അമേരിക്കൻ ഇലക്ഷനിൽ ഹിലരി ക്ലിന്റൺ ഒരു മനുഷ്യക്കടത്തുമായി ബന്ധമുള്ള സ്ഥാനാർത്ഥിയാണെന്ന് ഒരു പിസ്സാറെസ്റ്റോറന്റ് വ്യാജവാർത്ത പ്രചരിപ്പിച്ചത് ഹിലരിയുടെ തോൽവിക്കു കാരണമായെന്നു പിന്നീടു കണ്ടു പിടിച്ചു. എ.ഐ. റെസ്റ്റോറന്റുകളിൽ ഉപയോഗിക്കാൻ അന്നു അമേരിക്ക മറന്നുപോയി.
8. ഹെൽത്ത് കെയർ രോഗനിർണയം.അതിസൂക്ഷ്മമായ ശസ്ത്രക്രിയകൾ ബ്രെയിനിലെ റോബോട്ടിക് സർജറി
9. എഡ്യൂക്കേഷൻ
10. എംപ്ലോയ്മെന്റ് ജോലി നിയമനം
11. ക്രിമിനൽ ജസ്റ്റീസ് അഥവാ കുറ്റവിചാരണകൾ.
12. സ്വകാര്യതയേറുന്ന കാര്യങ്ങൾ എ. ഐ ക്ക് രഹസ്യകോഡ് ഉപയോഗിച്ച് സ്വകാര്യത സംരക്ഷിക്കാം.
13. അനധികൃതരെ തടയുന്ന Facial Recognition രീതി.
14. സ്മാർട്ട്സിറ്റിപ്പോലുള്ള ബൃഹത്തായ സ്ഥാപനങ്ങൾ എ. ഐ ഉപയോഗിച്ച് വിദേശ രാജ്യങ്ങളിലെ എച്ച്. ആർ. ഡി സാലറി, ബോണസ്സ് മുതലായവ. ഓപ്പറേറ്റർക്കു ഒരു വ്യക്തിഗത താല്പ്പര്യങ്ങളും നടത്താൻ AI സമ്മതിക്കില്ല.
15. കുറ്റവാളികളെ സുസൂക്ഷമമായി എളുപ്പത്തിൽ കണ്ടു പിടിക്കൽ
16. എം. എല്ലിനും എ. ഐ ക്കും അനുകമ്പ അറിയില്ല. സത്യമേവ ജയതേയിൽ പ്രവർത്തിക്കും.
17. പാട്ടുപാടാൻ, ഗ്രൂപ്പ് സോങ്ങിൽ ഭാഗഭാക്കാകാൻ എ. ഐക്ക് കഴിയും.
18. ഓരോ വ്യക്തിയുടെയും ബാങ്കിടപാടുകളും സ്പെഷ്യൽ ഓഫറും കടകളിൽ വരുമ്പോൾ വാങ്ങിക്കൂട്ടാനിഷ്ടപ്പെടുന്ന ഐറ്റംസും, അഭിരുചികളും എ. ഐ ക്ക് അറിയാം.
19. എ. ഐ യുടെ ഉപയോഗം വർദ്ധിക്കുന്നതനുസരിച്ച് ബാങ്കുകളുടെ ശാഖകൾ അടച്ചു പൂട്ടി ഫോൺ ബാങ്കിങ്ങു വഴി ജോലിക്കാരെക്കുറച്ച് ലാഭമുണ്ടാക്കുന്നു.
20. എ.ഐ ക്ക് അധികാരസ്ഥാനങ്ങളിലിരിക്കുന്നവരുടെ വിവേചനപരമായ തീരുമാനങ്ങൾ എളുപ്പത്തിൽ ചോദ്യചരിന്നമുയർത്താനും താക്കീതു തരാനും വെളിച്ചത്ത് കൊണ്ടു വരാനും സാധിക്കും. വിവേചനം കാണിക്കുന്ന രീതിയിൽ ഡേറ്റ കൊടുത്താൽ അത്തരം ഡേറ്റകൽ ഉപയോഗിക്കാതിരിക്കാൻ AI ക്ക് കഴിയും.
21. എ. ഐ ക്ക് മുൻകൂർ പ്രെഡിക്ട് ചെയ്യാൻ പറ്റും. ഉദാഹരണത്തിന് അമേരിക്കയും വടക്കൻ കൊറിയയും തമ്മിൽ യുദ്ധമുണ്ടാകുമോ എന്ന്, ഇതു പ്രവചിക്കാൻ അൽഗോരിതങ്ങൾ വേണം. ആർക്കാണ് കൂടുതൽ ആയുധങ്ങൾ, രാജ്യങ്ങൾ തമ്മിൽ ദൂരമെത്ര, രണ്ടു രാജ്യങ്ങളും തമ്മിൽ കയറ്റുമതി, ഇറക്കുമതിയുണ്ടോ, ഒരേ അതിർത്തി പങ്കിടുന്നുണ്ടോ മുതലായ ഘടകങ്ങൾ ഉപയോഗിച്ച് എ. ഐ ക്ക് യുദ്ധം പ്രവചിക്കാം, മുൻകൂട്ടി.
22. എ. ഐ ക്ക് മനുഷ്യനേപ്പോലെ മൂഡ് (മാനസിക) മാറ്റങ്ങൾ ഇല്ല.
23. എ. ഐ ക്ക് ഡോക്ടർമാരെക്കാൾ കൂടുതൽ വേഗത്തിൽ എപ്പിലെപ്സി കണ്ടു പിടിക്കാൻ സാധിക്കും.
24. മനുഷ്യന് ജോലി സ്ഥലത്ത് ബുദ്ധിമുട്ട് കുറയ്ക്കാൻ എ. ഐ ക്ക് കഴിയും.
25. എ. ഐ സൈഡു ചേരാതെ (Unbiased) ജോലി ചെയ്യും.

26. എ. ഐ ഫ്രീ ആയിട്ടു കിട്ടുന്നില്ല. ഫെയ്സ് ബുക്ക്, ജി- മെയിൽ , വാട്സാപ്പ് മുതലായവയൊന്നും ഫ്രീ അല്ല, കാരണം നമ്മൾ പൈസകൊടുത്ത് നമ്മുടെ പ്രൈവസി അടിയറവെയ്ക്കുന്നതു തന്നെയാണ് നമ്മൾ ചെയ്യുന്നത്. എ.ഐ നമ്മളെ രക്ഷിക്കട്ടെ എല്ലാ വിധ അഴിമതികളിൽ നിന്നും............

# ഹരിസുധാലഹരി

നന്ദകുമാർ മേനോൻ ഫോൺ : 9895981809

**ശ്ലോകം –48**

മൂലാധാരസരോജകർണ്ണികയിലമ്മായാസമേജൻ ഭവാൻ

ലീലാനർത്തനമാടിടുന്നു രസമോരോന്നും സ്ഫുരിപ്പിച്ചഹോ

നീലക്കണ്മുനയാൽ ജഗത്തഖിലവും സൃഷ്ടിക്കുമങ്ങെന്നിയി–

ല്ലാലംബം മമ ലോകനാഥ കരുണാമൂർത്തേ പരിത്രാഹിമാം

**ശ്ലോകാർത്ഥം :**

ആ മായയോടു ചേർന്ന ഭവാൻ, മൂലാധാരത്തിലെ താമരപ്പൂവിന്റെ നടുവിൽ നവരസങ്ങളോരോന്നും പ്രകടിപ്പിച്ചുകൊണ്ട് കളിനടനമാടുന്നു. അല്ലയോ ലോകരക്ഷകനേ, കാരുണ്യം രൂപമെടുത്തവനേ നീലനിറമുള്ള കടക്കണ്ണുകൊണ്ട് എല്ലാ പ്രപഞ്ചവും സൃഷ്ടിക്കുന്ന അവിടുന്നല്ലാതെ എനിക്ക് വേറെ താങ്ങ് ഇല്ല. എന്നെ പൂർണ്ണമായും രക്ഷിക്കണേ.

**വ്യാഖ്യാ :**

മൂലാധാരചക്രം നാലിതളുകളുള്ള താമരയാണ്. അവിടെ ഭവാൻ അവിടുത്തെ തന്നെ മായയുമൊത്ത് കളിയായി, അല്പം പോലും ഗൗരവമില്ലാത്ത നൃത്തം ചെയ്യുന്നു. ആ നടനത്തിൽ അവിടുന്ന് നവരസങ്ങളും സ്ഫുരിപ്പിക്കുന്നു. കൺമുനകൊണ്ട് നോക്കുന്നതു തന്നെ കടാക്ഷം. ആ കടാക്ഷം കൊണ്ട് എല്ലാ ജഗത്തുക്കളും സൃഷ്ടിക്കുന്ന അങ്ങല്ലാതെ എനിക്ക് ഒരു താങ്ങും തണലും മറ്റാരുമില്ല. അല്ലയോ ലോകനാഥ, കരുണ രൂപമെടുത്തവനേ, എന്നെ പരിരക്ഷിക്കൂ.

**ശ്ലോകം 49 :**

ഇല്ലങ്ങെന്നിയൊരനയ്വസ്തുവുമജാണ്ഡത്തിങ്കലെന്നുള്ളതാൽ

ചൊല്ലാം ഞാൻ ത്വദഭിന്നനെന്നൊരുവശം ചിന്തിച്ചു പാർത്തീടുകിൽ

ചൊല്ലാമോ പരമേശനാകിയ ഭവാൻ ഞാനെന്ന് കല്ലോലമൊ–

ന്നല്ലാ വാരിധി നാഥ തത്വമിതറിഞ്ഞോൻ തത്വവിത്താം ദൃഢം.

**ശ്ലോകാർത്ഥം :**

അങ്ങല്ലാതെ മറ്റൊരു വസ്തു പോലും അനാദിയായ മുട്ടയിൽ ഇല്ല എന്നുള്ളതിനാൽ, ഒരു വഴിക്ക് ചിന്തിച്ചാൽ ഞാൻ അങ്ങിൽ നിന്നും അന്യനല്ലാ എന്നു പറയാം. (എന്നാൽ) എല്ലാത്തിന്റെയും അധിപനായ അവിടുന്നാണ് ഞാൻ എന്ന് പറയാൻ പറ്റുമോ ? ഒരു നദി മാത്രമല്ലാ സമുദ്രം, രക്ഷക, ഈ തത്വം അറിഞ്ഞവൻ തീർച്ചയായും തത്വം അറിഞ്ഞവനാവും.

**വ്യാഖ്യാ** :

വളരെ ലളിതമായൊരു ചോദ്യമാണെങ്കിലും അതിലെ സങ്കീർണ്ണതയാണ് ഗുരുനാഥൻ ഇവിടെ വെളിവാക്കുന്നത്. ഒരിക്കലും ജനിക്കാത്ത, അനാദിയായ എന്നും നിലനിൽക്കുന്ന ഈ ബ്രഹ്മാണ്ഡത്തിൽ അങ്ങല്ലാതെ മറ്റൊരു വസ്തു പോലും ഇല്ല. ഈ ബ്രഹ്മാണ്ഡം മുഴുവൻ അങ്ങാണ്. എന്നു വച്ചാൽ എങ്ങനെയാണോ മഞ്ഞുകട്ടയും, ജലവും, നീരാവിയും ഒന്നാണെന്ന് നമുക്കറിയുന്നത്. അതുപോലെ, എങ്കിൽ ഞാനും ഈ അണ്ഡത്തിലുള്ളതാണല്ലോ. അതുകൊണ്ട് ഞാനും അങ്ങും വ്യത്യസ്തങ്ങളല്ല. ഒന്നാണെന്ന് സിദ്ധിക്കുന്നു. അതുകൊണ്ട് ഞാൻ അങ്ങാണ് എന്ന് പറയാം. എന്നാൽ അങ്ങ് ഞാനാണ് എന്നു പറയാൻ പറ്റുമോ? ഇല്ല എന്നു ഗുരു സൂചിപ്പിക്കുന്നു. എന്താണതിനു കാരണം ? ഒരു നദി മാത്രമല്ല സമുദ്രം. പല നദികൾ ചെന്നു ചേരുന്നതാണത്. എന്നാൽ എല്ലാ നദികളും സമുദ്രത്തിൽ ചെന്നു ചേരുന്നതുകൊണ്ടും, സമുദ്രത്തിലെ ജലം, സമുദ്രത്തിൽ ചെന്നു ചേരുന്ന എല്ലാ നദികളുമായും തുടർ ചേർച്ച ഉള്ളതുകൊണ്ടും, നദിയും സമുദ്രവും ഒന്നാണെന്ന് പറയാം. എന്നാൽ, സമുദ്രം, ഒരു നദിയെ മാത്രമായി ഉദ്ധരിച്ച് സമുദ്രമാണ് ഈ നദി എന്നു പറയുന്നത് അസംബന്ധമാവും. ഈ തത്വം അറിയുന്നവൻ തത്വം (ബ്രഹ്മതത്വം) അറിയുന്നവനാവും, തീർച്ച.





# ആണൊരുത്തൻ

പത്മജ മേനോൻ. ഫോൺ : 8289887472

ഞങ്ങൾക്ക് ആരെയും കാണണ്ട ഞങ്ങൾക്ക് ഒന്നും പറയാനില്ല ദയവു ചെയ്ത് നിങ്ങൾ എല്ലാവരും ഇവിടെ നിന്ന് ഇറങ്ങിതരണം. സംഭവിച്ചതിൽ കൂടുതൽ ഒന്നും സംഭവിക്കാനില്ല ഒരല്പമെങ്കിലും മനുഷ്യത്വം കാണിക്കണം എന്നു പറഞ്ഞ് ആ അമ്മയും അച്ഛനും വാതിൽ കൊട്ടിയടച്ചു. അകത്ത് നിന്ന് അവരുടെ ദീനരോദനം വാതിൽ പാളികൾക്കിടയിലൂടെ പുറത്തേക്ക് കേൾക്കുന്നുണ്ടായിരുന്നു. എല്ലാവരും പിരിഞ്ഞ് പോയി. റിപ്പോർട്ടറും, ക്യാമറമാനുമെല്ലാം ഒരു ചാകര നഷ്ടപ്പെട്ട നിരാശയിൽ മടങ്ങി പോരുമ്പോൾ പിറുപിറുക്കുന്നുണ്ടായിരുന്നു. ആദിത്യശങ്കർ പതിയെ ഉമ്മറത്തുള്ള തിണ്ണയിൽ ഇരുന്നു. ഓരോ ദിനവും എന്തെല്ലാ പ്രശ്നങ്ങളാണ് ഓരോരുത്തരെയും തേടി എത്തുന്നത്. ഒരു കുടുംബത്തിലുണ്ടായ ദുരന്തം അച്ഛനും, അമ്മയും മകളും മാത്രമുള്ള കുടുംബത്തിൽ അച്ഛനും അമ്മയും പുറത്ത് പോയ സമയത്ത് സ്വന്തം വീട്ടിൽ വെച്ചു തന്നെ മകൾ അതിക്രൂരമായവിധം പീഢിപ്പിക്കപ്പെട്ടിരിക്കുന്നു. രാത്രിയിൽ സ്വാതന്ത്ര്യമായി സ്ത്രീകൾക്ക് ഇറങ്ങിനടക്കാം. രാത്രി നടത്തം എന്ന്ക്കെ പറയുന്ന ഒരു നാട്ടിലാണ് ഒരു പെൺകുട്ടി പട്ടാപ്പകൽ പീഢിപ്പിക്കപ്പെട്ടത്. അയാൾ ചിന്താകുലനായി ആരായിരിക്കും പ്രതി. വഴിതെറ്റി വന്ന വഴിപോക്കനാണോ...? അതോ തസ്ക്കരനോ....? അല്ലെങ്കിൽ അമിത ലൈംഗിക ആസക്തിയുള്ള കാമവെറിയനോ...? പെൺകുട്ടിക്ക് ആളെ അറിയില്ല. ഒരു കുടുംബത്തിന്റെ ആകെയുള്ള പ്രതീക്ഷയാണ് ജീവച്ഛവമായി മാറിയിരിക്കുന്നത്. അയാൾ മെല്ലെ എഴുന്നേറ്റ് വാതിലിൽ മുട്ടി. അപ്പോഴെക്കും അകത്തുള്ള ദീനരോദനത്തിന് ശമനം വന്നിരുന്നു. അല്ലെങ്കിലും എത്രയായെന്നു വെച്ചാ കരയുക. വാതിൽ തുറക്കുമെന്ന് പ്രതീക്ഷ ഉണ്ടായിരുന്നില്ല. തിരിഞ്ഞ് നടക്കാൻ തുടങ്ങുമ്പോളാണ് അത്ഭുതപ്പെടുത്തിക്കൊണ്ട് വാതിൽ തുറന്നത്. കുട്ടിയുടെ അച്ഛനാണ്. അടുത്തുള്ള കസേരയിൽ അമ്മ കലങ്ങിയ കണ്ണുമായി ഇരിക്കുന്നുണ്ട്. കൈകൾ കൂപ്പിക്കൊണ്ട് അദ്ദേഹം പറഞ്ഞു. താമസിയാതെ മൂന്ന് മരണം നടക്കും ഇവിടെ, അപ്പോൾ നിങ്ങളുടെ ഭാവനയ്ക്ക് അനുസരിച്ച് കഥകൾ എഴുതി മാധ്യമങ്ങളിൽ കൊടുത്തുകൊള്ളൂ.

ആദിത്യശങ്കരൻ പതിഞ്ഞ ശബ്ദത്തിൽ അച്ഛാ എന്നെ വിശ്വസിക്കൂ എനിക്ക് ഒന്നും അറിയണ്ട, ഒരു കാര്യം ആവശ്യപ്പെടാനാണ് ഞാൻ ഇത്രയിടം വന്നത്. ആദിത്യന്റെ അച്ഛാ എന്നുള്ള വിളിയിൽ ആത്മാർത്ഥതയുടെ കനിവ് ഉള്ളതുപോലെ എന്താ.... തനിക്ക് വേണ്ടത്? ആദിത്യൻ ഉറച്ച ശബ്ദത്തിൽ പറഞ്ഞു എനിക്ക് നിങ്ങളുടെ മകളെ വിവാഹം ചെയ്തു തരുമോ? ഒരു നിമിഷം ആ അച്ഛൻ സ്തബ്ധനായ നിലകൊണ്ടു. പിന്നീട് പറഞ്ഞു. മനസ്സ് കലുഷമാണ്, ആ മനസ്സിന് തമാശ കേട്ടാലും ചിരിക്കാൻ കഴിയില്ല. ആദിത്യൻ വീണ്ടും പറഞ്ഞു സത്യമാണ് ഞാൻ പറയുന്നത്. എനിക്ക് വിവാഹം ചെയ്തു തരുമോ..? ഞാൻ എന്റെ അമ്മയുമായി അടുത്ത ദിവസം തന്നെ വരാം. അപ്പോഴാണ് ഇതെല്ലാം കേട്ടുകൊണ്ടിരുന്ന അമ്മ ചാടി എഴുന്നേറ്റ് ആദിത്യന്റെ കൈയ്യിൽ കടന്നു പിടിച്ച് ചോദിച്ചു സത്യമാണോ മോൻ പറയുന്നത്. അതെ സത്യം തന്നെ എന്ന് പറഞ്ഞ് അമ്മയുടെ തലയിൽ കൈവെച്ചു. എനിക്ക് ഒരു അമ്മ മാത്രമേയുള്ളൂ. അമ്മ യു.പി സ്കൂളിലെ ടീച്ചറാണ്. ഞാൻ വാട്ടർ അതോറിറ്റിയിലെ എഞ്ചിനിയറുമാണ്. അമ്മ പറഞ്ഞു ഞങ്ങൾ രണ്ടുപേരും അസുഖക്കാരാണ്. ആരാദ്യം പോകും എന്ന് പറഞ്ഞ് നിൽക്കുന്നവർ. അതിനു മുമ്പ് മോളുടെ വിവാഹം നടത്താനായി ആലോചനകൾ നടക്കുകയായിരുന്നു. അടുത്ത ആഴ്ച ഒരു പെണ്ണുകാണലിന് ചെറുക്കൻ വരാനിരിക്കുകയായിരുന്നു. അവർ വിളിച്ച് പറഞ്ഞു ഇനി വരുന്നില്ലായെന്ന്. ആദിത്യൻ പറഞ്ഞു വിഷമിക്കണ്ട ഞാൻ അമ്മയുമായി വരാം. അകത്തെ മുറിയിൽ ഒരു നിഴൽപോലെ ഒരു പെൺകുട്ടി മുഖവും പൊത്തി ഇരിക്കുന്നത് ആദിത്യൻ ജനാലയിലൂടെ കണ്ടു.

ശാന്തമായ മനസ്സോടെ വീട്ടിലെത്തിയ ആദിത്യന് കാര്യങ്ങൾ എങ്ങനെ അമ്മയോട് അവതരിപ്പിക്കും എന്ന ആശങ്കയായി. എങ്കിലും എല്ലാം തു

റന്നു പറയുന്ന അമ്മയോട് കാര്യങ്ങൾ വിശദമായി തന്നെ പറഞ്ഞു. എല്ലാം ഒരു മൂളലോടെ കേട്ട അമ്മ ഒടുവിൽ പറഞ്ഞു ഈ വിവാഹം നടക്കില്ല. അച്ഛൻ ചെറുപ്പത്തിൽ നഷ്ടപ്പെട്ട് നിനക്ക് ആവശ്യത്തിൽ കൂടുതൽ സ്വാതന്ത്ര്യം തന്നു. അത് ഇമ്മാതിരി കോപ്രായങ്ങൾ കാണിക്കാനല്ല എന്നു പറഞ്ഞ് പോയി കിടന്നു. ആദിത്യൻ അമ്മയുടെ അടുത്ത് പോയിരുന്ന് പറഞ്ഞു തുടങ്ങി. അമ്മ സ്കൂളിലെ എല്ലാവരുടെയും ആരാധ്യയായ മലയാളം ടീച്ചറാണല്ലോ... എന്നെയും കുട്ടികളെയും അമ്മ പഠിപ്പിച്ചിരുന്നത് എന്താണ്? സഹജീവികളോട് ദയ കാണിക്കണം, സമൂഹത്തിൽ വെറുക്കപ്പെട്ടവർ എന്നു മുദ്രകുത്തിയവരെ വേണം സ്നേഹിക്കാൻ കാരണം അവർക്ക് നമ്മളെ സ്നേഹിക്കാനുള്ളൂ എന്ന് ഓരോരുത്തരും കരുതണം, അപ്പോൾ അവരെ സ്നേഹിക്കാനും കുറച്ചു പേർ കാണും. വിശക്കുന്നവന് ആഹാരം കൊടുക്കുന്നപോലെ നിരാലംബരായവർക്ക് ഒരു തണലാവുക, നമ്മുടെ കൊച്ചു ജീവിതം കൊണ്ട് മറ്റൊരാൾക്ക് ഒരു ജീവിതം നൽകാൻ കഴിഞ്ഞാൽ അതുതന്നെയാണ് ഏറ്റവും വലിയ മനുഷ്യത്വം. വ്യക്തിത്വമുള്ള പുണ്യാത്മാക്കൾക്കെ അതിന് കഴിയൂ. അമ്മയുടെ ഈ വചനങ്ങൾ കേട്ടു വളർന്ന ഞാൻ അത് പ്രവർത്തികമാക്കി അത്രയെയുള്ളൂ. ആദിത്യന്റെ വാക്കിന് വിലയില്ലായെന്ന് ആ വീട്ടുകാർ കരുതിക്കോട്ടെ.... എന്നാലും വേണ്ടില്ല. ഞാൻ എന്റെ അമ്മയെ ധിക്കരിക്കില്ലാ എന്നു പറഞ്ഞ് അവൻ അമ്മയ്ക്ക് ഒരു ഉമ്മയും നൽകി ശുഭരാത്രി എന്നു പറഞ്ഞ് ഉറങ്ങാൻ പോയി.

പിറ്റേന്ന് ആദിത്യാ... ആദിത്യ... എന്ന് അമ്മയുടെ വിളികേട്ടാണ് അവൻ ഉണർന്നത്. എന്തൊരുറക്കമാണിത് പോകണ്ടേ..... ഇനി എന്റെ മകന്റെ വാക്കിന് വിലയില്ലാതെ ആവണ്ട എന്ന് പറഞ്ഞ് അമ്മ പോയി. അവൻ ചാടിയെഴുന്നേറ്റ് അമ്മയുടെ പിന്നാലെ പോയി കെട്ടിപ്പിടിച്ചു എനിക്കറിയാമായിരുന്നു എന്റെ ടീച്ചറമ്മ ഒരല്പം ജാട കാണിച്ചാലും എന്റെ ഇഷ്ടത്തിന് കൂട്ട് നിൽക്കുമെന്ന്. അന്നു തന്നെ അവർ അവന്തികയുടെ വീട്ടിൽ എത്തി. അതായിരുന്നു അവളുടെ പേര്. ഞങ്ങൾ വരുമെന്ന് അവർ ഒട്ടും പ്രതീക്ഷിച്ചിരുന്നില്ല. കണ്ടമാത്രയിൽ അവർ ആകെ വെപ്രാളപ്പെട്ടു. വിവാഹത്തിന് ആഘോഷം ഒന്നുമില്ല. ഒരു ചടങ്ങ് മാത്രംമതിയെന്ന് തീരുമാനിച്ചു. തിരിച്ച് വരുവാൻ നേരത്ത് ഞങ്ങൾ അവളെ പോയികണ്ടു. തലതാഴ്ത്തിയിരിക്കുന്ന അവൾ ഒന്നും മിണ്ടിയില്ല. വെണ്ണക്കൽ പ്രതിമപോലെയുള്ള അവളുടെ കണ്ണുകളിൽ നിന്നും വെള്ളച്ചാട്ടം പോലെ കണ്ണുനീർ കുലം കുത്തി ഒഴുകുന്നുണ്ടായിരുന്നു. മോളെ കൊണ്ടുപോകാൻ ഞങ്ങൾ അടുത്താഴ്ച വരുമെന്ന് പറഞ്ഞ് ഞങ്ങൾ മടങ്ങി.

കുറച്ചു ദിവസങ്ങൾക്കകം തന്നെ അവന്തികയുടെ വീട്ടിൽ വെച്ച് ഏഴ് തിരിയിട്ട വിളക്കിന്റെ മുന്നിൽ അഗ്നിയെ സാക്ഷിയാക്കി ഞാൻ അവളുടെ കഴുത്തിൽ താലികെട്ടി. അവളെയും കൊണ്ട് മടങ്ങുമ്പോൾ അവളുടെ അച്ഛനും, അമ്മയും എന്റെ തലയിൽ കൈവെച്ച് ഒരുപാട് അനുഗ്രഹങ്ങൾ നൽകി. അവൾ ശിലപോലെ നിൽക്കുന്നുണ്ടായിരുന്നു. പൊതുവെ വാചാലയായ തന്റെ അമ്മ കാറിലുടനീളം മൗനിയായിരുന്നു. പാവം അമ്മക്കും ആഗ്രഹമുണ്ടാകുമല്ലോ.... മകന്റെ കല്യാണം ഗംഭീരമാക്കണമെന്ന്. സാരമില്ലാ... അമ്മേ, ആർഭാടങ്ങൾ എല്ലാം നൈമിഷികമാണ്. ഒരാളെ ജീവിതത്തിലേക്ക് കൊണ്ടുവരുവാൻ കഴിഞ്ഞല്ലോ... അതുമതി. ആദിത്യൻ ഓരോന്ന് ചിന്തിച്ച്ക്കൊണ്ടിരുന്നു. വീട് എത്തിയതും അമ്മ ഓടിപോയി ഒരു തിരിയിട്ട നിലവിളക്ക് കൊണ്ട് വന്ന് അവളുടെ കൈയ്യിൽ കൊടുത്ത് വീട്ടിനകത്തേക്ക് കൂട്ടികൊണ്ടുപോയി.

ജനാലയിൽ പിടിച്ച് അവൾ പുറത്തേക്ക് നോക്കി നിൽക്കുന്നു. ആകാശംനിറയെ താരകൾ കണ്ണുചിമ്മി നിൽക്കുന്നുണ്ട്. ആതിരക്കാറ്റിന്റെ ഇളം തണുപ്പിൽ മനസ്സിനും ശരീരത്തിനും ഒരു ഉന്മേഷം വന്നപോലെ അവളുടെ അരികിൽ ചെന്നു നിന്നുകൊണ്ട് അവൻ പറഞ്ഞു വിശക്കുന്നില്ലേ...? അതിന് മറുപടി അവൾ പറഞ്ഞത് ഞാൻ ചീത്തപ്പെണ്ണാണെന്നാണ്. അതിന് നിന്റെ പിച്ചിചിന്തപ്പെട്ട ശരീരത്തെയല്ല പിച്ചിച്ചിന്തപ്പെടാത്ത മനസ്സിനെയാണ് ഞാൻ ഇഷ്ടപ്പെട്ടത് എന്ന് പറഞ്ഞ് ആദിത്യൻ അവളുടെ തോളിൽ കൈവെച്ചു. പെട്ടെന്നാണ് അവൾ തൊടരുത് എന്നെ എന്നു പറഞ്ഞ് ചീറ്റപുലിയെപ്പോലെ ചീറികൊണ്ട് കൈയ്യിലിരുന്ന കഠാരകൊണ്ട് തന്നെ ആഞ്ഞ് ആഞ്ഞ് കുത്തിയത്. തന്റെ നിലവിളി കേട്ട് അമ്മ ഓടി വന്നു. അപ്പോൾ ചോരയിൽ കുളിച്ച് കൊണ്ട് കിടന്നിരുന്ന ആദിത്യന്റെ ബോധം പതിയെ മറയുകയായിരുന്നു...

പിന്നീട് ബോധം വന്നപ്പോൾ തീഷ്ണമായ കണ്ണുകളോടെ തന്നെ ഉറ്റുനോക്കിക്കൊ ണ്ടിരിക്കുന്ന അമ്മയെയാണ് കണ്ടത്. ഒരു മാസത്തോളം ഹോസ്പിറ്റലിൽ കിടക്കേണ്ടി വന്നു. തിരിച്ച് വീട്ടിലേക്ക് എത്തുമ്പോഴേക്കും അമ്മ ഉയർന്ന രക്തസമ്മർദ്ദത്തിന് അടിമയായി കഴിഞ്ഞിരുന്നു. അമ്മയെ ദേഷ്യപ്പെടുത്താതെ നോക്കാൻ ഞാൻ ശ്രമിച്ചുക്കൊണ്ടിരുന്നു. അവന്തികയെ അവളുടെ അച്ഛനും അമ്മയും വന്ന് കൊണ്ടുപോയി. അവർ ഈ സ്ഥലം തന്നെ വിട്ടുപോയി എന്നാണ് അമ്മ പറഞ്ഞത്. കൂടുതൽ ഒന്നും ഞാൻ ചോദിച്ചില്ല. അമ്മയെ വിഷമിപ്പിക്കണ്ടയെന്നു കരുതി. അങ്ങനെ രണ്ടു മൂന്നു വർഷങ്ങൾ കടന്നുപോയി. ഒരു ദിവസം ഓഫീസ് വിട്ടുവന്നപ്പോൾ അമ്മ വളരെ സന്തോഷത്തിലായിരുന്നു. കാര്യം അന്വേഷിച്ചപ്പോൾ അമ്മയുടെ കൂട്ടുകാരിയുടെ മകൾ രാധികയുമായി തന്റെ വിവാഹം ഉറപ്പിക്കുവാൻ പോകുന്നു. രാധികയെ താൻ കോളേജിൽ വെച്ച് പരിചയെപ്പെട്ടിട്ടുണ്ട്. മിടുക്കിയാണവൾ. സ്വന്തമായി അഭിപ്രായങ്ങൾ തുറന്നു പറയാൻ മടിക്കാത്ത പ്രകൃതമാണവളുടേത്. അമ്മയുടെ ആഗ്രഹം സാധിപ്പിച്ചു തരണം എന്ന് ആവശ്യപ്പെട്ടപ്പോൾ താൻ ഒന്നും മിണ്ടിയില്ല. അവന്തികയുടെ കഴുത്തിൽ താലികെട്ടിയെന്നല്ലേയുള്ളൂ വിവാഹം രജിസ്റ്റർ ഒന്നും ചെയ്തില്ലല്ലോ... ഇനി അത് ഒരു തമാശയായി മറന്നു കളയണം. എല്ലാം അമ്മയുടെ ഇഷ്ടം പോലെ ചെയ്തു കൊള്ളൂഎന്നു പറഞ്ഞ് താൻ ഒഴിഞ്ഞു മാറി. വൈകാതെ തന്നെ തന്റെയും രാധികയും തമ്മിലുള്ള മോതിരം മാറ്റം നടന്നു. ചിന്തകളും അഭിപ്രായങ്ങളും ഏകദേശം ഒന്നായ ഞങ്ങൾ തമ്മിൽ നല്ല കെമിസ്ട്രിയായിരുന്നു.

ഒരു ദിവസം ഓഫീസിൽ തന്നെ കാണാൻ ഒരു അതിഥിയുണ്ടെന്ന് പ്യൂൺ വന്നു പറഞ്ഞപ്പോൾ താൻ അതിശയിച്ചു തന്നെക്കാണാൻ ആരും വരാറില്ല. വരാൻ പറയൂ എന്ന് പറഞ്ഞു. അതിഥിയെ കണ്ട താൻ ഞെട്ടിപ്പോയി, അത് അവന്തികയായിരുന്നു. ഒറ്റ നോട്ടത്തിൽ തന്നെ പക്വത വന്ന ഒരു സ്ത്രിയെ പോലെ തോന്നിച്ചു. ഓഫീസ് കണ്ടുപിടിക്കാൻ കുറച്ചു ബുദ്ധിമുട്ടിയെന്ന് അവൾ പറഞ്ഞപ്പോൾ താൻ അവളോട് ഇരിക്കുവാൻ പറഞ്ഞു. അവൾ വളരെ വികാരതീവ്രതയോടെ പറഞ്ഞു. എന്നോട് ക്ഷമിക്കണം ക്ഷമിക്കുവാൻ പറ്റിയ ഒരു പ്രവൃത്തിയല്ല ഞാൻ ചെയ്തതെന്ന് എനിക്കിപ്പോൾ ബോദ്ധ്യമുണ്ട്. അന്ന് ചിതറിയ മനസ്സിന്റെ ഉടമയായ ഞാൻ എന്താണ് ചെയ്തു പോയതെന്ന് ഒരു നിശ്ചയവുമില്ലായിരുന്നു. എന്നോട് ക്ഷമിക്കില്ലേ... അന്നത്തെ സംഭവത്തിനു ശേഷം അച്ഛനും അമ്മയും എന്നെയും കൊണ്ട് മൈസൂരിൽ പോയി അവിടെ അമ്മയുടെ ചേട്ടനുണ്ട്. അവിടത്തെ ഒരാശ്രമത്തിലായിരുന്നു ഞാൻ രണ്ടു വർഷത്തോളം അവിടെത്തെ ചിട്ടവട്ടങ്ങളും യോഗയും പ്രാണായാമവും, കൗൺസിലിങ്ങും, ധാരയുമെല്ലാം കൊണ്ട് തന്റെ വിഭ്രാന്തി മാറികിട്ടി. നാട്ടിലുള്ള വീട് വിൽക്കുവാൻ വേണ്ടിവന്നതാണ്. അവിടെക്ക് തന്നെ തിരിച്ച് പോകും ഒരു ജോലി സമ്പാദിക്കണം അച്ഛനെയും അമ്മയെയും സംരക്ഷിക്കണം. യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ട പക്വതയാർന്ന ഒരു മനസ്സിന്റെ ഉടമയാണിന്ന് ഞാൻ. ഇദ്ദേഹത്തിന്റെ വിശേഷങ്ങൾ എന്തൊക്കെയാണ്...? വിവാഹം കഴിഞ്ഞോ...? കുട്ടികൾ...? ആദിത്യൻ പറഞ്ഞു ഇല്ല മോതികം മാറ്റമേ കഴിഞ്ഞുള്ളൂ... ഇതാണ് രാധികയെന്ന് പറഞ്ഞ് അയാൾ മൊബൈലിൽ രാധികയുടെ ഫോട്ടോ കാണിച്ചുകൊടുത്തു. അപ്പോഴാണ് ആദിത്യൻ കണ്ടത് താൻ കെട്ടിയ താലി അവളുടെ കഴുത്തിൽ ഇപ്പോഴും ഉണ്ട്. അത് മനസ്സിലാക്കിയ അവൾ പറഞ്ഞു ഈ താലി ഇവിടെ കിടന്നുകൊള്ളട്ടെട്ടോ... അത് ഒരു ധൈര്യമാണ്. കാണാമറയത്താണെങ്കിലും കൂടെയുണ്ടെന്ന ഒരു തോന്നൽ. വെറുതെ... ഞാനൊരിക്കലും ഒരു ശല്യമാകുകയില്ല. ഒരു അവകാശവാദത്തിനും ഞാൻ വരില്ല. ഒരു പക്ഷേ ഇനി നമ്മൾ കണ്ടുവെന്നും വരില്ല. ഞാൻ ഇറങ്ങട്ടെ, വന്ന് കണ്ട് ക്ഷമ പറയണം എന്ന് തോന്നിയിരുന്നു. ഇദ്ദേഹം എന്നോട് ക്ഷമിച്ചില്ലേ എന്നോട് വെറുപ്പാണോ...? അപ്പോഴാണ് അയാൾ ചിന്തയിൽ നിന്നുണർന്നത്. അതുവരെ അവളെ നോക്കിയിരിക്കുകയായിരുന്നു. വെറുപ്പോ... ഒരിക്കലുമില്ല. അന്ന് അങ്ങനെയൊക്കെ ചെയ്തത് ചിതറിയ മനസ്സിന്റെ വിഭ്രാന്തിയല്ലേ നീയല്ലല്ലോ... എന്നാൽ ശരിയെന്നു പറഞ്ഞ് അവൾ കൈകൾ നീട്ടിയപ്പോൾ അയാൾ ഓർത്തു അവൾ എത്രത്തോളം മാറിയിരിക്കുന്നുവെന്ന്. യാത്രപറഞ്ഞ് പോകുമ്പോൾ അവളുടെ കണ്ണുകൾ ഈറനണിഞ്ഞിരുന്നോ... അതോ തന്റെ തോന്നലായിരുന്നോ...? വല്ലാത്ത നഷ്ടബോധം പോലെ തോന്നി. അപ്പോഴാണ് പ്യൂൺ വന്ന് ചോദിച്ചത് സാർ മൂന്ന് വർഷം മുമ്പ് പീഢനത്തിന് ഇരയായ പെൺകുട്ടിയല്ലേയെന്ന്. താൻ പ്യൂണിനെ തുറിച്ച് നോക്കി അതിൽ തന്റെ ദേഷ്യമത്രയും അടങ്ങിയിരുന്നു. മറ്റുള്ളവരുടെ ന്യൂനതകൾ പറഞ്ഞ് നടക്കുവാൻ ആളുകൾക്ക് എന്തൊരുത്സാഹമാണ്.

വീട്ടിലെത്തിയ ഉടനെ തന്നെ അന്നുണ്ടായ കാര്യങ്ങൾ അമ്മയോട് പറഞ്ഞു. അവൾ താൻ കെട്ടിയ താലിമാല കഴുത്തിൽ അണിഞ്ഞ് നടക്കുന്നതും, അവളുടെ പക്വതയാർന്ന പെരുമാറ്റവും എല്ലാം, സത്യത്തിൽ ഈ വിവാഹ നിശ്ചയം കഴിഞ്ഞില്ലായിരുന്നെങ്കിൽ അവളെ ഇങ്ങോട്ട് കൊണ്ടുവരാമാ

യിരുന്നുവല്ലേ അമ്മേ എന്ന് പറഞ്ഞപ്പോൾ. അമ്മ ദേഷ്യപ്പെട്ടു വേണ്ടാത്ത ചിന്തകൾ ഒന്നും വേണ്ട രാധികയും ഒരു പെണ്ണാണ് അവളെ വിഷമിപ്പിക്ക രുതെന്ന് പറഞ്ഞു. ശരിയാണ് സ്വന്തക്കാരുടെയും ബന്ധുക്കളുടെയും നാട്ടുകാരുടെയും മുന്നിൽ വെച്ച് താൻ ഇട്ട മോതിരം അവളുടെ കൈയ്യിൽ കിടപ്പു ണ്ട്. അവന്തിക തന്നെ കാണാൻ വരാതെയിരുന്നെ ങ്കിൽ ആ മുഖം മറക്കുവാൻ തുടങ്ങുകയായിരുന്നു. ഓർമ്മപ്പെടുത്താനായി അവൾ എന്തിനാ തന്റെ മുന്നിലേക്ക് വന്നത്... ആദിത്യൻ ഉറക്കം വരാതെ തിരിഞ്ഞും മറിഞ്ഞു കിടന്ന് നേരം വെളുപ്പിച്ചു. അന്ന് ഞായറാഴ്ചയായ കാരണം ഓഫീസ് ഇല്ല. പത്രവായന കഴിഞ്ഞ് മുന്നിലുള്ള ചെടികൾക്ക് വെ ള്ളം ഒഴിക്കുമ്പോഴാണ് ഒരു കാർ വന്നു നിന്നത്. രാധികയുടെ കാറാണല്ലോ എന്ന് പറഞ്ഞ് നോക്കി യപ്പോൾ രാധികയ്ക്ക് ഒപ്പം അവന്തികയും. അപ്പോ ഴെക്കും അമ്മയും ഉമ്മറത്തേക്ക് വന്നു. പരിഭ്രമിച്ച് നിൽക്കുന്ന ആദിത്യനോട് രാധിക പറഞ്ഞു ഇതാ ഇതാണ് നിന്റെ പെണ്ണ്, പീഡിപ്പിക്കപ്പെട്ട ഇവളെ വിവാഹം ചെയ്യാൻ ആയിരത്തിൽ ഒരാൾക്കെ മനസ്സ് ഉണ്ടാവൂ ആ ആണൊരുത്തൻ നീയാണ്. നീ എന്റെ വിരലിൽ മോതിരം ഇട്ടത് കാര്യമാക്കണ്ട ഇതാ ആ മോതിരം എന്നു പറഞ്ഞ് രാധിക അത് ഊരി ആദി ത്യന് കൊടുത്തുകൊണ്ട് പറഞ്ഞു. ഇതിനെക്കാൾ എത്രയോ മഹനീയമാണ് നീ അവന്തികയുടെ കഴു ത്തിൽ കെട്ടിയ ഈ താലി.... എന്നെ ഓർത്ത് ആദി ത്യ... നീ വിഷമിക്കണ്ട എനിക്ക് വിദ്യാഭ്യാസമുണ്ട് ജോലിയുണ്ട് ആവശ്യത്തിന് സൗന്ദര്യവും ഉണ്ട്. എന്റെ വിവാഹം നടക്കാൻ ഒരു എന്നെ വിവാഹം കിട്ടാൻ ഒരു പ്രയാസവുമില്ല. പക്ഷേ അവന്തിക അവൾക്ക് നിന്നെ പോലുള്ള ഒരു ആണൊരുത്തൻ തന്നെ വേണം. ഞാൻ ഇന്നലെ ഇവിടെ വന്നിരുന്നു. നിങ്ങളുടെ വർത്തമാനവും കേട്ടു എനിക്ക് ഇപ്പോൾ നിറഞ്ഞ സന്തോഷമാണ്. ഇതെല്ലാം കണ്ട് അമ്മ വാപൊളിച്ച് നിൽക്കുകയാണ്. നവതലമുറയെ എന്തിനും കുറ്റം പറയുന്ന പഴമക്കാർ ഒന്നു മന സ്സിലാക്കട്ടെ ഇങ്ങനെ ചിന്തിക്കാൻ നവതലമുറക്ക് മാത്രമേ കഴിയൂ എന്ന്. അമ്മ അവന്തികയെ ഉള്ളി ലേക്ക് കൊണ്ടു പോയ്ക്കൊള്ളൂ എന്ന് പറഞ്ഞ് രാധിക ആദിത്യന്റെ കൈയ്യിൽ പിടിച്ച് കുലുക്കി All the best എന്നു പറഞ്ഞപ്പോൾ ആദിത്യൻ രാധി കയോട് പറഞ്ഞു രാധിക എനിക്ക് ഒരു ഉപകാരം കൂടി ചെയ്യണം അവന്തികയുടെ ദേഹം ഒന്ന് പരി ശോധിക്കണം വല്ല കഠാരയോ മറ്റോ ഒളിപ്പിച്ച് വച്ചി ട്ടുണ്ടോ എന്ന്... ഇനിയും ആസ്പത്രിയിൽ പോയ കിടക്കാൻ വയ്യ എന്നു പറഞ്ഞപ്പോൾ എല്ലാവരും പൊട്ടിച്ചിരിച്ചു. ആ ചിരിയുടെ അലയടികൾ അവ രുടെ ജീവിതകാലം മുഴുവനും ഉണ്ടായിരുന്നു.

**കുഞ്ഞിക്കാലും കരത്താർകളുമണിമുഖവും**
**കണ്ണിലെക്കണ്ണെഴുത്തും**
**കിഞ്ചില്പോന്നങ്കുരിക്കും ദശനമുകുളവും**
**കൃഷ്ണ ! ചെഞ്ചോരിവായും**
**പഞ്ചത്വം വന്നടുക്കുമ്പൊഴതു മതിമറ -**
**ന്നങ്ങു വീണിടുമപ്പോ-**
**ഴെഞ്ചിത്തേ പോന്നുദിച്ചീടുക തവ തിരുമെ-**
**യ്ക്കുള്ള കോപ്പും മുരാരേ.**

***പൂന്താനം, ശ്രീകൃഷ്ണകർണ്ണാമൃതം.***

ഭഗവാനേ, ഉണ്ണിണികൃഷ്ണാ, മരണം അടുത്ത്, ബുദ്ധി മങ്ങി ഞാൻ കിടക്കുന്ന സമയ ത്ത് അങ്ങയുടെ കുഞ്ഞിക്കാലും പൂവുപോലുള്ള കൈകളും മനോഹരമായ മുഖവും കണ്ണിലെ മഷിയെഴുത്തും ചെറുതായി മുളച്ചു വരുന്ന പല്ലിൻമൊട്ടും ചുവന്ന ചുണ്ടും ശരീരത്തിലണിഞ്ഞി രിക്കുന്ന ആഭരണങ്ങളും എന്റെ മനസ്സിൽ കാണപ്പെടണം.





# അധികാരി

**ജി മാധവൻ നായർ**

നാട്ടിൻ പുറത്തുനിന്ന് നഗരത്തിലേക്കുള്ള നിയോഗം നടാടെയാണ്. അതിജീവ നത്തിനായിട്ടുള്ള പങ്കപ്പാടിൽ ഏറെ നാളുകളുടെ പ്രയത്നത്തിലാണ് ഒരു മുഖാമുഖത്തിനു വിളിക്ക പ്പെട്ടത്. പട്ടണത്തിലെ മായകാഴ്ചകൾ പലതും കണ്ട് നിർദ്ദേശിക്കപ്പെട്ട സ്ഥലത്തെത്തിച്ചേരുവാൻ നന്നേ ക്ലേശിച്ചു. എന്നാലും കൃത്യസമയത്തിനു മു മ്പ് തന്നെ ആ കെട്ടിട സമുച്ചയത്തിലെ പ്രത്യേക ആഫീസ്സിന്റെ ഉള്ളിൽ പ്രവേശിക്കുവാൻ കഴിഞ്ഞു.

ശീതികരിക്കപ്പെട്ട മുറിക്കുള്ളിൽ കുറച്ചാളു കൾ ഇരിപ്പുണ്ട്. അവൾ ഒന്ന് കണ്ണോടിച്ചു നോക്കി കൂടുതലും പുരുഷന്മാരാണ്. ഒഴിവുള്ള ഒരിരിപ്പിട ത്തിൽ കയറി കൂടിയപ്പോൾ അകത്തെ മുറിയിൽ നിന്ന് ഒരു മധ്യവയസ്ക്കയിറങ്ങിവന്നു. അവരുടെ കൈയ്യിൽ കുറച്ചു കടലാസുകളടങ്ങിയ നീളത്തി ലുള്ള ഒരു ഫയൽ ബോർഡുണ്ടായിരുന്നു. നിരയാ യി ഇട്ടിട്ടുള്ള കസേരകൾക്കിടയിൽ ഉണ്ടായിരുന്ന മേശക്ക് അരികത്ത് ഒരു കറങ്ങുന്ന കസേരയിൽ അവർ ഉപവിഷ്ടയായി. ഓരോരുത്തരായി, ഒരറ്റത്ത് നിന്നും തുടങ്ങി അവരുടെ അടുത്തേക്ക് ചെല്ലുവാൻ മൃദുസ്വരത്തിലപേക്ഷിച്ചു.

കൈയ്യിൽ കരുതിയിരുന്ന ബിരുദങ്ങളുടെ രേഖകളും മുൻപ് ജോലിയെടുത്തിരുന്ന സ്ഥാപനങ്ങ ളിലെ പ്രവൃത്തി പരിചയത്തിന്റെ സാക്ഷി പത്രങ്ങ ളുമെല്ലാമായി ഒറ്റയ്ക്കൊറ്റക്ക് അവരുടെ മുമ്പിൽ ചെന്നു. എല്ലാം പരിശോധിച്ച ശേഷം നേരത്തെ അയച്ചിട്ടുള്ള അപേക്ഷയുടെ മുകൾ ഭാഗത്ത് ചി ലതെഴുതിച്ചേർത്തു. എല്ലാവരോടും ക്ഷമയോടെ ഇരിക്കാൻ പറഞ്ഞിട്ട് ഇനി മുറയ്ക്ക് പേരു പറഞ്ഞു വിളിക്കുമെന്ന ഒരു ചെറുചിരിയോടെ മൊഴിഞ്ഞു. ദേ ഹത്തോടൊട്ടികിടക്കുന്ന സ്കർട്ടും ബ്ലൗസും ഒന്നും കൂടി ചുരുക്കിയിട്ട്, ശരീര വടിവുകൾ പ്രകടമാക്കി ക്കൊണ്ട് ആ സ്ത്രീ ഉള്ളിലേക്കു കടന്നുപോയി.

വെളുത്ത അരകൈയ്യൻ ഷർട്ടും, അതേനി റത്തിലുള്ള കാലുറയും ധരിച്ച ഒരുവൻ പുറത്തുനി ന്നു ഒരു കോഫി ജഗ്ഗുമായി നേരെ അകത്തേക്ക് കടന്നു പോയി. അല്പം കഴിഞ്ഞയാൾ,പുറത്തുവന്ന് ആദ്യത്തെ ആളുടെ പേരുവിളിച്ചു. അതൊരു ലജ്ജാ ശീലനായ യുവാവായിരുന്നു. കൂടുതൽ പരിഭ്രമി ച്ച് തന്റേടം തെല്ലും കാട്ടാതെ അയാൾ അകത്തെ മുറിയിലേക്ക് വിറയാർന്ന ശരീരത്തോടെ കടന്നു. പത്തുമിനിട്ടിനുള്ളിൽ പോയതിനേക്കാൾ ക്ഷീണിച്ച് മുഖമാകെ വിളറി ദേഹമാകെ വിയർത്ത് അയാൾ തിരികെ വന്നു. അവിടെ സന്നിഹിതരായിരുന്നവരുടെ ചോദ്യങ്ങൾക്ക് മുന്നിൽ ഒരു വാക്കുപോലുമുരിയാ ടാതെ, പുറത്തു വച്ചിരുന്ന ബാഗിൽ കൈയ്യിലിരുന്ന കടലാസുകൾ പറിച്ചിട്ട് വളരെ വേഗത്തിൽ തന്നെ വെളിയിലേക്കുപോയി.

അടുത്ത ഊഴം ഒരു യുവതിയുടേതായിരു ന്നു. കണ്ണുകളിൽ കരിമഷിയെഴുതി, കുങ്കുമപ്പൊട്ടു തൊട്ട് മുഖമാകെ പൗഡർ പൂശിയ അവർ മെല്ലെ അഭിമുഖം നടക്കുന്ന മുറിയിലേക്ക് ഒഴുകി ചെന്നു. ക്രമത്തിലധികം സുഗന്ധപരിമളം ഉപയോഗിച്ചതി നാലാവാം സുന്ദരിയിൽ നിന്ന് അതിന്റെ പ്രസരണം അവിടെ ഇരുന്ന എല്ലാവർക്കും ബോദ്ധ്യപ്പെട്ടു. വള രെയധികം സന്തോഷത്തോടെയും, പ്രതീക്ഷയോടു കൂടിയാണവൾ തിരിച്ചു വന്നത്.

കുറെ അധികം സമയം കഴിഞ്ഞാണ് ഗ്രാ മത്തിൽ നിന്നു വന്നു ചേർന്ന, ആ പെൺകുട്ടിയെ കൂടിക്കാഴ്ചക്കായി വിളിച്ചത്. പിരിമുറുക്കം കുറച്ചൊ ന്നനുഭവപ്പെട്ടുങ്കിലും ദൈവനാമം ഉരുവിട്ട് മനസ്സ് ശാന്തമാക്കി അവൾ അഭിമുഖ പ്രഹസനത്തിനു തയ്യാറായി. എന്തുകൊണ്ടാണ് ഈ ജോലിക്കുവ ന്നതെന്ന ചോദ്യത്തിനു കൂടുതലും സാമ്പത്തിക ത്തിന്റെ പ്രശ്നം തന്നെയാണെന്നുള്ള മറുപടിയിൽ അവിടെ കൂടിയിരുന്ന യജമാനന്മാരുടെ ഗൗരവം തെല്ലൊന്നയഞ്ഞു. പിന്നീട് ചോദ്യങ്ങളധികമുണ്ടാ യില്ല. ഇന്റർവ്യൂവിന്റെ ഫലം പിന്നീടറിയിക്കാമെന്ന് നടവിലിരുന്ന ആൾ പറഞ്ഞു. അതോടെ ശത്രുവി ന്റെ കൈയ്യിൽ നിന്ന് രക്ഷപ്പെട്ടു എന്ന തോന്നലിൽ

അവൾ പുറത്തേക്കുള്ള വാതിൽ മെല്ലെ കടന്നു.

ഏറെ പ്രതീക്ഷയൊന്നും വച്ചുപുലർത്താതെ ഒരു മാസം കഴിഞ്ഞപ്പോഴാണ് ആ കത്ത് വന്നത് ജോലിക്ക് തിരഞ്ഞെടുക്കപ്പെട്ടതായും എത്രയും വേഗം അതിൽ ചേരുവാനുമായി നിർദ്ദേശിച്ചു കൊണ്ടുള്ള അറിയിപ്പായിരുന്നു അത്. അവൾ അസുഖം ബാധിച്ച് കിടന്നിരുന്ന അച്ഛനോടും അതുപോലെ വീട്ടുജോലിക്കു പോകുവാൻ തയ്യാറായി നിൽക്കുന്ന അമ്മയോടും വിവരം അറിയിച്ചപ്പോൾ അവർ ആഹ്ളാദഭരിതരായി. അമ്മ അവളോട് കൊള്ളാവുന്ന വസ്ത്രങ്ങൾ അലക്കിതേച്ചു വയ്ക്കുവാൻ പറഞ്ഞിട്ട് തന്റെ സഞ്ചിയും കുടുയുമെടുത്ത് വീട്ടിനു വെളിയിലേക്കിറങ്ങി.

സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിലുള്ളവർ വസിക്കുന്ന ചേരിപ്രദേശത്തെ ഒരു കുടിലിൽ കഴിയുന്ന അവളുടെ മനസ് അകാരണമായി വ്യാകുലതപ്പെട്ടു. നഗരത്തിന്റെ ആ ജോലി സ്ഥലത്തുള്ളവരിൽ മിക്കപേരും ഉന്നതകുലജാതരും ഭേദപ്പെട്ട സാമ്പത്തിക സ്ഥിതിയുള്ളവരുമായിട്ടാണ് തോന്നിയത്. അനാവശ്യമായ അപകർഷതാബോധം അനുഭവപ്പെടുന്നത് അനവസരത്തിലാണ്. എന്തായാലും ഈ വെല്ലുവിളി സ്വീകരിച്ച് ഉപജീവനമാർഗ്ഗം കണ്ടെത്തണമല്ലോ. അമ്മയുടെ ഉപദേശമനുസരിച്ച് വളരെ കുറച്ചു മാത്രമുള്ള വസ്ത്ര ശേഖരണത്തിൽ നിന്ന് ഭേദപ്പെട്ട രണ്ടെണ്ണം തിരഞ്ഞെടുത്തു. ഒരു സൽവാറും കമ്മിസും കൂട്ടത്തിലൊരു ഷാളും. അമ്മ ജോലി ചെയ്യുന്ന വീട്ടിലെ ചേച്ചിയുടെ പുറം രാജ്യത്ത് ജീവിക്കുന്ന മകളുടെ കഴിഞ്ഞ ഓണത്തിന്റെ സമ്മാനമാണ്.

അടുത്തു തന്നെയുള്ള ക്ഷേത്രത്തിൽ പുലർച്ചെ തന്നെ ദർശനം നടത്തി, വിസ്തരിച്ചൊന്നു തൊഴുത്, ഒരു വഴിപാടും കഴിച്ച് തിരിച്ചെത്തിയപ്പോഴേയ്ക്കും അമ്മ പ്രാതൽ ഒരുക്കി വച്ചിരുന്നു. അതിൽ നിന്ന് ഒരു പങ്ക് എടുത്ത് ഉച്ച ഭക്ഷണത്തിനായി ചെറിയ സ്റ്റീൽ ഡബ്ബയിൽ വച്ചു. തിളപ്പിച്ചാറിയ വെള്ളം ഒരു കുപ്പിയിലാക്കി അതും ബാഗിൽ വച്ചു. വീട്ടുപണിക്കു പോകുന്ന അമ്മ, മകളോട് ചിരിച്ച് കൊണ്ട് ദൈവാനുഗ്രഹമുണ്ടാകട്ടെ എന്നു പറഞ്ഞ് യാത്രയായി. ഇനിക്കുറച്ചു സമയം കിട്ടും. അതിനാൽ അടുത്ത വീട്ടിൽ ചെന്ന്, പതിവനുസരിച്ച് അന്നത്തെ പത്രം വായിക്കുവാൻ തീരുമാനിച്ചു. അന്നത്തെ വാർത്തകളെ പറ്റി എന്തെങ്കിലും അധികൃതർ ചോദിക്കുകയാണെങ്കിൽ മറുപടി പറയേണ്ടേ?

പാവപ്പെട്ടവരാണെങ്കിലും അയൽവാസിയായ ചേച്ചിയുടെ ബിരുദാനന്തര ബിരുദധാരിയായ മകൾക്ക് അത്കൊണ്ടുതന്നെ ഭേദപ്പെട്ട ഒരു സർക്കാർ ജോലിയുണ്ട്. അതിനാൽ അവരുടെ ജീവിത നിലവാരം തങ്ങളുടേതുമായി തട്ടിച്ചു നോക്കുമ്പോൾ വളരെ മികച്ചതാണ്. ടി.വിയും ഫ്രിഡ്ജും, അലക്കുയന്ത്രവും, മിക്സിയുമെല്ലാമുണ്ട്. മലയാളവും, ഇംഗ്ലീഷും വർത്തമാനപത്രങ്ങൾ വരുത്തുന്നത്, കുട്ടികൾക്ക് വായനശീലം വളർത്താനാണ്. വാതിൽ ചാരിയിട്ട്, അവിടെ ചെന്നിരുന്ന് ജോലി കിട്ടിയ കാര്യം പറഞ്ഞു. കുശുമ്പും, കുന്നായ്മയുമൊന്നുമില്ലാത്ത ഗൃഹനായിക അതിൽ സന്തുഷ്ടി പ്രകടിപ്പിച്ചു. മുൻവശത്തുള്ള മേശമ്മേൽ വച്ചിരുന്ന പത്രമെടുത്ത്, തിരിച്ചും മറിച്ചും നോക്കി, രാഷ്ട്രീയം കഴിഞ്ഞാൽ കൊലപാതകങ്ങളും, പീഡനങ്ങളും തട്ടിപ്പുകളുമാണ് മുഖ്യവിഷയങ്ങൾ. കുറച്ചുസമയം അവിടെ കഴിച്ചു കൂട്ടിയശേഷം വിധവയായ ചേച്ചിയോടു യാത്ര ചോദിച്ചു. തിരിച്ചവർ ദൈവമനുഗ്രഹിക്കട്ടെ എന്നാശംസിച്ചു കൊണ്ട് ചേർത്തു നിർത്തി ശിരസ്സിൽ കൈവെച്ചനുഗ്രഹിച്ചു. പണ്ട്, അമ്മയോടൊപ്പം വീട്ടു ജോലിക്ക് പോയിരുന്നതാണ്, ഇപ്പോൾ രണ്ടു പെൺമക്കൾക്കും ജോലിയും നല്ല ശമ്പളവുമുണ്ട്. അവരുടെ അഭ്യർത്ഥനമാനിച്ച് അവർ ജോലി നിർത്തി.

തിരികെ വീട്ടിൽ ചെന്ന് അച്ഛന്റെ അനുഗ്രഹം വാങ്ങിയപ്പോൾ വികാരപരവശനായ അദ്ദേഹം കണ്ണീരൊഴുക്കി നന്നായി വരട്ടെ എന്നു പറഞ്ഞു. മകൾ അതിൽ അല്പം നൊമ്പരപ്പെട്ടെങ്കിലും കൂടുതലൊന്നും പറയാതെ വാതിലടച്ച് വീട്ടിനു പുറത്തിറങ്ങി. ഇടവഴിയിൽ നിന്ന് മുഖ്യപാതയിലെത്തി, ബസ്സ് കാത്തുനിൽപുകേന്ദ്രത്തിനു സമീപം നിന്നു. ഇനി നഗരത്തിലേക്കുള്ള വാഹനം വരുന്നത് നോക്കി നിൽക്കണം. രാവിലെ സ്കൂൾ സമയമായതിനാൽ നല്ല തിരക്കുണ്ടാകും. എന്നാലും എങ്ങിനെയെങ്കിലും ഒരു ശകടത്തിനുള്ളിൽ കയറി കൂടി നേരത്തെ തന്നെ ആഫീസിലെത്തണം. തിങ്ങി നിറഞ്ഞു വരുന്ന ഒരു ബസ്സിൽ ഒരു കണക്കിനു കയറാൻ പറ്റി. ചല പല സംസാരിക്കുന്ന പെൺകുട്ടികളുടെ ഇടയിൽ അവളങ്ങിനെ ഒട്ടി നിന്നു.

ആഫീസ്സിനടുത്തുള്ള ബസ്സ് സ്റ്റോപ്പിലിറങ്ങി അവിടെ നിന്നും ഒരു ചെറുവഴിയിലൂടെ, ലക്ഷ്യസ്ഥാനത്തേക്കു നടന്നു. ആ പ്രദേശമാകെ വളരെ ഉയരമുള്ള അംബരചുംബികളായ കെട്ടിടസമുച്ചയങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്നു. തനിക്കു ജോലി ചെയ്യേണ്ടുന്ന സ്ഥാപനത്തിന്റെ കവാടം കടന്നു കയറിച്ചെല്ലുമ്പോൾ താഴെയുള്ള വിശാലമായ അങ്കണത്തിൽ ധാരാളം വാഹനങ്ങൾ നിരത്തിയിട്ടിരിക്കുന്നു. അതിനു നടുവിലൂടെയുള്ള ഒഴിഞ്ഞ സ്ഥലത്ത് കൂടി അവർ ഓഫീസിന്റെ പടികൾ കടന്ന്, വലിപ്പമുള്ള ഹാളിലേക്കു പ്രവേശിച്ചു. അവിടെ രണ്ടുവശത്തായി മുകളിലേക്ക് പോകേണ്ടുന്ന ലിഫ്റ്റുകൾ, സജ്ജമാക്കിയിരുന്നു. കൂടിനിന്ന കുറച്ചുപേരുടെ കൂടെ അവളും തൂക്കുപെട്ടിയിൽ കയറി മുകളിലേക്കു ചെന്നു.

ആഫീസ്സിൽ ആളുകൾ എത്തിചേരുന്നതേയുള്ളൂ. പുറത്തെ സ്വീകരണഹാളിലിട്ടിരുന്ന കസേകളിൽ സന്ദർശകർ ചിലർ സ്ഥാനം പിടിച്ചിരുന്നു. ഒപ്പം വന്ന മറ്റൊരു ചെറുപ്പക്കാരന്റെ കൂടെ ഉള്ളിലേക്കു കടന്നു. അവിടെയും വിസ്താരമുള്ള ഒരു ഹാളുണ്ടായിരുന്നു. തന്റെ ഇരിപ്പിടം എവിടെയാണെന്നറിയാതെ അവൾ സന്ദേഹിച്ചു നിന്നു. അപ്പോൾ സ്ഥൂലശരീരണിയായ ഒരു മധ്യവയസ്ക്ക മെല്ലെ പുറത്തു നിന്നും വന്നു. ഏതാണ്ട് നടുവിലായി ഇട്ടിട്ടുള്ള ഒരു മേശയുടെ പുറകിലത്തെ കസേരയിൽ അവർ ആസനസ്ഥയായി. അന്ധാളിച്ചു നിന്നിരുന്ന അവളെ ആ സ്ത്രീ കൈ കാട്ടി വിളിച്ചു.

ഇവിടെ ജോലിയിൽ പ്രവേശിക്കുവാൻ വന്ന പുതിയ ആളാണല്ലേ? ഇങ്ങോട്ടു വരൂ.

മന്ദഹാസത്തോടെയുള്ള ആ വിളിയിൽ അവൾ ആശ്വാസം കണ്ടെത്തി അവരെ സമീപിച്ച് കയ്യിലുള്ള ബാഗ് തുറന്ന് നിയമന ഉത്തരവ് അവരുടെ മുമ്പാകെ വച്ചു. അതൊന്നോടിച്ചു നോക്കിയ ശേഷം വീണ്ടും ഒരു ചെറുചിരിയോടെ പറഞ്ഞു.

ദാ ഇവിടിരിക്ക്, സാറുവരാൻ കുറച്ചു താമസിക്കും.

ആഫീസ് മേധാവി വരാനുള്ള സമയം ആയിട്ടില്ലെന്നും, അദ്ദേഹം വരുന്ന മുറയ്ക്ക് അനുവാദം വാങ്ങി , ജോലിക്കു കയറാമെന്നും കൂടി പറഞ്ഞിട്ട് നിയമനോത്തരവിന്റെ കടലാസ് അവർ അവൾക്ക് തിരിച്ചു നൽകി.

നിർദ്ദിഷ്ട സമയമടുക്കുന്തോറും കൂടുതലായി സ്റ്റാഫ് അംഗങ്ങൾ അവിടേക്കു എത്തി തുടങ്ങി. പലരും അവളെ തുറിച്ചു നോക്കുന്നുണ്ടായിരുന്നു. അതുകൊണ്ട് തന്നെ മുഖ്യ ഗുമസ്ഥ എന്ന് പേരും എഴുതി വച്ചിട്ടുള്ള ബോർഡിന്റെ മുൻപിലുള്ള ഇരിപ്പിടത്തിൽ നിന്നെഴുന്നേറ്റ് അവൾ പുറത്തേ വരാന്തയിലേക്കു പോയി. എതിരെയുള്ള പാതയിലേക്കു കണ്ണും നട്ടു നിന്നു. കുറച്ചു കഴിഞ്ഞ്, അതിലെ കടന്നു പോയ ഒരു സ്ത്രീ അവളോട് ആഫീസ് മേധാവി എത്തിയിട്ടുണ്ടെന്നു പറഞ്ഞു.

ഹെഡ് ക്ലാർക്കിനോടു സമ്മതം വാങ്ങി അദ്ദേഹത്തിന്റെ അറയുടെ ഉള്ളിലേക്കു കടക്കുന്നതിനിടയിൽ വാതിലിനു മുകളിൽ വച്ചിരുന്ന പേരും, തസ്തികാനാമം ആലേഖനം ചെയ്തിരുന്ന ഫലകത്തിലേക്കവൾ ഭയാശങ്ക കാരണം നോക്കാൻ കഴിഞ്ഞില്ല. ഇടവാതിലിനടുത്ത് ചെന്ന് ചഞ്ചലചിത്തത്തോടെ അകത്തേക്ക് വരാമോ എന്നുള്ള ചോദ്യത്തിനു ആകാമെന്ന് ദൃഢമായ ഒരുത്തരം വന്നു.

പരിഭ്രമിച്ച് മേലധികാരിയുടെ മുമ്പിൽ ചെന്ന്, ആ മുഖത്തേക്ക് മടിച്ചിട്ടാണെങ്കിലും ഒന്നു പാളി നോക്കി. പെട്ടെന്ന് പഴയ ഒരോർമ്മ പൊന്തിവന്നു. കലാലയ ജീവിതത്തിൽ തന്റെ മുകളിലെത്ത ക്ലാസ്സിൽ പഠിച്ചിരുന്ന ആ ഉന്നതകുലജാതനല്ലെ ഇത്? തലകുനിച്ച് എന്തോ വായിച്ച് കൊണ്ടിരിക്കുന്ന അദ്ദേഹത്തെ ഒന്നു കൂടി സൂക്ഷ്മം വീക്ഷിച്ചു. ആൾ അതു തന്നെ. ക്ലാസ്സിൽ കയറാതേയും രാഷ്ട്രീയത്തിൽ മുഴുകിയും ദിവസങ്ങൾ തള്ളിനീക്കി, അവസാനം എങ്ങിനെയോ ഒരു ബിരുദം സംഘടിപ്പിച്ചെടുത്ത ആ സുമുഖൻ. അതൊക്കെ പഴയകഥ, ഇപ്പോൾ തന്റെ ഉയർന്ന മേലുദ്യോഗസ്ഥൻ ജോലിയുടെ നിയമനോത്തരവ്, മേശപ്പുറത്തു വയ്ക്കുമ്പോൾ, അയാൾ അശ്രദ്ധമായി അവളെ ഒന്നു നോക്കി. അറിയാതെയാണോ അതോ അറിഞ്ഞമട്ട് കാണിക്കാതെയാണോ ഒന്ന് പുഞ്ചിരിച്ചു കൊണ്ടയാൾ ആ കടലാസ്സിന്റെ മുകൾ ഭാഗത്ത് തീയ്യതി ഇട്ട് അടയാളം വച്ചു. എന്നിട്ട് ജോലിയിൽ പ്രവേശിച്ചതായി കണക്കാക്കി, മേശപ്പുറത്തു വച്ചിരുന്ന ഹാജർ പുസ്തകത്തിൽ പേരെഴുതി ഒപ്പിട്ടു കൊള്ളുവാൻ നിർദേശിച്ചു. ഉത്തരവു പാലിച്ചു കൊണ്ട് പുറത്തേക്കു വരുമ്പോൾ പതറിക്കൊണ്ട് ഒരു നന്ദി വാക്കു പറഞ്ഞു. തിരിച്ച് എല്ലായ്പ്പോഴും സ്വാഗതം എന്നദ്ദേഹം പറഞ്ഞപ്പോൾ മുഖത്തേക്ക് നോക്കിയെന്നു തോന്നി. അതിൽ സന്തോഷിച്ച് പുറകെ ഹാളിലേക്കു നടന്ന്, മുഖ്യ ഗുമസ്ഥയുടെ മുമ്പിൽ ചെന്നു. അവർ പഴയപോലെ ഒന്ന് പുഞ്ചിരിച്ചു. എന്നിട്ട് കുറച്ചകലെ ഒഴിഞ്ഞു കിടന്നിരുന്ന ഒരു മേശയും കസേരയും ചൂണ്ടികാണിച്ചു.

അവൾ, ഹാളാകെ ഒന്നു കണ്ണോടിച്ച് പിരിമുറുക്കത്തിന് ഒരയവും വരാതെ തനിക്കു വിധിക്കപ്പെട്ട ഇരിപ്പിടത്തിൽ ചെന്നിരുന്നു.



# കോവിഡ് – 19

ഡോ. പാർവ്വതി കെ. എസ്.

കൊറോണ വൈറസ് മുഖ്യമായും ശ്വാസനാളിയെയാണ് ബാധിക്കുന്നത്. മനുഷ്യർ, മൃഗങ്ങൾ, പക്ഷികൾ തുടങ്ങിയ സസ്തനികളിൽ രോഗകാരിയാകുന്ന ഒരു കൂട്ടം RNA വൈറസുകളാണ് കൊറോണ എന്നറിയപ്പെടുന്നത്.

ഗോളാകൃതിയിലുള്ള കൊറോണ വൈറസിന് ആ പേര് വന്നത് അതിന്റെ സ്തരത്തിൽ നിന്നും സൂര്യരശ്മികൾ പോലെ തോന്നിപ്പിക്കുന്ന തരത്തിൽ സ്ഥിതി ചെയ്യുന്ന കൂർത്ത മുനകൾ കാരണമാണ്. നിഡോവൈറലസ് എന്ന നിരയിൽ കൊറോണ വൈരിഡി കുടുംബത്തിലെ ഓർത്തോ കൊറോണവൈറിനി എന്ന ഉപകുടുംബത്തിലെ വൈറസുകളാണ് കൊറോണവൈറസുകൾ. പൊസിറ്റിവ് – സെൻസ് സിംഗിൾ– സ്ട്രാൻഡഡ് ആർ എൻ എ ജീനോം ഹെലിക്കൽ സമിതിയിൽ ന്യൂക്ലിയോകാപ്സിഡ് എന്നിവ ഉപയോഗിച്ച് പൊതിഞ്ഞ വൈറസുകളാണ് കൊറോണ വൈറസുകൾ. കൊറോണ വൈറസുകളുടെ ജീനോമിക് വലിപ്പം ഏകദേശം 26 മുതൽ 32 കിലോബേസ് വരെയാണ് . ഇത് വൈറസിനേക്കാൾ RNA ഏറ്റവും വലുതാണ്.

1960 കളിൽ ആദ്യമായി കണ്ടെത്തിയ കൊറോണ വൈറസുകൾ സാധാരണ ജലദോഷപനിക്കു മാത്രമേ കാരണമാകൂവെന്നാണ് ആദ്യം കരുതിയിരുന്നത്. 2002 ൽ ചൈനയിലും തുടർന്ന് 26 ലേറെ രാജ്യങ്ങളിലും പടർന്ന് പിടിച്ച സാർസ് (Severe Acute Respiratory Syndrome) 2012 ൽ സൗദി അറേബ്യയിലും തുടർന്ന് യു. എ. ഇ, കൊറിയ തുടങ്ങിയ രാജ്യങ്ങളിലും പടർന്നു പിടിച്ച മെർസ് (Middle East Respiratory Syndrome) തുടങ്ങിയ പകർച്ച വ്യാധികളുടെയും പുറകിൽ കൊറോണ വൈറസുകളാണെന്ന് കണ്ടെത്തുകയായിരുന്നു.

## പ്രധാന രോഗലക്ഷണങ്ങൾ :

പനി (ശരീരതാപനില 38 ഡിഗ്രി സെൽഷ്യസിൽ കൂടുതൽ) ചുമ, കടുത്ത രോഗലക്ഷണങ്ങളെ തുടർന്ന് ആശുപത്രിയിൽ പ്രവേശിക്കാൻ വരുന്ന രോഗിക്ക് താഴെ പറയുന്നവയിൽ ഏതെങ്കിലും സാഹചര്യമുണ്ടായിരിക്കുക.

പനി, ചുമ തുടങ്ങിയ ശ്വാസകോശ അണുബാധയുടെ ലക്ഷണങ്ങളുള്ള വ്യക്തിക്ക് രോഗലക്ഷണങ്ങൾ ആരംഭിക്കുന്നതിനു മുമ്പുള്ള 14 ദിവസങ്ങളിൽ താഴെ പറയുന്ന ഏതെങ്കിലും സാഹചര്യമുണ്ടായിട്ടുണ്ടെങ്കിലും പുതിയ കൊറോണ വൈറസ് രോഗം സംശയിക്കാമെന്ന് WHO പറയുന്നു.

പുതിയ കൊറോണ വൈറസ് രോഗം ബാധിച്ച വ്യക്തിയുമായി അടുത്തിടപഴകുക. (ഒരുമിച്ച് യാത്ര ചെയ്യുക. ഒരു വീട്ടിൽ കഴിയുക, ഒരുമിച്ച് തൊഴിൽ





ചെയ്യുക)

പുതിയ കൊറോണ വൈറസ് രോഗബാധിതരെ ചികിത്സിക്കുന്ന ആശുപത്രിയിൽ സന്ദർശനം നടത്തുക, ആരോഗ്യ പ്രവർത്തകരുമായി ബന്ധപ്പെടുക.

ഗുരുതര രോഗബാധിതർ, ന്യുമോണിയ, സെപ്സിസ്, സെപ്റ്റിക് ഷോക് ഉണ്ടായവർ ആശുപത്രിയിൽ കിടത്തി തീവ്രപരിചരണം ആവശ്യം

## ചികിത്സ

കൊറോണ വൈറസിന് കൃത്യമായ ചികിത്സയില്ല. പ്രതിരോധ വാക്സിനും ലഭ്യമല്ല. രോഗം തിരിച്ചറിഞ്ഞാൽ മറ്റുള്ളവരിൽ നിന്നും മാറ്റി Isolate ചെയ്താണ് ചികിത്സ നടത്തുന്നത്.

## വൈറസ് വ്യാപിക്കുന്നത്

ശരീരസ്രവങ്ങളിൽ നിന്നാണ് രോഗം പടരുന്നത്. തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും വായിൽ നിന്ന് പുറത്തേക്ക് തെറിക്കുന്ന സ്രവങ്ങളുടെ തുള്ളിയിൽ വൈറസുകൾ ഉണ്ടായിരിക്കും. വായും മൂക്കും കൂടാതെ തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും ഇവ വായുവിലേക്ക് പടരുകയും അടുത്തുള്ളവരിലേക്ക് വൈറസുകൾ എത്തുകയും ചെയ്യും.

## പൊതുജനങ്ങൾ ശ്രദ്ധിക്കേണ്ടത് :

1. സോപ്പും വെള്ളവും ഉപയോഗിച്ച് ഇടയ്ക്കിടെ കൈകൾ കഴുകുക, ഇരുപതു സെക്കന്റോളം കൈകൾ കഴുകണം.
2. ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും തൂവാല ഉപയോഗിച്ച് മൂക്കും വായും അടച്ചു പിടിക്കുക.
3. കഴുകാത്ത കൈകൾക്കൊണ്ട് കണ്ണുകൾ, മൂക്ക്, വായ തുടങ്ങിയ ഭാഗങ്ങളിൽ തൊടരുത്.
4. പനി ഉള്ളവരുമായി അടുത്തിടപഴകാതിരിക്കുക.
5. പനി ഉള്ളവർ ഉപയോഗിച്ച സാധനങ്ങൾ , വസ്ത്രങ്ങൾ തുടങ്ങിയവ ഉപയോഗിക്കാതിരിക്കുക.
7. അനാവശ്യ ആശുപത്രി സന്ദർശനങ്ങൾ ഒഴിവാക്കുക.
8. രോഗബാധിതപ്രദേശങ്ങളിലേക്കുള്ള യാത്രകൾ ഒഴിവാക്കുക
9. പനി, ചുമ തുടങ്ങിയ രോഗലക്ഷണങ്ങൾ ഉണ്ടായാൽ സ്വയം ചികിത്സ ചെയ്യാതെ വൈദ്യസഹായം തേടുക.
10. രോഗിയെ ശുശ്രൂഷിക്കുന്നവർ, ആരോഗ്യപ്രവർത്തകർ തുടങ്ങിയവർ വ്യക്തി ശുചിത്വം പാലിക്കുക.
11. രോഗിയെ ശുശ്രൂഷിക്കുന്ന മുറിയിൽ ആവശ്യത്തിന് വായു സഞ്ചാരമുണ്ടായിരിക്കണം.
12. രോഗിയുമായി കഴിയുന്നത്ര അകലം പാലിച്ചു കൊണ്ടായിരിക്കണം പരിചരിക്കേണ്ടത്.
13. ഒരു മീറ്റർ അകലം പാലിച്ചാൽ വായുവിലൂടെ പകരുന്ന സൂക്ഷ്മ കണികകളെ തടയാൻ സാധിക്കും.
14. രോഗിയെ ശുശ്രൂഷിക്കുന്നവർ പനിയോ മറ്റ് അസ്വസ്ഥതകളോ ഉണ്ടായാൽ വൈദ്യസഹായം തേടണം.



ശ്രീ നാരായണൻ ടി (L/3213, ആയില്യം, 60/3984, ഇല്ലം ലെയിൻ, പാലിയം റോഡ്, കൊച്ചി 16) യുടെ മകനായ വിഷ്ണുദാസും ശ്രീമതി കൃഷ്ണപ്രിയയും തമ്മിലുള്ള വിവാഹത്തോടനുബന്ധിച്ച് അദ്ദേഹം എറണാകുളം കരയോഗത്തിന്റെ ചാരിറ്റി പ്രവർത്തനത്തിനായി നൽകിയ 50,000 രൂപയുടെ ചെക്ക് കരയോഗം ജനറൽ സെക്രട്ടറി ശ്രീ പി രാമചന്ദ്രൻ (വേണു) ഏറ്റുവാങ്ങുന്നു

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2020 ഏപ്രിൽ മുതൽ ജൂലൈ വരെ സംഭാവന നൽകിയവർ

| | |
|---|---|
| 1. ശ്രീ. നാരായണൻ ടി, ആയില്യം 60/3984, ഇല്ലം ലെയ്ൻ, പാലിയം റോഡ്, കൊച്ചി -682016 | 50,000/ |
| 2. ശ്രീമതി. രാധ. പി, ശ്രീവത്സം, 40/266, ലായം റോഡ്, എറണാകുളം 682011 | 30,000/- |
| 3. ശ്രീ. സി. കൃഷ്ണൻ മൂർത്തി, 59/550, പ്രിയദർശിനി,, ചിറ്റൂർ റോഡ്, കൊച്ചി - 682035 | 25,000/ |
| 4. ശ്രീ. ബാലകൃഷ്ണൻ ചെറുപറമ്പത്ത്, സജ്ജ്മ 28/2449, ചെറുപറമ്പത്ത് റോഡ് കടവന്ത്ര, കൊച്ചി -682020 | 25,000/ |
| 5. ശ്രീ. പി. ജയരാമൻ, 4 എ, കട്ടിക്കാരൻ ടവ്വേഴ്സ്, പ്രൊവിഡൻസ് റോഡ്, കൊച്ചി | 12,000/ |
| 6. ശ്രീമതി. ഇ. കെ. രാധ, XL/6717, നാരകത്തറ റോഡ്, കൊച്ചി - | 10,000/ |
| 7. ശ്രീമതി. ഇ. കെ. ശ്രീദേവി, XL/6717, നാരകത്തറ റോഡ്, കൊച്ചി - | 10,000/ |
| 8. ശ്രീ. രവി Wood manns, DD Corner Stone, S.A. Road, Kadavanthra, Kochi -682020 | 10,000/ |
| 9. ശ്രീ. ബാലചന്ദ്രൻ, കൃഷ്ണകൃപ, പുൽപ്ര ലെയ്ൻ, തൃപ്പൂണിത്തുറ | 10,000/ |
| 10. ശ്രീമതി വിജയലക്ഷ്മി, 5 ബി, വുഡ്ഫോർഡ് അപ്പാർട്ട്മെന്റ്സ്, വൈ. എസ് റോഡ്, കടവന്ത്ര, കൊച്ചി - 682020. | 10,000/ |
| 11. ശ്രീമതി .ശാന്തകുമാരി,ടി, കരുണാലയം, ടി. ഡി. റോഡ്, കൊച്ചി - | 7,500/ |
| 12. ശ്രീ. സമത ചാരിറ്റബിൾ | 7,000/ |
| 13. ശ്രീ അജിത് കുമാർ. കെ, ശ്രീപത്മം, താമരംകുളങ്ങര, തൃപ്പൂണിത്തുറ | 7,000/ |
| 14. ശ്രീമതി. പൊന്നമ്മ. കെ. ജി, ഉപാസന, ജവഹർ നഗർ പ്ലോട്ട്- 151, കടവന്ത്ര, കൊച്ചി -682020 | 7,000/ |
| 15. ശ്രീമതി. കൃഷ്ണകുമാരി മുകുന്ദൻ, ശിവം, 40/285 ജി, 7/ എ, ലായം റോഡ്, കൊച്ചി -11 | 7,000/ |
| 16. ശ്രീ. ഹരഹരൻ എം. ഫ്ളാറ്റ് നമ്പർ, 3 എ, ശിവം അപ്പാർട്ട്മെന്റ്സ്, ലായം റോഡ് കൊച്ചി - 682011 | 5,500/ |
| 17. ശ്രീ. മോഹൻദാസ് മേനോൻ. വി, ഓംങ്കാരാലയം, രാജാജി റോഡ്, എറണാകുളം | 5,500/ |
| 18. ശ്രീ. നാരായണൻ | 5,000/ |
| 19. ശ്രീ. കൃഷ്ണകുമാർ ജി, തംബുരു, കുരീക്കാട് | 5,000/ |
| 20. ശ്രീമതി. ഭാഗ്യലക്ഷ്മിജയറാം, അക്കാരിയ ആർക്കെയ്ഡ്, 43/9 കെ, 901, ചിറ്റൂർ റോഡ്, അയ്യപ്പൻകാവ്, കൊച്ചി | 5,000/ |
| 21. ശ്രീമതി. സുശീല മേനോൻ, 16 ഇ, ഗോൾഡൻ എൻക്ളെവ്, ഓൾഡ് എയർപോർട്ട് റോഡ് , ബാംഗ്ലൂർ | 5,000/ |
| 22. ശ്രീ. എൻ. കെ. പി. മേനോൻ, ചന്ദ്രിക പി. മേനോൻ, | 5,000/ |
| 23. ശ്രീമതി. ദേവി മുല്ലോത്ത്, ഡി. 3, അമ്പാടി എൻക്ലെവ്, ചിറ്റൂർ റോഡ്, കൊച്ചി | 5,000/ |
| 24. ശ്രീമതി. ഗിരിജ കൃഷ്ണകുമാർ, ലക്ഷ്മി വിഹാർ, എം. ജി. റോഡ്, എറണാകുളം | 5,000/ |





## 2020 മാർച്ച് മുതൽ ജൂലൈ മാസം വരെ അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ




**എം. കെ. മേനോൻ**
L/0398), അനുഗ്രഹ
ദിവാൻസ് റോഡ്
കൊച്ചി - 682016



**ഡോ. രാമചന്ദ്രൻ എ.**
L/1175), രാജവിഹാർ,
ആലപ്പാട്ട് റോഡ്,
കൊച്ചി - 682016



**കെ. കമലാ ദേവി**
L/0790), വില്ല കെ,
നിത്യ ഗാർഡൻസ്,
കല്ലറ റോഡ്, എരൂർ നോർത്ത്,
കൊച്ചി 682306



**പത്മിനി സി ജി**
L/4479) മന്ദാകിനി,
തോട്ടേക്കാട്ട് റോഡ്,
എറണാകുളം 682011



**മാലതി ജി. മേനോൻ**
L/1460), മേനോൻ ചേംബർസ്,
2-nd ഫ്ളോർ, രവിപുരം റോഡ്,
കൊച്ചി 682316




**ജി. ശാന്തകുമാരി**
L/3476), പ്രസാദം
കോൺവെന്റ് ജംഗ്ഷൻ,
കൊച്ചി 682311



**സുധാ ദത്തൻ**
L/0818), വിഷ്ണു മംഗലം
വിദ്യാനഗർ, പനമ്പിള്ളി നഗർ
കൊച്ചി - 682036




**ഇന്ദിര രാധാകൃഷ്ണൻ.**
L/4140), അഭിലാഷ്,
കോന്തുരുത്തി റോഡ്,
കൊച്ചി - 682013




**എ.കെ. ഹർഷ കുറുപ്പ്**
L/4154), നാരായണി,
പുല്ലേപ്പടി ക്രോസ് റോഡ്,
കൊച്ചി -682018



**നന്ദിനി മനോഹരൻ**
L/0957), മുല്ലശ്ശേരി
എം. ജി. റോഡ്,
എറണാകുളം- 682011



**വി.എസ്.രാമകൃഷ്ണൻ നായർ**
L/2360), ശ്രീവത്സം,
ടെമ്പിൾ റോഡ്,
കടവന്ത്ര, എറണാകുളം- 682020



**ശ്രീകുമാർ എം**
L/2413), മുണ്ടിയാത്ത്
64/3151, വീക്ഷണം റോഡ്,
എറണാകുളം- 682018



**പി എസ് ജനാർദ്ദനൻ പിള്ള**
L/0732), ശ്രീകുഞ്ചം
അശോക റോഡ്, കലൂർ-682017

**പ്രേമ എൻ.പി**
L/2978), ഗോകുലം, ജി -1,
ജയലക്ഷ്മി മാൻഷൻ,
ജൂനിയർ ജനതാ റോഡ്, വൈറ്റില,
കൊച്ചി 682319

**കെ.എസ്. സതീശൻ**
L/0576), കാരക്കാട്ട് ഹൗസ്,
കാരക്കാട്ട് ലെയിൻ,
ചിറ്റൂർ റോഡ്, കൊച്ചി 682316

**എം.കെ.കൃഷ്ണൻ**
L/3762), 4A ഫ്ളാറ്റ്, ഹാർബർ ക്രസ്റ്റ്,
പെരുമാന്നൂർ പി.ഒ, കൊച്ചി 682315

**മാധവ മേനോൻ പനമ്പിള്ളി**
L/3875), കൊച്ചിൻ ഹൗസ്, 39/728,
കാരിക്കാമുറി ക്രസ്സ് റോഡ്,
എറണാകുളം- 682011

ചിങ്ങം

ഓം


ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Tel : TDM -2361160,
Mob : 96456 83491

# മാസഫലം

**2020 ആഗസ്റ്റ് 17 മുതൽ സെപ്റ്റംബർ 16 വരെ**

**ജ്യോതിഷാചാര്യൻ: ജി.കെ. മേനോൻ**



**മേടക്കൂറ് (അശ്വതി, ഭരണി, കാർത്തിക 1/4):** വിദ്യാ പുരോഗതി, സാഹിത്യ കലാ രംഗങ്ങളിൽ കൂടുതൽ മികവ് പുലർത്താൻ സാധിക്കുക. വീട് നിർമ്മിക്കുകയോ പുതുക്കുകയോ ചെയ്യാനും വാഹനം വാങ്ങാനും അനുകൂലമായ സാഹചര്യം ഉണ്ടാകും. ശിരോ രോഗം നേത്രരോഗം എന്നിവ അലട്ടും. പിടി വാശി ഉപേക്ഷിക്കണം. ആവശ്യമില്ലാത്ത കാര്യത്തിന് പോലും കലഹങ്ങൾ ഉണ്ടാകും. മുറിവ് ചതവ് പൊള്ളൽ എന്നിവക്ക് സാധ്യത ഉള്ളത്ിനാൽ എല്ലാ പ്രവൃത്തികളിലും ശ്രദ്ധിക്കണം. ശിവപ്രീതി വരുത്തുകയും ശിവക്ഷേത്ര ദർശനം നടത്തുകയും വേണം.



**ഇടവക്കൂറ് (കാർത്തിക 3/4 രോഹിണി, മകയിരം 1/2):** ധനപരമായ കാര്യങ്ങളിൽ നേട്ടത്തോടൊപ്പം അഭിപ്രായ വ്യത്യാസങ്ങളും , ധനവ്യയവും ഉണ്ടാകും. തൊഴിൽപരമായും മറ്റു പല വിധത്തിലും ചില ഭാഗ്യാനുഭവങ്ങൾ ഉണ്ടാകും. വാക്ക് നിമിത്തം ചില ദോഷങ്ങൾ വന്ന് ഭവിക്കുവാൻ സാധ്യത ഉള്ളതിനാൽ തർക്കങ്ങളിൽ നിന്നും മധ്യസ്ഥ ശ്രമങ്ങളിൽ നിന്നും വിട്ടു നിൽക്കണം. വിദ്യാർത്ഥികൾക്ക് മാസം ഗുണകരമാവും. ശിവന് ധാര പിൻവിളക്ക്, നവഗ്രഹക്ഷേത്രത്തിൽ ശനിഗ്രഹ പൂജ എന്നിവ നടത്തുക.




**മിഥുനക്കൂറ് (മകയിരം 1/2, തിരുവാതിര, പുണർതം 3/4):** ശിരോരോഗം അലർജി സംബന്ധമായ പ്രശ്നങ്ങൾ ദാമ്പത്യ ബന്ധത്തിൽ അനാവശ്യമത്സരങ്ങളും കലഹങ്ങളും നിമിത്തം കുടുംബത്തിൽ അസ്വസ്ഥത, തൊഴിൽ സ്ഥലത്തെ അസ്വസ്ഥതകൾ പരിഹരിക്കപ്പെടും. വസ്തുവകകളിൽ നിന്നും ധനലാഭം പ്രതീക്ഷിക്കാം. വീട് വാഹനം എന്നിവക്കായി ധനം ചിലവഴിക്കേണ്ടി വരും. വ്യാഴം അനുകൂലമായതിനാൽ എല്ലാ കാര്യങ്ങൾക്കും ഈശ്വരാനുകൂല്യം ഉണ്ടാകും. ദോഷഫലങ്ങൾക്ക് തീവ്രത കുറയും. പഞ്ചാക്ഷരി ജപം നടത്തുന്നത് നല്ലതാണ്.



**കർക്കിടകക്കൂറ് (പുണർതം 1/4, പൂയം, ആയില്യം):** കടുത്ത വാക്കുകൾ പറയേണ്ട സാഹചര്യം ഉണ്ടാകും. ധനലാഭവും വ്യയവും തുല്യമാക്കും, വിദ്യാർത്ഥികൾക്ക് അനുകൂല സാഹചര്യങ്ങൾ ലഭ്യമാക്കും. വിവാഹ ജീവിതത്തിൽ സമ്മിശ്ര ഫലം അനുഭവപ്പെടും. പങ്കാളിയുടെ അലസഭാവം മനപ്രയാസത്തിന് ഇട വരുത്തും. കർമ്മനിഷ്ട ശൗര്യം ഭൃത്യ പുഷ്ടി എന്നീ ഗുണങ്ങൾക്കൊപ്പം, ഉദരം, നേത്രം, പാദം എന്നീ അവയവങ്ങൾക്ക് രോഗത്തിന് സാധ്യതയും കൂടി ഉണ്ടാകാം. ആയതിനാൽ ശിവപ്രീതിയും സർപ്പപ്രീതിയും വരുത്തുന്നത് നല്ലതാണ്.



**ചിങ്ങക്കൂറ് (മകം, പൂരം, ഉത്രം 1/4 ):** സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുമെങ്കിലും പ്രശ്നങ്ങളെ തരണം ചെയ്യാൻ സാധിക്കും. എല്ലാ കാര്യങ്ങളിലും നൈപുണ്യം പ്രകടിപ്പിക്കും. സന്താന വിഷയത്തിൽ സമ്മിശ്ര ഫലാനുഭവങ്ങൾ ഉണ്ടാകും. ബന്ധു ഗുണം സിദ്ധിക്കും. ഗുരുക്കന്മാരുടേയും പിതൃതുല്യരുടേയും ദേഷ്യത്തിന് ഇട വരുക സർക്കാരിൽ നിന്നും മേലാധികാരികളിൽ നിന്നും ഗുണകരമല്ലാത്ത അനുഭവങ്ങൾ ഉണ്ടാകുക എന്നീ ദോഷാനുഭവങ്ങൾക്കൊപ്പം. പ്രതാപം , കർമ്മവൈഭവം, ശത്രു ജയം എന്നീ ഗുണഫലങ്ങൾ കൂടി ഉണ്ടാകും.



**കന്നിക്കൂറ് (ഉത്രം 3/4, അത്തം, ചിത്തിര 1/2):** സജ്ജന സമ്പർക്കം ദേഹ സുഖം ധനവ്യയം, വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിൽ മികവ് പുലർത്താൻ സാധിക്കുക. വിവാഹിതർക്ക് ദാമ്പത്യം സുഖവും. വിവാഹത്തിന് ശ്രമിക്കുന്നവർക്ക് അനുകൂല സാഹചര്യം ഉണ്ടാകുക, സന്താനങ്ങളുടെ അലസത മനസംഘർഷങ്ങൾ ഉണ്ടാക്കുക, ഇടതു നേത്രത്തിന് രോഗത്തിന് സാധ്യത മുട്ടിന് വേദന ത്വക്ക് രോഗ സംബന്ധമായ പ്രശ്നങ്ങൽ എന്നീ ദോഷ ഫലങ്ങളും ഈ മാസം അനുഭവത്തിൽ വരും. ശിവ പഞ്ചാക്ഷരി ജപം നടത്തുക.




**തുലാക്കൂറ് (ചിത്തിര 1/2 ചോതി, വിശാഖം 3/4):** ധനലാഭം, വസ്തു ലാഭം, വാഹന സുഖം എന്നീ ഗുണങ്ങൾ പ്രതീക്ഷിക്കാം. വാഹനത്തിന് വേണ്ടി പണ ചിലവും ഉണ്ടാകും. കുടുംബകാര്യങ്ങളിൽ അലസതയും മാതാവിന് വാത സംബന്ധമായ അസ്വസ്ഥതയും, ജീവിത പങ്കാളിയുമായി അനാവശ്യ കലഹങ്ങളും ആരോഗ്യ പരമായി ചില പ്രശ്നങ്ങൾ ഉണ്ടാകും. ശ്വാസംമുട്ടൽ നെഞ്ച് സംബന്ധമായ അസ്വസ്ഥതകൾ എന്നിവ അനുഭവപ്പെടാം. ബന്ധു ഗുണം കുറയും. സുഹൃത്തുക്കളുമായി കലഹിക്കും. ദോഷപരിഹാരമായി 108 വീതം പഞ്ചാക്ഷരി ജപം നടത്തുക.




**വൃശ്ചികക്കൂറ് (വിശാഖം 1/4 അനിഴം, തൃക്കേട്ട):** ദേഹബലം ഉന്മേഷം, സ്ഥാനലാഭം, അർത്ഥലാഭം, കാര്യവിജയം സർക്കാരിൽ നിന്നും വീട് നിർമ്മാണത്തിന് സഹായം പ്രതീക്ഷിക്കുന്നവർക്ക് അനുകൂല തീരുമാനം ഉണ്ടാകും. സഹോദര ഗുണം ലഭിക്കും. സ്ത്രീ സുഖം സ്ത്രീകൾ നിമിത്തം ധനലാഭം എന്നീ ഗുണങ്ങളും വീട്ടു കാര്യങ്ങളിൽ അലസത എന്നീ ദോഷങ്ങളും അനുഭവപ്പെടും. വൈഷ്ണവ മന്ത്ര ജപം നടത്തുക.



**ധനുക്കൂറ് (മൂലം, പൂരാടം, ഉത്രാടം1/4):** ധനം വിദ്യ വാക്ക് ഇവ മൂലം സമ്മിശ്ര ഫലമായിരിക്കും അനുഭവപ്പെടുക. വാക്ക് കൊണ്ട് ഗുണവും ദോഷവും ഉണ്ടാകും. ധനനേട്ടങ്ങൾ ഉണ്ടാകുന്നതോടൊപ്പം ധന സംബന്ധമായ കലഹങ്ങൾക്കും സാധ്യതയുണ്ട്. പല പ്രവൃത്തികളും തുടർന്ന് കൊണ്ടുപോകാനും നിർത്താനും പറ്റാത്ത മാനസികാവസ്ഥ സമ്മർദ്ധത്തിന് കാരണമാകും. വേണ്ട സമയത്ത് ബുദ്ധിക്ക് കൂർമ്മത നഷ്ടമാകും. ശിവക്ഷേത്ര ദർശ്ശനവും പഞ്ചാക്ഷരി ജപവും നടത്തുക.



**മകരക്കൂറ് (ഉത്രാടം 3/4, തിരുവോണം, അവിട്ടം 1/2):** പല കാര്യങ്ങളിലും തീരുമാനമെടുക്കാൻ പറ്റാതെ ആശയ കുഴപ്പത്തിലാകും. സർക്കാരിൽ നിന്നോ മേലാധികാരികളിൽ നിന്നോ കടുത്ത സമമർദ്ധം അനുഭവിക്കും. കുടുംബത്തിൽ കാരണം കൂടാതെ പോലും കലഹമുണ്ടാകും. പങ്കാളിയിൽ നിന്നുള്ള അനുകൂലമായ പ്രവത്തികൾ സന്തോഷം നൽകും. സർപ്പപ്രീതി വരുത്തുകയും സർപ്പക്ഷേത്ര ദർശ്ശനം നടത്തുകയും പഞ്ചാക്ഷരി ജപിക്കുകയും നിലവസ്ത്രം ദാനം ചെയ്യുകയും വേണം.



**കുംഭക്കൂറ് (അവിട്ടം 1/2, ചതയം, പൂരൂരുട്ടാതി 3/4):** അലസത തോന്നുമെങ്കിലും പരിശ്രമിച്ചാൽ നല്ല ഫലം കിട്ടാൻ അനുകൂലമായ കാലമാണ്. വീട് നിർമ്മിക്കാനോ പുതുക്കിപണിയാനോ, വാഹനം വാങ്ങിക്കുവാനോ ഉദ്ദേശിക്കുന്നവർക്ക് അനുകൂല സാഹചര്യങ്ങൾ ഉണ്ടാകും. പല കാര്യങ്ങൾക്കും തീരുമാനമെടുക്കാൻ പ്രയാസപ്പെടും. സഹായികൾ സഹോദരസ്ഥാനിയർ എന്നിവർ മൂലം പ്രതിസന്ധികൾ നേരിടും. ശിവക്ഷേത്ര ദർശ്ശനവും പഞ്ചാക്ഷരി ജപവും ചെയ്യുന്നത് നല്ലതാണ്.



**മീനക്കൂറ്(പൂരുരുട്ടാതി 1/4, ഉത്രട്ടാതി, രേവതി):** സർക്കാരിൽ നിന്നും സഹായികളിൽ നിന്നും സഹോദരസ്ഥാനിയരിൽ നിന്നും ധനം കിട്ടാൻ സാധ്യത ഉണ്ട്. വിദ്യാഗുണം അർത്ഥലാഭം സുഖം കീർത്തി എന്നിവ ഉണ്ടാകും. കടുത്ത വാക്ക് പറയുക മൂലം സ്ത്രീ ജനങ്ങളുമായി കലഹത്തിന് സാധ്യത ുണ്ട്. സന്താനങ്ങളുമായി അഭിപ്രായ വ്യത്യാസത്തിന് സാധ്യതയുള്ളതിനാൽ കുട്ടികളോട് തന്ത്രപൂർവ്വം ഇടപെടുക. ശിവനേയും വിഷ്ണുവിനേയും ഭജിക്കുകയും ക്ഷേത്ര ദർശനം നടത്തുകയും വേണം.

*ശുഭമസ്തു*

*ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*

**തിങ്കൾ, വ്യാഴം, ശനി ദിവസങ്ങളിൽ 9.30 am to 1.30 pm വരെ ജ്യോതിഷാചര്യന്റെ സേവനം ലഭ്യമാണ്**






# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nambiar Girl, 25/157cm,Ayilyam, Fair, MBBS,Doctor,Pref: MBBS,MD/MS, Ph:0484-2330540 Mob: 9847032708, Reg.No.22274


Email:rnambiarkt7@gmail.com
Date of Birth:31-12-1993(4.18pm)
Sishta Dasa:




Contact Address:
MR.P.O. JAYARAJAN NAMBIAR
AMRUTH, 34/2338 B
FIRST KANNAYATH CROSS ROAD
MAMANGALAM
KOCHI - 682025

Nair Girl,25/158cm,Thiruvonam, Fair, M.Tech (Power Electronics), Guest Lecture in a SelfFinance Engg.College ,Pref: Post Graduate/B.Tech/MBA/ MCA, Ph.No.0484-233820, Mob: 953907542, Reg.No. 22466


Email:vijayapranavam121@gmail.com
Date of Birth:05-04-1994(6.32am)
Sishta Dasa:Chanda :6-8-15




Contact Address:
MR.P.R. VIJAYAKUMAR
PRANAVAM, VLRA - 140
HARMONY LANE,
VATTAPARAMBU ROAD,
KALOOR
ERNAKULAM - 682017

Nair Girl,24/160cm, Uthram, Fair, PostGraduation, Pref: Graduation,Govt Employee/Business,Ph:0478-2872265, Mob: 9037213576, Reg.No. 22469


Email:shreesree40@yahoo.in
Date of Birth:11-01-1996(6.45pm)
Sishta Dasa:




Contact Address:
SMT.SREEDEVI. R
12/87,NEAR WATER TANK
KOOVAPADAM
SANTOGOPALAN ROAD
KOCHI - 682002

Nair Girl, 25/165cm (5’5”), Pooruttathi, Fair, B.Com, MBA (PGDM),Accountant at Bank of New York Chennai, Pref: Employed and well placed boys, Now employed at Chennai, However,wish to relocate to Ernakulam/Kerala, Mob: 9446465527, Reg.No.22470


Email:ksravindran30@gmail.com
Date of Birth:23-08-1994(4.13pm)
Sishta Dasa:Guru:1-7-8




Contact Address:
MR.RAVINDRAN K. S
JAITHRAM SNRA - 52
SUVARNANAGAR
EROOR WEST P. O
TRIPUNITHURA
ERNAKULAM - 682306

Nair Girl,31/165cmUthram,Fair,MD Pathology (CMC Vellore), Post Doctoral fellowship in Gastrointestinal Pathology, Presently not working,Pref: PG Professionals Employed Abroad, Mob: 9645497958/ 8754825425, Reg.No.22471


Email:sangu.rk.p@gmail.com
Date of Birth:3-12-1988(7.45am)
Sishta Dasa:Ravi : 1-4-16




Contact Address:
MR.RAMAKRISHNA PILLAI
RADHA MADHAVAM
TC 22/2362(I)
PATTANIKUNNU LANE
SASTHAMANGALAM
TRIVANDRUM - 695010

Nair Girl,27/5’3”,Chithira,Fair,MBBS-MD,Student,Pref: MD/MS, MS(Engg)/ CA,Ph:0484-2607939/ 9495867939, Reg.No.22475

Email:vchemmur@gmail.com
Date of Birth:31-08-1992(2.40pm)
Sishta Dasa:Chowa :3-5-28




Contact Address:
MR.C.B.VENUGOPAL
RADHIKAS
VATTOLIKUDY
THOTTACKATTUKARA P. O
KADUNGALLOOR ROAD
ALUVA , ERNAKULAM - 683108


# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair Boy, 27/180cm, Thiruvonam, (Sudhajathakam) Wheatish, B.Com/ CA,Senior Auditor , EY,Infopark, Pref: Professional Degree, Mob:9895273996, Ph:0484-2424881, Reg.No.22465

Email:sumabalananu@gmail.com
Date of Birth:2-11-1992(4.01pm)
Sishta Dasa:5-3-27-0-0




Contact Address:
MR.V.K.BALACHANDRAN
9, MERIDIAN GARDENS
THRIKKAKKARA P. O
CHEMBUMUKKU,
KOCHI - 682021

---

Nair Boy, 29/174cm, Atham,Fair, B.Tech, IT Professional,Pref: Fair, Good looking Employed girls from Ernakulam , Thrissur,further North Mob: 9567018680, Reg.No. 22467

Email:vasantvmenon@gmail.com
Date of Birth:09-04-1990(8.50am)
Sishta Dasa:Chandra:6-10-12




Contact Address:
MR.VASANT KUMAR
M6/142,
CHANGAMPUZHA NAGAR
COCHIN - 682033

---

Nair Boy,31/6'1",Chathayam, Slight papam in horoscope, Medium, B.Com, Quality Inspector(QC), Abudabhi, Pref: Degree,5'5"height, Ph:0484-2776189, Mob:8089321588,Reg.No.22468

Email:vineeth4652@gmail.com
Date of Birth:24-09-1988(7.15am)
Sishta Dasa:Rahu : 9-3-12




Contact Address:
SMT.PADMA UNNIKRISHNAN
MADATH HOUSE,CRRA - 32,
LANE - 4,TEMPLE LANE
CHAKKALAMUTT ROAD
VADAKKEKOTTA,TRIPUNITHURA
ERNAKULAM - 682301

---

Nair Boy, 28/170cm (5'7"), Karthika, Fair, B.Com,Private Sector,Pref: Degree, Girls settled and employed in Ernakulam, Mob:9895041493, Reg.No.22472

Email:kumarksunil1960@gmail.com
Date of Birth:28-09-1991(11.11am)
Sishta Dasa:Ravi : 2-5-7.48




Contact Address:
MR.SUNIL KUMAR K. P
SREELAKSHMI
MERRA - 38 D,
PONNINCHIRA ROAD
EDAPPALLY
KOCHI - 682024

---

Nair Boy, 44/5'8",Avittom, Wheatish, Graduate, BBM,Sr.Executive, United Brewerjes Ltd Pref:: Graduate, Mob:9850508343,Reg.No.22473

Email:11.harsha@gmail.com
Date of Birth:4-5-1975(7.40pm)
Sishta Dasa:




Contact Address:
MR.HARSHA RAJ
PERAKIL HOUSE
ST.FRANCIS COLONY ROAD
ERAMALLOOR
ALLEPPEY - 688537

---

Nair Boy, 28/180cm,Chothi -Shudha jathakam,Very Fair,CA Passed,Manager South Indian Bank, Pref: CA,ICWA, Mob:9446447533 / 9400415573 , Reg.No..22474

Email:praveendran57@gmail.com
Date of Birth:15-05-1992(5.44am)
Sishta Dasa:



Contact Address:
MR.RAVEENDRAN
AKSHAYA APARTMENTS
CONVENT ROAD
VYTTILA
COCHIN - 682019






MANGALYAM MATRIMONIAL
വധുവിനെ ആവശ്യമുണ്ട്



Nair Boy, 28/175cm, Vishakom, Fair, M.Tech,IIT(Madras)Scientific Officer, AERB, Mumbai, Pref: Engineering Post Graduate,Post Graduate Doctors, Mob: 9495085281, Reg.No.22476

Email:geethavnilambur@gmail.com
Date of Birth:27-05-1991(6.6pm)
Sishta Dasa:Guru: 2-4-22




Contact Address:
MR.HARIDAS K M
HARISREE
KUZHIKKALADAN KANDI
PAROPADI
MERIKUNNU P. O
KOZHIKODE - 673012

---

Nair Boy, 36/175cm,Chathayam, B.Tech,Mech Engineering,Technical Manager in Bahrain,Pref: Graduation, Ph:0477-2273538, Mob:9620887997, Reg.No.22479


Email:aarathynair@gmail.com
Date of Birth:7-5-1983(6.30am)
Sishta Dasa:



Contact Address:
MR.RADHAKRISHNAN. C
ANACHIKKATTU HOUSE
KAROOR P. O
AMBALAPUZHA
ALAPPUZHA - 688561

---


Nair Boy, 27/160cm, Makaiyram, Wheatish, B.Tech (Computer Science) Doing MBA, Senior Software Engineer, Kakkanad, Pref: Any Degree, Matching stars -Rohini, Thiruvathira, Punartham, Aayilyam, Uthram, Attam, Chothi, Visakham, Revathi, Mob: 8089353836, 9746329651,Ph: 0484-2780144, Reg.No.22480
Email:karthikpavothilsivaraman@gmail.com
Date of Birth:17-10-1992(12.55pm)
Sishta Dasa:Chowa : 0-2-7



Contact Address:
SMT.NALINY SIVARAMAN
NAVANITH HOUSE
PAVOTHIL
THAMARAMKULAMGARA
TRIPUNITHURA
ERNAKULAM - 682301

---

Nair Boy, 26/173cm,Vishakham, B.Tech (Civil),M.Com Valuation (under going, PGDTA (Vastu - under going), Self Proprietor -Prasanthi Consultancy (Civil Engineering Consultants), Aluva,Pref: Graduate /Graduation under going Mob:9447573709, 9447812046, Reg.No.22482
Email:anandnath1993@gmail.com
Date of Birth:30-06-1993(3.14pm)
Sishta Dasa:Guru:3-10-25




Contact Address:
MR.GOPALAKRISHNAN KUNJI. K
VADAKKEDATH HOUSE
EAST VELIYATHUNADU
U.C.COLLEGE P. O
ALUVA, ERNAKULAM - 683102

---

Nair Boy, 27/165,Utharadam,Fair,B.Tech, Electronics & Instrumention,Quality and Control Engineer,Filtrowin.Pref:We are looking for a good looking well,mannered and educated and god fearing,bride for our son,only sudhajathakam is match. Ph:04842203105, Mob:9447048239, Reg no:22484

Email:rajkumar.kadaikal @gmail.com
Date of Birth:8.9.1992(10.24am)
Sishta Dasa:Aadhthya :0-2-18-18




Contact Address:
MR. K. RAJKUMAR
KADAIKAL HOUSE
CC. NO. 54/37, RAJA NILAYAM
K.K. ROAD
KOCHI - 682017

---

Nair Boy, 29/5'9",Bharani,Whitish Brown, B.Com, MBA,SAP (SAP Consultant) Pref:Educated, Mob: 9895204501,8075878051 Reg:22486

Email:somasekharan.pc@gmail.com
Date of Birth:17.7.1990(2:37 Am)
Sishta Dasa:



Contact Address:
MR.P.C.SOMASEKHARAN
14,PANELIL HOUSE
ONAMPOZHIL ROAD
ERNAKULAM - 682034


# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair Boy, 28/179,Thiruvathira,Fair, MBBS (Doing DNB General Surgery) pref: Doctors, Mob:9847477661 Reg:22487


Email:akcnair59@yahoo.com
Date of Birth:28-10-1991(12.46 pm)
Sishta Dasa:




Contact Address:
MR.ANILKUMAR.K.C
KANDAVATH,ARA-166
ADAMPILLIKKAVU ROAD
N.F.GATE,TRIPUNITHURA
ERNAKULAM - 682301

Nair Boy, 29/157cm, Uthrattathi, Medium B.Tech(EC),Clerk in Central Govt service,(National Investigation Agency, Ernakulam),Pref: Minimum Graduction level. Preferbly Employed, Mob: 9446251022 /9447959807, Reg.No: 22492


Email:vmurali.sra@gmail.com
Date of Birth:28-11-1990(11.02 am)
Sishta Dasa: Sani : 2-1-3




Contact Address:
MR. V. MURALEEDHARAN
MANGANAMPATTA
ERIMALA
NAIRKUZHY (PO)
KOZHIKODE - 673601

Nair Boy, 30/183cm,Karthika, Fair, BCOM,MBA,(Executive, CSS King ston,Logistics,Sharjah,UAE, Pref: Graduateand above(should be ready to relocate tohis work place at present sharjah)Mob:9447165666 , Reg.No: 22493


Email:pkvijayakumar51@gmail.com
Date of Birth:17-10-1989(8.39 am)
Sishta Dasa:




Contact Address:
MR.P K VIJAYAKUMAR
MADAKKAPPILLIL HOUSE
MADAKKAPPILIL LANE
CHITTUR ROAD
ERNAKULAM SOUTH
682016

Nair Boy, 29/172cm,Makam,Wheatish, MBBS,MS-ENT, Doctor(ENT Surgeon), Pref:Doctors, Ph: 0484 2805052, Mob:9895621369, Reg.No: 22494

Email:aishwarya1959@gmail.com
Date of Birth:20-8-1990(2.30 pm)
Sishta Dasa:kethu(6-2-25)




Contact Address:
MR.SURESH GOPINATHAN
AISHWARYA HOUSE,
AMMANCHERIL LANE
VENNALA P.O
KOCHI-682028

**THOTTEKKATT DIWAN'S MEMMORIAL HALL**

**ERNAKULAM KARAYOGAM**

1. TDM HALL GANGA a/c
2. TDM HALL PERIYAR a/c (GROUND FLOOR)
3. TDM HALL KAVERY a/c
4. TDM HALL SOORYA a/c (DINING HALL)
5. TDM HALL YAMUNA a/c
6. TDM HALL NILA a/c (DINING HALL)
7. TDM HALL PAMBA (ROOF HALL)
8. TDM HALL NARMADA a/c (SEMINAR HALL)
9. TDM HALL GODAVARY a/c (CONFERENCE HALL)
10. TDM HALL SARASWATHY (FIRST FLOOR)
11. TDM HALL KRISHNA a/c (EXHIBITION HALL)

For Details Contact: 0484 2361160
Email: ekmkgm@gmail.com, Web: www.ernakulamkarayogam.com





DATE OF PUBLICATION: 10-08-2020

RNI NO. KERMAL/2008/23515

REGISTERED NEWSPAPER

M6-57945/2007

REGISTERED KL/EKM/514/2018-20
LICENSE NO. KL/CR/EKM/WPP-15/2018-20
LICENSED TO POST WITHOUT PREPAYMENT

Volume No. 13 August 2020 Issue No. 4









എറണാകുളം കരയോഗത്തിന്റെ ചെറായി, തൃക്കടയ്ക്കാപ്പിള്ളിയിലുള്ള സ്ഥലത്ത് പള്ളിപ്പുറം സർവീസ് സഹകരണബാങ്ക് നമ്പർ 760 ഉം കരയോഗവും ചേർന്ന് സംയുക്തമായി സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി നടത്തുന്ന പച്ചക്കറികൃഷിയുടെ ഉദ്ഘാടനം ബഹു. എം എൽ എ എസ് ശർമ്മ നിർവ്വഹിച്ചു.



എറണാകുളം കരയോഗം ശ്രീ രുദ്രവിലാസം യു പി സ്കൂളിലെ പ്രധാനാധ്യാപികയായിരുന്ന ശ്രീമതി. സി. ജി. സുഷമ സർവീസിൽ നിന്ന് വിരമിച്ചപ്പോൾ നൽകിയ യാത്രയയപ്പ്

*If undeliverd please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

ONLINE MAGAZINE

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.